# സ്മാരക സ്തംഭങ്ങൾ

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 683 562

# സ്മാരക സ്തംഭങ്ങൾ


## പ്രൊഫ. എം.വൈ. യോഹന്നാൻ

റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682 311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**


●


Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി - 683 562**

●

Cover Page & Design
Binu Varghese, Dentcare, Muvattupuzha

●

Printed at
Viani Printings, Kochi - 682 018

●

Price: ` 80

●



All rights reserved with the publisher

# ആമുഖം

“Faith means believing the unbelievable, or it is no virtue at all. And to hope means hoping when things are hopeless, or it is no virtue at all.''

G.K. ചെസ്റ്റർട്ടൺ എഴുതിയതാണിത്. അവിശ്വസനീയ മായിടത്ത് വിശ്വാസം അർപ്പിക്കൂ. അതാണ് സാക്ഷാൽ വിശ്വാസം. ഒരു പ്രതീക്ഷയ്ക്കും വകയില്ലാത്തിടത്ത് പ്രത്യാശവയ്ക്കുകയാണ് യഥാർത്ഥ പ്രത്യാശ. പൂർവ്വ പിതാവായ അബ്രാഹാമിന്റെ വിശ്വാസതീക്ഷ്ണത അനന്തര തലമുറകളിലേക്ക് പകർന്ന് കൊടുക്കുന്ന ഒരുദീപശിഖയായി. സെന്റ് പോൾ പറയുന്നു: “മരിച്ചവരെ ജീവിപ്പിക്കയും ഇല്ലാത്ത തിനെ ഉള്ളതിനെപ്പോലെ വിളിക്കയും ചെയ്യുന്നവനായി താൻ വിശ്വസിച്ച ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ നമുക്കെല്ലാ വർക്കും പിതാവായിത്തീർന്നു. അവൻ ഏകദേശം നൂറ് വയസ്സ് ഉള്ളവനാകയാൽ തന്റെ ശരീരം നിർജ്ജീവമായിപ്പോയതും, സാറയുടെ ഗർഭപാത്രത്തിന്റെ നിർജ്ജീവത്വവും ഗ്രഹിച്ചിട്ടും വിശ്വാസത്തിൽ ശക്തിപ്പെട്ടിട്ട് ദൈവത്തിന് മഹത്വം കൊടുത്തു.” റോമർ 4 : 17–20

വിശ്വാസത്തിന്റെ ചുവടുവെപ്പുകൾ അനന്തര തലമുറ കളിലേക്ക് ആവേശം പകരുന്നവയാണ്. യെശയ്യാ പ്രവാചകൻ പറയുന്നുണ്ട്: “സാക്ഷ്യം പൊതിഞ്ഞു കെട്ടുക എന്റെ ശിഷ്യന്മാരുടെ ഇടയിൽ ഉപദേശം മുദ്രയിട്ട് വയ്ക്കുക.” ഇംഗ്ലീഷ് വേദപുസ്തകത്തിൽ (LB) ഈ വാക്യം ഇങ്ങനെ യാണ് കാണുന്നത്.

“Write down all these things I am going to do, says the Lord and seal it up for the future. Entrust it to some godly men to pass on down to godly men of future generations.”

അബ്രാഹാമിൽ നിന്ന് യിസ്ഹാക്കിലേക്കും യിസ്ഹാക്കിൽ നിന്ന് യാക്കോബിലേക്കും യാക്കോബിൽ നിന്ന് യൗസേഫിലേക്കും പകർന്ന ദൈവവിശ്വാസത്തിന്റെ ഉൾക്കാതലാണ് ഇന്നും തലമുറകളെ പ്രകമ്പനം കൊള്ളിക്കുന്നത്. ഈ പൂർവ്വപിതാക്കന്മാരുടെ ജീവിതം എക്കാലത്തും സംഘർഷഭരിതമായിരുന്നു. എന്നാൽ അവരുടെ ജീവിതത്തിലെ ദൈവവിശ്വാസദാർഢ്യം സ്മാരകസ്തംഭങ്ങളായി നാം കാണുന്നു. അവയിൽ നിന്ന് പിൽക്കാല തലമുറയ്ക്ക് ആശ്വാസവും ആവേശവും ലഭിച്ചു കൊണ്ടിരിക്കുന്നു.

അന്ത:സംഘർഷം മുറ്റിയ സാഹചര്യങ്ങളെ നാം അഭിമുഖീകരിക്കുമ്പോൾ ക്രിസ്തുവിലുള്ള വിശ്വാസവും ആശ്രയവും നമുക്ക് കൈമുതലായിത്തീരുന്നു.

എബ്രാഹാം ലിങ്കൺ സ്പ്രിങ്ങ് ഫീൽഡിൽ നിന്ന് വൈറ്റ് ഹൗസിലേക്ക് പുറപ്പെടുമ്പോൾ നൽകിയ വിടവാങ്ങൽ സന്ദേശം പതിനായിരങ്ങളെ കോരിത്തരിപ്പിച്ചു. എല്ലാവരും ഈറനണിഞ്ഞ കണ്ണുകളോടെയാണ് ആ സന്ദേശം ശ്രവിച്ചത്:

“ജോർജ്ജ് വാഷിംഗ്ടണിനെക്കാൾ ഭാരിച്ച ഒരു ഉത്തരവാദിത്വമാണ് ഞാൻ ഏറ്റെടുക്കാൻ പോകുന്നത്. എന്ന്, എപ്പോൾ, എങ്ങനെ ഞാൻ മടങ്ങിയെത്തുമെന്ന് എനിക്ക് അറിഞ്ഞുകൂടാ. എന്റെ പ്രതീക്ഷയും പ്രത്യാശയും യേശുക്രിസ്തുവിലാണ്, ക്രിസ്തുവിൽ മാത്രമാണ്.”

രൂക്ഷമായ പ്രതിസന്ധിയുടെ മദ്ധ്യത്തിലേക്കാണ് എബ്രാഹാം ലിങ്കൺ പോയത്. വളരെ ഭാരിച്ച ഉത്തവാദിത്വമായിരുന്നു അദ്ദേഹത്തിന് വഹിക്കേണ്ടി വന്നത്. ഒരു പ്രവചനം പോലെ അദ്ദേഹം പറഞ്ഞ വാക്കുകൾ സാക്ഷാത്കരിക്കപ്പെട്ടു. അദ്ദേഹം മടങ്ങി എത്തിയത് ബൂത്ത് എന്ന ഘാതകന്റെ വെടി

യുണ്ടയേറ്റ് തകർന്ന ശരീരമായിട്ടാണ്.

ക്രിസ്റ്റീന റോസെറ്റി എന്ന കവയിത്രി എഴുതി, 'By the see' എന്ന കവിതയിൽ,

"All earth's full rivers cannot fill the sea
That drinking thirsteth still"

"എത്രയോ നദികൾ കടലിലേക്ക് ഒഴുകിയെത്തിയിട്ടും കടൽ നിറഞ്ഞു കവിയുന്നില്ലല്ലോ. പിന്നെയും പെരുവെള്ളം ഒഴുകിവരാൻ കടൽ ദാഹാർദ്രമായി നിൽക്കുന്നുവല്ലോ." ക്രിസ്തുവിന്റെ മഹൽ സാന്നിദ്ധ്യംകൊണ്ട് മാത്രമേ നമ്മുടെ അന്തർദ്ദാഹം ശമിക്കുകയുള്ളൂ. അതിന് നിർബ്ബന്ധമായി വേണ്ടത് വിശ്വാസത്തിന്റെ പടവുകൾ കയറുക എന്നുള്ളതാണ്.

പലകാരണങ്ങളാൽ വേദനയും യാതനയുമായി മനുഷ്യർ വലയുകയാണ്. ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ 'Rainbow of Sorrow' എന്ന് ഗ്രന്ഥത്തിൽ പറയുന്നത്: "വേദനയെക്കാൾ ദുസ്സഹം അതിന്റെ അർത്ഥം ഗ്രഹിക്കുവാൻ കഴിയാത്ത അവസ്ഥയാണ്. വേദനയുടെ അർത്ഥം ശോഭനമായ ഭാവിയിലേക്ക് നമ്മെ നയിക്കും" എന്നത്രേ. പുഞ്ചിരിയോടെ വേദന ഏറ്റുവാങ്ങുന്ന മനുഷ്യന് ശാന്തിയും സമാധാനവും ലഭിക്കുന്നു.

മുപ്പത്തി ആറാമത്തെ വയസ്സിൽ മരണാസന്നനായി കിടക്കുമ്പോൾ ചങ്ങമ്പുഴ കൃഷ്ണപിള്ള 'മനസ്വിനി' എന്ന കവിതയിൽ ഉള്ളു നൊന്ത് പാടി:

"വേദന വേദന ലഹരി പിടിക്കും
വേദന, ഞാനിതിൽ മുഴുകട്ടെ
മുഴുകട്ടെ മമ ജീവനിൽ നിന്നൊരു
മുരളി മൃദുരവമൊഴുകട്ടെ."

കഠോരവേദനയിൽ വലഞ്ഞുലയുന്ന മനുഷ്യൻ പൂർവ്വകാല പുണ്യപിതാക്കന്മാരുടെ സ്മാരകസ്തംഭങ്ങളിൽ ആശ്വാസം പ്രാപിക്കുന്നു. ക്രിസ്തുവിനോടുള്ള സ്നേഹത്തിലും വിശ്വാ

സത്തിലും നാം അഭയം തേടുമെങ്കിൽ തലമുറകളിലേക്ക് കൈമാറുന്ന ശാന്തിയുടെ ഉറവുകളായി നാം തീരും. ആ മഹത്തായ ചിന്തയുടെ പുനരാഖ്യാനമാണ് ഈ ഗ്രന്ഥത്തിൽ നിറഞ്ഞു നിൽക്കുന്നത്. ആ മധുരാനുഭൂതി സ്വായത്തമാക്കുവാൻ ഈ പുസ്തകം വായിക്കുന്ന എന്റെ ബഹുമാന്യ സഹോദരങ്ങൾക്ക് സാധിക്കട്ടെ എന്നാണ് എന്റെ ആശംസ.

ഈ ഗ്രന്ഥം പ്രകാശം കാണുവാൻ മുഖാന്തരമായത് എന്റെ ആത്മീയസഹോദരങ്ങളുടെ കഠിന പരിശ്രമവും സേവനതത്പരതയുമാണ്. അവർ എല്ലാവരോടുമുള്ള അകൈതവമായ കൃതജ്ഞത ഞാൻ പ്രകാശിപ്പിച്ച് കൊള്ളുന്നു.

നിങ്ങളുടെ വിനീതവിധേയൻ,
**എം. വൈ. യോഹന്നാൻ സാർ.**

# ഒന്ന്

*“യാക്കോബ് അതികാലത്തു എഴുന്നേറ്റു തലയണ യായി വച്ചിരുന്ന കല്ല് എടുത്തു തൂണായി നിർത്തി, അതിന്മേൽ എണ്ണ ഒഴിച്ചു. അവൻ ആ സ്ഥല ത്തിന്നു ബേഥേൽ എന്നു പേർ വിളിച്ചു: ആദ്യം ആ പട്ടണത്തിന്നു ലൂസ് എന്നു പേരായിരുന്നു.”*

*ഉല്പത്തി 28 : 18, 19*

*“ഞാൻ തൂണായി നിർത്തിയ ഈ കല്ല് ദൈവ ത്തിന്റെ ആലയവും ആകും. നീ എനിക്കു തരുന്ന സകലത്തിലും ഞാൻ നിനക്കു ദശാംശം തരും എന്നു പറഞ്ഞു.”* *ഉല്പത്തി 28 : 22*

‘യാക്കോബിന്റെ തൂണുകൾ’ തിരുവചനത്തിലെ ഒരു നല്ല പഠനവിഷയമാണ്.

യാക്കോബ് അവശനായിരുന്നു; ക്ഷീണിതനായിരുന്നു; മനം തകർന്നവനായിരുന്നു. വീട്ടിൽ നിന്ന് ഓടി ബേഥേൽ എത്തുന്നതുവരെയും എത്രയും വിവശതയോടെയാണ് സഞ്ച രിച്ചത്. മണൽപ്പരപ്പിലൂടെ ഭയചകിതനായി, ഭീതിയോടെ ഓടുന്ന യാത്ര! അപ്പന്റേയും അമ്മയുടേയും തണലിൽനിന്ന് എങ്ങോട്ടെന്ന് അറിയാതെയുള്ള യാത്ര! ഇതിനുമുമ്പ് പോയിട്ടി ല്ലാത്ത സ്ഥലത്തേയ്ക്കുള്ള യാത്ര! ഇതിനുമുമ്പ് കണ്ടിട്ടില്ലാത്ത ആളുകളെ കാണാനുള്ള യാത്ര!

എന്നാൽ നിരാശ മുറ്റി, ജീവിതം മടുത്തിരിക്കുന്നു. യാക്കോബ് തീർത്തും അവശനായിട്ടാണ് ഒരു കല്ലിന്മേൽ തല

വച്ചു കിടന്നുറങ്ങിയത്. പ്രഭാതത്തിൽ എഴുന്നേറ്റ് ആ കല്ല് ഒരു തൂണായി നിർത്തി. ആ തൂണ് ഒട്ടേറെ പാഠങ്ങൾ നമുക്ക് തരുന്നുണ്ട്.

വേദപുസ്തകം വായിച്ചാൽ യാക്കോബ് നാല് തൂണുകൾ നാട്ടിയതായി നമുക്ക് കാണാം. ഒന്നാമത്തെ തൂണാണ് ഇവിടെ കാണുന്നത്. അത് സമർപ്പണത്തിന്റെ തൂണാണ്. The Pillar of Dedication.

നിരാശനായിരുന്ന ആളുടെ നൈരാശ്യം മാറാനുള്ള ആദ്യത്തെ ചുവടുവെപ്പ് ഒരു സമർപ്പണമെടുക്കുക എന്നതാണ്. നിങ്ങളിൽ പലരും മനസ്സ് മടുത്ത് നിരാശ പൂണ്ടിരിക്കുന്നവരാണ്. വിഷാദവിവശമായ ചിന്തകൾ പലതുംനിങ്ങളെ അലട്ടിക്കൊണ്ടിരിക്കുന്നുണ്ട്.

ചിലപ്പോൾ അത് മാറാരോഗമായിരിക്കാം. ചികിത്സിച്ചിട്ട് ഭേദം വരാതെ മനസ്സ് വിങ്ങിനൊന്തിരിക്കുന്ന അവസ്ഥയിൽ കഴിയുന്ന അനേകരുണ്ട്. കടത്തിന്റെ ഭാരമോർത്ത് വിഷമിച്ചിരിക്കുന്നവരുണ്ട്. പൈസയുടെ ഞെരുക്കംകൊണ്ട് എങ്ങനെ മുന്നോട്ടു പോകുമെന്നോർത്ത് വലഞ്ഞുപോയവരുണ്ട്. പണമുണ്ട്, ആരോഗ്യമുണ്ട്, സൗകര്യമുണ്ട്, മക്കളുണ്ട്, എല്ലാമുണ്ട്. എന്നാൽ കുടുംബത്തിലെ അലോഹ്യംകൊണ്ട് വിഷാദവിവശരായി, മൂകരായി ഇരിക്കുന്നവരുണ്ട്.

നിങ്ങളുടെ ഹൃദയത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് നിങ്ങൾക്ക് തന്നെ പരിശോധിക്കാം.

നൂറ്റിയിരുപത്തിരണ്ടു വയസ്സുള്ള ജീൻ ആൽമൻ (Jean Allman) എന്ന സ്ത്രീ, ഗിന്നസ് റിക്കോർഡിന് അർഹയായി. ഈ തലമുറയിൽ ലോകത്തിൽ ഏറ്റവും കൂടുതൽ ആയുസ്സുള്ള സ്ത്രീ എന്ന റെക്കോർഡ്. ആ സ്ത്രീയോട് ഭാരവാഹികൾ ചോദിച്ചു: “എന്താണ് ഈ ദീർഘായുസ്സിന്റെ രഹസ്യം? അവർ പറഞ്ഞു: അതിന് ഒറ്റ ഉത്തരമേയുള്ളൂ: ചിരി!”

മനസ്സിലെപ്പോഴും സന്തോഷമാണ്. എനിക്കു നിരാശയില്ല; വിരസതയില്ല. മനസ്സ് സ്വസ്ഥമാണ്. A cheerful mind! സന്തോഷ മുള്ള ഹൃദയം! "സന്തുഷ്ട ഹൃദയം നല്ലൊരു ഔഷധമാ കുന്നു" എന്നു സദൃശവാക്യങ്ങൾ 17-ാം അദ്ധ്യായം 22-ാം വാക്യത്തിൽ ശലോമോൻ പറയുന്നുണ്ട്. ദീർഘായുസ്സിന്റെ ഒരു കാരണം സന്തുഷ്ടഹൃദയമാണ്. സന്തുഷ്ടഹൃദയമുണ്ടെ ങ്കിൽ നൈരാശ്യം മാറും, ആയുസ്സ് നീണ്ടു കിട്ടും.

യാക്കോബ് സന്തോഷമുള്ള മനസ്സുള്ളവനായിട്ടല്ല, മ്ലാന വദനനായി, ഹൃദയം വാടിയാണ് വന്നിരിക്കുന്നത്. അതിന്റെ എല്ലാ ക്ഷീണവും യാക്കോബിന്റെ ശരീരത്തിലും, മനസ്സിലു മുണ്ട്.

നമ്മുടെ ജീവിതത്തിൽ ആകുലങ്ങളുണ്ടാകില്ല എന്നല്ല. ആവലാതികളും പ്രശ്നങ്ങളും ഉണ്ടാകും. അതിനെ നേരിടാൻ പറ്റണമെങ്കിൽ ദൈവം എന്റെ കൂടെയുണ്ട് എന്ന ഉറപ്പ് വേണം. ക്രിസ്തു എന്റെ ഹൃദയത്തിലുണ്ട് എന്ന ഉറപ്പ് കിട്ടിയാൽ നിങ്ങൾക്കും സന്തുഷ്ടഹൃദയം കിട്ടും. ഇന്ന് നമ്മുടെ ഹൃദയ ത്തിൽ സന്തോഷമുണ്ടോ?

മൊബൈൽഫോണിലൂടെ ആരെയെങ്കിലും വിളിച്ചാൽ നാം സാധാരണ കേൾക്കുന്നതാണ്, സ്വിച്ച് ഓഫ് ചെയ്തിരി ക്കുകയാണ്; പരിധിക്കു പുറത്താണ് എന്നെല്ലാം. എന്നാൽ ഞാൻ ഒന്നു പറയട്ടെ, നമ്മിൽ പലരും ഇന്നു ദൈവം വിളിക്കു മ്പോൾ സ്വിച്ച് ഓഫ് ചെയ്തിരിക്കുകയാണ്. നൈരാശ്യം പൂണ്ടിരിക്കുകയാണ്. ദൈവത്തിന്റെ വിളിയുടെ പരിധിയ്ക്ക് പുറത്താണ്.

ജീവനുള്ള ദൈവം ഹൃദയത്തിൽ സന്തോഷം തരാൻ നമ്മെ വിളിക്കുന്നു. ദൈവം നമ്മെ പേർ ചൊല്ലി വിളിക്കുന്നു ണ്ട്. സ്നേഹവായ്പ്പോടെ വിളിക്കുന്നുണ്ട്. കരുണയോടെ, നമ്മുടെ ജീവിതത്തിലെ വിരസത മാറ്റാൻ, ആകുലമകറ്റാൻ, ദുരിതം മാറ്റാൻ നമ്മെ വിളിക്കുന്നുണ്ട്. പക്ഷേ, നാം സ്വിച്ച്

ഓഫ് ചെയ്തിരിക്കുകയാണ്.

ഇനി എനിക്കൊരു നല്ലകാലം കിട്ടുമോ? അതെല്ലാം തീർന്നുപോയില്ലേ? നിങ്ങളുടെ ഹൃദയം സ്വിച്ച് ഓഫ് ചെയ്തിരിക്കുകയാണ്. എന്റെ ഭർത്താവ് എന്നെ വിട്ടുപോയി, എന്റെ മക്കൾ എനിക്ക് എതിരായി, എന്റെ ആരോഗ്യമെല്ലാം കുറഞ്ഞുപോയി, എന്റെ ജീവിതമെല്ലാം തീർന്നില്ലേ? സ്വിച്ച് ഓഫ് ചെയ്തിരിക്കുകയാണ്.

പ്രിയപ്പെട്ടവരേ, നിരാശകൾ മാറ്റൂ, ഡിപ്രഷൻ മാറ്റൂ. എനിക്കാരുമില്ല എന്ന ചിന്തകൾ മാറ്റൂ. എങ്ങനെ ഈ ചിന്തകൾ മാറും? നിങ്ങൾ ശാന്തമായിരുന്ന്, എന്റെ യേശുവേ, എന്നു ഹൃദയനുറുക്കത്തോടെ വിളിച്ചാൽ മതി. കർത്താവേ, ഞാൻ ഒറ്റപ്പെട്ടുപോയിരിക്കുന്നല്ലോ. എന്റെ മനസ്സ് വാടിയിരിക്കുന്നുവല്ലോ. എന്റെ ഹൃദയത്തിന്റെ ഉന്മേഷം നഷ്ടപ്പെട്ടിരിക്കുന്നുവല്ലോ.

“എന്റെ യേശുവേ,” എന്നു നിങ്ങൾ ഒന്നു വിളിച്ചുനോക്കൂ. ആ വിളിക്ക് ഒരു ശക്തിയുണ്ട്. നിങ്ങൾ വിളിച്ചാൽ യേശു സ്വിച്ച് ഓഫ് ചെയ്തുവെച്ചിരിക്കുകയില്ല. യേശു പരിധിക്കു പുറത്താവുകയില്ല.

ഒരു ആവശ്യക്കാരൻ എവിടെയിരുന്നു വിളിച്ചാലും എന്റെ യേശു കേൾക്കാൻ തയ്യാറാണ്. യേശുവിന്റെ സ്നേഹമുള്ള ഹൃദയത്തിൽ നിങ്ങളുടെ ശബ്ദം ചെന്ന് അലയടിക്കും. യേശു നിങ്ങളെ സ്നേഹത്തോടെ സ്വീകരിക്കും. നിങ്ങൾക്കാശ്വാസം തരും.

ഹൃദയത്തിലേക്ക് സമാധാനംപകർന്നു തരും. സന്തോഷം തരും. നിങ്ങൾ രോഗിയായിരിക്കാം, ആവശ്യഭാരങ്ങളിൽ ഉഴലുന്നവനായിരിക്കാം. എന്നാൽ നിങ്ങൾ എന്റെ യേശുവേ, എന്നു വിളിക്കുമ്പോൾ യേശു നിങ്ങളുടെ വിളികേൾക്കും. കർത്താവു നമ്മെ വിളിക്കുന്നു. നാം കർത്താവിനെ വിളിക്കുക.

*"നിന്റെ നീർച്ചാട്ടങ്ങളുടെ ഇരച്ചലാൽ ആഴി ആഴിയെ വിളിക്കുന്നു."* *സങ്കീർത്തനങ്ങൾ 42 : 7*

English Bible-ൽ, "The deep Calleth the deep" എന്നാണ്. ആഴം ആഴത്തെ വിളിക്കുന്നു. The depth of the love of man calleth the depth of the love of God. മനുഷ്യസ്നേഹത്തിന്റെ ആഴം ദൈവസ്നേഹത്തിന്റെ ആഴത്തെ വിളിക്കുന്നു. ദൈവ സ്നേഹത്തിന്റെ ആഴം മനുഷ്യസ്നേഹത്തിന്റെ ആഴത്തെ വിളിക്കുന്നു. ദൈവത്തിന്റെ സ്നേഹമുള്ള ഹൃദയത്തിൽ നിന്ന് ദൈവം മനുഷ്യനെ വിളിക്കുന്നു. മനുഷ്യൻ ദൈവത്തെ സ്നേഹിച്ചുകൊണ്ട്, 'എന്റെ യേശുവേ' എന്നു വിളിക്കണം. ആ വിളി കേട്ട്അവൻ ഓടി വരും. ഞാൻ ഇതാ വരുന്നു എന്ന് അവൻ ഉത്തരമരുളും.

Dr. മദ്ദൻ ആഗാർദർ (Mathan Agarthar) ഒരു പ്രസിദ്ധനായ ശാസ്ത്രജ്ഞനായിരുന്നു. അദ്ദേഹം ഗവേഷണനിരീക്ഷണ ങ്ങൾ നടത്തി. മനുഷ്യന് ഡിപ്രഷൻ എന്തുകൊണ്ടാണ് ഉണ്ടാ കുന്നത്? മനുഷ്യന്റെ ഹൃദയത്തിൽ നിരാശ വരുന്നത് എന്തുകൊണ്ടാണ്?അദ്ദേഹത്തിന്റെ പഠനത്തിന്റെ നിഗമനം, മനുഷ്യനിൽ ദൈവവിശ്വാസമില്ലാത്തതുകൊണ്ടാണ് നിരാശ കൾ വരുന്നത് എന്നായിരുന്നു.

നിങ്ങൾ ദൈവവിശ്വാസത്തിലേക്കു വരൂ. ജീവനുള്ള ക്രിസ്തുവിന്റെ വിശ്വാസത്തിലേക്കു വന്നാൽ നിങ്ങൾക്കു സമാധാനം കിട്ടും. യിസ്ഹാക്കിനെ പ്രസവിച്ചപ്പോൾ അമ്മ യായ സാറ പറഞ്ഞു: ദൈവം എനിക്കു ചിരിയുണ്ടാക്കി എന്ന്. യിസ്ഹാക്ക് ജനിച്ചപ്പോൾ ചിരിയുണ്ടായി.

യാക്കോബ് ജനിച്ചപ്പോൾ യാക്കോബിന്റെ കൈ ഏശാ വിന്റെ കുതികാൽ പിടിച്ചിരിക്കുകയാണ്. അവിടെ കലക്കം തുടങ്ങി. അതിനെത്തുടർന്ന് കുടുംബത്തിലും കലക്കമായി. ചിരിയുണ്ടായിരുന്ന ഭവനമാണ്. സന്തോഷമുണ്ടായിരുന്ന ഭവ നമാണ്.

നിങ്ങളുടെ പലരുടേയും കുടുംബത്തിൽ ഒരു സമയത്ത് ചിരിയുണ്ടായിരുന്നതല്ലേ? സ്തുതിയുണ്ടായിരുന്നതല്ലേ? ഹൃദ യത്തിൽ ആനന്ദം അലതല്ലിയിരുന്നില്ലേ? ദൈവസാന്നിദ്ധ്യ ത്തിന്റെ മധുരിമയിൽ നിങ്ങൾ കുളിർമ പൂണ്ട് ദൈവത്തെ സ്തുതിച്ചിരുന്നില്ലേ? സന്തോഷത്തിന്റെ നല്ലകാലങ്ങൾ ലഭിച്ചി രുന്നതല്ലേ? എന്നാൽ ഇന്ന് സന്തോഷം എവിടെപ്പോയി?

സമാധാനം എവിടെപ്പോയി? നിങ്ങളുടെ മനസ്സ് ആശങ്കാ കുലമാകാൻ കാരണമെന്ത്? ഒറ്റയ്ക്കൊരു കാരണമാണുള്ളത്. യേശു നിങ്ങളുടെ ഹൃദയത്തിൽ നിന്ന് മാറിപ്പോയി. ജീവ നുള്ള ദൈവത്തിന്റെ സാന്നിദ്ധ്യം നിങ്ങൾക്ക് നഷ്ടപ്പെട്ടു പോയിരിക്കുന്നു. ഇന്ന് ഇത് വായിക്കുമ്പോൾ നിങ്ങൾ ദൈവ ത്തോടു പറയണം: കർത്താവേ, എന്റെ ജീവിതത്തിലേക്ക് ചിരി വീണ്ടും തരണമേ.

യാക്കോബ് അവശതയോടെ കിടക്കുകയായിരുന്നു. ദുരിതങ്ങളിൽ പിടഞ്ഞുപോയ ജീവിതമാണ് യാക്കോബി ന്റേത്. ഉല്പത്തിപുസ്തകം 28-ാം അദ്ധ്യായം മുതൽ 49-ാം അദ്ധ്യായം അവസാനംവരെ വായിക്കുമ്പോൾ യാക്കോ ബിന്റെ ജീവിതം അനേകം ദുരിതങ്ങളിൽപ്പെട്ട് അലഞ്ഞുവ ലഞ്ഞ ജീവിതമാണ് എന്ന് നമുക്ക് കാണാം.

എന്നാൽ ഇവിടെ യാക്കോബ് സന്തോഷത്തിന് തുടക്കം കുറിക്കുകയാണ്. ഒരു തൂണ് നാട്ടി! കല്ലുകൊണ്ടൊരു തൂണ്! ഇപ്പോൾ നിങ്ങളുടെ ഹൃദയത്തിൽ നിങ്ങൾക്ക് ഒരു തൂണ് നാട്ടാമോ. Pillow, pillar ആയി മാറട്ടെ.

സമർപ്പണത്തിന്റെ, ദൈവത്തോടുള്ള ഉടമ്പടിയുടെ തൂണ്; അത് മാറാത്ത തൂണായിരിക്കട്ടെ; ആഴത്തിൽ ഉറപ്പി ക്കുന്ന തൂണായിരിക്കട്ടെ; വിശ്വാസത്തിന്റെ പാറമേൽ ആണി യടിച്ച് ഉറപ്പിക്കുന്ന തൂണായിരിക്കട്ടെ.

*"യാക്കോബ് അതികാലത്ത് എഴുന്നേറ്റു തലയണ യായിവച്ചിരുന്ന കല്ലു എടുത്തു തൂണായി നിർത്തി.*

*അതിന്മേൽ എണ്ണ ഒഴിച്ചു. അവൻ ആ സ്ഥലത്തിന്നു ബേഥേൽ എന്നു പേർ വിളിച്ചു; ആദ്യം ആ പട്ടണത്തിന്നു ലൂസ് എന്നു പേരായിരുന്നു. യാക്കോബ് ഒരു നേർച്ച നേർന്നു: ദൈവം എന്നോടുകൂടെ ഇരിക്കയും ഞാൻ പോകുന്ന ഈ യാത്രയിൽ എന്നെ കാക്കുകയും ഭക്ഷിപ്പാൻ ആഹാരവും ധരിപ്പാൻ വസ്ത്രവും എനിക്ക് തരികയും എന്നെ എന്റെ അപ്പന്റെ വീട്ടിലേക്ക് സൗഖ്യത്തോടെ മടക്കി വരുത്തുകയും ചെയ്യുമെങ്കിൽ യഹോവ എനിക്ക് ദൈവമായിരിക്കും. ഞാൻ തൂണായി നിർത്തിയ ഈ കല്ല് ദൈവത്തിന്റെ ആലയവും ആകും. നീ എനിക്ക് തരുന്ന സകലത്തിലും ഞാൻ നിനക്ക് ദശാംശം തരും എന്ന് പറഞ്ഞു."*

*ഉല്പത്തി 28 : 18 – 22*

യാക്കോബ് ദൈവത്തോട് ഒരു വാക്ക് പറയുകയാണ്. എന്റെ പൂർവ്വപിതാവായ അബ്രാഹാമിനെയും എന്റെ പിതാവായ യിസ്ഹാക്കിനെയും നയിച്ചുകൊണ്ടു വന്ന ദൈവമേ, ഞാൻ ഇതാ, നിന്നോട് ഒരു വാക്ക് പറയുന്നു. ഞാൻ തൂണായി നിർത്തിയ കല്ല്, ഇവിടം ദൈവത്തിന്റെ ആലയമായി മാറും. ഞാൻ നിന്നോട് ഉടമ്പടി ചെയ്യുകയാണ്. യാക്കോബ് ഒരു നേർച്ച നേർന്നു.

നിങ്ങൾക്കും ദൈവത്തോട് നേർച്ച നേരാം. ഹൃദയത്തിന്റെ ആഴത്തിൽ നിന്നുള്ള സമർപ്പണം! യേശുവേ, നീ എന്റെ ദൈവമായിരിക്കും; ഞാൻ നിന്റെ ദാസനായിരിക്കും.

യാക്കോബ് തന്റെ ഹൃദയത്തിൽ പറയുകയാണ്: എന്റെ അപ്പന്റെ സമർപ്പണം ഞാൻ കേട്ടിട്ടുണ്ട്. അപ്പന്റെ അപ്പനായ അബ്രാഹാമിന്റെ കൂടെ പതിനഞ്ചു വർഷം ഇരുന്നതുകൊണ്ട് അബ്രാഹാമിന്റെ സമർപ്പണം ഞാൻ കണ്ടിട്ടുണ്ട്. അബ്രാഹാം കൂടാരത്തിന്റെ അകത്ത് ഏങ്ങലടിച്ചു കരഞ്ഞ് മുട്ട് മടക്കിയിരുന്ന് പ്രാർത്ഥിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.

എന്റെ അപ്പനായ യിസ്ഹാക്ക്, തന്റെ അപ്പനായ അബ്രാഹാമിനെ അനുസരിച്ച കഥയെല്ലാം ഞാൻ കേട്ടിട്ടുണ്ട്. എന്റെ അപ്പൻ പ്രാർത്ഥിക്കുന്നതും ദൈവത്തോട് സമർപ്പണം പറയുന്നതും ഞാൻ കേട്ടിട്ടുണ്ട്. പക്ഷേ, വ്യക്തിപരമായ സമർപ്പണം എനിക്ക് ഇതുവരെയും വന്നിട്ടില്ല.

വാക്കുകൊണ്ട് ചിലതെല്ലാം പറഞ്ഞിട്ടുണ്ടെങ്കിലും എന്റെ ജീവിതത്തിൽ ആവശ്യക്കാരനായി ഞാൻ സമർപ്പിച്ചിട്ടില്ല. ഇന്ന് എന്റെ ജീവിതത്തിൽ നിർണ്ണായകമായ സന്ദർഭം – critical situation – വന്നിരിക്കുകയാണ്. എന്റെ ജീവിതത്തിൽ ഒരു പ്രതിസന്ധി വന്നിരിക്കുകയാണ്.

ഞാൻ ഇതാ, ഏകനായി വന്നുനിൽക്കുന്നു. ആരോരുമില്ലാത്തവനായി, തുണയറ്റവനായി ഞാൻ വന്നിരിക്കുന്നു. അപ്പനും അമ്മയും നഷ്ടപ്പെട്ടവനെപ്പോലെ വന്നു നിൽക്കുന്നു. അനാഥനെപ്പോലെ ഞാൻ വരികയാണ്. അപ്പനും അമ്മയും ഉണ്ടെങ്കിലും അവർ ഇപ്പോൾ എന്റെ കൂടെയില്ല.

ഞാൻ ഈ കല്ലിനെ എണ്ണ ഒഴിച്ച് അഭിഷേകം ചെയ്ത് നിന്നോടു വാക്കു പറയുന്നു. നാഥാ! നീ എന്റെ ദൈവം, ഞാൻ നിന്റെ ദാസൻ.

ഞാൻ നിസ്സഹായനാണ്; എനിക്ക് നല്ല പാരമ്പര്യമില്ല; ജനനം മുതൽ ഇന്നുവരെയും ഞാൻ നിന്നെ വേണ്ടതുപോലെ തിരിച്ചറിഞ്ഞില്ല. എന്റെ അപ്പനും അപ്പന്റെ അപ്പനും ദൈവത്തെ അറിഞ്ഞു. പക്ഷേ, ഞാൻ ശരിയായി അറിഞ്ഞില്ല. അതുകൊണ്ട് എന്റെ ജീവിതത്തിൽ പാരമ്പര്യവും അഭിമാനവും പറയാനില്ല. ഇപ്പോൾ ഞാൻ ആവശ്യക്കാരനായി നിന്നോട് പറയുകയാണ്. കർത്താവേ, ഞാൻ എന്നെത്തന്നെ നിനക്ക് സമർപ്പിക്കുന്നു.

നിങ്ങൾ ഇന്ന് ഇതു പറയുമെങ്കിൽ നിങ്ങളുടെ ഹൃദയം ആരാധനയുടെ ആദിശില സ്ഥാപിക്കുന്ന അനുഭവമായി മാറും. ആരാധനയുടെ അടിസ്ഥാനക്കല്ല് പാകുന്ന അനുഭവം!

ജീവിതം യേശുവിന് കൊടുക്കൂ. തന്നെത്തന്നെ നിങ്ങൾക്കു തന്നവന് നിങ്ങളെ കൊടുത്തുനോക്കൂ. അവൻ നിങ്ങളെ വളർത്തുന്നതു കാണാം. അവൻ നിങ്ങളെ പുലർത്തുന്നതു കാണാം.

നിങ്ങളുടെ നിരാശകൾ മാറ്റുന്നത് കാണാം. സൂര്യപ്രകാശത്തിൽ മഞ്ഞ് ഉരുകുന്നതുപോലെ നിങ്ങളുടെ ഡിപ്രഷൻസ് മാഞ്ഞുപോകുന്നതു കാണാം. നിങ്ങളുടെ ജീവിതത്തിൽ സത്യപ്രകാശം ഉദിക്കും. പ്രത്യാശയുടെ പ്രഭാതം വിടരും. നിങ്ങൾ ഉല്ലസിച്ച് സ്തുതിക്കും.

നിങ്ങൾ മുഖാന്തരം നിങ്ങളുടെ മക്കൾ ദൈവത്തെ കണ്ടെത്തുന്നതും ദൈവത്തെ സ്നേഹിക്കുന്നതും കണ്ട് നിങ്ങൾക്ക് ദൈവത്തെ മഹത്വപ്പെടുത്താൻ സാധിക്കും. തലമുറകൾ ദൈവത്തിനുവേണ്ടി നിൽക്കുന്നത്, ദൈവത്തിന്റെ വചനം ഏറ്റെടുക്കുന്നത് നിങ്ങൾ കാണും. തലമുറകൾ ദൈവത്തിന്റെ മഹത്വമേറിയ പ്രവാചകന്മാരാകുന്നത് നിങ്ങൾ കാണും.

ഇപ്പോൾ ആർക്കെല്ലാം സമർപ്പിക്കാൻ തോന്നുന്നുണ്ട്? ഒരു തൂണ് നാട്ടാൻ, യേശുവിനോട് വാക്ക് പറയാൻ ആർക്കെല്ലാം തോന്നുന്നുണ്ട്? നാഥാ, എന്റെ വിശ്വാസത്തിന്റെ, സമർപ്പണത്തിന്റെ തൂണിതാ ഞാൻ നാട്ടുന്നു. ഈ തൂണ് സ്ഥാപിക്കുന്ന എന്റെ ജീവിതം ഒരു ആരാധനയായി മാറ്റണമേ.

## രണ്ട്

*"അപ്പോൾ യാക്കോബ് ഒരു കല്ല് എടുത്ത് തൂണായി നിർത്തി. കല്ല് കൂട്ടുവിൻ എന്നു യാക്കോബ് തന്റെ സഹോദരന്മാരോട് പറഞ്ഞു; അവർ കല്ല് എടുത്തു ഒരു കൂമ്പാരമുണ്ടാക്കി; കൂമ്പാരത്തിന്മേൽ വച്ച് അവർ ഭക്ഷണം കഴിച്ചു. ലാബാൻ അതിന്നു യെഗർ-സാഹദൂഥാ (സാക്ഷ്യ ത്തിന്റെ കൂമ്പാരം) എന്നു പേരിട്ടു; യാക്കോബ് അതിന്നു ഗലേദ് (സാക്ഷ്യത്തിന്റെ കൂമ്പാരം) എന്നു പേരിട്ടു."* *ഉല്പത്തി 31 : 45 – 47*

ഇവിടെ നാം യാക്കോബിനേയും യാക്കോബിന്റെ അമ്മാവനും അമ്മായപ്പനുമായ ലാബാനെയും കാണുകയാണ്. യാക്കോബിന്റെ കൂടെ യാക്കോബിന്റെ ഭാര്യമാരും മക്കളും വേലക്കാരും എല്ലാമുണ്ട്. ലാബാന്റെ രണ്ടു പെൺമക്കൾ, ലേയയും റാഹേലുമാണ് യാക്കോബിന്റെ ഭാര്യമാർ.

യാക്കോബ് ഹാരാനിൽ ലാബാന്റെ ഭവനത്തിലെത്തിയിട്ട് ഇരുപതുകൊല്ലം കഴിഞ്ഞു. ആ ഇരുപതുകൊല്ലം അദ്ധ്വാനത്തിന്റേയും അലച്ചിലിന്റേയും വർഷങ്ങളായിരുന്നു. ഇരുപതു വർഷം മുമ്പ് അപ്പന്റേയും അമ്മയുടേയും അടുക്കൽ നിന്നു പുറപ്പെടുമ്പോൾ ദൈവത്തോട് ഉടമ്പടി പറഞ്ഞതാണ്. വഴിമദ്ധ്യത്തിൽ ഉടമ്പടി ചെയ്ത് കല്ല് തൂണായി നാട്ടിയതാണ്. പക്ഷേ, ജീവിതത്തിന്റെ പരുപരുത്ത വശങ്ങളുമായി ഏറ്റുമുട്ടിയപ്പോൾ സമർപ്പണങ്ങൾ പാളിപ്പോയി. ദൈവത്തോട് പറഞ്ഞ വാക്കുകൾപോലും മറന്നുപോയി.

തൂണ് നാട്ടിയിടത്ത് ആലയമുണ്ടാകും എന്നുപറഞ്ഞ യാക്കോബ് ആലയത്തിന്റെ കാര്യം മറന്നുപോയി. ലോകത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് ദൈവികാലോചനപോലും മറന്നുപോയി, ആത്മീയതീക്ഷ്ണത മങ്ങിപ്പോയി.

യാക്കോബ് ഇന്ന് ഒരു പിൻമാറ്റക്കാരനാണ്. യാക്കോബിനെ കണ്ടിട്ട് ഒരു ദൈവപൈതലായിട്ടൊന്നും ലാബാനു തോന്നിയില്ല. യാക്കോബ് ശരിയായി നിന്നിരുന്നെങ്കിൽ ഇരുപതു വർഷംകൊണ്ട് അമ്മായപ്പനായ ലാബാൻ ഒരു ദൈവവിശ്വാസിയാകുമായിരുന്നു. തീരാനഷ്ടമായിപ്പോയി. പതിന്നാലു വർഷം ലാബാന്റെ പെൺമക്കൾക്കുവേണ്ടി, ആറുവർഷം ആടുമാടുകൾക്കുവേണ്ടിയെല്ലാം ജീവിച്ചപ്പോൾ, ശരിയായ ഒരു സത്യവിശ്വാസിയായി ജീവിച്ചിരുന്നെങ്കിൽ യാക്കോബിന് എന്തെല്ലാം നേട്ടങ്ങൾ നേടിയെടുക്കാമായിരുന്നു!

ഇത് വായിക്കുന്ന പെൺകുട്ടികളോട് ഞാൻ ചോദിക്കട്ടെ, നിങ്ങൾ വിവാഹം കഴിഞ്ഞ് ചെന്ന് ഇത്രയും വർഷം അവിടെ ജീവിച്ചകാലംകൊണ്ട് നിങ്ങളുടെ അമ്മായിയമ്മയെയും അമ്മായപ്പനെയും ക്രിസ്തുവിനുവേണ്ടി നേടിയോ? നിങ്ങളുടെ സ്നേഹം നിറഞ്ഞ പെരുമാറ്റം, സൗമ്യതയും താഴ്മയും നിറഞ്ഞ വാക്കുകൾ, നിങ്ങളുടെ ജോലിക്കാര്യങ്ങളിലുള്ള ഉത്തരവാദിത്വബോധം, പ്രാർത്ഥനാശീലം, തെറ്റുപറ്റരുത് എന്ന നിർബ്ബന്ധം, ഇഷ്ടക്കുറവ് വരാവുന്ന രംഗത്ത് മനസ്സ് വാടാതെ, മുഖം വാടാതെ എല്ലാം പുഞ്ചിരിയോടെ നേരിടുന്ന മനോഭാവം, പ്രയാസങ്ങളും കഷ്ടപ്പാടും ദുരിതങ്ങളും ജീവിതത്തിൽ വരുമ്പോൾ അതിനെയെല്ലാം പ്രാർത്ഥനയോടെ നേരിടുന്ന നിങ്ങളുടെ സമചിത്തത, ഇങ്ങനെ നിങ്ങൾക്ക് നിങ്ങളുടെ in-laws നെ നേടാൻ പറ്റിയോ?

ഇതു വായിക്കുന്ന സഹോദരന്മാരോടു ചോദിക്കട്ടെ, നിങ്ങൾ ഒരു കുടുംബത്തിൽനിന്നു വിവാഹം കഴിച്ചു, ഭാര്യയെ കിട്ടി. ആ കുടുംബത്തിന്നു നിങ്ങൾ ഒരു അനുഗ്രഹപാത്രമായിരുന്നുവോ? ആ വീട്ടിൽ നിങ്ങൾ ഒരു തണലായിരുന്നുവോ?

നിങ്ങൾ ഒരു സഹായി ആയിരുന്നുവോ? ആ വീട്ടിലുള്ളവർക്ക് ആനന്ദവും കുളിർമയും സന്തോഷവും പകർന്നു കൊടുത്തുവോ? നിങ്ങളുടെ ജീവിതത്തിലെ വിശുദ്ധിയും വിശ്വസ്തതയും സത്യസന്ധതയും അവർ കണ്ടുവോ?

പണസംബന്ധമായ കാര്യങ്ങളിലുള്ള നിങ്ങളുടെ ശ്രദ്ധയും സൂക്ഷ്മതയും അവർക്കു മനസ്സിലായോ? ഒരു തെറ്റിന് നിങ്ങളെ കിട്ടുകയില്ല എന്ന് അവർക്ക് ബോദ്ധ്യപ്പെടുംവണ്ണം നിങ്ങളുടെ ജീവിതത്തെ നിങ്ങൾ പരുവപ്പെടുത്തിയിരുന്നുവോ? നിങ്ങളുടെ പ്രാർത്ഥനാശീലം അവരെ ആകർഷിച്ചിട്ടുണ്ടാകുമോ?

യാക്കോബിന്റെ ജീവിതത്തിലെ ഇരുപതുകൊല്ലം പരാജയപ്പെട്ടുപോയി, നഷ്ടപ്പെട്ടുപോയി. ഇരുപതു വർഷംകൊണ്ട് ലാബാനെ നേടാമായിരുന്നു. എന്നാൽ ഇന്നും ലാബാൻ വിഗ്രഹാരാധിയാണ്.

തൂണിന്റെ ഒരു വശത്ത് യാക്കോബ്, മറുവശത്ത് ലാബാൻ. ഒരു വശത്ത് ലാബാൻ വിഗ്രഹാരാധി, മറുവശത്ത് യാക്കോബ് പിൻമാറ്റക്കാരൻ. വിഗ്രഹാരാധിയും പിൻമാറ്റക്കാരനും നേർക്കുനേർ നിന്നുകൊണ്ട് ഒരു തൂണ് നാട്ടിയിരിക്കുന്നു. തൂണ് നാട്ടിയശേഷം അവർ സംഭാഷണം ചെയ്തു. സംഭാഷണം ചെയ്യുമ്പോൾ അവർ പറഞ്ഞ വാക്ക് ഒന്നാണ്. എന്നാൽ ഭാഷ രണ്ട്. “സാക്ഷ്യത്തിന്റെ കൂമ്പാരം,” വാക്ക് ഒന്നാണ്. പക്ഷേ, ഭാഷ രണ്ട്.

ലാബാൻ അതിന്നു “യെഗർ-സാഹദൂഥാ'' എന്നും യാക്കോബ് അതിന്നു “ഗലേദ്” എന്നു പേരിട്ടു. ഭാഷ രണ്ടാണ്. കാരണം, ഒരുമിച്ച് ഭക്ഷണം കഴിക്കുന്നെങ്കിലും രണ്ട് വിരുദ്ധ ഹൃദയങ്ങളോടെയാണിരിക്കുന്നത്.

ഇന്ന് പലരും അങ്ങനെയാണ്. ഒരുമിച്ച് ഭക്ഷണം കഴിക്കും, ഒരു കട്ടിലിൽ കിടക്കും, പക്ഷേ വിരക്തഹൃദയങ്ങളോടുകൂടിയാണ്. ഒരു വീട്ടിലാണ്, ഒരു മുറിയിലാണ്, ഒരു ഓഫീസി

ലാണ്, പക്ഷേ വിരുദ്ധ ഹൃദയത്തോടുകൂടിയാണ്. ഒരുമിച്ചാണ് യാത്ര ചെയ്യുന്നത്, പക്ഷേ, വിരുദ്ധ മനോഭാവത്തോടുകൂടിയാണ്.

ഞാൻ ഒരു രഹസ്യം പറഞ്ഞുതരാം. വിരുദ്ധമനോഭാവ ത്തോടുകൂടി യാത്ര ചെയ്യുന്നത് അപകടമാണ്. പിശാചിന് അവിടെ കയറി വരാം. വിരുദ്ധമനോഭാവത്തോടെ ഒരു കട്ടി ലിൽ കിടന്നാൽ പിശാചിന് അവിടെ കയറിവരാം. വൈരാഗ്യമ നോഭാവത്തോടെ ഒരു വീട്ടിൽ കഴിഞ്ഞാൽ പിശാചിന് അവിടെ കയറിവരാം.

മാതാപിതാക്കളോട് വൈരാഗ്യമനോഭാവത്തോടെ മക്കൾ ഇരിക്കരുത്. ഭർത്താവിനോടു വൈരാഗ്യമനോഭാവത്തോടെ മോളേ, നീ ഇരിക്കരുത്. നിന്റെ ഭാര്യയോട് വിരുദ്ധമനോഭാവ ത്തോടെ മോനേ, നീ ഇരിക്കരുത്. നീ ക്ഷമിക്കുക. നീ സഹി ക്കുക. നീ സ്നേഹിക്കുക. നിന്നിൽനിന്നു കൊടുക്കേണ്ടത് സ്നേഹം മാത്രം.

ഒരു കൂട്ടായ്മയിൽ വിരുദ്ധമനോഭാവത്തോടെ ഇരിക്ക രുത്. അത് അപകടകരമാണ്. യേശുക്രിസ്തു കാണിച്ചുതന്നത് സ്നേഹത്തിന്റെ പാഠമാണ്. എന്നാൽ ഇന്ന് യേശുക്രിസ്തു വിന്റെ അനുയായികൾ എന്നു പറയുന്നവർ കാണിച്ചു തരു ന്നതോ, വൈരാഗ്യത്തിന്റെ എല്ലാ തിന്മകളും!

ഇന്ന് ഏതെങ്കിലും വിശ്വാസത്തിന്റെ പേരിലാണോ കേസുകളും വ്യവഹാരങ്ങളും? വിശ്വാസം ഒന്ന്, ഗീതങ്ങൾ ഒന്ന്, പ്രാർത്ഥനകളും കൂദാശകളും ഒന്ന്. പക്ഷേ, പരസ്പരം ഐക്യമില്ല. വിട്ടുവീഴ്ച ചെയ്യാൻ സാധിക്കുന്നില്ല. ക്ഷമിക്കാൻ സാധിക്കുന്നില്ല. "ഞാൻ പിടിച്ച മുയലിന് കൊമ്പ് മൂന്ന്. അതിൽ നിന്ന് ഞാൻ മാറില്ല. മുയലിന് കൊമ്പില്ലായിരിക്കും, പക്ഷേ ഞാൻ ഒരു മുയലിനെ പിടിച്ചു, അതിന് കൊമ്പ് മൂന്ന്."

ഇങ്ങനെ വാശിപിടിച്ചുള്ള മത്സരത്തിന്റെ വാക്ക് മാത്ര മല്ല, പ്രവൃത്തികളും വരുന്നു. സഭാതലങ്ങളിൽ, സമുദായങ്ങ ളിൽ, മതതലങ്ങളിൽ പോരാ, കുടുംബങ്ങളിൽപ്പോലും!

യാക്കോബ് ലാബാനെ അറിയിക്കാതെ ലാബാന്റെ വീട് വിട്ട് ഭാര്യമാരെയും മക്കളെയും ദാസീദാസന്മാരെയും ആടുമാടുകളെയും എല്ലാം കൂട്ടി ഓടിപ്പോകുകയാണ്.

എത്രനാൾ ഞാൻ ഈ അമ്മായപ്പന്റെ അടിമയായി കഴിയും? എനിക്കൊരു ഭാവി വേണ്ടേ? എനിക്കൊരു വീടു വേണ്ടേ? എനിക്കൊരു ജീവിതം വേണ്ടേ? എനിക്ക് എന്റെ അപ്പനെയും അമ്മയെയും കാണണ്ടേ? യാക്കോബിന് ന്യായങ്ങളുണ്ട്.

ലാബാന് ന്യായങ്ങളുണ്ട്.എന്റെ മക്കൾ. ഇവൻ എവിടെ നിന്നോ കുറച്ചുനാൾ മുമ്പ് വന്നവൻ. അവനെ ഞാൻ പുലർത്തി. ഭാര്യമാരെയും ആടുമാടുകളും എല്ലാം കൊടുത്തു. അവന് എന്നോട് ഒരു വാക്കു പറഞ്ഞിട്ട് പോകരുതോ? ഇവിടെ എന്തു കുറവുണ്ടായിട്ടാണ് അവൻ പോകുന്നത്?

രണ്ടുപേർക്കും സ്വാർത്ഥപരമായ ഉദ്ദേശ്യമുണ്ട്. സ്വാർത്ഥതയുള്ളേടത്ത് അനൈക്യമുണ്ടാകും. തൻകാര്യം എവിടെയുണ്ടോ, അവിടെ അനൈക്യം വരും. എതിരാളി പറയുന്നതിൽ എന്തെങ്കിലും ന്യായമുണ്ടോ എന്നു നോക്കാനുള്ള എളിമ വന്നാൽ അവിടെ ഇഷ്ടക്കുറവ് വരില്ല. എല്ലാം ശാന്തമാകും.

ഇവിടെ രണ്ടുപേരും അവരവരുടെ ന്യായങ്ങളിൽ പിടിച്ചിരിക്കുകയാണ്. ആ വൈരാഗ്യമനോഭാവത്തോടെ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നു.

> *"അപ്പോൾ യാക്കോബ് ഒരു കല്ല് എടുത്തു തൂണായി നിർത്തി. കല്ല് കൂട്ടുവിൻ എന്നു യാക്കോബ് തന്റെ സഹോദരന്മാരോടു പറഞ്ഞു; അവർ കല്ല് എടുത്തു ഒരു കൂമ്പാരമുണ്ടാക്കി; കൂമ്പാരത്തിന്മേൽ വച്ച് അവർ ഭക്ഷണം കഴിച്ചു. "*
>
> *ഉല്പത്തി 31 – 45, 46*

നമ്മുടെ പല സദ്യകളും വിരുന്നുകളും പുറമെ ചിരിച്ചുകാണിച്ച്, സ്നേഹത്തിന്റെ കപടഭാവം അഭിനയിക്കുന്ന വയല്ലേ? ഉള്ളിൽ ഒന്നിരിക്കുന്നു, പുറമെ മറ്റൊന്നു ഭാവിക്കു ന്നു. ദൈവമക്കൾക്ക് കാപട്യമുണ്ടാകാൻ പാടില്ല. കാപട്യം പിശാചിന്റേതാണ്. "അവൻ ഭോഷ്ക് പറയുന്നവനും അവന്റെ അപ്പനും ആകുന്നു" എന്ന് കർത്താവ് പറയുന്നു. Falsehood - വ്യാജം എന്നത് പിശാചിന്റെ വകയാണ്.

യാക്കോബ് നല്ല നല്ല ഉദ്ദേശങ്ങൾ ഉണ്ടായിരുന്നവനാണ്. എന്നാൽ ഇവിടെ അമ്മായപ്പനുമായി പിണങ്ങി നിൽക്കുക യാണ്.

> *"ലാബാൻ അതിന്നു യെഗർ-സാഹദൂഥാ (സാക്ഷ്യ ത്തിന്റെ കൂമ്പാരം) എന്നു പേരിട്ടു; യാക്കോബ് അതിന്നു ഗലേദ് (സാക്ഷ്യത്തിന്റെ കൂമ്പാരം) എന്നു പേരിട്ടു."* *ഉല്പത്തി 31 : 47*

ലാബാൻ അവന്റെ നാട്ടിലെ ഭാഷയിൽ ഒരു പേരു കൊടു ത്തു. എന്നാൽ യാക്കോബ് സ്വന്തമായി പേരു കൊടുത്തു.

അമ്മായപ്പൻ കൊടുത്തത് അമ്മായപ്പന്റെ പേര്. ഞാൻ ഇത്രയും കാലം ദൈവത്തെ അറിയാതെ ജീവിച്ചുവെങ്കിലും എനിക്ക് ഒരു സത്യദൈവമുണ്ട്. ദൈവം തന്ന പഴമയുടെ പാര മ്പര്യം വിടാൻ എനിക്കു സാദ്ധ്യമല്ല. ഞാൻ ഇത്രയും കാലം ദൈവത്തെ അറിയാതെ അമ്മായപ്പന്റെ കൂടെ ഇരുപത് കൊല്ലം ജീവിച്ചു, ശരിയാണ്. പക്ഷേ, ഇനി ആ കൂട്ട് എനിക്ക് പാടില്ല.

ഇനി എനിക്ക് എന്റെ ഭാഷ, എന്റെ സംസ്ക്കാരം, എന്റെ തനിമ. അത് ഞാൻ നിലനിർത്തും. യാക്കോബിന് ആ ചിന്ത അവന്റെ ഹൃദയത്തിൽ ഉൾതിങ്ങിക്കിടക്കുന്നുണ്ട്. അവന്റെ ഹൃദയത്തിൽ അത് ഒളിഞ്ഞു കിടപ്പുണ്ട്.

എന്റെ അപ്പന്റെ ദൈവം!പണ്ടുമുതലേയുള്ള ചിന്തകൾ അവിടെ ഉറങ്ങിക്കിടക്കുന്നുണ്ട്. അതുകൊണ്ടാണ് അമ്മായ

പ്പന്റെ വാക്കിന് യാക്കോബ് ഇപ്പോൾ വഴങ്ങിക്കൊടുക്കാത്തത്. യാക്കോബ് തത്ക്കാലത്തേയ്ക്ക് ഒരു ഉടമ്പടിയുണ്ടാക്കി. ഈ തൂണ് കടന്ന് നീ ഇങ്ങോട്ട് വരരുത്. ഈ തൂണ് കടന്ന് ഞാൻ അങ്ങോട്ടും വരികയില്ല എന്നു ലാബാൻ പറയുന്നു. ഇത് ഒരു അതിരാണ്. ഇനി നാം തമ്മിൽ ഒരു ബന്ധവുമില്ല. വ്യക്തമായ വേർതിരിവ്!

വിഗ്രഹാരാധിയായ അമ്മായപ്പനോട് പിന്മാറ്റക്കാരനായ യാക്കോബ് വേർതിരിവ് കാണിച്ചപ്പോൾ മുതൽ യാക്കോബിന്റെ ജീവിതത്തിൽ വെളിച്ചം വീശിത്തുടങ്ങി, യാക്കോബ് സമാധാനത്തിന്റെ പാതയിലേക്കു തിരിഞ്ഞു തുടങ്ങി.

നിങ്ങൾക്കു ചിന്തിക്കാം. പാപത്തിന്റെ സാഹചര്യങ്ങളോട്, വിഗ്രഹാരാധനയുടെ സാഹചര്യങ്ങളോട്, സത്യദൈവത്തെ വിട്ടുള്ള സാഹചര്യങ്ങളോട് വ്യക്തമായ വേർതിരിവിന് തയ്യാറായാൽ നിങ്ങൾക്ക് അനുഗ്രഹം പ്രാപിച്ചു തുടങ്ങാം. നിങ്ങളെ ദൈവത്തിൽ നിന്നകറ്റുന്നതായി എന്തെല്ലാമുണ്ടോ ആ സാഹചര്യങ്ങളോടു നിങ്ങൾ വിടപറയാൻ തയ്യാറാകണം.

ഇന്നു നിങ്ങൾക്ക് കൂട്ടുകാർ കാണും. അവർ നിങ്ങളെ പലതരത്തിൽ സഹായിക്കുന്നവരായിരിക്കും. ഉപകാരം ചെയ്യുന്നവരായിരിക്കും. പക്ഷേ, നിങ്ങളെ സത്യാരാധനയിൽ നിന്നു മാറ്റുന്നവരാണെങ്കിൽ, നിങ്ങളുടെ ജീവിതം മുരടിക്കുന്നതിന്നു കാരണമായവരാണെങ്കിൽ, ആത്മീയമായി നിങ്ങളുടെ ജീവിതം പരാജയപ്പെടുന്നതിനു കാരണമാണെങ്കിൽ അവരെ വിട്ടുകൊള്ളുക. അവരുമായി യാതൊരു ചാർച്ചയും ചേർച്ചയും അരുത്. വ്യക്തമായ അതിർ നിശ്ചയിക്കുക. അതാണ് വേർപാട്.

> *"വിട്ടുപോരുവിൻ; വിട്ടുപോരുവിൻ; അവിടെ നിന്നു പുറപ്പെട്ടു പോരുവിൻ; അശുദ്ധമായ തൊന്നും തൊടരുത്; അതിന്റെ നടുവിൽ നിന്നു പുറപ്പെട്ടുപോരുവിൻ; യഹോവയുടെ ഉപകരണ*

*ങ്ങളെ ചുമക്കുന്നവരേ, നിങ്ങളെത്തന്നെ നിർമ്മലീകരിപ്പിൻ.”* *യെശയ്യാവ് 52 : 11*

അശുദ്ധമായ കൂട്ടുകെട്ട് വിട്ടുപോരണം. നിനക്ക് തെറ്റ് പറ്റുന്ന സാഹചര്യമാണെന്ന് നിനക്ക് തോന്നുന്നുണ്ടോ, അവിടെയിനി പോകരുത്. ആ വ്യക്തികളെ ഇനി കാണരുത്. ആ വീട്ടിൽ ഇനി പോകരുത്. ആത്മാവിൽ നിൽക്കണമെങ്കിൽ ആ സാഹചര്യം വിട്ടുപോയ്ക്കൊള്ളണം.

മദ്യപാനം വിട്ടവർ മദ്യപാനത്തിലേക്കു വീണ്ടും പോകുന്നതെങ്ങനെയാണ്? കൂട്ടുകാരോടുള്ള സ്നേഹത്തിൽ! നിങ്ങളുടെ വിശ്വാസം നശിപ്പിക്കുന്നത് ആരാണെങ്കിലും അവരിൽ നിന്ന് വിട്ടുമാറിക്കൊള്ളണം. വിശുദ്ധിക്കു കേടുവരുത്തുന്നവർ ആരെങ്കിലുമുണ്ടെങ്കിൽ അതിൽ നിന്നുമാറിക്കൊള്ളണം. നിങ്ങൾക്ക് സമാധാനം തന്ന ക്രിസ്തുവിന്റെ കൂട്ടായ്മയെ കത്തിവെയ്ക്കുന്ന ആരെങ്കിലുമുണ്ടെങ്കിൽ അവരിൽ നിന്നു മാറിക്കൊള്ളണം.

പരിശുദ്ധാത്മാവിന്റെ അത്ഭുതസരണിയിൽ നിന്നു വ്യതിചലിപ്പിക്കുന്ന യാതൊരു വാക്ക് കേൾക്കാനും നിങ്ങൾ നിന്നു കൊടുക്കരുത്.

*“നിങ്ങൾ അവിശ്വാസികളോട് ഇണയല്ലാപ്പിണ കൂടരുത്; നീതിക്കും അധർമ്മത്തിന്നും തമ്മിൽ എന്തോരു ചേർച്ച? വെളിച്ചത്തിന്നു ഇരുളോടു എന്തോരു കൂട്ടായ്മ? ക്രിസ്തുവിന്നും ബെലിയാലിന്നും തമ്മിൽ എന്തു പൊരുത്തം? അല്ല, വിശ്വാസിക്കു അവിശ്വാസിയുമായി എന്തു ഓഹരി? ദൈവാലയത്തിന്നു വിഗ്രഹങ്ങളോടു എന്തു യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ. “ഞാൻ അവരിൽ വസിക്കയും അവരുടെ ഇടയിൽ നടക്കയും ചെയ്യും; ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവും ആകും.”*

*എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നുവല്ലോ. അതുകൊണ്ടു "അവരുടെ നടുവിൽനിന്നു പുറപ്പെട്ടു വേർപെട്ടിരിപ്പിൻ എന്നു കർത്താവു അരുളിച്ചെയ്യുന്നു; അശുദ്ധമായത് ഒന്നും തൊടരുത്; എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ടു നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും." എന്നു സർവ്വശക്തനായ കർത്താവു അരുളിച്ചെയ്യുന്നു."*

*2 കൊരിന്ത്യർ 6 : 14 – 18*

അവിശ്വാസികളോട് ഇണയല്ലാപ്പിണ കൂടരുത്. "Don't be yoked one another with unbelievers." അവിശ്വാസികളുമായി ഒരു നുകത്തിൽ വച്ചു പൂട്ടരുത് എന്നാണ് ഇംഗ്ലീഷ് പരിഭാഷ. അങ്ങനെയുള്ളവരോടുകൂടെ സംസാരിച്ചിരുന്നാൽ നിങ്ങൾക്കു കേടു വരും. ക്രിസ്തുവിനും ബെലീയാലിന്നും തമ്മിൽ എന്തു പൊരുത്തം?

ബെലിയാൽ – Son of devil – പിശാചിന്റെ മകൻ.

യാക്കോബിന്റെ ജീവിതത്തിലെ രണ്ടാമത്തെ തൂണ്, വേർതിരിവിന്റെ തൂണ്. Pillar of Separation. വിഗ്രാഹാരാധിയായ ലാബാനിൽ നിന്നു വേർതിരിവ്. പിൻമാറ്റാവസ്ഥയിൽ നിന്നു യാക്കോബ് പതുക്കെ കരേറി വരികയാണ്.

നിങ്ങൾ ആരെങ്കിലും പിന്മാറ്റാവസ്ഥയിൽ ആണോ? നിന്റെ ജീവിതത്തിൽ ഡിപ്രഷൻസ് വന്നിട്ടുണ്ട്, frustrations വന്നിട്ടുണ്ട്, മോഹഭംഗങ്ങളും നൈരാശ്യങ്ങളും വന്നിട്ടുണ്ട്. നിന്റെ ജീവിതത്തിലെ എല്ലാ തളർച്ചകളെയും തകർച്ചകളെയും നിരാശകളെയും മാറ്റുവാൻ കർത്താവായ യേശു ഇന്നു നിന്നെ സ്നേഹത്തോടെ വിളിച്ചുകൊണ്ട് പറയുന്നു: "അശുദ്ധിയിൽ നിന്നും തിന്മയിൽ നിന്നും വേർപെട്ടുപോരുവിൻ. നീ പിന്മാറ്റത്തിൽ നിന്നു വിട്ടുപോരുവിൻ."

നീ ഇനിയും ലാബാന്റെ ഭവനത്തിൽ നിൽക്കണ്ട, ലാബാ

നുമായി ചാർച്ചയും ചേർച്ചയും വേണ്ട. ലോകത്തിന്റെ ഇമ്പങ്ങളിൽ രസിക്കുന്ന, ലോകത്തിൽ സ്വത്ത് സമ്പാദിക്കണം എന്നു മാത്രം ലക്ഷ്യമാക്കുന്ന ലാബാനുമായുള്ള കൂട്ടുകെട്ട് നീ വിടൂ. ലോകത്തിൽ ആടുമാടുകൾക്കുവേണ്ടി മാത്രം ജീവിക്കുന്ന വിഗ്രഹാരാധിയായ ലാബാനുമായുള്ള സമ്പർക്കം വിടൂ. അശുദ്ധമായ സാഹചര്യങ്ങളോടു യാത്രപറഞ്ഞു മാറുവിൻ.

എനിക്കറിയാം, മൊബൈൽ ഫോണിലൂടെ പ്രേമബന്ധങ്ങൾ പുലർത്തിയിരുന്ന ചില യുവതീയുവാക്കന്മാർ വ്യക്തമായ തീരുമാനമെടുത്തു. ഫോണിലെ സിംകാർഡ് മാറ്റി. അതുകൊണ്ട് പിന്നീട് വിളിക്കുമ്പോൾ കിട്ടുന്നില്ല. അഴുക്ക്ബന്ധമാണെന്ന് മനസ്സിലായി. അതു വേണ്ടാ എന്നുവെച്ചു. അങ്ങനെയുള്ളവർ ഈ കൂട്ടായ്മയിലുണ്ട്. മൊബൈൽഫോണിലൂടെയുള്ള ചാറ്റിങ്ങ് (Chatting), പിന്നെ ചീറ്റിംഗ് (Cheating) ആയി പോകാതിരിപ്പാൻ കരുണയുള്ള കർത്താവ് അവർക്ക് സുബോധം കൊടുക്കുന്നു. അവരെ ഓർത്തു ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

ഒരു missed call കാണും, തിരിച്ചു വിളിക്കും. തുടർന്ന് ചില ബന്ധങ്ങൾ സ്ഥാപിക്കുകയായി. ഇതെല്ലാം അപകടങ്ങളിലേക്കു നീങ്ങുകയാണ്. യുവാക്കന്മാരേ, നിങ്ങളുടെ ഭാവി നശിപ്പിച്ചുകളയരുത്.

ഞാൻ വായിച്ചു, ഹൈസ്കൂൾ, പ്ലസ് ടു, കോളേജിൽ പഠിക്കുന്ന യുവാക്കന്മാരുടെ ഇടയിൽ നടത്തിയ സർവ്വേ പറയുന്നു, 68% യുവാക്കളും ഡിപ്രഷനിലാണെന്ന്. നിരാശപ്പെട്ട് കഴിയുകയാണ്. എന്താണിതിന് പോംവഴി? യേശുവിന്റെ അരികിലേക്കു വരിക. വ്യക്തമായും പാപസാഹചര്യങ്ങളോടു യാത്ര പറയുക. ക്രിസ്തുവിന്റെ ക്രൂശിലെ തിരുരക്തം നിങ്ങളെ മാടിവിളിക്കുന്നു. ആ സ്നേഹം നിങ്ങളെ ക്ഷണിക്കുകയാണ്.

നിങ്ങൾക്ക് ക്രിസ്തുവിന്റെ പാദപീഠത്തിലേക്കു വരാം.

ക്രിസ്തുവിനോടു പറയാം: എനിക്കുവേണ്ടി കുരിശിൽ മരിച്ച രക്ഷകാ, ഞാൻ എന്നെത്തന്നെ നിന്റെ കരങ്ങളിലേക്കു തരുന്നു. എന്റെ ജീവിതം നിനക്കായി സമർപ്പിക്കുന്നു. അശുദ്ധസാഹചര്യങ്ങളോടു ഞാൻ ഇതാ, യാത്ര പറയുന്നു. തിന്മയുടെ എല്ലാ കൂട്ടുകെട്ടുകളോടും ഞാനിതാ യാത്രപറയുന്നു. തിന്മയിലേക്ക് എന്നെ പ്രേരിപ്പിക്കുന്ന സാഹചര്യങ്ങളെല്ലാം ഞാൻ വിട്ടുമാറുന്നു. യേശുവിനോടും യേശുവിന്റെ ജനത്തോടും ചേർന്നു നിൽക്കാൻ ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു.യേശുവേ, തൃക്കരം എന്റെമേൽ വയ്ക്കണമേ. നിങ്ങൾ പ്രാർത്ഥിക്കൂ.

ആ തിരുരക്തം പുരണ്ട കരം നിങ്ങളുടെ തലമേൽ വയ്ക്കും. നിങ്ങളെ ആശീർവ്വദിക്കും. നിങ്ങളെ അനുഗ്രഹിക്കും. നിങ്ങളുടെ ജീവിതത്തിലെ കേടുകൾ മാറ്റും. നിങ്ങളുടെ പിൻമാറ്റം മാറ്റി നിങ്ങൾക്ക് സൗഖ്യം തരും. നിങ്ങളുടെ ജീവിതത്തിലെ പോരായ്മകൾ മാറ്റിത്തരും. സന്തോഷസമൃദ്ധമായ നല്ലൊരു ജീവിതം നിങ്ങൾക്കു തരും. ശോഭനമായ ഭാവി നിങ്ങൾക്കു തരും.

## മൂന്ന്

*"ദൈവം അവനെ വിട്ടു കയറിപ്പോയി. അവൻ തന്നോടു സംസാരിച്ചേടത്തു യാക്കോബ് ഒരു കൽത്തൂൺ നിർത്തി; അതിന്മേൽ ഒരു പാനീയ യാഗം ഒഴിച്ച് എണ്ണയും പകർന്നു."*

*ഉല്പത്തി 35 :13, 14*

ദൈവം ഇരുപത് കൊല്ലത്തിന് ശേഷം യാക്കോബിന് നേരിട്ട് പ്രത്യക്ഷനായി സംസാരിക്കുകയാണ്. അത് ഹൃദയത്തെ തൊടുന്ന ഒരു കാര്യമാണ്. സ്വർഗ്ഗത്തിലെ ദൈവം ഭൂമിയിലെ നിസ്സാരനായ മനുഷ്യനോട് സംസാരിക്കുക.

കാലാകാലങ്ങളിൽ അങ്ങനെയാണ്. സ്വർഗ്ഗത്തിലെ ദൈവം അബ്രാഹാമിനോട് സംസാരിച്ചു. അബ്രാഹാമിന് പല വട്ടം പ്രത്യക്ഷനായി. ഒരിടത്തും ഒതുങ്ങാത്തവനായ ദൈവം! ഈ സർവ്വപ്രപഞ്ചത്തിന്റേയും സ്രഷ്ടാവും അധിപതിയും നിയന്താവുമായ ദൈവം! വെറും നിസ്സാരനായ മനുഷ്യനോട് ജീവനുള്ള ദൈവം സംസാരിക്കുന്നു! ദൈവം ഒരു മനുഷ്യന് പ്രത്യക്ഷനാകുന്നു!

ആർക്കും കാണാൻ വയ്യാത്തവനായ ദൈവം ഒരു മനുഷ്യന്റെ മുമ്പിൽ വചനമായി പ്രത്യക്ഷപ്പെടുക! ദൈവം മനുഷ്യനോട് സംസാരിക്കുന്നു. വചനമായി മനുഷ്യനോട് ഇടപെടുന്നു. ദൈവം യാക്കോബിനോട് സംസാരിച്ചു.

*"യാക്കോബ് പദ്ദൻ-അരാമിൽ നിന്നു വന്നശേഷം*

*ദൈവം അവനു പിന്നെയും പ്രത്യക്ഷനായി അവനെ അനുഗ്രഹിച്ചു.” ഉല്പത്തി 35 : 9*

യാക്കോബ് പുറപ്പെട്ടു ഇത്രത്തോളം എത്തിയപ്പോൾ ദൈവം അവനു പ്രത്യക്ഷനായി അവനെ പിന്നെയും അനുഗ്ര ഹിച്ചു. വളരെ ഹൃദ്യമായ ഒരു വാക്കാണത്. ‘പിന്നേയും അനു ഗ്രഹിക്കുന്ന ദൈവം.’ ഒരിക്കൽ അനുഗ്രഹിച്ചതാണ്. പക്ഷേ, അവൻ പിൻമാറിപ്പോയി. അവൻ ദൈവത്തിന്റെ അനുഗ്രഹ ത്തിന്റെ മഹത്വമറിയാതെ ലോകത്തിന്റെ ഇമ്പങ്ങളുടെ പിറകെ ഓടി.

ആടുമാടുകൾ, ദാസീദാസന്മാർ, ഭാര്യമാർ, മക്കൾ, കൂടാ രങ്ങൾ എല്ലാമെല്ലാം സമ്പാദിച്ചുകൂട്ടുന്നു. ധാരാളം ധാരാള മായി നേടുന്നു. യാക്കോബ് ലോകത്തിലേക്ക് സമൂലം ഇറങ്ങി പ്പോയി.

അവന് കിട്ടിയ അനുഗ്രഹങ്ങൾ അവൻ വാസ്തവത്തിൽ നഷ്ടപ്പെടുത്തിയിരിക്കുകയായിരുന്നു. പക്ഷേ ഇരുപത് കൊല്ലത്തെ നഷ്ടത്തിന് ശേഷവും സ്വർഗ്ഗത്തിലെ ദൈവം അവനെ മറന്നില്ല. അവൻ ദൈവത്തെ മറന്നിട്ടും ദൈവം അവനെ മറന്നില്ല. ദൈവം യാക്കോബിന് പിന്നേയും പ്രത്യക്ഷ നായി അവനെ അനുഗ്രഹിച്ചു.

ദൈവംപ്രത്യക്ഷനാകുന്നതെല്ലാം അനുഗ്രഹിക്കാനാണ്. നിങ്ങൾ വചനം കേൾക്കുമ്പോൾ വചനമാകുന്ന ദൈവം നിങ്ങൾക്ക് പ്രത്യക്ഷനാവുകയാണ്. ദൈവം പ്രത്യക്ഷനാകു ന്നെങ്കിൽ നിങ്ങളെ അനുഗ്രഹിക്കാൻ പോകുകയാണ്. സ്വർഗ്ഗ ത്തിലെ ദൈവത്തോട് നിങ്ങൾ പറയണം: കർത്താവേ, ഞാൻ കഴിഞ്ഞകാലങ്ങൾ പാഴാക്കിക്കളഞ്ഞവനാണ്. കഴിഞ്ഞകാല ങ്ങളിൽ അബദ്ധം പറ്റിയവളാണ്; തെറ്റുകൾ പറ്റിയവളാണ്. നിന്നോട് വാക്ക് പറഞ്ഞതായിരുന്നു. നിന്റെ സന്നിധിയിൽ ഉട മ്പടി ചെയ്തതായിരുന്നു. സമർപ്പണത്തിന്റെ കൽത്തൂൺ നാട്ടി

യതായിരുന്നു, വേർപാടിന്റെ കൽത്തൂൺ നാട്ടിയതായിരുന്നു, ജീവിതത്തിൽ ചില പ്രതിഷ്ഠകൾ ഉണ്ടായിരുന്നു, വ്യക്തമായ ചില ഉടമ്പടികൾ ചെയ്തിരുന്നു. പക്ഷേ, എല്ലാം തകർന്നുപോയല്ലോ കർത്താവേ.

എല്ലാം നഷ്ടപ്പെട്ടവനായി ഞാൻ തിരുമുമ്പാകെ വരികയാണ്. നാഥാ, വർഷങ്ങൾക്ക് മുമ്പ് എനിക്ക് പ്രത്യക്ഷനായ ദൈവമേ, നീ ഇപ്പോൾ പിന്നെയും വചനമായി എന്റെ അടുക്കലേക്ക് വരുന്നല്ലോ. നീ എന്നെ സ്നേഹിക്കുന്നല്ലോ. എന്നോട് നിനക്ക് മനസ്സലിവ് തോന്നുന്നുവല്ലോ. ഈ നിസ്സാര മനുഷ്യനെ നീ കരുതുന്നുവല്ലോ.എന്നെ സ്നേഹിച്ച് എന്റെ അരികിലേക്ക് നീ വരുന്നുവല്ലോ. യാക്കോബിനെ പിന്നെയും അനുഗ്രഹിച്ചതുപോലെ എന്നെയും അനുഗ്രഹിക്കണമേ.

സ്നേഹിതരേ, ജീവിതത്തിൽ പാളിച്ചകൾ വന്നു എങ്കിൽ നിങ്ങൾ നിരാശപ്പെടേണ്ട. നിങ്ങൾക്ക് അബദ്ധങ്ങൾ പറ്റിയെങ്കിൽ നിങ്ങളാരും തളരണ്ട. നിങ്ങൾ പലതും പലതും പാഴാക്കിക്കളഞ്ഞെങ്കിലും കനത്ത നഷ്ടങ്ങൾ നേരിട്ടെങ്കിലും നിങ്ങളാരും ഭാരപ്പെടേണ്ട; മ്ലാനരാകണ്ട; വാടിപ്പോകണ്ട. നിങ്ങൾക്കിനിയും അനുഗ്രഹങ്ങൾ തരാൻ വചനമായി ദൈവം നിങ്ങൾക്ക് പ്രത്യക്ഷനാവുകയാണ്. വചനമായി ദൈവം നിങ്ങളുടെ അരികിലേക്ക് വരികയാണ്. അവൻ നിങ്ങളോട് സംസാരിക്കുകയാണ്. ഇടപെടുകയാണ്, അവൻ പിന്നെയും അനുഗ്രഹിക്കുകയാണ്.

പിന്നെയും അനുഗ്രഹിച്ചു. വേദപുസ്തകം വായിക്കുമ്പോൾ ഈ വാക്കുകൾ പലസ്ഥലത്തും ആവർത്തിക്കുന്നത് കാണാം. ദൈവം ദാവീദിനെ പിന്നേയും അനുഗ്രഹിച്ചു. യോനായ്ക്ക് രണ്ടാം പ്രാവശ്യം ദൈവം അരുളപ്പാട് കൊടുത്തു. ഒന്നാം പ്രാവശ്യം കൊടുത്ത അരുളപ്പാട് നഷ്ടപ്പെടുത്തിക്കളഞ്ഞെങ്കിലും ദൈവം യോനായെ കൈവിട്ടുകളഞ്ഞില്ല.

യഹോവയായ ദൈവം യോനായ്ക്ക് വീണ്ടും പ്രത്യക്ഷനായി അവന് അരുളപ്പാട് കൊടുത്തു.

ദൈവം വീണ്ടും അരുളപ്പാട് തരുന്നവനാണ്. ദൈവം ക്ഷമിക്കുന്നവനാണ്. ദൈവം സഹിക്കുന്നവനാണ്. ദൈവം പൊറുക്കുന്നവനാണ്. ദൈവം മറക്കുന്നവനാണ്. "നിന്റെ അകൃത്യം ഞാൻ മറന്നുകളയും" എന്നാണ് കർത്താവ് പറയുന്നത്. "അവന്റെ കോപം ക്ഷണനേരത്തേക്കേ ഉള്ളൂ. അവന്റെ പ്രസാദമോ ജീവപര്യന്തമുള്ളത്."

*"സന്ധ്യയിങ്കൽ കരച്ചിൽ വന്നു രാപാർക്കും; ഉഷസ്സിലോ ആനന്ദഘോഷം വരുന്നു."*
*സങ്കീർത്തനങ്ങൾ 30 : 5*

പ്രിയപ്പെട്ടവരേ, കരച്ചിൽ രാപാർക്കാൻ നിങ്ങൾ ഇടം കൊടുക്കുക. നിങ്ങൾ അനുതാപത്തിന്റെ കരച്ചിലുമായി ദൈവസന്നിധിയിലേയ്ക്ക് ചെല്ലുക. സന്ധ്യാവേളയിൽ കരച്ചിൽ അതിഥിയായി വരികയാണ്. അനുതാപത്തിന്റെ കരച്ചിലാണ് വിരുന്നുകാരനായി വരുന്നത്.

രാത്രി വിരുന്നുകാരൻ വന്നു. രാത്രി വരുന്ന വിരുന്നുകാരൻ തിരികെ പോകാനുള്ളവനല്ല. അവൻ രാപാർക്കുന്നവനാണ്. രാത്രി മുഴുവൻ കരച്ചിലാണ്. അനുതാപത്തിന്റെ കരച്ചിൽ! കഴിഞ്ഞകാലങ്ങൾ നഷ്ടപ്പെടുത്തിയല്ലോ. അനുതാപത്തിന്റെ നെടുവീർപ്പുകൾ. കഴിഞ്ഞകാലങ്ങൾ പാഴാക്കിക്കളഞ്ഞല്ലോ. ജീവിതത്തിൽ വന്നുപോയ പാളിച്ചകളെ ഓർത്തുള്ള വേദനാഭരിതമായ നിമിഷങ്ങൾ!ഏങ്ങലടിച്ചുകൊണ്ട് ഇതാ, ദൈവപൈതൽ കിടക്കയിൽ കിടക്കുകയാണ്.

*"രാത്രി മുഴുവനും എന്റെ കിടക്കയെ ഒഴുക്കുന്നു; കണ്ണുനീർകൊണ്ട് ഞാൻ എന്റെ കട്ടിലിനെ നനയ്ക്കുന്നു."* *സങ്കീർത്തനങ്ങൾ 6 : 6*

കണ്ണീരുകൊണ്ട് കിടക്കയെ നനയ്ക്കുന്നു. കട്ടിലിനെ നനയ്ക്കുന്നു. കിടക്കുന്നു പക്ഷേ, ഉറങ്ങാൻ പറ്റുന്നില്ല. ഓലോലക്കണ്ണീർ ഒഴുക്കുകയാണ്.

*"സീയോൻപുത്രിയുടെ മതിലേ, രാവും പകലും ഓലോല കണ്ണുനീരൊഴുക്കുക; നിനക്കുതന്നേ സ്വസ്ഥത നൽകരുത്; നിന്റെ കൺമണി വിശ്രമിക്കയുമരുത്." വിലാപങ്ങൾ 2 : 18*

സീയോൻപുത്രിയുടെ മതിലേ, നീ ഓലോല കണ്ണീരൊഴുക്കുക. നിന്റെ മക്കളുടെ വേദനാകരമായ അനുഭവം കണ്ട്, അവരുടെ ദരിദ്രമായ അവസ്ഥ കണ്ട്, അവരുടെ കഷ്ടപ്പാട് കണ്ട് നീ ഓലോലകണ്ണീരൊഴുക്കുക.

സഹോദരങ്ങളേ, നിങ്ങളെ ജീവനുള്ള ദൈവം സമീപിക്കുന്നു എന്നു വിശ്വസിക്കുക. നിങ്ങളുടെ അരികത്തേയ്ക്ക് കർത്താവ് വരുന്നു എന്ന് നിങ്ങൾവിശ്വസിക്കുക. അവൻ നിങ്ങളുടെ അരികത്ത് വന്ന് നിങ്ങളുടെ അനുതാപത്തിന്റെ കണ്ണുനീര് കാണും. നിങ്ങളുടെ പാഴായിപ്പോയ വർഷങ്ങൾക്ക് പകരംതരും.

വിട്ടിലും വെട്ടുക്കിളിയും തുള്ളനും പച്ചപ്പുഴുവും തിന്നുകളഞ്ഞ സംവത്സരങ്ങൾക്കുവേണ്ടി ഞാൻ നിങ്ങൾക്ക് പകരം നൽകുമെന്ന് സൈന്യങ്ങളുടെ ദൈവമായ *യഹോവ അരുളിച്ചെയ്യുന്നു.*

*"തുള്ളൻ ശേഷിപ്പിച്ചത് വെട്ടുക്കിളി തിന്നു; വെട്ടുക്കിളി ശേഷിപ്പിച്ചത് വിട്ടിൽ തിന്നു; വിട്ടിൽ ശേഷിപ്പിച്ചതു പച്ചപ്പുഴു തിന്നു." യോവേൽ 1 : 4*

നല്ല കൃഷിയായിരുന്നു. എന്നാൽ തുള്ളൻ എന്ന ദുഷ്ട പ്രാണി വന്നു നശിപ്പിച്ചുകളയുന്നു. ഉടമസ്ഥന് എല്ലാം പാഴായിപ്പോകുന്നതിൽ സങ്കടമുണ്ട്. പക്ഷേ, തുള്ളൻ കുറച്ച് ശേഷി

പ്പിച്ചു. എന്നാൽ തുള്ളൻ ശേഷിപ്പിച്ചത് വെട്ടുക്കിളി തിന്നു. വെട്ടുക്കിളി ക്ഷുദ്രപ്രാണിയാണ്. പിന്നീട് വിട്ടിൽ പച്ചഭാഗങ്ങളെല്ലാം തിന്നുകളയുന്നു. അതിന്റെ ഇലത്തണ്ടുകളെല്ലാം ഒടിഞ്ഞുതൂങ്ങിക്കിടക്കുന്നു.

എന്നാൽ പിന്നെയും ആശയുണ്ട്, തണ്ടിൽ പുതിയ നാമ്പുകൾ കിളിർത്തുവരും. ഒരു പ്രതീക്ഷയുണ്ട്. യജമാനൻ പിന്നെയും വന്നുനോക്കി. അപ്പോഴുണ്ട്,വിട്ടിൽ ശേഷിപ്പിച്ചത് പച്ചപ്പുഴു തിന്നു. പച്ചപ്പുഴു എല്ലാം നശിപ്പിച്ചിരിക്കുന്നു.

പച്ചയായതെല്ലാം നശിപ്പിച്ചു. ഈ നാല് ക്ഷുദ്രപ്രാണികൾ എല്ലാം നശിപ്പിച്ചിരിക്കുന്നു. ജീവിതത്തിൽ നഷ്ടങ്ങൾ വന്നവർ ആരെല്ലാമുണ്ട്? പല പല നഷ്ടങ്ങൾ. പൈസ നഷ്ടപ്പെട്ടവരുണ്ട്. ബിസിനസ്സിൽ നഷ്ടം വന്നവരുണ്ട്. ആരോഗ്യം നഷ്ടപ്പെട്ടവരുണ്ട്. കുടുംബസമാധാനം നഷ്ടപ്പെട്ടവരുണ്ട്. കുടുംബത്തിലെ സൗഖ്യവും സന്തോഷവും നഷ്ടപ്പെട്ടവരുണ്ട്. സ്നേഹം നഷ്ടപ്പെട്ടവരുണ്ട്.

നഷ്ടത്തിന്റെ കണക്കല്ലേ നിങ്ങൾക്ക് പറയാനുള്ളത്? നഷ്ടമല്ലേ നിങ്ങൾക്ക് ഓർക്കാനുള്ളത്? നിങ്ങളുടെ പലരുടെയും ഹൃദയം വിഷാദഭരിതമല്ലേ? മ്ലാനത പൂണ്ടതല്ലേ? ഇന്ന് വചനം നിങ്ങളെ സമീപിക്കുകയാണ്. വചനമായ ദൈവം നിങ്ങൾക്ക് പ്രത്യക്ഷനാവുകയാണ്.

> *"തുള്ളൻ ശേഷിപ്പിച്ചതു വെട്ടുക്കിളി തിന്നു; വെട്ടുക്കിളി ശേഷിപ്പിച്ചത് വിട്ടിൽ തിന്നു; വിട്ടിൽ ശേഷിപ്പിച്ചത് പച്ചപ്പുഴു തിന്നു. മദ്യപന്മാരേ, ഉണർന്നു കരവിൻ."*
> *യോവേൽ 1: 4, 5*

മദ്യത്തിനുവേണ്ടി കുറെയേറെ നഷ്ടപ്പെടുത്തി. ഇന്ന് കരളിന് രോഗം, ആമാശയത്തിൽ രോഗം. മദ്യപാനംകൊണ്ട് അകലേക്കൂടി പോയ രോഗത്തെ ക്ഷണിച്ചുവരുത്തി ശരീര

ത്തിൽ കയറ്റിയിരുത്തി. ദുരാത്മബാധകളെ ശരീരത്തിലേക്ക് കയറ്റി.

ഹെറോയിൻ പോലുള്ള മയക്കുമരുന്നുകൾ ശരീരത്തിൽ കുത്തിവെച്ച് ശരീരം നശിക്കുന്നു. ബുദ്ധി നശിക്കുന്നു; കരൾ നശിക്കുന്നു; ശ്വാസകോശത്തിന് കേട് വരുത്തുന്നു. ഹാർട്ടിന് ക്ഷീണം വരുത്തുന്നു. പല തരത്തിലുള്ള രോഗങ്ങൾ ക്ഷണിച്ചുവരുത്തുന്നു. നഷ്ടങ്ങളുടെ കണക്കാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ നഷ്ടത്തെയോർത്ത് നിങ്ങൾ നിരാശപ്പെടേണ്ട.

> *"ഞാൻ നിങ്ങളുടെ ഇടയിൽ അയച്ചിരിക്കുന്ന എന്റെ മഹാസൈന്യമായ വെട്ടുക്കിളിയും വിട്ടിലും തുള്ളനും പച്ചപ്പുഴുവും തിന്നുകളഞ്ഞ സംവത്സരങ്ങൾക്കുവേണ്ടി ഞാൻ നിങ്ങൾക്കു പകരം നൽകും."* *യോവേൽ 2 : 25*

കഴിഞ്ഞതെല്ലാം മാറ്റി പകരം തരാമെന്ന് കർത്താവ് പറയുന്നു. യാക്കോബിന് ദൈവം പ്രത്യക്ഷപ്പെട്ടു. യാക്കോബിനെ പിന്നേയും അനുഗ്രഹിച്ചു. എന്നിട്ട് ദൈവം അവനോട് പറയുകയാണ്.

> *"ദൈവം അവനോട്: നിന്റെ പേർ യാക്കോബ് എന്നല്ലോ; ഇനി നിനക്ക് യാക്കോബ് എന്നല്ല യിസ്രായേൽ എന്നുതന്നെ പേരാകേണം എന്നു കല്പിച്ചു അവനു യിസ്രായേൽ എന്നു പേരിട്ടു."*
> *ഉല്പത്തി 35 : 10*

ദൈവം യാക്കോബിനോട് പറയുകയാണ്: മോനേ, ഞാൻ നിനക്ക് ഒരു പുതിയ പേര് തന്നത് നിനക്കോർമ്മയുണ്ടോ? യാക്കോബ് എന്ന പേര് മാറ്റി യിസ്രായേൽ എന്ന പേര് ഞാൻ നിനക്ക് തന്നതായിരുന്നു. നീ ഓർക്കുന്നുണ്ടോ?

ഉല്പത്തി മുപ്പത്തിരണ്ടാം അദ്ധ്യായത്തിൽ യാബ്ബോക്ക് കടവിൽ വെച്ച് ദൈവം അഭിമുഖമായി യാക്കോബുമായി സംസാരിച്ച ഒരു രംഗം. ദൈവം യാക്കോബിന്റെ സ്വയത്തെ ഇടിച്ച് തകർക്കാൻ യത്നിച്ച രംഗം. യാക്കോബിനെ ഒരു ആത്മീയമനുഷ്യനാക്കാൻ ദൈവം അദ്ധ്വാനിച്ച അത്ഭുത നിമി ഷങ്ങൾ!

യാക്കോബിനെ ഒരു വിധത്തിലും ജയിക്കാൻ പറ്റുന്നില്ല. യാക്കോബ് സ്വന്തം ശക്തിയിൽ, സ്വന്തം ബലത്തിൽ ആശ്ര യിച്ച് നിൽക്കുന്നു. സ്വന്തം കരുത്തിൽ ആശ്രയിച്ച് നിൽക്കു ന്നു. യാക്കോബിന്റെ സ്വയം തകരുന്നില്ല. അവന്റെ 'ego' താഴു ന്നില്ല. അവസാനം നിത്യനായ ദൈവം യാക്കോബിന്റെ തുട മേൽ ഒന്നുതൊട്ടു.

തുടയുടെ തടത്തിൽ തൊട്ടപ്പോൾ അവിടെ ഉളുക്കി പ്പോയി. യാക്കോബിന് ഇനി ഓടി രക്ഷപ്പെടാൻ നിർവ്വാഹമില്ല. സ്വന്തം ശക്തിയിൽ രക്ഷയില്ല എന്ന് കണ്ടപ്പോൾ യാക്കോബ് ദൈവത്തെ കയറിപ്പിടിച്ചു: നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല എന്ന് പറഞ്ഞു.

അന്ന് ദൈവം ചോദിച്ചു: നിന്റെ പേരെന്ത്? എന്റെ പേര് യാക്കോബ്. ഇനി നിന്റെ പേര് യാക്കോബ് എന്നല്ല. നിന്റെ പേര് യിസ്രായേൽ എന്നാകും എന്ന് ദൈവം പറഞ്ഞു. പുതിയ പേര് കിട്ടിയതായിരുന്നു. പക്ഷേ, അനുഭവിച്ചില്ല. അനേകം ദൈവമ ക്കൾക്ക് നല്ലനല്ലവാഗ്ദാനങ്ങൾ കിട്ടി, നല്ലനല്ല പ്രതീക്ഷകൾ കിട്ടി. നല്ല ശുശ്രൂഷകൾ കിട്ടി. അനുഗൃഹീതമായ അനുഭവ ങ്ങൾ കിട്ടി. ദൈവസ്നേഹം പകർന്നു കിട്ടി. പക്ഷേ, നില നിൽക്കുന്നില്ല. ദൈവത്തിന്റെ ആത്മാവിന്റെ സ്തുതിയുടെ വിശുദ്ധ അനുഭവങ്ങൾ കിട്ടി. പക്ഷേ, നിലനിൽക്കുന്നില്ല.

പാത്രം കമഴ്ത്തിവച്ചു. മഴ തെരുതെരെ പെയ്യുന്നുണ്ട്. നല്ല മഴയാണ് പെയ്യുന്നത്. ഒരു പാത്രത്തിൽ വെള്ളം നിറയു

ന്നുണ്ട്. മറ്റേ പാത്രത്തിൽ വെള്ളം നിറയുന്നില്ല. ഒരിറ്റുപോലും വെള്ളമില്ല. പാത്രം കമഴ്ത്തിവെച്ചിരിക്കുകയാണ്.

പേര് മാറിക്കിട്ടി. പക്ഷേ, അനുഭവിച്ചില്ല. പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് ഇതുവരെയും ലഭിച്ച അനുഗ്രഹങ്ങൾ നിലനിർത്തിയോ? ദൈവം തന്ന അനുഗ്രഹങ്ങൾ നിലനിർത്താൻ പറ്റിയോ? ദൈവം തന്ന പ്രതിഷ്ഠകൾ നിലനിർത്താൻ പറ്റിയോ? ദൈവം തന്ന സമർപ്പണങ്ങൾ നിലനിർത്താൻ പറ്റിയോ?

ജീവനുള്ള ദൈവം പറയുകയാണ്: ഇനി നിനക്ക് യാക്കോബ് എന്നല്ല, യിസ്രായേൽ എന്നുതന്നേ പേരാകണം. ദൈവത്തിന് നിർബ്ബന്ധമാണത്. നീ വിശ്വസിക്കൂ. ദൈവത്തിന് നിന്നെക്കുറിച്ച് ചില നിർബ്ബന്ധങ്ങളുണ്ട്. നിനക്കൊരു പുതിയ പേര് കൊത്തിത്തരണമെന്ന് ദൈവത്തിന് നിർബ്ബന്ധമുണ്ട്.

ഒരു പുതിയപേര് നിനക്ക് തന്ന് നിന്നെ അനുഗ്രഹിക്കാൻ കർത്താവ് ആഗ്രഹിക്കുന്നുണ്ട്. ദൈവത്തിന്റെ ആശ എത്ര വലുതാണ്! നിങ്ങൾ വിശ്വസിക്കുന്നുണ്ടോ നിങ്ങളുടെ അരികത്ത് യേശു ഇപ്പോൾ വന്നിട്ടുണ്ട് എന്ന്? നിങ്ങളുടെ സമീപത്ത് യേശു നിൽക്കുന്നുണ്ട് എന്ന്?

പുതിയ അനുഭവങ്ങളുടെ സമ്പത്ത് നിനക്ക് ലഭിക്കാൻ പോകുന്നു. സ്നേഹവാനായക്രിസ്തു സ്നേഹത്തോടെ പേർചൊല്ലി വിളിച്ചുകൊണ്ട് നിങ്ങളെ അനുഗ്രഹിക്കാൻ കരം നീട്ടുകയാണ്. പുതിയ പേര് നിങ്ങൾക്ക് തരാൻ പോകുന്നു. പുതിയ പേരിൽ നിങ്ങളെ അറിയാൻ പോകുന്നു. ഇതുവരെ പുതിയ പേര് ലഭിച്ചെങ്കിലും ആ പേര് അനുഭവിച്ചില്ല.

ദൈവം യാക്കോബിനോട് നിന്റെ പേർ യിസ്രായേൽ എന്നാകും എന്ന് പറഞ്ഞെങ്കിലും, ഉല്പത്തി 31-ാം അദ്ധ്യായം മുതൽ 35-ാം അദ്ധ്യായം വരെയും ദൈവം, യാക്കോബ് എന്നു തന്നെയാണ് പറയുന്നത്. യിസ്രായേൽ എന്ന് പറയുന്നില്ല.

എന്നാൽ ഇപ്പോൾ ദൈവം പറഞ്ഞു: ഇനി നിന്റെ പേര് യിസ്രായേൽ എന്നു തന്നെ ആകേണം.

മകനേ, നിന്നോടു പറയട്ടെ. യേശു നിന്നെ സ്നേഹിക്കുന്നു. ചങ്കിലെ ചോര ഊറ്റി സ്നേഹിച്ചവൻ നിന്റെ അരികിലേക്ക് വന്നിരിക്കുന്നു. തിരുവിലാവ് തുറന്ന്, ആ സ്നേഹമുള്ള ഹൃദയം തുറന്ന്, തിരുരക്തം വാർന്നൊലിച്ച് അവൻ വേദന കൊണ്ട് പിടയുമ്പോൾ അവന്റെ സ്നേഹത്തിന്റെ ശബ്ദമാണ് നീ കേൾക്കുന്നത്.

“പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിയ്ക്കണമേ” എന്നുള്ള സ്നേഹത്തിന്റെ സ്വരം!

എല്ലാം ക്ഷമിക്കുന്ന സ്നേഹം! കഴിഞ്ഞകാലങ്ങൾ മായിച്ച് തരുന്ന സ്നേഹം! എല്ലാം പൊറുക്കുന്ന സ്നേഹം! കടച്ചീട്ട് കീറിത്തരുന്ന സ്നേഹം! എല്ലാ പാപവും ക്ഷമിച്ചുതരുന്ന, കഴിഞ്ഞകാല പിൻമാറ്റങ്ങൾ മാറ്റിത്തരുന്നസ്നേഹം!

ഗിലെയാദിൽ വൈദ്യനുണ്ട്. ഗോഗുൽത്തായിലെ കുരിശിൽ മരിച്ച രക്ഷകനുണ്ട്. യേശുക്രിസ്തുവിന്റെ തിരുരക്തമുണ്ട്. ആരും രോഗസൗഖ്യം പ്രാപിയ്ക്കാതെ ഇരിക്കണ്ട. ആരും പാപമോചനം പ്രാപിക്കാതെ ഇരിക്കണ്ട. ആരും നരകത്തിലേക്ക് പോകണ്ട. ഏതു പിന്മാറ്റക്കാരനും തിരിച്ചുവരാം. ഏത് അവിശ്വാസിക്കും വിശ്വാസിയായിത്തീരാം.

ഏതൊരു പാപിക്കും രക്ഷപ്പെടാം. യേശു നിന്നെ സ്നേഹിക്കുന്നു. അവന്റെ തിരുവിലാവ് തുറന്നിട്ടുണ്ട്. അവന്റെ തിരുരക്തം വാർന്നൊലിക്കുന്നുണ്ട്. അവന്റെ കരങ്ങളിലേക്ക് കൊടുക്കാമോ? പ്രിയപ്പെട്ടവരേ, അവൻ നിങ്ങൾക്ക് പുതിയ പേര് സ്ഥിരമായി നിക്ഷേപിച്ചുതരും.

പുതിയ പേരിൽ നിങ്ങൾ അറിയാൻ തുടങ്ങും. പുതിയ

പേരിൽ നിങ്ങളെ വിളിക്കാൻ തുടങ്ങും. പുതിയ അനുഭവം നിങ്ങൾക്ക് ലഭിക്കാൻ തുടങ്ങും. നിങ്ങൾ പുതിയ പേരിന്റെ അവകാശികളായി മാറാൻ ഇടയാകും.

യേശുക്രിസ്തുവിന്റെ രക്തം നിങ്ങളുടെമേൽ തളിയ്ക്കട്ടെ. യേശുക്രിസ്തുവിന്റെ തിരുരക്തം നിങ്ങളുടെമേൽ ഒഴുകട്ടെ. യേശുക്രിസ്തുവിന്റെ തിരുരക്തം നിങ്ങളെ കഴുകട്ടെ. യേശുവിന്റെ തിരുരക്തം നിങ്ങളുടെ ബാധകൾ മാറ്റട്ടെ. യേശുവിന്റെ തിരുരക്തം നിങ്ങളുടെ ശാപങ്ങൾ ദൂരീകരിക്കട്ടെ. യേശുവിന്റെ തിരുരക്തം കഴിഞ്ഞകാലജീവിതത്തിലെ പാളിച്ചകളെല്ലാം മാറ്റിത്തരട്ടെ. യേശുവിന്റെ തിരുരക്തം നിങ്ങൾക്ക് പുതിയ പേര് തരട്ടെ. യേശുവിന്റെ നാമം മഹത്വപ്പെടട്ടെ.

# നാല്

*"അവൻ തന്നോട് സംസാരിച്ചേടത്ത് യാക്കോബ് ഒരു കൽത്തൂൺ നിർത്തി; അതിന്മേൽ ഒരു പാനീ യയാഗം ഒഴിച്ച് എണ്ണയും പകർന്നു."*

*ഉല്പത്തി 35 : 14*

അത് സ്തോത്രത്തിന്റെ കൽത്തൂണാണ്. അത് സ്തുതി യുടെ കൽത്തൂണാണ്. അത് 'Worship'-ന്റെ, ആരാധനയുടെ കൽത്തൂണാണ്. അത് സ്നേഹത്തിന്റെ കൽത്തൂണാണ്. ദൈവസന്നിധിയിൽ, ദൈവം തന്ന നന്മകൾ ഓർത്ത്, ഈ പിന്മാറ്റക്കാരനെ സ്നേഹിച്ച ദൈവത്തിന്റെ കരുണ ഓർത്തുള്ള സ്തോത്രത്തിന്റെ കൽത്തൂണാണ്. Pillar of Praise and worship.

ഒന്നാമത്തെ കൽത്തൂൺ പ്രതിഷ്ഠയുടേയും സമർപ്പണ ത്തിന്റേയും കൽത്തൂണാണ്. രണ്ടാമത്തെ കൽത്തൂൺ വേർപാടിന്റെ കൽത്തൂണാണ്. മൂന്നാമത്തെ കൽത്തൂൺ സ്നേഹത്തിന്റേയും നന്ദിയുടേയും സ്തോത്രയാഗത്തിന്റെയും കൽത്തൂണാണ്.

ഇവിടെ യാക്കോബിന്റെ ഹൃദയത്തിൽ നിന്ന് സ്തോത്രം ഉറവെടുത്തുവരാൻ കാരണമുണ്ട്. യാക്കോബിന് സ്വന്ത ജീവിതത്തിൽ പ്രതീക്ഷയില്ല. ഞാൻ പിന്മാറ്റക്കാരനായിപ്പോ യല്ലോ. കഴിഞ്ഞകാലങ്ങളെല്ലാം നഷ്ടപ്പെടുത്തിയല്ലോ? എനി ക്കുണ്ടോ ഒരെഴുന്നേൽപ്പ്? ഞാനുണ്ടോ ഇനി എഴുന്നേൽക്കാൻ പോകുന്നു? എനിക്ക് ഒരു നല്ലകാലം കിട്ടാൻ പോകുന്നുണ്ടോ?

ഇനി എനിക്ക് പഴയപോലുള്ള ഒരു സന്തോഷകാലം കിട്ടുമോ? എനിക്കിനി പഴയ സ്തുതി ലഭിക്കുമോ? പഴയ ശുശ്രൂഷ ലഭിക്കുമോ? പഴയ ദൈവവേല ലഭിക്കുമോ? പഴയ ദൈവസഖിത്വം എനിക്ക് കിട്ടുമോ? അതെല്ലാം പഴയ കഥകളായിപ്പോയില്ലേ?

ഇനിയുണ്ടോ ഒരു ഉയിർത്തെഴുന്നേൽപ്പ്? എന്റെ ഭാവി അടഞ്ഞുപോയില്ലേ? എന്റെ പ്രതീക്ഷകൾ നഷ്ടപ്പെട്ട് പോയില്ലേ? എല്ലാം നിരാശയിലാണ്. അപ്പോഴാണ് ദൈവം പ്രത്യക്ഷനായിരിക്കുന്നത്. ദൈവം പ്രത്യക്ഷനായിട്ട് പറഞ്ഞു: "മോനേ, നീ എന്നെ മറന്നെങ്കിലും ഞാൻ നിന്നെ മറന്നിട്ടില്ല. ഇരുപത് കൊല്ലം മുമ്പ് നീ എന്നോട് നേർച്ച നേർന്നത് നീ മറന്നുപോയി."

യബ്ബോക്ക് കടവിൽ വച്ച്, നീ എന്റെ സന്നിധിയിൽ ചില പ്രതിഷ്ഠകൾ എടുത്തെങ്കിലും നീ അതിന്റെ നന്ദിയില്ലാത്തവനായി ഇത്രയുംകാലം പിന്നെയും ജീവിച്ചു. അന്ന് കിട്ടിയ പേര് നീ നിലനിർത്തിയില്ല. എങ്കിലും മോനേ, ഞാൻ നിന്നിൽ ഒരു നന്മ കാണുന്നുണ്ട്.

നീ ഒരു ചുവടുവെച്ചു. ഞാനിതാ നൂറ് ചുവടുവെച്ചു വരികയാണ്. മനുഷ്യൻ ഒരു ചുവട് വച്ചാൽ ദൈവം നൂറു ചുവടു വയ്ക്കും. നീ ഒരു ചുവടും വയ്ക്കാതിരുന്നാലോ, ദൈവം നിന്നെ എടുത്തുകൊണ്ടുപോകാൻ ശ്രമിക്കും. പക്ഷേ, നീ മറുതലിച്ച് പുറത്ത് ചാടിയാൽ എന്തുചെയ്യും? ദൈവത്തിന്റെ കൈയിൽ നിന്ന് നിന്നെ ആരും പിടിച്ചുപറിച്ചുകൊണ്ടുപോകില്ല.

പക്ഷേ, നീ സ്വയമായി ഇറങ്ങിപ്പോയാൽ എന്തുചെയ്യും? ദൈവം നിസ്സഹായതയോടെ, വേദനയോടെ നോക്കിനിൽക്കും. യാക്കോബ് ഒരു ചുവട് വെച്ചു. എന്താണ് ആ ചുവട്? ദൈവത്തിന്റെ ശബ്ദം കേട്ടിട്ട് യാക്കോബ് ചെയ്യുന്ന ഒരു തീരുമാനമുണ്ട്.

*"അപ്പോൾ യാക്കോബ് തന്റെ കുടുംബത്തോടും*

*കൂടെയുള്ള എല്ലാവരോടും: നിങ്ങളുടെ ഇടയി ലുള്ള അന്യദേവന്മാരെ നീക്കിക്കളഞ്ഞു നിങ്ങളെ ശുദ്ധീകരിച്ചു വസ്ത്രം മാറുവിൻ. നാം പുറപ്പെട്ടു ബേഥേലിലേക്കു പോക; എന്റെ കഷ്ടകാലത്ത് എന്റെ പ്രാർത്ഥന കേൾക്കയും ഞാൻ പോയ വഴി യിൽ എന്നോട് കൂടെയിരിക്കയും ചെയ്ത ദൈവ ത്തിന് ഞാൻ അവിടെ ഒരു യാഗപീഠം ഉണ്ടാക്കും എന്നു പറഞ്ഞു. അങ്ങനെ അവർ തങ്ങളുടെ പക്ക ലുള്ള അന്യദേവന്മാരെയൊക്കെയും കാതുക ളിലെ കുണുക്കുകളെയും യാക്കോബിന്റെ പക്കൽ കൊടുത്തു; യാക്കോബ് അവയെ ശേഖേമിന്നരി കെയുള്ള കരുവേലകത്തിൻ കീഴിൽകുഴിച്ചിട്ടു. പിന്നെ അവർ യാത്ര പുറപ്പെട്ടു."ഉല്പത്തി 35 : 2 – 4*

അനുഗ്രഹത്തിന്റെ ആദ്യത്തെ ചുവടുവയ്പ്പ്! ദൈവം പ്രവർത്തിക്കുന്നതിന് മനുഷ്യൻ വഴിതുറന്ന് കൊടുക്കണം.

"കർത്താവിന് വഴി ഒരുക്കുവിൻ.അവന്റെ പാത നിരപ്പാക്കുവിൻ." നിത്യനായ ദൈവം പ്രവർത്തിക്കണമെങ്കിൽ മനുഷ്യന്റെ പങ്ക് അവൻ നിർവ്വഹിക്കണം. ദൈവത്തിന് പ്രവർത്തിക്കാൻ വഴി തുറന്നുകൊടുക്കണം. ദൈവം പ്രവർത്തിക്കാൻ തയ്യാറാണ്. പക്ഷേ, ദൈവത്തിനു പ്രവർത്തിക്കാനുള്ള വാതിൽ നാം തുറന്നുകൊടുക്കണം.

യാക്കോബ്, തന്റെ ജനത്തോട് പറഞ്ഞു: നാം ഇതുവരെ ജീവിച്ചതുപോലെ പറ്റില്ല. നമുക്കൊരു ശുദ്ധീകരണം പ്രാപിക്കണം. നമ്മിൽ നിന്ന് ചിലതെല്ലാം ഒഴിവാക്കി എടുക്കണം. ചിലതെല്ലാം നമ്മുടെ ജീവിതത്തിൽ നിന്ന് മാറ്റിക്കളയേണ്ടതുണ്ട്.

യാക്കോബ് പറഞ്ഞു:"നിങ്ങളുടെ ഇടയിലുള്ള അന്യദേവന്മാരെ നീക്കിക്കളഞ്ഞ് നിങ്ങളെ ശുദ്ധീകരിച്ച് വസ്ത്രം മാറുവിൻ." നിങ്ങൾ ദൈവജനമായി പുറപ്പെട്ടുപോന്നു. ലാബാനോട് യാത്ര പറഞ്ഞ് വേർപാടിന്റെ കൽത്തൂൺ നാട്ടി. പക്ഷേ,

ഞാൻ ചിലതൊക്കെ മനസ്സിലാക്കുന്നു. യാക്കോബ് പറയുക യാണ്.

ഇനിയും ശുദ്ധീകരണം പ്രാപിയ്ക്കേണ്ട കാര്യങ്ങളുണ്ട്. ദൈവത്തിന്റെ അനുഗ്രഹം നമുക്ക് വേണമെങ്കിൽ നാം ശുദ്ധീ കരണം പ്രാപിച്ചേ പറ്റൂ. നമ്മുടെ ജീവിതത്തിൽ നിന്ന് മാറ്റേണ്ട ചിലതുണ്ട്. നിങ്ങളുടെ ഇടയിലുള്ള അന്യദേവന്മാരെ നീക്കി ക്കളയുവിൻ.

ഇത് പറയുമ്പോൾ റാഹേൽ അപ്പന്റെ ഗൃഹവിഗ്രഹങ്ങൾ മോഷ്ടിച്ചുകൊണ്ടുവന്ന കാര്യമൊന്നും യാക്കോബിന് അറി യാൻ പാടില്ല.

പക്ഷേ, യാക്കോബിന് എന്തോ ചില കുഴപ്പങ്ങൾ അവരുടെ ഇടയിൽ ഉണ്ടെന്ന് അറിയാം. ഈ ജനത്തിൽ നിന്ന് ചില തെല്ലാം മാറാനുണ്ടെന്ന് അറിയാം.ചിലതെല്ലാം നീക്കിക്കളയേ ണ്ടതുണ്ട് എന്ന് അറിയാം.യാക്കോബ് പറഞ്ഞു: നിങ്ങളുടെ ഇടയിലുള്ള അന്യദേവന്മാരെ നീക്കിക്കളഞ്ഞ് നിങ്ങളെ ശുദ്ധീ കരിച്ച് വസ്ത്രം മാറുവിൻ.വ്യക്തമായിട്ടുള്ള ഒരു നിർദ്ദേശ മാണ് വന്നത്.

അന്യദേവന്മാർ നമ്മുടെ ജീവിതത്തിൽ ഉണ്ടാകരുത്. നിത്യനായ ദൈവത്തിന്റെ സ്ഥാനത്ത് പണത്തെ കയറ്റി നിർത്തരുത്. നിത്യനായ ദൈവത്തിന്റെ സ്ഥാനത്ത് ജഡിക ഉല്ലാസങ്ങളെ കയറ്റി നിർത്തരുത്. നിത്യനായ ദൈവത്തിന്റെ സ്ഥാനത്ത് ആത്മീയമായ കൂട്ടായ്മയെ കയറ്റി നിർത്തരുത്. നിത്യനായ ദൈവത്തിന്റെ സ്ഥാനത്ത് വചനം പറയുന്ന ദൈവ മക്കളെപ്പോലും കയറ്റിനിർത്തരുത്.

കർത്താവ് ഓരോരുത്തരേയും ചില ശുശ്രൂഷകൾ ഏൽപ്പിക്കും, ചില വേലകൾ ഏൽപ്പിക്കും. അവരവർക്ക് കിട്ടിയ വേല അവരവർ നല്ല ബുദ്ധിയുള്ള കാര്യവിചാരകന്മാ രായി വിശ്വസ്തതയോടെ കൈകാര്യം ചെയ്യുക. അത്രയും മതി. മനുഷ്യൻ മനുഷ്യനാണ്. ദൈവം ദൈവമാണ്. ദൈവ

ത്തിന്റെ സ്ഥാനത്ത് മറ്റൊന്നിനെയും കയറ്റിനിർത്തിപ്പോക രുത്. ഒരു ദൈവദാസനെയും ഒരു പരിശുദ്ധനെയും നിർത്തി പ്പോകരുത്. ദൈവത്തിന്റെ സ്ഥാനത്ത് ദൈവം മാത്രം.

> *"മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷി പ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും."* *മത്തായി 6 : 33*

യേശുക്രിസ്തുവിന് മാത്രം മുൻഗണന. യേശുക്രിസ്തു വിന് മാത്രം ഒന്നാംസ്ഥാനം. യേശുക്രിസ്തുവിൽക്കൂടെ കുടുംബം, യേശുക്രിസ്തുവിൽക്കൂടെ കുടുംബജീവിതം, യേശുക്രിസ്തുവിൽക്കൂടെ ഭാര്യ അല്ലെങ്കിൽ ഭർത്താവ്. യേശുക്രിസ്തുവിൽക്കൂടെ മാതാപിതാക്കൾ, യേശുക്രിസ്തു വിൽക്കൂടെ മക്കൾ, യേശുക്രിസ്തുവിൽക്കൂടെ കൂട്ടായ്മ, യേശുക്രിസ്തുവിൽക്കൂടെയുള്ള ജോലി, വരുമാനം. യേശു പ്രസാദിക്കാത്തത് ഒരു ആറ്റം ജീവിതത്തിൽ വരികയില്ല എന്നുള്ള ഒരുറപ്പ് വരണം.

നിങ്ങളെന്ത് പറയുന്നു? ഇതൊക്കെ പറ്റുമോ എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? ഞാനും നിങ്ങളും ഈ ലോക ത്താണ് ജീവിക്കുന്നത്. വക്രതയും കോട്ടവുമുള്ള തലമു റയിൽ അനിന്ദ്യരായി, നിഷ്ക്കളങ്കമക്കളായി നിൽക്കാൻ സ്വർഗ്ഗത്തിലെ ദൈവം എന്നെയും നിങ്ങളെയും വിളിച്ചിരി ക്കുന്നു. പരമാർത്ഥികളെ സ്നേഹിക്കുന്ന നിർമ്മലനായിരി ക്കുന്ന കർത്താവായ ദൈവം, നമ്മെ അനുഗ്രഹിക്കണമെങ്കിൽ നമ്മിലുള്ള അന്യദേവന്മാരെ നീക്കിക്കളയണം.

തന്റെ സ്വന്തം ഭവനത്തിൽനിന്ന് വിഗ്രഹങ്ങൾ എടുത്തു കൊണ്ട് പോന്നത് ഭർത്താവ് പോലും അറിഞ്ഞില്ല എന്ന് റാഹേലിനറിയാം. പക്ഷേ, ഇങ്ങനെയൊരു നിർദ്ദേശം യാക്കോബിൽനിന്നും വന്നപ്പോൾ ഞാൻ വിചാരിക്കുന്നു, അറ്റ കൈയ്ക്ക് റാഹേലും അതെടുത്ത് കൊടുത്തു എന്ന്. റാഹേൽ കൊടുത്തു എന്ന് ബൈബിളിൽ പറഞ്ഞിട്ടില്ല. പക്ഷേ, ഞാൻ

വേദപുസ്തകത്തിലെ ചില സൂചനകൾ കൊണ്ട് അങ്ങനെ മനസ്സിലാക്കുന്നു.

അങ്ങനെ അന്യദേവന്മാരെ ഒക്കെ നീക്കിക്കളഞ്ഞു. എന്നാൽ റാഹേലിന്റെ ജീവിതത്തിൽ ആ അന്യദേവന്മാരെ സ്വന്തം ഭർത്താവുപോലും അറിയാതെ കൈവശംവച്ചതിന് ഒരു വലിയ വില കൊടുക്കേണ്ടിവന്നു. നിങ്ങളുടെ ജീവിതത്തിൽ യേശുക്രിസ്തുവിന്റെ സ്ഥാനത്ത് മറ്റെന്തിനെയെങ്കിലും മറ്റാരെയെങ്കിലും നിങ്ങൾ പൂജിച്ചാൽ വലിയ വില കൊടുക്കേണ്ടിവരും. നിങ്ങളുടെ ജീവിതത്തിൽ അന്യവിഗ്രഹങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ, അരുതാത്തത് എന്തെങ്കിലും ഉണ്ടെങ്കിൽ നിങ്ങൾ വലിയ വില കൊടുക്കേണ്ടിവരും. അത് നിങ്ങൾക്ക് വലിയ ശിക്ഷയ്ക്ക് കാരണമായിത്തീരും.

ശുദ്ധീകരണം തുടങ്ങി. ഓരോരുത്തരും തങ്ങളുടെ പക്കലുള്ള അന്യദേവന്മാരെ ഒക്കെയും കാതുകളിലെ കുണുക്കുകളെയും യാക്കോബിന്റെ പക്കൽ കൊടുത്തു. യാക്കോബ് അവയെ ശേഖേമിനരികെയുള്ള കരുവേലകത്തിൻ കീഴിൽ കുഴിച്ചിട്ടു. പിന്നെ അവർ യാത്ര പുറപ്പെട്ടു.

പിന്നെയുള്ള യാത്ര ഒരു വലിയ യാത്രയാണ്. അതൊരു സ്വർഗ്ഗീയ സീയോൻ യാത്രയാണ്. ചീത്തയായതെല്ലാം മാറ്റി. അരുതായ്മകളെല്ലാം ദൂരീകരിച്ചു. ശുദ്ധീകരണം പ്രാപിച്ചു. എല്ലാം കരുവേലകത്തിൻ കീഴിൽ കുഴിച്ചിട്ടു.

സഹോദരങ്ങളേ, ഏതാണീ കരുവേലകം? ഈ കരുവേലകം ഗോഗുൽത്തായിൽ നാട്ടപ്പെട്ട കർത്താവായ യേശുക്രിസ്തുവിന്റെ കുരിശാണ്. ആ കുരിശിലെ പരമയാഗത്തിന്റെ ചുവട്ടിൽ എല്ലാം നിങ്ങൾ കുഴിച്ചിടുക.

> *"അതിൽ ഒരു ദശാംശം എങ്കിലും ശേഷിച്ചാൽ അത് വീണ്ടും നാശത്തിന് ഇരയായ്തീരും; എങ്കിലും കരിമരവും കരുവേലവും വെട്ടിയിട്ടാൽ അവയുടെ കുറ്റി ശേഷിച്ചിരിക്കുന്നതുപോലെ*

*വിശുദ്ധസന്തതി ഒരു കുറ്റിയായി ശേഷിക്കും."*
*യെശയ്യാവ് 6 : 13*

വിശുദ്ധസന്തതി ഒരു കുറ്റിയായി ശേഷിക്കും. കരുവേലകം വെട്ടിയിട്ടാൽ, കരിമരം വെട്ടിയിട്ടാൽ ഒരു കുറ്റിശേഷിക്കുന്നതു പോലെ വിശുദ്ധസന്തതി ഒരു കുറ്റിയായി ശേഷിക്കും. ആ കരുവേലകം വെട്ടപ്പെട്ടു. പക്ഷേ, ആ കുറ്റി വളർന്നു നാടാകെ അത് പടർന്നു പന്തലിച്ചിരിക്കുന്നു.

ഗോഗുൽത്തായിൽ ജീവനുള്ള ക്രിസ്തുവിന്റെ തിരുവിലാവിൽ ക്രൈസ്തവസഭയുടെ ഉദ്ഘാടനം നടന്നു. ആ തിരുവിലാവിലെ ചെഞ്ചോരയിൽ, കരുണയുള്ള കർത്താവിന്റെ വിശുദ്ധ രക്തത്തിൽ നമ്മുടെ ഓരോരുത്തരുടേയും ജീവിതം സ്ഥാപിക്കപ്പെട്ടു.

കരുവേലകത്തിൻ കീഴിൽ, ഈ കുരിശിന്റെ ചുവട്ടടിയിൽ എല്ലാം നിങ്ങൾ സമർപ്പിച്ചുകൊള്ളൂ. നിങ്ങൾക്കെന്തെല്ലാം ഇനി കുഴിച്ചിടാനുണ്ട്? കുരിശിൻ ചുവട്ടിലേക്ക് ഗൃഹവിഗ്രഹങ്ങൾ എന്തെല്ലാം കൊണ്ടുവരാനുണ്ട്?

നിങ്ങൾക്ക് ഇഷ്ടപ്പെട്ട ചില കാര്യങ്ങൾ, നിങ്ങളുടെ ചില അരുതായ്കകൾ, കൊള്ളരുതാത്ത ചില ബന്ധങ്ങൾ അതെല്ലാം നിങ്ങൾ ക്രൂശിൻചുവട്ടിലേക്ക് കൊണ്ടുവരൂ. നിങ്ങളുടെ മദ്യപാനം, വഴക്ക്, കോപസ്വഭാവം, ക്രുദ്ധിയ്ക്കുന്ന സ്വഭാവം, നിങ്ങളുടെ വാശി, വൈരാഗ്യം, ഈർഷ്യ, മുഷിച്ചിൽ, ഭാര്യയോടുള്ള കലമ്പൽ, ഭർത്താവിനോടുള്ള അനുസരണക്കേട്, കുടുംബത്തിലെ കലക്കങ്ങൾ.

പ്രിയപ്പെട്ടവരേ, എന്തെല്ലാം ഉണ്ട്? എല്ലാം കൊണ്ടുവന്ന് കുരിശിൻ ചുവട്ടിൽ കുഴിച്ചിടൂ. ഇന്ന് കുരിശ് പരാജയമാണെന്ന് തോന്നും. ഇത് വെട്ടപ്പെട്ടു എന്ന് തോന്നും. ദൈവപൈതലേ ഇല്ല. ഇത് ഒരു കുറ്റിയായി നിൽക്കും. എന്നാൽ അവിടെ നിന്ന് പുതിയ പടർപ്പുകൾ പൊടിയ്ക്കുകയാണ്. പുതിയ കൂമ്പുകൾ നാമ്പെടുക്കുകയാണ്. പുതിയ മൊട്ടുകൾ വിടരുക

യാണ്. ദേശമാകെ ക്രിസ്തീയചൈതന്യം പടരുകയാണ്. യേശുക്രിസ്തുവിന്റെ തിരുരക്തത്തിന്റെ അത്ഭുതശക്തി ദേശമാകെ വ്യാപിക്കുകയാണ്.

നിങ്ങളുടെ ദു:ശീലങ്ങൾ, ദു:സ്വഭാവങ്ങൾ, ഇന്നും വിട്ടുമാറാത്ത മുറുകെ പറ്റുന്ന പാപങ്ങൾ, ചില അഹങ്കാരങ്ങൾ, ചില സ്വാർത്ഥതകൾ, സ്വയങ്ങൾ. തന്നിഷ്ടങ്ങൾ, കുടുംബത്തിലെ വഴക്ക്, നിങ്ങളുടെ ആർക്കും വിനയപ്പെടാത്ത സ്വഭാവം, എവിടെയും ഞാൻ മുമ്പൻ, ഞാൻ മുമ്പൻ എന്നു ചിന്തിക്കുന്ന സ്വഭാവം, സ്ഥാനമോഹം, പണസ്നേഹം, നിങ്ങളുടെ സ്വാർത്ഥത എല്ലാം കൊണ്ടുവരിക. എല്ലാം കുഴിച്ചുമൂടുക.

കർത്താവേ, നീയോ വളരണം, ഞാനോ കുറയണം. എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നടക്കട്ടെ. നിങ്ങൾക്ക് അങ്ങനെയൊരു തീരുമാനമെടുക്കാൻ പറ്റുമോ? ആ തീരുമാനം നിസ്സാരമല്ല, വലുതാണ്.

മോനേ, നിന്റെ അരികത്തേക്ക് കുരിശിതാ ഇറങ്ങി വന്നിരിക്കുന്നു. ക്രൂശിക്കപ്പെട്ട ക്രിസ്തു ഇതാ നിന്റെ സമീപത്ത് വന്ന് നിൽക്കുന്നു. അവന്റെ പാദപീഠത്തിലേക്ക് നിന്റെ പാപങ്ങളെല്ലാം നീ താഴ്ത്തിവയ്ക്കുക. എല്ലാം ഉപേക്ഷിക്കുക. ഒന്നും ബാക്കിവയ്ക്കണ്ട. പാപമാണോ എന്ന് സംശയമുള്ളതുപോലും അവിടെ താഴ്ത്തിവെച്ചുകൊള്ളൂ. ലോകത്തിന്റെ ബഹുമതി വേണ്ട, ലോകത്തിന്റെ പ്രതാപം വേണ്ട, മനുഷ്യരുടെ പ്രീതി വേണ്ട, ആരുടേയും അംഗീകാരം വേണ്ട.

ഞാൻ യേശു പോയതുപോലെ നിന്ദയുടെ കുരിശും വഹിച്ച് പോയ്ക്കൊള്ളാം. കഷ്ടത വഹിച്ചുകൊള്ളാം. എന്റെ കർത്താവ് പോയ അതേ നിന്ദയുടെ പാതയിൽക്കൂടി, ആക്ഷേപത്തിന്റേയും അപമാനത്തിന്റേയും അവഹേളനത്തിന്റേയും പാതയിൽക്കൂടി ഞാൻ മുന്നോട്ട് പോയ്ക്കൊള്ളാം.

നാഥാ, നിന്റെ നാമത്തിൽ ഞാനൊരു വിശുദ്ധനായി നിന്നുകൊള്ളാം. ഞാൻ ശുദ്ധിമതിയായി നിന്നുകൊള്ളാം.

ദൈവജനമേ, നിങ്ങൾക്ക് അങ്ങനെയൊരു തീരുമാനം വരുന്നുണ്ടോ?

നല്ല ആഗ്രഹമാണത്. ശരിയായ സമർപ്പണമാണ്. അവൻ അത് കൈക്കൊള്ളും. അവൻ അത് മുദ്രവച്ച് തരും.

അങ്ങനെ കരുവേലകത്തിൻ കീഴിൽ എല്ലാം കുഴിച്ചിട്ടു. പിന്നെയുള്ള യാത്ര ഒരു പുതിയ യാത്രയാണ്. സ്തോത്രത്തിന്റെ യാത്രയാണ്. സ്തുതിയുടെ യാത്രയാണ്. ആരാധനയുടെ യാത്രയാണ്. അത് സ്നേഹത്തിന്റെ യാത്രയാണ്.

ഇനി യാത്രയ്ക്ക് ക്ലേശമില്ല. ഇതുവരെ കിതയ്ക്കുന്നു. വിയർക്കുന്നു, വിഷമിക്കുന്നു, വാടിപ്പോകുന്നു, വിഷമിച്ചുപോകുന്നു. പക്ഷേ, ഇനിയത്തെ യാത്ര ഒരാളുടെ കൈയിൽ പിടിച്ചുകൊണ്ടുള്ള യാത്രയാണ്!

സ്വർഗ്ഗത്തിലെ ദൈവത്തിന്റെ കരത്തിൽ പിടിച്ചുകൊണ്ടുള്ള യാത്ര! എന്തൊരു സുഖമാണ്! എന്തൊരു ധൈര്യമാണ്! ആര് എതിർത്താലെന്ത്? ആരെല്ലാം തെറ്റിദ്ധരിച്ചാലെന്ത്? ആരെല്ലാം ശത്രുക്കളായാലെന്ത്? അവിശ്വാസികൾ എതിര് പറഞ്ഞാലെന്ത്? ഒന്നുമില്ല.

സ്വർഗ്ഗത്തിലെ രാജാധിരാജന്റെ വലങ്കരം മുറുകെപ്പിടിച്ചിരിക്കുന്നു. അവന്റെ കൈയിൽ ഉറച്ചിരിക്കുന്ന ദൈവപൈതലേ, നിന്നെ ആരും പിടിച്ച് പറിക്കുകയില്ല. പേടിക്കണ്ട, ഭയപ്പെടണ്ട.

അങ്ങനെ സന്തോഷത്തോടെ യാത്ര പുറപ്പെട്ടുപോകുന്ന സമയത്ത് യാക്കോബ് അവിടെ ഒരു യാഗപീഠം പണിതു.

> *"ദൈവം പിന്നെയും അവനോട്: ഞാൻ സർവ്വശക്തിയുള്ള ദൈവം ആകുന്നു; നീ സന്താനപുഷ്ടിയുള്ളവനായി പെരുകുക; ഒരു ജാതിയും ജാതികളുടെ കൂട്ടവും നിന്നിൽ നിന്ന് ഉത്ഭവിക്കും; രാജാക്കന്മാരും നിന്റെ കടിപ്രദേശത്തുനിന്ന് പുറപ്പെടും. ഞാൻ അബ്രാഹാമിന്നും യിസ്ഹാക്കിന്നും*

*കൊടുത്ത ദേശം നിനക്ക് തരും; നിന്റെ ശേഷം നിന്റെ സന്തതിയ്ക്കും ഈ ദേശം കൊടുക്കും എന്ന് അരുളിച്ചെയ്തു. അവനോട് സംസാരിച്ച സ്ഥലത്തുനിന്ന് ദൈവം അവനെ വിട്ടുകയറി പ്പോയി. അവൻ തന്നോടു സംസാരിച്ചേടത്ത് യാക്കോബ് ഒരു കൽത്തൂൺ നിർത്തി; അതിന്മേൽ ഒരു പാനീയയാഗം ഒഴിച്ച് എണ്ണയും പകർന്നു."*

*ഉല്പത്തി 35 : 11 – 14*

ദൈവം ചില വാഗ്ദാനങ്ങൾ നൽകുകയാണ്: "ഞാൻ സർവ്വശക്തിയുള്ള ദൈവമാകുന്നു. പൂർവ്വികരായ നിന്റെ പിതാക്കന്മാർക്ക് കൊടുത്ത അനുഗ്രഹമെല്ലാം നിന്റെ തലമേൽ ഞാൻ വച്ചിരിക്കുന്നു. നിന്റെ കഴിഞ്ഞകാലജീവിതം ഞാൻ നോക്കുന്നില്ല മോനേ. നീ ഉപായി ആണെന്നോ, അപ്പനെ വഞ്ചിച്ചതാണെന്നോ, അപ്പനോട് നുണ പറഞ്ഞവനാണെ ന്നോ, അമ്മാവനെ കബളിപ്പിച്ചവനാണെന്നോ ഒന്നും ഞാൻ നോക്കുന്നില്ല."

നിന്റെ പൂർവ്വിക പിതാവായ അബ്രാഹാമിനും യിസ്ഹാ ക്കിനും കൊടുത്തതെല്ലാം നിനക്ക് ഞാൻ തന്നിരിക്കുന്നു. അവരുടെ വാഗ്ദത്തദേശം നിനക്ക് ഞാൻ തന്നിരിക്കുന്നു. നിന്നിൽ നിന്ന് സന്തതികൾ ഉത്ഭവിക്കും. തലമുറകൾ ഉത്ഭവി ക്കും. നിന്നിൽ നിന്ന് വംശങ്ങൾ ഉത്ഭവിക്കും. നീ ബഹുജാതി കൾക്ക് പിതാവായിത്തീരും. നീ അനുഗ്രഹിക്കപ്പെടും.

വിഗ്രഹങ്ങളെ മാറ്റി ശുദ്ധീകരണം പ്രാപിച്ചാൽ പിന്നെ അനുഗ്രഹത്തിന്റെ പെരുമഴയാണ്. നിങ്ങൾ വിശ്വസിക്കൂ. അനുഗ്രഹത്തിന്റെ ഉടമസ്ഥൻ കടന്നുവന്നിരിക്കുന്നു. ഗോഗുൽത്തായിൽ തിരുരക്തം ചിന്തിയവൻ കടന്നുവന്നിരി ക്കുന്നു. അവൻ അനുഗ്രഹം പകരുകയാണ്. വാഗ്ദത്തങ്ങൾ തരികയാണ്. നന്മകൾ നിങ്ങളുടെമേൽ നേരുകയാണ്. നിങ്ങളെ കർത്താവ് ചേർത്തണയ്ക്കുകയാണ്.

തിരുരക്തത്താൽ വലയം ചെയ്യുകയാണ്. തീമതിൽ കെട്ടി സംരക്ഷിക്കുകയാണ്. അവൻ നിങ്ങളുടെ കണ്ണുനീർ തുടയ്ക്കുകയാണ്. നിങ്ങളുടെ കുടുംബത്തിലേക്ക് സമാധാനം അയയ്ക്കുകയാണ്. നിങ്ങൾക്ക് രോഗസൗഖ്യം അയയ്ക്കുകയാണ്. നിങ്ങളുടെ ശാപങ്ങൾമാറ്റുകയാണ്. ബാധകൾ മാറ്റുകയാണ്. നിങ്ങളുടെ ബന്ധനങ്ങൾ അഴിയ്ക്കുകയാണ്.

അവൻ നിങ്ങൾക്ക് സമാധാനം നൽകുകയാണ്. ഇന്ന് സ്വർഗ്ഗം നിങ്ങളുടെമേൽ അനുഗ്രഹം പകരുകയാണ്. സ്വർഗ്ഗീയപിതാവിന്റെ നൽവരംപകരുകയാണ്. സ്വർഗ്ഗീയസൂര്യന്റെ അത്ഭുതകിരണങ്ങൾ നിങ്ങളുടെമേൽ പതിയ്ക്കുകയാണ്. നിങ്ങളുടെ അന്ധകാരം മാറുകയാണ്. നിങ്ങളിൽ പ്രകാശം വ്യാപിക്കുകയാണ്. അനുഗ്രഹിക്കപ്പെട്ടവരായി നിങ്ങൾക്ക് എഴുന്നേൽക്കാം.

# അഞ്ച്

*"അവൻ തന്നോടു സംസാരിച്ചേടത്തു യാക്കോബ് ഒരു കൽത്തൂൺ നിർത്തി; അതിന്മേൽ ഒരു പാനീയയാഗം ഒഴിച്ചു എണ്ണയും പകർന്നു. ദൈവം തന്നോടു സംസാരിച്ച സ്ഥലത്തിന്ന് യാക്കോബ് ബേഥേൽ എന്ന് പേരിട്ടു."* *ഉല്പത്തി 35 : 14 – 15*

28-ാം അദ്ധ്യായത്തിൽ ബേഥേൽ എന്നു പേരിട്ടതിനെക്കുറിച്ചും അവിടെ കൽത്തൂൺ നാട്ടിയതിനെക്കുറിച്ചും പറയുന്നുണ്ട്. പക്ഷേ, 35-ാം അദ്ധ്യായത്തിൽ പിന്നെയും അത് തന്നെ പറയുന്നു. പക്ഷേ, ഈ രണ്ടു സംഭവങ്ങൾ തമ്മിൽ 20 വർഷങ്ങളുടെ അകൽച്ചയുണ്ട്.

28-ാം അദ്ധ്യായത്തിൽ കൽത്തൂൺ നാട്ടിയത് കഴിഞ്ഞ് 20 വർഷം കഴിഞ്ഞുള്ള സംഭവമാണ് കാണുന്നത്, 35-ാം അദ്ധ്യായത്തിൽ.

ഹാരാനിലേക്ക് പോകുമ്പോഴാണ് ലൂസ് എന്ന സ്ഥലത്ത് വച്ച് യാക്കോബ് കൽത്തൂൺ നാട്ടിയതും ലൂസ് എന്ന സ്ഥലത്തിന് ബേഥേൽ എന്ന് പേർ വിളിച്ചതും.

അന്ന്, ഇതു ദൈവത്തിന്റെ ആലയമായിരിക്കും എന്ന് ദൈവസന്നിധിയിൽ യാക്കോബ് ഒരു ഉടമ്പടി ചെയ്തു. എന്നാൽ 20 വർഷം കഴിഞ്ഞ് ഹാരാനിൽ നിന്ന് കനാനിലേക്ക്, സ്വന്തം പിതൃഭവനത്തിലേക്ക് മടങ്ങിപ്പോരുമ്പോൾ ബേഥേലിൽ വന്നപ്പോൾ ഉടമ്പടി പുതുക്കുന്നു. വർഷങ്ങൾ കഴിഞ്ഞ് ഒരു പുനഃപ്രതിഷ്ഠ എടുക്കുകയാണ്. വീണ്ടും ഒരു സമർപ്പണം!

വീണ്ടും ഒരു പ്രതിഷ്ഠ! വീണ്ടും ഒരു ഉടമ്പടി! ദൈവത്തോടു ചെയ്യുന്ന നിയമം! Pillar of Rededication.

> *"അതിന്മീതെ യഹോവ നിന്നു അരുളിച്ചെയ്തത്: ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും. നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ ആകും; നീ പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും പരക്കും; നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും. ഇതാ, ഞാൻ നിന്നോടുകൂടെയുണ്ട്; നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്തു ഈ രാജ്യത്തേക്കു നിന്നെ മടക്കിവരുത്തും; ഞാൻ നിന്നെ കൈവിടാതെ നിന്നോടു അരുളിച്ചെയ്തതു നിവർത്തിക്കും." ഉല്പത്തി 28 : 13 – 15*

ദൈവം വാഗ്ദാനങ്ങൾ പുതുക്കുകയാണ്. ദൈവം വാഗ്ദാനം കൊടുക്കുമ്പോൾ പുതിയ പുതിയ വാഗ്ദാനങ്ങൾ കൂട്ടിച്ചേർത്തു തരും. പണ്ടുതന്ന അനുഗ്രഹത്തേക്കാൾ ഒരു പടികൂടി കൂട്ടിത്തരും.

ഇരുപതു വർഷംമുമ്പ് ദൈവം അരുളിച്ചെയ്തതിനേക്കാൾ വ്യത്യസ്തമായി ഇപ്പോൾ പുതിയ വാഗ്ദത്തം കൊടുക്കുന്നു.

"ഞാൻ സർവ്വശക്തിയുള്ള ദൈവം ആകുന്നു; നീ സന്താനപുഷ്ടിയുള്ളവനായി പെരുകുക; ഒരു ജാതിയും ജാതികളുടെ കൂട്ടവും നിന്നിൽ നിന്ന് ഉത്ഭവിക്കും; രാജാക്കന്മാരും നിന്റെ കടിപ്രദേശത്തുനിന്ന് പുറപ്പെടും."

ഇരുപത്തിയെട്ടാമദ്ധ്യായത്തിൽ ഇതു പറഞ്ഞിട്ടില്ല. നിന്റെ സന്തതിപരമ്പരയിൽ രാജാക്കന്മാരും ഉണ്ടാകും. ഏകാകിയായി, നിസ്സാരനായി, ആരോരുമില്ലാത്തവനായിപ്പോകുന്ന

യാക്കോബിന് ഇരുപത്തിയെട്ടാം അദ്ധ്യായത്തിൽ വാഗ്ദത്തം കൊടുക്കുമ്പോൾ രാജാക്കന്മാരെപ്പറ്റിയൊന്നും പറയുന്നില്ല. വർഷങ്ങൾക്കുശേഷം യാക്കോബ് ശുദ്ധീകരണം പ്രാപിച്ച്, കൂടുതൽ ആഴത്തിൽ സമർപ്പണം എടുത്ത്, പുതിയ പ്രതിഷ്ഠ എടുത്തു വന്നപ്പോൾ പുതിയ വാഗ്ദാനം കൂട്ടിച്ചേർത്തു കൊടുക്കുകയാണ്.

നിങ്ങളും പുതിയ പ്രതിഷ്ഠ എടുക്കുമെങ്കിൽ, തീരുമാനം പുതുക്കുമെങ്കിൽ നിങ്ങൾക്കും പുതിയ പുതിയ ശ്രേഷ്ഠമായ വാഗ്ദാനം തരാൻ കർത്താവ് ആഗ്രഹിക്കുന്നുണ്ട്.

ദൈവം പിന്നേയും അവനോട്: “ഞാൻ സർവ്വശക്തി യുള്ള ദൈവമാകുന്നു.” മുൻപ്, “ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവമാകുന്നു” എന്നാണ് പറഞ്ഞത്. അവിടെ പിതാക്കന്മാരുടെ പേരിൽ, അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും പേരിൽ പരിചയപ്പെടുത്തുകയാണ്.

ഇവിടെ ദൈവം പറയുന്നു: “ഞാൻ സർവ്വശക്തിയുള്ള ദൈവമാകുന്നു.” അബ്രാഹാം മാറിപ്പോകും; യിസ്ഹാക്കും മാറിപ്പോകും. എന്റെ അഭിഷിക്തന്മാർ മാറിപ്പോകും. എന്റെ പ്രവാചകന്മാർ മാറിപ്പോകും. കുടുംബത്തലവന്മാർ മാറി പ്പോകും. പക്ഷേ മാറാത്ത ഒരാളുണ്ട്. അത് സർവ്വശക്തനായ ദൈവമാണ്. എത്ര മനോഹരമായ ആശയമാണ് ദൈവംതമ്പു രാൻ യാക്കോബിന് കൊടുക്കുന്നത്! ഈ ആശയം യാക്കോ ബിന്റെ ഹൃദയത്തിന്റെ ആഴത്തിലേക്ക് പതിയുകയാണ്.

യാക്കോബ് ക്ഷീണിതനാണ്. ശേഖേമിലെ വലിയൊരു പരാജയത്തിന് ശേഷമാണ് ഇപ്പോൾ നില്ക്കുന്നത്. പദ്ദൻ - അരാമിൽനിന്ന് യാത്രതിരിച്ച് ശേഖേമിൽ വന്ന് തമ്പടിച്ചത് വലിയ അബദ്ധമായിപ്പോയി. ശേഖേമിൽ പാർക്കരുതായിരുന്നു. മുപ്പത്തിനാലാം അദ്ധ്യായത്തിൽ യാക്കോബ് ശേഖേമിൽ പാർത്തകാര്യം പറയുന്നുണ്ട്.

യാക്കോബിന് വന്ന ഏറ്റവും വലിയ പരാജയം! കുടുംബ

ത്തിന് വന്ന അപമാനം! യാക്കോബിന്റെ മകൾ ദീനയ്ക്ക് ഉണ്ടായ മഹാവലിയ നാശം! അതിനെത്തുടർന്ന് യാക്കോബിന്റെ മക്കളായ ശിമയോനും ലേവിയും കൂടെ ചെന്ന് ശേഖേമിലെ പുരുഷപ്രജയെ ഒക്കെയും വെട്ടിക്കൊന്നുകളഞ്ഞത്! ഇതെല്ലാമാണ് ശേഖേമിൽ നടന്നത്.

ഭയാനകസംഭവങ്ങളെല്ലാം കഴിഞ്ഞ് തകർന്നവനായി ബേഥേലിൽ എത്തിയപ്പോൾ ഇനി വേറെ ഗതിയില്ല. ആഴത്തിൽ ഒരു സമർപ്പണം വേണ്ടിയിരിക്കുന്നു. കുടുംബം തകർന്നു; മക്കൾ തകരാറിലായി; നാട്ടിൽ ആകെ ഭയം. ആരും അടുക്കൽ വരാൻ ധൈര്യപ്പെടുന്നില്ല. എല്ലാവരും ഭയന്നുമാറുകയാണ്. കഷ്ടം! ഞാൻ ശേഖേമിൽ വരരുതായിരുന്നു. എന്നോട് ദൈവം പറഞ്ഞത് കനാനിലേക്ക് പോകാനാണ്. കനാനിൽ പോകാതെ ശേഖേമിൽ പോയത് തെറ്റിപ്പോയി. യാക്കോബിന് പരാജയബോധമുണ്ട്. കുറ്റബോധം വന്നു. അങ്ങനെ തകർന്നവനായി നിന്നപ്പോഴാണ് സ്വർഗ്ഗത്തിലെ ദൈവത്തിന്റെ സ്വരം കേൾക്കുന്നത്: "ഞാൻ സർവ്വശക്തിയുള്ള ദൈവമാകുന്നു."

ദൈവപൈതലേ, നീ പരാജയങ്ങളേറ്റ് തകർന്നവനായി വരുമ്പോൾ സ്വർഗ്ഗത്തിലെ ദൈവം നിന്നോട് സംസാരിക്കും: "ഞാൻ സർവ്വശക്തിയുള്ള ദൈവമാകുന്നു. നീ ഭയപ്പെടേണ്ട. നിന്റെ ജീവിതത്തിൽവന്ന പരാജയങ്ങൾ, നഷ്ടങ്ങൾ ഞാൻ മാറ്റിത്തരാം. തോൽവികൾ എല്ലാം ഞാൻ നികത്തിത്തരാം. ബലഹീനതകൾ മാറ്റിത്തരാം. ഞാൻ സർവ്വശക്തിയുള്ള ദൈവമാകുന്നു."

ആഴക്കുഴിയിലേക്ക് വീണാലും കരകയറ്റാൻ ശക്തിയുള്ള ദൈവമാകുന്നു ഞാൻ. സകലരും വെറുക്കുമ്പോൾ നിന്നെ താങ്ങാൻ ഞാൻ സർവ്വശക്തിയുള്ള ദൈവമാകുന്നു." യാക്കോബിന് ധൈര്യം കൊടുക്കുന്ന വാക്കുകൾ! ബേഥേലിൽ വന്നപ്പോൾ, ശുദ്ധീകരണം പ്രാപിച്ചപ്പോൾ യാക്കോബിന് ദൈവം ധൈര്യം കൊടുക്കുകയാണ്. ശുദ്ധീകരണത്തെത്തു

ടർന്ന് പുതിയ പ്രതിഷ്ഠ ലഭിക്കുന്നു. വാഗ്ദാനം ലഭിക്കുന്നു. പുതിയ സമാധാനം ലഭിക്കുന്നു. പുതിയ പ്രാഗത്ഭ്യം ലഭിക്കുന്നു.

“നീ സന്താനപുഷ്ടിയുള്ളവനായി പെരുകുക. ഒരു ജാതിയും ജാതികളുടെ കൂട്ടവും നിന്നിൽനിന്ന് ഉത്ഭവിക്കും. രാജാക്കന്മാരും നിന്റെ കടിപ്രദേശത്തുനിന്നും പുറപ്പെടും.”

യാക്കോബ് മുട്ടുമടക്കി ഏങ്ങലടിച്ചു കരഞ്ഞുപോയി. എന്തു ഭാഗ്യമായി വിഗ്രഹങ്ങളെല്ലാം എടുത്തു കളഞ്ഞത്! വചനംകേട്ട് എല്ലാം തിരുത്തിയത് ഭാഗ്യമായിപ്പോയി. എന്താണ് കേൾക്കുന്നത്! എന്റെ അനന്തരതലമുറ അനുഗൃഹീത തലമുറയായിത്തീരും! ഭാവിയിൽ രാജാക്കന്മാർ ഉളവായി വരും! ജനനായകന്മാർ എഴുന്നേറ്റുവരും!

ഞാൻ ഒരിക്കൽ വായിച്ചു. സുവിശേഷതത്പരനായ ഒരു മനുഷ്യൻ നടന്നുപോവുകയായിരുന്നു. റോഡിൽ നാലു കുട്ടികൾ വെറുതെ അലസമായി കളിക്കുന്നു. അദ്ദേഹം അവരോടു പറഞ്ഞു: കുട്ടികളേ, വെറുതെ സമയം കളയുന്നത് എന്തിന്, എന്റെ കൂടെ വരൂ, പ്രയോജനമുള്ള ഒരു കാര്യം കാണിച്ചു തരാം. ആ കുട്ടികൾ അദ്ദേഹത്തിന്റെ കൂടെ പോയി. ഒരു ചെറിയ കെട്ടിടം; ഒരു സണ്ടേസ്കൂൾ ആണ്. അവിടെ വേറെയും കുട്ടികൾ ഉണ്ട്. അദ്ദേഹം ഇവരെയും അവരുടെ കൂടെയിരുത്തി വചനം പറഞ്ഞുകൊടുത്തു. അടുത്ത ആഴ്ചയും ഈ കുട്ടികളെ വിളിച്ചു: മക്കളേ വരൂ! അവർ വന്നു. പിറ്റേ ആഴ്ചയും അവരെ വിളിച്ചു. പിന്നെപ്പിന്നെ അദ്ദേഹം വിളിക്കാതെ തന്നെ ആ കുട്ടികൾ വന്നു.

പിൽക്കാലത്ത് ഇവരിൽ ഒരാൾ പ്രസിഡന്റിന്റെ സെക്രട്ടറിയായി. വേറെ ഒരാൾ അമേരിക്കൻ പ്രസിഡന്റ് ആയി. വേറെ ഒരാൾ ട്രഷറി സെക്രട്ടറിയായി; മറ്റൊരാൾ സ്റ്റേറ്റ് സെക്രട്ടറിയായി. കുട്ടികൾ ഉയർന്ന പടവുകളിലെത്തി. ദൈവത്തിന്റെ കരങ്ങളിലേൽപ്പിക്കുന്ന ജീവിതം നഷ്ടമല്ല. ദൈവത്തിന്റെ

വചനത്തിന് വിലകൊടുക്കുന്ന ജീവിതം ഭാഗ്യമാണ്. നിങ്ങൾ പരീക്ഷിച്ചു നോക്കൂ, ദൈവം നിങ്ങളെ വാലല്ല, തലയാക്കും.

നിങ്ങൾ പറയും: ഞാൻ കൊടുത്തതാണല്ലോ? പിന്നെ എന്താണ് എനിക്ക് ഈ പരാജയം വരുന്നത്? എനിക്കെന്താ തോൽവി വരുന്നത്? നല്ല മാർക്ക് കിട്ടാത്തത് എന്താണ്? എനിക്കെന്താ രോഗം വരുന്നത്? ആരും വിഷമിക്കണ്ട. സ്വർഗ്ഗത്തിലെ ദൈവം എല്ലാം കുറിച്ചു വച്ചിട്ടുണ്ട്. "താഴ്മയ്ക്കും യഹോവാഭക്തിയ്ക്കുമുള്ള പ്രതിഫലം ധനവും മാനവും ജീവനുമാകുന്നു." "നീ എല്ലായ്പ്പോഴും യഹോവാഭക്തിയോടുകൂടിയിരിക്ക; ഒരു പ്രതിഫലമുണ്ടാകും നിശ്ചയം."

യാക്കോബ് ശുദ്ധീകരണത്തിനായി തന്നെത്തന്നെ താഴ്ത്തിയപ്പോൾ ദൈവം യാക്കോബിനെ വളർത്തുകയാണ്.

> *"ഞാൻ അബ്രാഹാമിന്നും യിസ്ഹാക്കിന്നും കൊടുത്തദേശം നിനക്കു തരും; നിന്റെ ശേഷം നിന്റെ സന്തതിക്കും ഈ ദേശം കൊടുക്കും എന്ന് അരുളിച്ചെയ്തു."* *ഉല്പത്തി 35 : 12*

പിതാക്കന്മാരുടെ അവകാശം നിനക്കു തരും; പിതാക്കന്മാർ അനുഭവിച്ച വിശുദ്ധി, പിതാക്കന്മാർ അനുഭവിച്ച വിശ്വാസത്തിന്റെ സമ്പത്ത്, പിതാക്കന്മാർ അനുഭവിച്ച ദൈവസ്നേഹത്തിന്റെ നിധി, സ്വർഗ്ഗീയ രാജാധിരാജാവിന്റെ നിക്ഷേപം നിനക്ക് തരും. നമ്മുടെ ജീവിതം ധന്യമായിത്തീരും നമ്മുടെ മക്കളും മക്കളുടെ മക്കളും വറുതിയിൽ കഴിയേണ്ടി വരികയില്ല.

ദാവീദ് പറഞ്ഞു: "ഞാൻ ബാലനായിരുന്നു, വൃദ്ധനായിത്തീർന്നു. നീതിമാൻ തുണയില്ലാതെയിരിക്കുന്നതും, അവന്റെ സന്തതി ആഹാരം ഇരക്കുന്നതും ഞാൻ കണ്ടിട്ടില്ല." സങ്കീർത്തനം 37 : 25. പിന്നേയും പറയുന്നു: "ബാലസിംഹങ്ങളും ഇരകിട്ടാതെ വിശന്നിരിക്കും. യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മയ്ക്കും കുറവില്ല." സങ്കീർത്തനം 34 : 10.

സ്നേഹിതരേ, കഴിഞ്ഞ പത്തു വർഷത്തേക്കാൾ നിങ്ങൾക്കിന്ന് അഭിവൃദ്ധിയാണോ, അതോ അധഃപതന മാണോ? നിങ്ങൾതന്നെ ചിന്തിക്കുക. നിങ്ങൾക്ക് അഭി വൃദ്ധിതന്നില്ലേ?എല്ലാ രംഗങ്ങളിലും ഒരു കരേറ്റം തന്നില്ലേ? ജീവിക്കാൻ ഒരു പോംവഴി തന്നില്ലേ? സ്വർഗ്ഗത്തിലെ ദൈവം നിങ്ങളെ നടത്തിയില്ലേ?

എന്തെല്ലാം പ്രശ്നങ്ങളുണ്ടെങ്കിലും അനേകം പ്ലസ് പോയിന്റുകൾ ദൈവം തന്നില്ലേ? ചില കാര്യങ്ങളിൽ വീഴ്ച കളുണ്ട് ശരിയാണ്. ഇന്നും രോഗമുണ്ട്, കടമുണ്ട്. എന്നാലും ഒരു പത്തു വർഷം കഴിഞ്ഞപ്പോൾ കൂടിയോ കുറഞ്ഞോ? എല്ലാറ്റിന്റേയും മദ്ധ്യത്തിൽ പൂർവ്വികപിതാക്കന്മാർ അനുഭ വിച്ച സമാധാനവും സന്തോഷവും സ്വസ്ഥതയും നിങ്ങൾക്ക് ലഭിക്കുന്നില്ലേ?

ഞാൻ വായിച്ചു. ജോനി എറിക്സൺ എന്ന മഹതി വലിയ ഒരു അപകടത്തിൽപ്പെട്ടു ശരീരം തളർന്നു. വീൽച്ചെയ റിൽ മാത്രമേ സഞ്ചരിക്കാവൂ. പക്ഷേ, യേശുക്രിസ്തു അവ ളുടെ ഹൃദയത്തിലുണ്ടായിരുന്നതുകൊണ്ട് വലിയോരു ദിവ്യ സമാധാനം അനുഭവിച്ചുകൊണ്ടിരുന്നു. വീൽച്ചെയറിൽ മാത്രം നടക്കേണ്ടിവന്നല്ലോ എന്നുപറഞ്ഞ് പരാതിപ്പെട്ടില്ല. എനിക്ക് ഈ കെടുതി വന്നത് എന്താണെന്ന് ചോദിച്ചില്ല. സന്തോഷത്തോടെ: നീ എന്റെ ഹൃദയത്തിൽ ഉണ്ടല്ലോ, അഭൗ മമായ സമാധാനം ഞാൻ അനുഭവിക്കുന്നു എന്നവൾ പറ ഞ്ഞു. ലോകം തരുന്ന സമാധാനമല്ല, അഭൗമമായ സമാധാനം!

എലിസബത്ത് എലിയറ്റ് എന്നു പറയുന്ന ഒരു മഹതിയു ണ്ടായിരുന്നു തെക്കേ അമേരിക്കയിൽ. ഔക്ക ജാതിക്കാ രുടെയിടയിൽ മിഷനറിയായി ചെന്ന എലിയറ്റ് എന്നഭക്തനായ ദൈവദാസനെ അവർ കൊന്നു. അവിടെ ചെന്ന മിഷനറി മാരെയെല്ലാം കൊന്നു. അവർ കാട്ടാളന്മാരാണ്. അവരുടെ നടു വിലേക്ക് എലിസബത്ത് കടന്നുചെന്നു. സുവിശേഷകയായി

ട്ടാണ് അവൾ പോയത്. പലരും പിന്തിരിപ്പിച്ചു. ഭർത്താവിനെയും കൂട്ടരെയും കൊന്ന ആ നാട്ടിൽ നിനക്കും ആയുസ്സ് ഉണ്ടാകുകയില്ല. നിന്നെയും കൊന്നു തിന്നും.

അവൾ പറഞ്ഞു: എന്റെ ഭർത്താവിനെ കൊന്നവരുടെ ഇടയിലേക്ക് ഞാൻ പോകുന്നു. അവൾ ചെന്നു അവരോട് പറഞ്ഞു: ഇപ്പോഴും നിങ്ങളെ സ്നേഹിക്കുന്ന, എന്റെ ഭർത്താവിനെ കൊന്ന നിങ്ങളെ സ്നേഹിക്കുന്ന യേശുവിനെപ്പറ്റി പറയാനാണ് ഞാൻ വന്നത്. അവൾ ഹൃദയത്തിൽ അഭൗമമായ സമാധാനം അനുഭവിച്ചു. സ്വർഗ്ഗീയമായ സമാധാനം! പിതാക്കന്മാരുടെ അവകാശവും ധനവും അതാണ്.

ഈ കഷ്ടപ്പാടുനിറഞ്ഞ ലോകത്ത് അഭൗമമായ സമാധാനം നിങ്ങൾക്കുണ്ടോ? എല്ലാം പ്രതികൂലമാകുമ്പോൾ, സകലരും വെറുക്കുമ്പോൾ, അനേകർ അറപ്പോടെ കാണുമ്പോൾ, ചിലർ ഇല്ലാത്തത് പറയുമ്പോൾ, നിങ്ങളെ കുറ്റം വിധിക്കുമ്പോൾ, നിങ്ങളിൽ തെറ്റ് എന്തുണ്ട് എന്ന് ബദ്ധപ്പാടോടെ നോക്കിക്കൊണ്ടിരിക്കുമ്പോൾ അഭൗമമായ സമാധാനം അനുഭവിക്കണമോ? ഗോഗുൽത്തായിലെ ക്രൂശിൻ ചുവട്ടിൽ അതു കിട്ടും.

ഈ ദുരിതം നിറഞ്ഞ ലോകത്തിൽ, വേദന നിറഞ്ഞ ലോകത്തിൽ, രോഗം നിറഞ്ഞ ലോകത്തിൽ കാൽവറി ക്രൂശിൻ ചുവട്ടിൽ നിന്ന് സമാധാനം പ്രാപിക്കാൻ താത്പര്യമുണ്ടോ? സഹോദരങ്ങളേ, നിങ്ങൾ ആഗ്രഹിക്കണം. അങ്ങനെ ഒരു അഭൗമസമാധാനമുണ്ടെങ്കിൽ എനിക്കത് ലഭിക്കണം. ക്രൂശിൽ ചുവട്ടിൽ നിന്ന് ഒഴുകുന്ന ആ ശാന്തി എനിക്കും ഒഴുക്കിത്തരണം. തിരുവിലാവിൽക്കൂടി ഒഴുകുന്ന ആ തിരുരക്തത്തിൽക്കൂടി പകർന്നു കിട്ടുന്ന സമാധാനം എനിക്കും തരണം. കർത്താവേ, എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണം. എന്റെ ഹൃദയത്തിൽ വാസം ചെയ്യണം.

യാക്കോബിന്റെ ഹൃദയം നന്ദികൊണ്ട് നിറഞ്ഞു.

യാക്കോബ് അവിടെ മുട്ടു മടക്കി ഒരു കൽത്തൂൺ നാട്ടി. അത് നന്ദിയുടെ, പ്രതിഷ്ഠയുടെ, പുതിയ വാക്കിന്റെ കൽത്തൂൺ ആണ്. ദൈവത്തിന്റെ പുതിയ വാഗ്ദാനം കേട്ട് ത്രസിച്ചുയർന്ന കൽത്തൂൺ!

ശാന്തമായി ചിന്തിക്കൂ; നന്ദി വരുന്നുണ്ടോ? ദൈവം തന്ന അനുഗ്രഹങ്ങൾക്കുള്ള നന്ദി. ദൈവം നടത്തിയതോർത്തുള്ള നന്ദി. ഇക്കാലമൊക്കെയും നിർത്തിയതോർത്തുള്ള നന്ദി. രോഗങ്ങൾ സൗഖ്യമാക്കിത്തന്നതോർത്തുള്ള നന്ദി. ആരോഗ്യ ത്തോടെ തിരികെ കൊണ്ടുവന്നതിലുള്ള നന്ദി. ആയുസ്സ് നീട്ടി തന്നതിനുള്ള നന്ദി. മക്കളെതന്നതിലുള്ള നന്ദി. മക്കൾക്ക് ആരോഗ്യം തന്നതിനുള്ള നന്ദി. സ്വർഗ്ഗത്തിലെ ദൈവം നിങ്ങ ൾക്ക് സുബോധം തന്നതിലുള്ള നന്ദി. ജീവന്റെ വചനം ദുർലഭമായ ഈ കാലയളവിൽ വചനം കേൾക്കുവാൻ അവ സരം ലഭിച്ചതിലുള്ള നന്ദി. പുതിയ പ്രതിഷ്ഠ എടുക്കുവാൻ സാധിച്ചതിലുള്ള നന്ദി.

ഇന്ന് നിങ്ങളുടെ ഹൃദയം നന്ദികൊണ്ട് ത്രസിക്കു ന്നുണ്ടോ? ദൈവത്തെ സ്നേഹിപ്പാൻ തോന്നുന്നുണ്ടോ? നിന്റെ ഹൃദയം എന്നെ സ്നേഹത്തോടെ കാണുന്നതിനാൽ എന്റെ ഹൃദയം നന്ദികൊണ്ട് നിറയുന്നു, എനിക്കുവേണ്ടി ചോരയൊഴുക്കിയതിനാൽ നന്ദി എന്ന്പറയാൻ സാധിക്കു ന്നുണ്ടോ?

യാക്കോബ് കൽത്തൂൺ നാട്ടി. എണ്ണ പകർന്നു. എണ്ണ, സ്നേഹമാണ്.

പ്രിയനേ! നിന്റെ സ്നേഹം എവിടെയെല്ലാമാണ് പകരു ന്നത്. പാപത്തിന് കൊടുക്കുകയാണോ? അന്യന് കൊടുക്കുക യാണോ? യൗവ്വനക്കാരാ! നിന്റെ സ്നേഹം കൊള്ളരുതാ യ്മക്ക് കൊടുക്കുകയാണോ?

എന്നാൽ ഇന്ന് നിന്റെ സ്നേഹം യേശുവിങ്കലേക്ക് ഒഴു കട്ടെ. മദ്യത്തിലേക്ക് ഒഴുകിയ സ്നേഹം യേശുവിങ്കലേക്ക് ഒഴു

കട്ടെ. കഞ്ചാവിലേക്ക് ഒഴുകിയ സ്നേഹം യേശുവിങ്കലേക്ക് ഒഴുകട്ടെ. വഴക്കിലേക്കും പിണക്കത്തിലേക്കും ഈ ലോകത്തിന്റെ വിവിധ തുറകളിലേക്കും ഒഴുകിയസ്നേഹം യേശുവിങ്കലേക്ക് ഒഴുകട്ടെ. ഇപ്പോൾ സമർപ്പണമെടുക്കുക.

പുതിയ കൽത്തൂൺ നാട്ടിക്കൊണ്ട് യേശുവിനോട് പറയുക: ഇതാ, നിന്റെ ദാസൻ, നിന്റെ അടിമ. എന്നെത്തന്നെ നിനക്കു തരുന്നു. എന്റെ ആയുസ്സ് നിനക്ക് തരുന്നു. എന്റെ ഭാവി നിനക്ക് തരുന്നു. നാഥാ, ഞാൻ വീണ്ടും തീരുമാനമെടുക്കുന്നു. സഹിപ്പാൻ ഒരു ശരീരം, വിശ്വസിപ്പാൻ ഒരു മനസ്സ്, സ്നേഹിപ്പാൻ ഒരു ഹൃദയം എനിക്ക് തരണമേ.

## ആറ്

യാക്കോബ് നാട്ടിയ നാലാമത്തെ കൽത്തൂൺ ആണ്, റാഹേൽ മരിച്ചപ്പോൾ കല്ലറയിൽ നാട്ടിയ കൽത്തൂൺ.

ഈ അദ്ധ്യായത്തിൽ നാല് ശവക്കുഴികൾ കാണാം. ആദ്യഭാഗത്ത്, യാക്കോബ് എല്ലാ ഗൃഹബിംബങ്ങളെയും കൊണ്ടുവന്ന് ശേഖേമിനരികെയുള്ള കരുവേലകത്തിൻ കീഴിൽ കുഴിച്ചിട്ടു എന്ന് പറയുന്നു.

> *"അങ്ങനെ അവർ തങ്ങളുടെ പക്കലുള്ള അന്യദേവന്മാരെ ഒക്കെയും കാതുകളിലെ കുണുക്കുകളെയും യാക്കോബിന്റെ പക്കൽ കൊടുത്തു; യാക്കോബ് അവയെ ശേഖേമിനരികെയുള്ള കരുവേലകത്തിൻ കീഴിൽ കുഴിച്ചിട്ടു." ഉല്പത്തി 35 : 4*

ആഭരണങ്ങളും ഗൃഹബിംബങ്ങളുമെല്ലാം കൊണ്ടുവന്ന് ശേഖേമിനരികെയുള്ള കരുവേലകത്തിൻ കീഴിൽ കുഴിച്ചിട്ടു. ഒരു പുതിയ ശുദ്ധീകരണത്തിന്റെ അനുഭവമാണ് ഇവിടെ കാണുന്നത്. അവിടെ സന്തോഷമേയുള്ളൂ. കാരണം, ആദ്ധ്യാത്മികമായ ഒരു മുന്നേറ്റമാണ്. പിന്നെ സന്തോഷത്തിന്റെ ഒരു യാത്രയാണ്. അത് ശോഭനമായൊരു യാത്രയാണ്. പിശാച് അവകാശം പറയുന്നതെല്ലാം കൊണ്ടുവന്ന് കരുവേലകത്തിന്റെ കീഴിൽ കുഴിച്ചുമൂടിയിട്ടുള്ള യാത്ര!

രണ്ടാമത്തെ ശവക്കുഴി നാം കാണുന്നത് 8-ാം വാക്യത്തിലാണ്.

> *"റിബെക്കായുടെ ധാത്രിയായ ദെബോരാ മരിച്ചു,*

*അവളെ ബേഥേലിനു താഴെ ഒരു കരുവേലകത്തിൻ കീഴിൽ അടക്കി; അതിന് അല്ലോൻ-ബാഖൂത്ത് (വിലാപവൃക്ഷം) എന്നു പേരിട്ടു."*

*ഉല്പത്തി 35 : 8*

റിബെക്കയുടെ ധാത്രിയായ ദെബോരാ, ന്യായാധിപന്മാരുടെ പുസ്തകത്തിലുള്ള ദെബോര അല്ല, യാക്കോബിന്റെ അമ്മ, റിബെക്കയുടെ ധാത്രിയായ ദെബോരാ മരിച്ചു; അവളെ ബേഥേലിന് താഴെ ഒരു കരുവേലകത്തിൻ കീഴിൽ അടക്കി. അമ്മയ്ക്ക് തുണയായി, സഹായിയായി വളരെ വർഷങ്ങൾ കൂടെയുണ്ടായിരുന്ന നല്ല വിശ്വസ്തയായ ഒരു ധാത്രി. അവൾ മരിച്ചു. യാക്കോബ് കൈക്കുഞ്ഞായിരുന്നപ്പോൾ മുതൽ അവൾ എടുത്തു വളർത്തിയതാകാം. റിബെക്കയുടെ ധാത്രിയായതുകൊണ്ട് യാക്കോബിനെയും ഏശാവിനെയും ഒക്കെ വളർത്തിയിരിക്കാം. അവൾ മരിച്ചു; അടക്കി. സ്നേഹമുള്ളവർ മരിക്കുമ്പോൾ വേദനയുണ്ട്, ദു:ഖമുണ്ട്.

നാലാമത്തെ ശവമടക്ക് 28, 29 വാക്യങ്ങളിൽ കാണാം.

*"യിസ്ഹാക്കിന്റെ ആയുസ്സ് നൂറ്റെൺപതു സംവത്സരമായിരുന്നു. യിസ്ഹാക്ക് വയോധികനും കാലസമ്പൂർണ്ണനുമായി പ്രാണനെ വിട്ടു മരിച്ചു തന്റെ ജനത്തോടു ചേർന്നു; അവന്റെ പുത്രന്മാരായ ഏശാവും യാക്കോബും കൂടി അവനെ അടക്കം ചെയ്തു."* *ഉല്പത്തി 35 : 28, 29*

യിസ്ഹാക്കിനെ ഏശാവും യാക്കോബും കൂടി അടക്കം ചെയ്തു. അമ്മയെ അടക്കം ചെയ്യാൻ യാക്കോബിന് കഴിഞ്ഞില്ല. അമ്മ മരിക്കുമ്പോൾ യാക്കോബ് വീട്ടിലില്ല. വർഷങ്ങൾക്ക് മുമ്പ് യാക്കോബ് ഹാരാനിലേക്ക് പോയ്ക്കഴിഞ്ഞു. യാക്കോബ് തിരികെ വരുന്നതിനുമുമ്പ് അമ്മ റിബെക്ക മരിച്ചു. അത് സങ്കടമുള്ള കാര്യമാണ്. സ്വന്തം അമ്മയുടെ അവസാന നിമിഷം അരികെ ചേർന്നുനിന്ന് ഒന്ന് പ്രാർത്ഥിക്കാൻ, ഒരു

തണുപ്പ് കൊടുക്കാൻ കഴിഞ്ഞില്ല. പക്ഷേ, അപ്പനായ യിസ്ഹാക്ക് മരിച്ചപ്പോൾ യാക്കോബ് കൂടെയുണ്ട്. യാക്കോബും ഏശാവും കൂടി അപ്പനെ അടക്കം ചെയ്തു.

മൂന്നാമത്തെ ശവമടക്ക് എല്ലാറ്റിനേക്കാളും വേദന നിറഞ്ഞതാണ്.

> *"അങ്ങനെ പ്രസവത്തിൽ അവൾക്കു കഠിനവേദന ആയിരിക്കുമ്പോൾ സൂതികർമ്മിണി അവളോട്: ഭയപ്പെടേണ്ട; ഇതും ഒരു മകനായിരിക്കും എന്നു പറഞ്ഞു. എന്നാൽ അവൾ മരിച്ചുപോയി; ജീവൻ പോകുന്ന സമയം അവൾ അവന് ബെനോനി എന്നു പേരിട്ടു; അവന്റെ അപ്പനോ അവനു ബെന്യാമീൻ എന്നു പേരിട്ടു. റാഹേൽ മരിച്ചിട്ട് അവളെ ബേത്‌ലഹേം എന്ന എഫ്രാത്തിനു പോകുന്ന വഴിയിൽ അടക്കം ചെയ്തു. അവളുടെ കല്ലറയിന്മേൽ യാക്കോബ് ഒരു തൂൺ നിർത്തി അത് റാഹേലിന്റെ കല്ലറത്തൂൺ എന്ന പേരോടെ ഇന്നുവരെയും നിൽക്കുന്നു." ഉല്പത്തി 35 : 17 – 20*

അത് സഹിക്കാവുന്ന ഒരു ശവസംസ്ക്കാരമായിരുന്നില്ല. യുവതിയായ ഭാര്യ രണ്ടാമത്തെ പ്രസവത്തോടുകൂടി ചോരക്കുഞ്ഞിനെ ഏൽപ്പിച്ചിട്ട് അന്ത്യയാത്ര പറയുന്നു. റാഹേൽ മരിച്ചു, അവളെ ബേത്‌ലഹേം എന്ന എഫ്രാത്തിനു പോകുന്ന വഴിയിൽ അടക്കം ചെയ്തു. അവളുടെ കല്ലറയിന്മേൽ യാക്കോബ് ഒരു തൂൺ നിർത്തി അത് റാഹേലിന്റെ കല്ലറത്തൂൺ എന്ന പേരോടെ ഇന്നുവരെയും നില്ക്കുന്നു. ഒരു ഓർമ്മസ്തംഭം മാത്രം.

നമ്മുടെ പ്രിയപ്പെട്ടവരെ അടക്കിയിരിക്കുന്ന സ്ഥലത്ത് നാം ചെല്ലുകയും പുഷ്പങ്ങൾ അർപ്പണം ചെയ്യുകയും ചെയ്യും. നാം വിനയപൂർവ്വം പ്രാർത്ഥനാനിരതരായി നിൽക്കും. തീർച്ചയായും അനേകം ഓർമ്മകൾ, വേദനിപ്പിക്കുന്ന പഴയ ഓർമ്മ

കൾ നമ്മുടെ മനസ്സിലേക്ക് വരും. തീവ്രദു:ഖത്തിന്റെ ഓർമ്മകൾ!

യാക്കോബ് ഭാര്യയെ അടക്കം ചെയ്ത് മിണ്ടാനാവാതെ സ്തംഭിച്ച് നിന്നു. ഏങ്ങലടികൾ മാത്രം. കണ്ണീരുമാത്രം. യാക്കോബ് കല്ലറയുടെമേൽ ഒരു തൂൺ നിർത്തി, റാഹേലിന്റെ കല്ലറത്തൂൺ എന്ന് പേരിട്ടു. യാക്കോബ് പണിത നാലാമത്തെ തൂൺ. ഈ സംഭവത്തിൽനിന്ന് ചില ആത്മീയപാഠങ്ങൾ ചിന്തിക്കാനുണ്ട്.

ചിലരുടെ ഹൃദയങ്ങൾ ഇപ്പോൾ വിതുമ്പുന്നുണ്ട്. ഏറ്റവും പ്രിയ ഭാര്യ അല്ലെങ്കിൽ ഭർത്താവ് ഈ ഭൂമിയിൽനിന്ന് വേർപിരിഞ്ഞുപോയി. അവസാനം മൃതശരീരത്തിനരികിൽ നിന്ന് വിതുമ്പിയതെല്ലാം മനസ്സിലേക്ക് വരുന്നുണ്ട്. നാളുകൾ നാളുകൾ കഴിഞ്ഞാലും പ്രിയപ്പെട്ടവരുടെ ഓർമ്മകൾ മങ്ങുകയില്ല. വർഷങ്ങൾ കഴിഞ്ഞാലും ഓർമ്മ മായുകയില്ല.

എന്റെ പ്രിയപ്പെട്ട അമ്മ കടന്നുപോയത്, പെങ്ങൾ കടന്നുപോയത്, പെങ്ങളുടെ മകൾ കടന്നുപോയത്, ഇതെല്ലാം ഞാൻ ഓർക്കാറുണ്ട്. അമ്മ എന്നെ വാത്സല്യപൂർവ്വം വഴിനടത്തിയത്. ഒരദ്ധ്യായം വേദപുസ്തകം വായിക്കാൻ നിർബ്ബന്ധിച്ചത്. എനിക്ക് പ്രാർത്ഥനകൾ ചൊല്ലിത്തന്നത്. എന്നെക്കൊണ്ട് പ്രാർത്ഥിപ്പിച്ചത്. ഒരു ഞായറാഴ്ചപോലും മുടങ്ങാതെ പള്ളിയിൽ കൊണ്ടുപോയത്. രണ്ടുനേരവും നമസ്ക്കാരം ചൊല്ലിച്ചത്. കുമ്പിടുവാൻ പഠിപ്പിച്ചത്. എന്തെല്ലാം ഓർമ്മകൾ!

പെങ്ങൾ എന്നെ ഓമനിച്ചത്. എന്നെ പ്രത്യേകം ശ്രദ്ധിച്ചത്. എന്റെ നന്മമാത്രം ആഗ്രഹിച്ചത്. എന്റെ വളർച്ചയ്ക്കുവേണ്ടി മാത്രം അദ്ധ്വാനിച്ചത്. പെങ്ങൾ ജീവിച്ചത് എനിക്കുവേണ്ടി എന്ന് തോന്നത്തക്കവണ്ണം പെരുമാറിയത്. എല്ലാം മനസ്സിൽക്കൂടി കടന്നുപോകുന്നു.

സ്നേഹിതരേ, ജീവിതംയേശുവിന് കൊടുക്കാൻ തോന്നിയിട്ടുണ്ടോ? എന്നെങ്കിലും ജീവിതം യേശുവിനു

കൊടുത്തു എന്നുള്ള ഉറപ്പു കിട്ടിയിട്ടുണ്ടോ? കൃത്യമായി സമയവും സാഹചര്യവും പറയാൻ പറ്റണമെന്നില്ല. പല നാളുകൾ വചനം കേട്ടുകൊണ്ടിരുന്നു. എപ്പോഴോ യേശുക്രിസ്തു ഉള്ളിലേക്ക് കടന്നുവന്നു.

ഈ വാർദ്ധക്യത്തിലും യേശുക്രിസ്തു എന്നെ വചനത്തിൽക്കൂടി ശുദ്ധീകരിച്ച് നടത്തിക്കൊണ്ടിരിക്കുന്നു. ഞാൻ ഒന്നുമായില്ല എന്ന് ബോദ്ധ്യം തരുന്നു. യേശുവിന്റെ ഭാവം ലഭിച്ചിട്ടില്ല. യേശു നിന്ദ അനുഭവിച്ചതുപോലെ നിന്ദ അനുഭവിച്ചിട്ടില്ല. യേശു ആക്ഷേപമേറ്റതുപോലെആക്ഷേപമേൽക്കാൻ ഇതുവരെയും മനസ്സ് സജ്ജമായിട്ടില്ല. യേശു ജീവിച്ചതുപോലെ ഇപ്പോഴും ജീവിച്ചു തുടങ്ങിയിട്ടില്ല. യേശുവിന്റെ ക്രൂശിലെ സ്നേഹം ഇപ്പോഴും ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. യേശുവിന്റെ വിശുദ്ധിയുടെ പാരമ്യം ഇപ്പോഴും അനുഭവിക്കാൻ കഴിഞ്ഞിട്ടില്ല.

യേശുവിന്റെ ആളത്വവും ഛായയും പ്രാപിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. ആ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിലാണോ നിങ്ങൾ? യേശുവിനായി ഹൃദയം കൊടുത്തു എന്ന് ഉറപ്പുണ്ടോ? ഒരു കൃത്യസമയം പറയണമെന്നില്ല. യേശുവിന് എന്റെ ഹൃദയത്തിൽ ഇടം കൊടുത്തിരിക്കുന്നു; വേറെ ഒരാൾക്കും ഇടമില്ല.

ഇനി പൈശാചികന് എന്റെ ഹൃദയത്തിൽ സ്ഥലമില്ല. ദുഷ്ടശക്തിക്ക് എന്റെമേൽ അവകാശമില്ല. പാപത്തിന് എന്റെ മേൽ അവകാശമില്ല. ഈ ജീവിതം ഒരിക്കലായി യേശുവിന് കൊടുത്തതാണ്. ഈ ഉറപ്പുണ്ടോ? അതാണ് ക്രിസ്തീയജീവിതത്തിന്റെ മധുരിമ. യേശുവിന് എന്റെ കർതൃത്ത്വം കൊടുത്തിരിക്കുന്നു. ആയുസ്സ് വിട്ടുകൊടുത്തിരിക്കുന്നു. ഈ ലോകത്തിൽ എന്തെല്ലാം സംഭവിച്ചാലും എന്റെ ഭാവി യേശുവിന്റെ കരങ്ങളിലാണ്.

ഈ ശരീരത്തിൽ രോഗം വന്നാലും സാരമില്ല; പ്രശ്നം

വന്നാലും സാരമില്ല; ജീവിതം യേശുവിന് കൊടുത്തതാണ്. അനേകർ തെറ്റിദ്ധരിച്ചുകൊള്ളട്ടെ. അനേകർ ആക്ഷേപിക്കുകയും കുറ്റംപറയുകയും അവഹേളിക്കുകയും ചെയ്തുകൊള്ളട്ടെ. ഈ കെട്ടുറപ്പ് നിങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ? എങ്കിൽ നിങ്ങൾ ധന്യരാണ്. അനുഗൃഹീതരാണ്. യേശുവിനോട് വാക്കു പറയുക. വിട്ടുകൊടുക്കുക. ഇതുവരെയും കൊടുക്കാത്തവർ ഇപ്പോൾ കൊടുക്കുക.

യേശുവേ, നീ എന്റെ പാപം വഹിച്ച് കുരിശിൽ മരിച്ചു. എന്റെ പാപങ്ങൾക്കുവേണ്ടി കുരിശിൽ കുറ്റമില്ലാത്ത രക്തം ചിന്തി എന്ന് ഞാൻ വിശ്വസിക്കുന്നു. യേശുവേ, എന്റെ ജീവിതം, എന്റെ ഭാവി നിന്റെ കരങ്ങളിലേക്ക് തരുന്നു. ജയാളി യായ യേശുവേ, പിശാചിന്റെ തല തകർത്ത എന്റെ യേശുവേ, എന്റെ മേൽ നിന്റെ ആധിപത്യം സ്ഥാപിക്കണമേ. എന്റെ മേൽ എഴുന്നള്ളി വരണമേ. എന്നിൽ വാഴണമേ. എന്നെ ഭരിക്കണമേ. എന്റെ പൂർണ്ണനിയന്ത്രണം ഏറ്റെടുക്കണമേ.

ഈ സമർപ്പണം നിങ്ങളുടെ ജീവിതത്തിലേക്ക് വന്നാൽ നാളിതുവരെ വന്ന പാപങ്ങളും ശാപങ്ങളും ഘോരബന്ധന ങ്ങളും യേശു മാറ്റിത്തരും. ഒരു പുതിയ സമാധാനജീവിതം തരും. ജീവിതത്തിൽ വലിയ ശാന്തി ലഭിക്കും. എന്തൊരു ധൈര്യമാണ്! എന്തൊരു പ്രാഗത്ഭ്യമാണ്! എന്തൊരു സമാധാ നമാണ് യേശു തരുന്നത്!

സ്വന്തം ഭാര്യയുടെ ശരീരം അടക്കിയിട്ട് വിതുമ്പലോടെ, ഏങ്ങലടിയോടെ നിൽക്കുന്ന ഭർത്താവിന്റെ വിഷാദമായ മുഖം! ആ ശവക്കുഴിയുടെ മീതെ മണ്ണിട്ടുമൂടി ഒടുവിൽ അവിടെ ഒരു തൂണ് നാട്ടി. യാക്കോബിന്റെ നാലാമത്തെ തൂണ്! Pillar of Commemoration.

യാക്കോബിന്റെ മനസ്സിൽ എന്തൊക്കെ ചിന്തകളായിരി ക്കും! പ്രിയപ്പെട്ട ഭാര്യ, യാക്കോബിന്റെ സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും മികവുറ്റ നിദർശനമായ തന്റെ പ്രാണ

പ്രേയസി ഇതാ മരിച്ചു. രണ്ടാമത്തെ പ്രസവത്തോടുകൂടി റാഹേൽ ഭൂമിയിൽനിന്ന് മാറ്റപ്പെട്ടു. ആ ചോരക്കുഞ്ഞ് യാക്കോബിന്റെ കൂടെയുണ്ട്. അമ്മയുടെ മരണം കഴിഞ്ഞ് ചോരക്കുഞ്ഞിന്റെ കൈകാലിട്ടടിച്ചുള്ള കരച്ചിൽ.

യാക്കോബിന് കൂട്ടുകാരുണ്ട്, വേലക്കാരുണ്ട്, ദാസീദാസന്മാരുണ്ട്, എല്ലാമുണ്ട്. എങ്കിലും യാക്കോബിന്റെ ഹൃദയം- ഗോത്രപിതാക്കന്മാരുടെ അപ്പനായ ഗോത്രത്തലവന്റെ ഹൃദയം; എത്രമാത്രം തരളിതമാണ്! എത്രമാത്രം ദു:ഖിതമാണ്! ഇപ്പോൾ എന്തെല്ലാം ഓർമ്മകളാണ് തിക്കിത്തിരക്കി മനസ്സിലേക്ക് ഓടിവരുന്നത്. വർഷങ്ങൾക്കുമുമ്പ് സ്വന്തം അപ്പന്റെയും അമ്മയുടെയും അടുക്കൽ നിന്ന് അറുന്നൂറോളം നാഴിക ദൂരെ ബേർ-ശേബ മരുഭൂമിയിൽക്കൂടി നടന്ന് നടന്ന് കഷ്ടപ്പെട്ട് ഹാരാനിൽ എത്തിയത്.

റാഹേലിനെ ആദ്യമായി കണ്ടുമുട്ടിയത്, റാഹേലിനോട് ഒരുമിച്ച് ഭവനത്തിലേക്ക് ചെന്നത്. സ്വന്തം അമ്മാവന്റെ മകളായ റാഹേൽ തന്റെ ഭാര്യയാകും എന്ന് അപ്പോൾ അറിയുന്നില്ല. ചിന്തിക്കുന്നില്ല.

പക്ഷേ, ആദ്യത്തെ കാഴ്ചയിൽ തന്നെ ഹൃദയത്തിൽ വന്ന സ്നേഹത്തിന്റെ തുടിപ്പ്, ആ സ്നേഹത്തിൽനിന്ന് ഉരുത്തിരിഞ്ഞ് വന്ന ഉദാത്തപ്രണയത്തിന്റെ ഭാവം ഒന്നൊന്നായി യാക്കോബിനെ കീഴടക്കിയത്; യാക്കോബിന്റെ ഹൃദയത്തെ വശീകരിച്ചത്. അമ്മാവന്റെ ഭവനത്തിൽ താമസിച്ചപ്പോൾ, ഹൃദയത്തിൽ മധുരതരമായ ഓർമ്മകൾ, സുഖകരമായ അനുഭൂതികൾ അയവിറക്കിക്കൊണ്ടിരുന്നത്. എല്ലാം ഒന്നൊന്നായി ഹൃദയത്തിൽ പാളിപ്പാളി വരികയാണ്.

നാം ഈ ഭൂമിയിൽ ജീവിക്കുമ്പോൾ ഒന്നും ചിന്തിക്കാൻ കഴിയുകയില്ല. അതുപോലുള്ള വിഷാദവിവശസന്ദർഭത്തിൽ നാം എത്തിച്ചേരുകയാണെങ്കിൽ എങ്ങനെയായിരിക്കും നാം അഭിമുഖീകരിക്കുക? ഹൃദയത്തിന്റെ നൊമ്പരങ്ങൾ എങ്ങനെ

യാണ് പേറുക? എങ്ങനെയാണ് വഹിക്കുക? പലതും നമുക്കിന്ന് അജ്ഞാതമാണ്. ചിന്തിക്കാൻപോലും വയ്യ!

യാക്കോബ് വിതുമ്പലോടെ കേട്ടു, ആ പ്രസവഗൃഹ ത്തിൽ നിന്നുള്ള റാഹേലിന്റെ കരച്ചിൽ. ഇടയ്ക്ക് ഒരു ഞരക്ക വും, ഇടയ്ക്ക് ഒരലർച്ചയും. എന്താണ് എന്നറിഞ്ഞില്ല; ഒരാൺകുഞ്ഞാണ് എന്ന് സൂതികർമ്മിണി വന്നു പറഞ്ഞ തേയുള്ളൂ. മറ്റൊന്ന് സംഭവിക്കും എന്ന് പ്രതീക്ഷിക്കാൻ വക യില്ല. അപ്പോഴാണ് പെട്ടെന്ന് അലറുന്ന കരച്ചിൽ! എന്താണാ വോ? ഒന്നും അറിയാൻ പാടില്ലാതെ അമ്പരപ്പോടെ കാതോർത്തു. പിന്നെ എല്ലാം നിശ്ശബ്ദം. അല്പം കഴിഞ്ഞ് ചോരക്കുഞ്ഞിനെ കൈത്തലത്തിൽ ഏന്തിക്കൊണ്ട് ആ സൂതി കർമ്മണി പറഞ്ഞു, റാഹേൽ മരിച്ചുപോയെന്ന്.

പ്രിയപ്പെട്ടവരേ, യാക്കോബിന്റെ ഹൃദയത്തിൽ വന്ന വേദനകൾ നമുക്ക് ഊഹിക്കാൻ പറ്റുമോ? ആ ഹൃദയത്തിൽ നിറഞ്ഞുവന്ന വിഷാദം നമുക്ക് ചിന്തിക്കാൻ പറ്റുമോ? നമ്മുടെ ഹൃദയത്തിൽ അത് ഒതുങ്ങുമോ?

പണ്ട് മലയാളകവിയായ ചങ്ങമ്പുഴ കൃഷ്ണപിള്ള പാടി:

“ജീവിത ലഘുകാവ്യത്തിൽ പകർപ്പവകാശം
കേവലം മരണത്തിനുള്ളതാണെങ്കിൽ ആട്ടെ.

ഈ സുന്ദരമായ പ്രകൃതി. ഇതെല്ലാം വിട്ട്, പ്രഭാതസൂ ര്യന്റെ അരുണാഭയിൽ തിളങ്ങി നിൽക്കുന്ന പ്രകൃതിയുടെ സുന്ദരദൃശ്യങ്ങൾ എല്ലാം വിട്ട് ഞാൻ പോകണമല്ലോ? അസ്ത മയസൂര്യന്റെ ചെങ്കതിരുകൾ ഏറ്റ് സുന്ദരമായി പ്രശോഭി ക്കുന്ന ഇലച്ചാർത്തുകളെയും വർണ്ണാഭമായ പടിഞ്ഞാറാകാശ ത്തെയും വിട്ട് ഞാൻ പോകണമല്ലോ. കവിയുടെ ഹൃദയം തര ളിതമാണ്.

“പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാണ്മൂ
പശ്ചിമാംബരത്തിലെ പനിനീർ പൂന്തോട്ടങ്ങൾ

...........................................................................

പൂർവ്വ ദിങ്മുഖത്തിങ്കൽ സിന്ദൂരപൂരം പൂശി
പൂവിനെ ചിരിപ്പിച്ചു വന്നെത്തും പുലരിയും

...........................................................................

ഇത്തരം സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയി-
ട്ടെത്രകാലമായ് എന്നാലിനിയും തീർന്നില്ലല്ലോ.

...........................................................................

ജീവിതലഘുകാവ്യത്തിൻ പകർപ്പവകാശം
കേവലം മരണത്തിനുള്ളതാണെങ്കിലാട്ടെ.

ഹൃദയംനൊന്താണ് കവി ഇതു പാടിയത്. യൗവ്വനത്തിൽ തന്നെ കടന്നുപോകണമല്ലോ എന്ന ചിന്തയിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്ന കവിതയാണ് മുപ്പത്തിയാറാമത്തെ വയസ്സിൽ ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെട്ടുപോയ ചങ്ങമ്പുഴ കൃഷ്ണപിള്ള മരണത്തോടടുക്കുമ്പോൾ പാടിയത്. ജീവിതത്തിന്റെ സുഖഭോഗങ്ങളെല്ലാം വിട്ട് അക്കരയ്ക്ക് കടന്നുപോകണമല്ലോ എന്ന യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുമ്പോൾ ഹൃദയം നൊന്തു പിടയുകയാണ്.

പ്രിയപ്പെട്ടവരേ, കവികൾ പാടിയതുകൊണ്ടല്ല, കലാകാരന്മാർ പറഞ്ഞതുകൊണ്ടല്ല, ബുദ്ധിജീവികൾ ചിന്തിച്ചതുകൊണ്ടല്ല, താത്വികാചാര്യന്മാർ അങ്ങനെ വിഭാവനം ചെയ്തതുകൊണ്ടുമല്ല. ഇതൊരു യാഥാർത്ഥ്യമാണ്. ആർക്കും വ്യത്യാസമില്ല. മരണമെന്ന ഈ യാഥാർത്ഥ്യത്തെ നാമും ഒരു ദിവസം നേരിടും. എല്ലാം മാറിപ്പോകും.

കുറച്ചുകാലം നല്ല ഓർമ്മകൾ പച്ചവച്ച് നിൽക്കും. കാലം മുന്നോട്ടുപോകുന്തോറും ഓർമ്മകൾ മങ്ങിമങ്ങിപ്പോകും. ഏറ്റവും പ്രിയപ്പെട്ടവർ കടന്നുപോയതിനെക്കുറിച്ചുള്ള ഓർമ്മകൾ നൊമ്പരത്തിന്റെ തീ നാളങ്ങളായി നിങ്ങളെ സമീപിക്കുന്നുണ്ടോ? ഹൃദയത്തെ വേദനിപ്പിച്ചു പുളയുന്നുണ്ടോ?

മരണത്തെ പുഞ്ചിരിയോടെ നേരിടാൻ കഴിയണമെങ്കിൽ

ഞാൻ ചെയ്യേണ്ടതെല്ലാം ചെയ്തു തികച്ചു എന്നുള്ള സംതൃപ്തി നമുക്കുണ്ടായിരിക്കണം. അതിനെന്താണ് വേണ്ടത്? യേശുക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കുക. മരണത്തെ ജയിച്ച ഒരേയൊരു വ്യക്തി മാത്രമേയുള്ളൂ. മരണത്തിന്റേമേൽ ജയോത്സവം കൊണ്ടാടിയ ഒരു വ്യക്തിയേയുള്ളൂ. 'ഹേ മരണമേ, നിന്റെ വിഷമുള്ള് എവിടെ?' എന്ന് വെല്ലുവിളിച്ച ഒരേയൊരു വ്യക്തി മാത്രമേയുള്ളൂ; അത് കർത്താവായ യേശുക്രിസ്തുവാണ്.

യേശുക്രിസ്തു ഹൃദയത്തിലുണ്ടെങ്കിൽ മരണത്തിന്റെ വിനാഴികയിൽ നാമാരും പതറുകയില്ല. ദുഃഖത്തോടെയോ നിരാശയോടെയോ നാമാരും മരണത്തെ അഭിമുഖീകരിക്കേണ്ടി വരികയില്ല. നമ്മുടെ ഹൃദയത്തിൽ, നമ്മുടെ മുന്നിൽ യേശു ചിരിച്ചുകൊണ്ടു നിൽക്കും. വലത്തുഭാഗത്ത് സാന്ത്വനമരുളിക്കൊണ്ട് നിൽക്കും. നമ്മുടെ മീതെ യേശു ആണിപ്പാടുള്ള കരം വിരിയ്ക്കും. യേശുവിന്റെ ശാശ്വതഭുജങ്ങൾ നമ്മെ താങ്ങിക്കൊണ്ടിരിക്കും. കീഴെ ശാശ്വതഭുജങ്ങളുണ്ട്. നമുക്ക് ചുറ്റും യേശുക്രിസ്തുവിന്റെ മാലാഖമാർ കാവലായി നിൽക്കും. യേശുക്രിസ്തുവിന്റെ തിരുരക്തത്തിന്റെ വലയത്തിനുള്ളിൽ നാം സുരക്ഷിതരായിരിക്കും.

മരണത്തിന്റെ തീവ്രമായ ദുഃഖം പ്രിയപ്പെട്ടവരെ അലട്ടിക്കൊണ്ടിരിക്കുമ്പോൾ, അവർ വേദനിച്ച് കണ്ണീരോടെ അരികത്ത് നിൽക്കുമ്പോൾ നാം യേശുവിന്റെ തിരുമാർവ്വിൽ അത്യന്തം സന്തോഷം കൊള്ളുന്ന, സമാധാനം നിറഞ്ഞ ആ സമയത്തെ നേരിടുകയായിരിക്കും.

പ്രിയപ്പെട്ടവരേ, ഈ യേശുവിൽ ചാരാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? ഈ യേശുവിൽ അഭയപ്പെടാൻ കഴിഞ്ഞിട്ടുണ്ടോ? യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിപ്പാൻ കഴിഞ്ഞിട്ടുണ്ടോ? മരണത്തെ നിരാശയോടെയാണോ, ദുഃഖത്തോടെയാണോ നിങ്ങൾ നേരിടേണ്ടിവരിക? ഏതുസമയത്ത് കടന്നുപോയാലും ഞാനെന്റെ യേശുവിന്റെ കൈകളി

ലാണെന്നുള്ള കെട്ടുറപ്പുണ്ടോ? എങ്ങനെ കടന്നുപോയാലെന്ത്? പെട്ടെന്നുള്ള മരണമാകട്ടെ, അല്ല നാളുകൾ രോഗശയ്യയിൽ കിടന്നുള്ള മരണമാകട്ടെ, എങ്ങനെയായാലും ഞാനെന്റെ യേശുവിന്റെ കൈകളിലാണെന്നുള്ള ധൈര്യം നിങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ? അതാണ് പ്രാഗത്ഭ്യം.

നിങ്ങൾക്കത് ലഭിക്കും. മറ്റൊന്നും ചെയ്യണ്ട, മരണത്തെ ജയിച്ച യേശുവിനെ നിങ്ങളുടെ നാഥനും കർത്താവുമായി ഹൃദയത്തിലേക്ക് സ്വീകരിച്ചാൽ മതി. യേശുവിനെ വിളിക്കുക: യേശുവേ, നീയെന്റെ ഹൃദയത്തിലേക്ക് വരണമേ. യേശു ഹൃദയത്തിലുണ്ടെങ്കിൽ നിങ്ങൾ ഭാഗ്യശാലികളാണ്. എപ്പോൾ മരിച്ചാലെന്ത്, മരണം വന്ന് പിടികൂടിയാലെന്ത്? ഒരു ഭയവുമില്ല. മരണത്തിന്റെ ഭീകരനിമിഷങ്ങൾ വരുമ്പോൾ അത് മധുരസ്മരണകളായി, ഹൃദയത്തിൽ നനുനനുത്ത ഓർമ്മകളായി നിങ്ങൾക്ക് പുലർത്തിയെടുക്കാൻ കഴിയും.

ഇപ്പോൾ നിങ്ങളുടെ കരത്തിൽ പിടിക്കുവാൻ യേശുവിനോടു പറയൂ: കർത്താവേ! നീ കുരിശിൽ മരിച്ചത്, കുറ്റമില്ലാത്ത രക്തം ചിന്തിയത് എന്റെ പാപത്തിന്റെ പരിഹാരത്തിനാണെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ പാപം പരിഹരിക്കാൻ എന്റെ ശിക്ഷ ഏറ്റാണ് നീ കുരിശിൽമരിച്ചതെന്ന് ഞാൻ വിശ്വസിക്കുന്നു. നീ ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. യേശുവേ, എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ, നീയെന്റെ ഹൃദയത്തിൽ വാഴണമേ. ഇന്നുമുതൽ ഞാൻ നിന്റെ അടിമ.

## ഏഴ്

ഹെർബർട്ട് സ്പെൻസർ എന്നു പേരുള്ള വളരെ വിശ്രുതനായ താത്വികാചാര്യനുണ്ടായിരുന്നു. വലിയ ബുദ്ധിജീവിയായിരുന്ന അദ്ദേഹം അനേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. തത്വചിന്തകനായിരുന്ന അദ്ദേഹം എന്നാൽ, നിരീശ്വരനായിരുന്നു. ദൈവമുണ്ട് എന്ന ബോദ്ധ്യമുണ്ടായിരുന്നില്ല. അദ്ദേഹത്തിന് അനേകം അനുയായികളും ശിഷ്യന്മാരും ഉണ്ടായിരുന്നു. നിരീശ്വരത്വം ചിന്തിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന അനേകം ശിഷ്യഗണങ്ങൾ! അദ്ദേഹം മരണാസന്നനായി കിടക്കുമ്പോൾ കിടക്കയ്ക്കരികിൽ സുഹൃത്തുക്കളും ശിഷ്യന്മാരുമെല്ലാം വന്നു നിന്നു.

ഒരാൾ ചോദിച്ചു: അങ്ങ് മരിച്ചതിനുശേഷം ശവകുടീരത്തിൽ എന്തെങ്കിലും ആലേഖനം ചെയ്യണമെന്നുണ്ട്. അങ്ങയുടെ സ്മരണക്കുവേണ്ടി എന്ത് എഴുതണമെന്നാണ് അങ്ങയുടെ ആഗ്രഹം? കുറച്ചു സമയം അദ്ദേഹം കണ്ണടച്ച് ആലോചിച്ചു കിടന്നു. അദ്ദേഹം എന്തു പറയും എന്ന് ശിഷ്യഗണങ്ങൾ നോക്കി നിൽക്കുകയാണ്.

അപ്പോൾ അദ്ദേഹത്തിന്റെ കടക്കണ്ണിൽ കണ്ണുനീർ ഉറന്നുകൂടുന്നതുപോലെ; അല്പം ഗദ്ഗദത്തോടെ പറഞ്ഞു: “രണ്ട് വാക്ക് എഴുതിയാൽ മതി. Most unhappy!” ഏറ്റവും അസന്തുഷ്ടൻ! ശിഷ്യന്മാർ മുഖത്തോടുമുഖം നോക്കി. അദ്ദേഹം പിന്നെ കണ്ണടച്ചു. ഈ സംഭവം ഒരു സത്യം നമ്മെ വിളിച്ചറിയിക്കുന്നു.

ഈ ലോക ജീവിതത്തോടു യാത്രപറയുന്ന സമയത്താണ്

മനുഷ്യന്റെ നേട്ടം എന്ത് എന്ന് അറിയുന്നത്. ലോകത്തിൽ നിന്ന് പിരിഞ്ഞു പോകുമ്പോൾ സ്വന്തപ്പെട്ടവരേയും ബന്ധപ്പെട്ടവരേയും വിട്ട് മാറ്റപ്പെടുമ്പോഴാണ് ഇവിടെ എന്ത് നേടിയെന്ന് അറിയുന്നത്.

Most unhappy എന്നാണോ നാം നേടാൻ പോകുന്നത്? കടുത്ത ദു:ഖിതൻ, സന്തോഷം തെല്ലുമില്ലാത്തവൻ എന്നാണോ നമ്മെത്തന്നെ വിലയിരുത്താൻ പോകുന്നത്?

മരണത്തെപ്പറ്റി ചിന്തിക്കുക എന്നു പറയുന്നത് ഒരു നിഷേധാത്മക സമീപനമാണ് എന്നുപറയും. എന്നാൽ വാസ്തവത്തിൽ നാം ചിന്തിക്കേണ്ടതാണ്. ഇന്ന് ഞാൻ കടന്നു പോയാൽ ശാശ്വത മൂല്യമുള്ളത്, നിലനിൽക്കുന്നത് എന്തു നേടി? മരണത്തിനപ്പുറമുള്ളലോകത്തിലേക്ക്, മരണാനന്തര ജീവിതത്തിലേക്ക് എന്റെ നേട്ടം എന്താണ്?

ഒരു ചിന്തകൻ പറഞ്ഞു: Yesterday is a history, tomorrow is a mystery and today is a gift. ഇന്നലെ എന്നത് ചരിത്രമാണ്; നാളെ എന്താണ് എന്നറിഞ്ഞുകൂടാ, രഹസ്യമാണ്. ഇന്ന് എന്നുള്ളത് ഒരു ദാനമാണ്. പ്രിയപ്പെട്ടവരേ, ഇന്ന് എന്ന ഈ പ്രതലത്തിൽ ചവിട്ടി നിന്നുകൊണ്ട് നാളെയിലേക്കുള്ള നേട്ടങ്ങൾ സമ്പാദിക്കാം. അതാണ് ക്രിസ്തീയജീവിതം. നാളെയെക്കുറിച്ചുള്ള സുദൃഢമായ ധൈര്യം ലഭിക്കുന്നു, വ്യക്തമായ കാഴ്ചപ്പാട് ലഭിക്കുന്നു.

നാളെ എന്റെ ഭാവി എന്ത്? ഈ ഭൂമിയിൽനിന്ന് കടന്നു പോയാൽ എവിടെ? എന്റെ ജീവിതത്തിന്റെ ആകെത്തുക എന്താണ്? നാളേക്കുവേണ്ടി ഞാൻ എന്താണ് സമ്പാദിച്ചു വച്ചിരിക്കുന്നത്? ക്രിസ്തുവിലേക്ക് വരുമ്പോൾ ഇതിനെക്കുറിച്ചെല്ലാം വ്യക്തമായ ഒരു കാഴ്ചപ്പാട് ലഭിക്കും.

ഉല്പത്തി പുസ്തകം 35-ാം അദ്ധ്യായത്തിലെ നാലാമത്തെ തൂണ് വളരെ വേദന പുരണ്ടതാണ്; ആ തൂണിൽ കണ്ണീർ കിനിഞ്ഞുകിനിഞ്ഞിറങ്ങുന്നതാണ്. യാക്കോബിന്റെ കണ്ണിൽ

നിന്ന് വിതുമ്പലിന്റെ ബാഷ്പകണങ്ങൾ ഉരുകി ഒലിച്ചിറങ്ങുന്ന തൂണ്! സ്വന്തം ഭാര്യയുടെ ശവശരീരം അടക്കം ചെയ്ത്, ആ കല്ലറയിൽ നാട്ടിയ തൂണ്.

> *"റാഹേൽ മരിച്ചിട്ട് അവളെ ബേത്ലഹേം എന്ന എഫ്രാത്തിനു പോകുന്ന വഴിയിൽ അടക്കം ചെയ്തു. അവളുടെ കല്ലറയിന്മേൽ യാക്കോബ് ഒരു തൂൺ നിർത്തി അത് റാഹേലിന്റെ കല്ലറത്തൂൺ എന്ന പേരോടെ ഇന്നുവരെയും നിൽക്കുന്നു."*
>
> *ഉല്പത്തി 35 : 19, 20*

വേദനയുടെ വാക്കുകളാണ് നാം വായിച്ചത്. ഹൃദയം നൊന്തുമാത്രമേ ഒരു മനുഷ്യന് ഇത് വായിക്കാൻ പറ്റുകയുള്ളൂ. യാക്കോബ് എത്ര നൊന്തു കരഞ്ഞിരിക്കും?

വലിയ വേദന വരുന്നതിനുമുമ്പ്, അതിനുവേണ്ടി ദൈവം മനുഷ്യനെ ഒരുക്കുന്നു. ദൈവത്തിന്റെ സ്നേഹം! ഒരു വലിയ അത്യാഹിതം നേരിടുന്നതിനുമുമ്പ്, ദൈവം താൻ സ്നേഹിക്കുന്ന മനുഷ്യനെ ആ ദുരന്തം നേരിടുവാൻ ഒരുക്കുന്നു. അതിനുവേണ്ടി തയ്യാറാക്കുന്നു. റാഹേലിന്റെ മരണത്തിനു തൊട്ടുമുമ്പ് യാക്കോബ് ഒരു പുതിയ പ്രതിഷ്ഠ എടുക്കുന്നു. ഒരു വ്യക്തമായ സമർപ്പണം, വീണ്ടും ഒരു സമർപ്പണം ദൈവം എടുപ്പിക്കുകയാണ്.

ക്രിസ്തുവിന്റെ പാദത്തിൽ ഒരു സമർപ്പണം എടുക്കുക എന്നതും മാനസാന്തരം കിട്ടുക എന്നുള്ളതും ഒരു അത്ഭുതമാണ്. നന്നായി ജീവിക്കാൻ തോന്നുന്നത് ഒരത്ഭുതമാണ്. ക്രിസ്തു നമ്മുടെ ഹൃദയത്തിലേക്ക് വരണമെന്ന് ആഗ്രഹിക്കുന്നത് അത്ഭുതമാണ്. അതൊരു ഭാഗ്യമാണ്!

ഇതുവരെ ജീവിച്ചതുപോലെയല്ല ഇനി ജീവിക്കേണ്ടത് എന്നവ്യക്തമായ കാഴ്ചപ്പാട് ലഭിക്കുന്നു. പാപവഴികളോട് യാത്ര പറയണമെന്ന് താത്പര്യമുണ്ടാകുക, സ്വഭാവത്തിൽ ചില മാലിന്യങ്ങളുണ്ട് എന്ന് തിരിച്ചറിയുക, ജീവിതത്തിലെ

മാലിന്യങ്ങൾ മാറ്റിയില്ലെങ്കിൽ ക്രിസ്തു എന്റെ ഹൃദയത്തിൽ വസിക്കില്ല എന്ന് മനസ്സിലാക്കുക, ഇതെല്ലാം സുബോധത്തിന്റെ ലക്ഷണമാണ്. അതെല്ലാം ഭാഗ്യമാണ്! വചനം കേൾക്കുന്നതും വചനം വായിക്കുന്നതും ഹൃദയത്തിലേക്ക് വചനം ഒരു അസ്ത്രം പോലെ കടന്നു വന്നിട്ട് ഹൃദയത്തിന്പരിവർത്തന മുളവാക്കുന്നതും എന്തു വലിയ അത്ഭുതമാണ്!

യാക്കോബിന് ദൈവത്തിങ്കലേക്ക് ഒരു ആകർഷണം കിട്ടി. യാക്കോബിനെക്കൊണ്ട് ദൈവം വീണ്ടും സമർപ്പണ മെടുപ്പിച്ചു.

> *"യാക്കോബ് പദ്ദൻ-അരാമിൽനിന്ന് വന്നശേഷം ദൈവം അവന് പിന്നെയും പ്രത്യക്ഷനായി അവനെ അനുഗ്രഹിച്ചു. ദൈവം അവനോട്: നിന്റെ പേർ യാക്കോബ് എന്നല്ലോ; ഇനി നിനക്ക് യാക്കോബ് എന്നല്ല യിസ്രായേൽ എന്നുതന്നെ പേരാകേണം എന്നു കല്പിച്ച് അവന് യിസ്രായേൽ എന്നു പേരിട്ടു."* *ഉല്പത്തി 35 : 9, 10*

ദൈവം യാക്കോബിനോട് നേരിട്ട് ഇടപെടുകയും പ്രത്യക്ഷനാകുകയും ചെയ്തുകൊണ്ട് യാക്കോബിനെ ഒരു പുതിയ ആത്മീയ സമീപനത്തിലേക്ക് നയിക്കുകയാണ്. എന്തൊരു വലിയ ദൈവസ്നേഹം! വലിയ ഒരാപത്തു വരും എന്ന് കർത്താവിനറിയാം. യാക്കോബിന്റെ ജീവിതത്തിൽ ഒരു വലിയ അത്യാഹിതം സംഭവിക്കാൻ പോകുന്നു എന്ന് ദൈവത്തിനറിയാം. അതിനുമുമ്പ് യാക്കോബിനെ ദൈവം സുസജ്ജമാക്കുകയാണ്; യാക്കോബിനെ ഒരുക്കുകയാണ്, ബലപ്പെടുത്തുകയാണ്, ധൈര്യപ്പെടുത്തുകയാണ്.

ദൈവം ധൈര്യപ്പെടുത്തിയില്ലെങ്കിൽ ആർക്ക് ധൈര്യപ്പെടുവാൻ പറ്റും? ദൈവം കരുത്ത് തന്നില്ലെങ്കിൽ ആർക്ക് കരുത്ത് കൊടുക്കാൻ പറ്റും? ദൈവം കൃപ തന്നില്ലെങ്കിൽ എങ്ങനെ ആപത്തുകളെ അഭിമുഖീകരിക്കാൻ പറ്റും? ദൈവത്തിന്റെ

വലിയ കൃപ യാക്കോബിനെ വലയം ചെയ്തു.

സഹോദരങ്ങളേ, ദൈവത്തിന്റെ കൃപ എപ്പോഴും പൊതിഞ്ഞു കിട്ടണമെന്ന് നിങ്ങൾ ആഗ്രഹിക്കണം. നിന്റെ കൃപയുടെ വലയത്തിൽ ആയിരിപ്പാൻ ഭാഗ്യം തരണേ, എപ്പോഴും നീ എന്നോട് സംസാരിപ്പാൻ തക്കവണ്ണം ഞാൻ സജ്ജമായിരിക്കണമേ, എപ്പോൾ അന്വേഷിച്ചാലും കാണത്തക്കവണ്ണം നിന്റെ കാഴ്ചയുടെ പരിധിയിൽ ഞാൻ ആയിരിക്കണമേ എന്ന് പ്രാർത്ഥിക്കണം. എപ്പോഴെല്ലാം നീ അരികത്തു വരാൻ ആഗ്രഹിക്കുന്നുവോ അപ്പോഴെല്ലാം ഞാൻ അരികത്തുണ്ടായിരിപ്പാൻ ഇടവരണേ. എപ്പോഴും യേശുവിനോടു കൂടെ.

സഹോദരങ്ങളേ, ഇതൊന്നും സ്വപ്നങ്ങളല്ല; ഊഹാപോഹങ്ങളല്ല. നിങ്ങൾക്ക് ഓരോരുത്തർക്കും ഈ മഹാഭാഗ്യം നേടിയെടുക്കാം. അതിന് വിദ്യാഭ്യാസം വേണമെന്നില്ല. പാണ്ഡിത്യം വേണമെന്നില്ല. വേദപുസ്തകം അറിയണമെന്നില്ല. ഒരു എളിയ മനസ്സുണ്ടായാൽ മതി.

കർത്താവേ, ഇന്നത്തെ എന്റെ ആത്മീയ നിലവാരത്തിൽ എനിക്ക് തന്നെ സംതൃപ്തിയില്ല. ഇന്നത്തെ എന്റെ പ്രാർത്ഥനാ ജീവിതത്തിൽ, എന്റെ തിരുവചനധ്യാനത്തിൽ, എന്റെ ജീവിത വിശുദ്ധിയിൽ എനിക്കു തന്നെ സംതൃപ്തിയില്ല. കർത്താവേ, ഞാൻ ആത്മാവിൽ ദരിദ്രനായി, ആത്മാവിൽ കുറവുള്ളവനായി നിന്റെ അരികിലേക്ക് വരികയാണ്. ആവശ്യക്കാരനായി നിന്റെ അരികിലേക്ക് വരികയാണ്. എന്റെ യേശുവേ, നിന്റെ സാന്നിദ്ധ്യത്താൽ എന്നെ പൊതിയണമേ. നിങ്ങൾആത്മാർത്ഥമായി പ്രാർത്ഥിക്കുമ്പോൾ ദൈവസാന്നിദ്ധ്യം നിങ്ങളെ വന്ന് പൊതിയുന്നത് അനുഭവിക്കാം.

തിരുരക്തം ആവരണം ചെയ്യുന്നത് അനുഭവിക്കാം. യേശുക്രിസ്തുവിന്റെ കൃപ വന്ന് പൊതിയുക. പ്രാർത്ഥിക്കുമ്പോൾ യേശു അരികത്തു വന്നു എന്ന് അനുഭവമായിത്തീരുക. യാത്രയിൽ യേശുകൂടെയുണ്ട് എന്ന ഉറപ്പ് ലഭിക്കുക.

ജോലി ചെയ്യുമ്പോൾ യേശു കൂടെയുണ്ട് എന്നധൈര്യം നിങ്ങൾക്ക് കിട്ടുക. അപ്പോൾ നിങ്ങളുടെ ജീവിതത്തിൽ നിന്ന് പാപം മാറും, ചീത്ത ശീലങ്ങൾ മാറും.

അപ്പോഴാണ് കോപിക്കാൻ തുടങ്ങുമ്പോൾ കോപിക്കരുത് എന്നുള്ള വ്യക്തമായ നിർദ്ദേശം അന്തരാളത്തിൽ നിന്ന് ലഭിക്കുന്നത്. അപ്പോഴാണ് നമ്മുടെ ജീവിതത്തിൽ വരുന്ന അഴുക്കായ വികാര വിചാരങ്ങൾ ഒതുക്കണമെന്നും അതിനെ ജയിക്കണമെങ്കിൽ ദൈവത്തിന്റെ കൃപ കൂടിയേ പറ്റൂ എന്നും നമുക്ക് ബോദ്ധ്യം കിട്ടുന്നത്. തിരുരക്തം വന്ന് നമ്മെ ആവരണം ചെയ്യണം.

യാക്കോബിനെ ദൈവം ആ സമർപ്പണത്തിലേക്ക് നയിച്ചു; യാക്കോബിന് പുതിയ പേരുകൊടുത്തു. ഇനി നിന്റെ പേർ യാക്കോബ് എന്നല്ല, യിസ്രായേൽ എന്നുതന്നെ എന്നു പറഞ്ഞു.

നിന്നെ പഴയ മനുഷ്യനായി കാണാൻ ദൈവത്തിന് ആഗ്രഹമില്ല. മകനേ, നീ പുതിയ മനുഷ്യനായി തന്നെ നിൽക്കണം. നാളുകൾക്കുമുമ്പ് നിനക്ക് പുതിയ പേര് തന്നതാണ്. പക്ഷേ, നീ ഇപ്പോഴും ആ പേര് അനുഭവിച്ചിട്ടില്ല. നാളുകൾക്കുമുമ്പ് ഒരു സമർപ്പണം എടുത്തതാണ്. പക്ഷേ, നീ അത് യാഥാർത്ഥ്യമായി അനുഭവിച്ചിട്ടില്ല. അതുകൊണ്ട് നിന്റെ പേര് യാക്കോബ് എന്നല്ല യിസ്രായേൽ എന്ന് തന്നേ ആയിരിക്കേണം എന്നുപറഞ്ഞ് പുന:പ്രതിഷ്ഠയിലേക്ക്, പുതിയ വീക്ഷണഗതിയിലേക്ക് നയിക്കുകയാണ്. യാക്കോബ് ബലപ്പെട്ടു. അപ്പോൾ ഇതാ വരുന്നു ആപത്ത്.

ആപത്ത് വന്നപ്പോൾ യാക്കോബിന് ഒരു സമചിത്തതയോടെ, ശാന്തമനസ്സോടെ നേരിടുവാൻ സാധിച്ചു.

സഹോദരങ്ങളേ, നിങ്ങൾക്ക് പ്രതിസന്ധികൾ വന്നിട്ടില്ലേ? ചില ഊരാക്കുടുക്കുകൾ വന്ന് കുടുക്കിയിട്ട അനുഭവങ്ങൾ വന്നിട്ടില്ലേ? വീർപ്പുമുട്ടിക്കുന്ന ചില പ്രശ്നങ്ങൾ ഉണ്ടായിട്ടില്ലേ? മുന്നോട്ട് ഒരു ചുവട് വയ്ക്കാൻ പറ്റാത്ത അവസരങ്ങൾ

ഉണ്ടായിട്ടില്ലേ? ആരും അറിയാതെ മാറിയിരുന്ന് വിതുമ്പി, വിതുമ്പി പൊട്ടിക്കരഞ്ഞ അനുഭവങ്ങൾ ഉണ്ടായിട്ടില്ലേ?

നിങ്ങൾ കർത്താവിനോട് പറയണം: കർത്താവേ, നിന്റെ കൃപയില്ലെങ്കിൽ, നിന്റെ സാന്നിദ്ധ്യമില്ലെങ്കിൽ ഈ സാഹചര്യങ്ങൾ ഒന്നും നേരിടാൻ എനിക്ക് കഴിവില്ല. നിന്റെ കൃപ വന്ന് എന്നെ പൊതിയണമേ; എന്നെ പരിപാലിക്കണമേ. അത്യുന്നതന്റെ മറവിൽ വസിക്കാനും സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കാനും എന്നും എന്നെ സഹായിക്കണേ. പ്രിയപ്പെട്ടവരേ, നിങ്ങൾ പ്രാർത്ഥിച്ച് കൃപ പ്രാപിക്കൂ.

കർത്താവിന്റെ കൃപ നിങ്ങളെ ബലപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ശുദ്ധീകരിക്കുകയും ആത്മാവിൽ കൃപയുടെ ധന്യതയിൽ നിർത്തുകയും ചെയ്യും. അങ്ങനെ നിങ്ങൾക്ക് പ്രതിസന്ധികളെ നേരിടാനുള്ള കരുത്ത് കർത്താവ് തരും.

യാക്കോബ് വേദനയോടെ ആ ശബ്ദം കേട്ടു. റാഹേൽ കരയുന്ന ശബ്ദം! റാഹേലിന്റെ ഹൃദയം പൊട്ടിയുള്ള വേദന യാക്കോബിന്റെ ഹൃദയത്തെ തകർത്തു. റാഹേൽ മരിച്ചു എന്ന് ആ സൂതികർമ്മണി വന്നു പറഞ്ഞ് യാക്കോബ് അറിഞ്ഞു.

ചോരക്കുഞ്ഞിനെ കൈയിൽ ഏന്തിക്കൊണ്ട് ലേയ പോകുന്നത് ആ അപ്പൻ അതിദു:ഖത്തോടെ കണ്ടു. യാക്കോബ്, റാഹേലിന്റെ മൂത്തമകൻ യോസേഫിന്റെ കൈയിൽ പിടിച്ചിരിക്കുന്നു എന്ന് കരുതട്ടെ. ഈറനണിഞ്ഞ കണ്ണുകളോടെ യാക്കോബ് യാത്ര ചെയ്യുകയാണ്. യോസേഫിനെ കൂടെക്കൂടെ നോക്കുകയാണ്. റാഹേലിന്റെ തനിഛായ, കണ്ണുകളുടെ തിളക്കം, ആ നിഷ്ക്കളങ്കത! അത് യോസേഫിന്റെ മുഖത്ത് കാണാം. അപ്പൻ വിതുമ്പലോടെ ഇടയ്ക്കിടയ്ക്ക് ലേയയുടെ കൈത്തണ്ടിൽ കിടക്കുന്ന ചോരക്കുഞ്ഞിനെയും കാണും. യാത്രാസംഘം നീങ്ങുകയാണ്.

റാഹേലിന്റെ കല്ലറത്തൂൺ കടന്ന് അങ്ങ് മുന്നോട്ടു പോയപ്പോഴാണ് അടുത്ത അത്യാഹിതം വരുന്നത്. ആ അത്യാഹിതത്തെ വർണ്ണിക്കാൻ എന്റെ നാവിന് ശക്തിയില്ല. അത് ഒറ്റ വാക്യത്തിൽ പരിശുദ്ധാത്മാവ് ഒതുക്കിപ്പറഞ്ഞു. പരത്തിപ്പറഞ്ഞില്ല.

> *"യിസ്രായേൽ ആ ദേശത്തു പാർത്തിരിക്കുമ്പോൾ രൂബേൻ ചെന്ന് തന്റെ അപ്പന്റെ വെപ്പാട്ടിയായ ബിൽഹയോടുകൂടെ ശയിച്ചു; യിസ്രായേൽ അതു കേട്ടു."* *ഉല്പത്തി 35 : 22*

സ്വന്തം വീട്ടിൽ തന്നെ ഒരിക്കലും ചിന്തിക്കാൻ വയ്യാത്ത ഹീനകാര്യം സംഭവിച്ചു. ആരും പുറത്തറിയാൻ പാടില്ലാത്ത ഏറ്റവും മ്ലേച്ഛമായ കാര്യം സ്വന്തം കുടുംബത്തിൽ! ഒരപ്പന് സഹിക്കാവുന്നതല്ല; ചിന്തിക്കാവുന്നതല്ല. ഭയാനകമായ കാര്യം തന്റെ ആദ്യജാതനായ രൂബേന്റെ ജീവിതത്തിൽ സംഭവിച്ചു. ജ്യേഷ്ഠാവകാശം ഉള്ളവനാണ്. ഇരട്ടി സ്വത്തിനവകാശമുള്ളവനാണ്. അതെല്ലാം നഷ്ടപ്പെടത്തക്കവണ്ണം, അതെല്ലാം യഹൂദയ്ക്ക് കൈമാറിപ്പോകത്തക്കവണ്ണം ഭയങ്കരമായ അനീതി, ഏറ്റവും മ്ലേച്ഛമായ കാര്യം സംഭവിച്ചു. ആ അപ്പൻ അതിനെയെല്ലാം നേരിട്ടുകൊണ്ട് നീങ്ങുകയാണ്.

സ്നേഹിതരേ, നിങ്ങളുടെ ജീവിതത്തിൽ അടിക്കടി ദുരിതങ്ങൾ വന്നിട്ടുണ്ടാകും; ആപത്തുകൾ വന്നിട്ടുണ്ടാകും. പ്രതിസന്ധികൾ വന്നിട്ടുണ്ടാകും. എന്നാൽ ഞാൻ പറയട്ടെ, നിങ്ങൾ യിസ്രായേൽ ആയി നിന്നുകൊള്ളൂ. ക്രിസ്തുവിന്റെ പരിശുദ്ധാത്മാവിനാൽ നിങ്ങൾ പുതിയ മനുഷ്യനായി നിന്നുകൊള്ളൂ; യേശുക്രിസ്തുവിന്റെ പരിശുദ്ധാത്മാവ് തരുന്ന നവീകരണവും ശക്തീകരണവും അനുഭവിച്ചുകൊണ്ട് നിന്നുകൊള്ളൂ.

യേശുക്രിസ്തുവിന്റെ പരിശുദ്ധാത്മാവ് നിങ്ങളിൽ നിറയട്ടെ; പരിശുദ്ധാത്മാവ് നിങ്ങളെ നയിക്കട്ടെ; കൃപ പകരട്ടെ.

അപ്പോൾ ഏത് പ്രതിസന്ധികളേയും നിങ്ങൾക്ക് നേരിടാൻ കഴിയും. ക്രിസ്തു നിങ്ങളുടെ ജീവിതത്തിൽ അനുഗ്രഹങ്ങൾ പകരട്ടെ. നിരന്തരം വഴി നടത്തട്ടെ. എല്ലാ നന്മകളും നിങ്ങൾക്ക് തരട്ടെ. നമുക്ക് പ്രാർത്ഥിക്കാം.

കരുണയുള്ള കർത്താവേ, ഈ നല്ല സമയത്തിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. കൃപയിൽ നിന്റെ മക്കളെ പൊതിയണമേ. പ്രതിസന്ധികളെ നേരിടാനുള്ള കരുത്ത് നൽകണമേ. ഏത് അത്യാഹിതത്തേയും നേരിട്ട് മുന്നോട്ടുപോകാനുള്ള ഹൃദയത്തിന്റെ ശാന്തതയും സൗമ്യതയും ജീവിതത്തിന്റെ സാവധാനതയും നൽകി ഈ മക്കളെ അനുഗ്രഹിക്കണമേ. എല്ലാവരേയും തിരുരക്തത്താൽ മുദ്രയിടണമേ. തിരുനാമം മഹത്വപ്പെടുത്തണമേ. യേശുക്രിസ്തുവിന്റെ രാജകീയ നാമത്തിൽത്തന്നെ, ആമ്മേൻ.

# എട്ട്

*"ലോത്തിന്റെ ഭാര്യ അവന്റെ പിന്നിൽനിന്നു തിരിഞ്ഞുനോക്കി ഉപ്പുതൂണായി ഭവിച്ചു."*

*ഉല്പത്തി 19 : 26*

യാക്കോബിന്റെ തൂണുകളെക്കുറിച്ചാണ്നാം ചിന്തിച്ചുവന്നത്. വേദപുസ്തകത്തിൽ തൂണുകളെക്കുറിച്ചുള്ള പ്രസ്താവനകൾ വേറെയുമുണ്ട്. ലോത്തിന്റെ ഭാര്യ ഉപ്പുതൂണായിത്തീർന്നു!

ഉപ്പുതൂണായിത്തീർന്ന ഒരു സ്ത്രീ! അതുവരെയും ചലിച്ചു വരികയായിരുന്നു. സഞ്ചരിച്ചു വന്നു, ഓടി വന്നു. പക്ഷേ, ആ യാത്രയിൽ ഒരു ഭാഗത്തു വന്നപ്പോൾ പെട്ടെന്ന് നിന്നു. പിന്നെ അനക്കമില്ല. ഭർത്താവുമൊരുമിച്ചാണ് ഓട്ടം തുടങ്ങിയത്. രണ്ട് പെൺമക്കളുമുണ്ടായിരുന്നു. നാലുപേർ ഒരുമിച്ചാണ് യാത്ര. പക്ഷേ, ഒരാൾ ഇടയ്ക്ക് നിന്നുപോയി. ലോത്തിന്റെ ഭാര്യ ഉപ്പുതൂണായിത്തീർന്നു.

*"മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അവ്വണ്ണം തന്നെ ആകും. അന്ന് വീട്ടിന്മേൽ ഇരിക്കുന്നവൻ വീട്ടിനകത്തുള്ള സാധനം എടുപ്പാൻ ഇറങ്ങിപ്പോകരുത്; അവ്വണ്ണം വയലിൽ ഇരിക്കുന്നവനും പിന്നോക്കം തിരിയരുത്. ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾവിൻ."* *ലൂക്കോസ് 17 : 30 – 32*

ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾവിൻ! എന്താണ് ലോത്തിന്റെ ഭാര്യയെ ഓർക്കണമെന്ന് കർത്താവ് പറഞ്ഞത്.

ചരിത്രത്തിലെ ഒരോർമ്മസ്തംഭമാണത്. ലോകത്തിൽ ആത്മീയരായി ജീവിക്കാൻ ആഗ്രഹിക്കുന്ന ആരുടേയും മുന്നിൽ ഒരു താക്കീതാണത്. എന്താണ് warning? ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾവിൻ! ഒരു കുടുംബം; ഭർത്താവുണ്ട്, ഭാര്യയുണ്ട്, മക്കളുണ്ട്. ഒരുമിച്ച് യാത്ര പുറപ്പെട്ടു പോകുന്നു. പക്ഷേ, യാത്രയുടെ മദ്ധ്യത്തിൽ ഒരു ഭാഗത്തു വന്നപ്പോൾ ലോത്തിന്റെ ഭാര്യ ഉപ്പുതൂണായിത്തീർന്നു. ഭർത്താവും മക്കളും തിരിഞ്ഞുനോക്കി നിന്നില്ല. കാരണം, പിറകിലേക്കു നോക്കരുത് എന്ന് ദൈവം വ്യക്തമായി അരുളിച്ചെയ്തിരുന്നു.

> *“അവൻ താമസിച്ചപ്പോൾ, യഹോവ അവനോടു കരുണ ചെയ്കയാൽ, ആ പുരുഷന്മാർ അവനെയും ഭാര്യയെയും രണ്ടു പുത്രിമാരെയും കൈക്കു പിടിച്ചു പട്ടണത്തിന്റെ പുറത്തുകൊണ്ടു പോയി ആക്കി. അവരെ പുറത്തു കൊണ്ടുവന്ന ശേഷം അവൻ: ജീവരക്ഷയ്ക്കായി ഓടിപ്പോക; പുറകോട്ടു നോക്കരുത്; ഈ പ്രദേശത്തെങ്ങും നില്ക്കയുമരുത്; നിനക്ക് നാശം ഭവിക്കാതിരിപ്പാൻ പർവ്വതത്തിലേക്ക് ഓടിപ്പോക എന്നു പറഞ്ഞു.”*
>
> *ഉല്പത്തി 19 : 16, 17*

“പുറകോട്ട് നോക്കരുത്, ഓടിപ്പോക.നോക്കിപ്പോയാൽ നാശം ഭവിക്കും. ജീവരക്ഷയ്ക്കായി ഓടിപ്പോക, ഈ പ്രദേശത്തെങ്ങും നില്ക്കയുമരുത്. നിനക്ക് നാശം ഭവിക്കാതിരിപ്പാൻ പർവ്വതത്തിലേക്ക് ഓടിപ്പോക എന്നു പറഞ്ഞു.” പിന്നെ എന്താണ് ലോത്തിന്റെ ഭാര്യ പുറകോട്ട് നോക്കിയത്?

ചിന്തിക്കൂ; നാം നമ്മുടെ കുടുംബത്തിൽ മാതൃകയായി ട്ടാണോ നിൽക്കുന്നത്? ലോത്തിന്റെ ഭാര്യ ഉപ്പുതൂണായി ത്തീർന്നെങ്കിൽ അതിന് പ്രധാനപ്പെട്ട ഉത്തരവാദിത്വം ലോത്ത് തന്നെയാണ്. ലോത്ത് തന്നെയാണ് അതിനു കാരണക്കാരൻ. ലോത്ത് ഓടി, നാശത്തിൽ നിന്നു രക്ഷപ്പെട്ടു. ഗന്ധകവും

തീയും പെയ്തപ്പോൾ ആ തീയിൽ നശിച്ചുപോയില്ല. ഭാര്യ ഉപ്പുതൂണായി തീർന്നതുപോലെ ലോത്ത് ഉപ്പുതൂണായിത്തീർന്നില്ല. ലോത്ത് പിറകോട്ട് നോക്കിയില്ല. പക്ഷേ, ലോത്ത് തന്നെയാണ് ഭാര്യ ഉപ്പുതൂണായിത്തീരാൻ കാരണം. ലോത്തിന്റെ നിൽപ്പാണ് ലോത്തിന്റെ ഭാര്യക്ക് ഒരു മാനസാന്തരം കിട്ടുന്നതിന് തടസ്സമായിരുന്നത്. ഒരു നല്ല മാതൃക കാണിച്ചുകൊടുക്കാൻ ലോത്തിന് കഴിഞ്ഞില്ല.

ലോത്തിന്റെ ചരിത്രം വായിക്കുന്ന ഒരിടത്തും ലോത്ത് ഒരു യാഗപീഠം പണിതതായി, ഒരു പ്രതിഷ്ഠ എടുത്തതായി കാണുന്നില്ല. അബ്രാഹാമിനു ദൈവവിളി കിട്ടി പുറപ്പെട്ടപ്പോൾ ലോത്തിന് ആ കൂടെ പോകുവാനുള്ള ഭാഗ്യം ലഭിച്ചു.

നമ്മിൽ അനേകം പേർ അങ്ങനെയാണ്. ഏതോ ഒരു പ്രത്യേക ദൈവികസ്നേഹം നമ്മെ വലയം ചെയ്തു. കൂട്ടായ്മയിലോ അല്ലെങ്കിൽ നമ്മുടെ ബന്ധത്തിലോ ഉള്ള ആരെല്ലാമോ നമ്മെ സ്നേഹിച്ചു, നമ്മെ ക്ഷണിച്ചു. അതിന്റെ പിന്നിലും ക്രിസ്തുവിന്റെ ഒരാകർഷണമുണ്ടായിരുന്നു. നാം കൂട്ടായ്മയിൽ നിരന്തരം വന്നുകൊണ്ടിരുന്നു. ദൈവത്തിന്റെ വചനം നിരന്തരം കേട്ടുകൊണ്ടിരുന്നു. ആത്മാവിന്റെ ശബ്ദത്തിന്റെ മുമ്പാകെ വന്നുകൊണ്ടിരുന്നു. പക്ഷേ, നമ്മിൽ പലരുടേയും ജീവിതത്തിൽ സ്വന്തമായ ഒരു പ്രതിഷ്ഠയില്ല; ഒരു സമർപ്പണമില്ല, സ്വന്തമായ തീരുമാനമില്ല, സ്വന്തമായ ആരാധനയില്ല.

ലോത്ത് രക്ഷിക്കപ്പെട്ട ഒരു ദൈവപൈതലാണ്. അങ്ങനെ തന്നെ പറയട്ടെ. അബ്രാഹാം പുറപ്പെട്ടപ്പോൾ ആ കൂടെ പുറപ്പെട്ടു. അതൊരു ഭാഗ്യം തന്നെയാണ്, സംശയമില്ല. അതൊരു വലിയ ചുവടുവയ്പ്പാണ്. എത്രയോ പേർ അബ്രാഹാം പുറപ്പെട്ടപ്പോൾ സംശയാലുക്കളായി നോക്കി നിന്നു. മെസൊപ്പൊട്ടോമിയൻ സമതലത്തിൽ എത്രയോപേർ അബ്രാഹാമിന്റെ ചാർച്ചക്കാരുണ്ടായിരുന്നു? അവർ പലരും പോന്നില്ലല്ലോ. എന്നാൽ അബ്രാഹാമിന്റെ കൂടെ പുറപ്പെടുവാൻ ഇടയായതൊരു നിസ്സാര കാര്യമല്ല; വലിയൊരു ചുവടുവയ്പ്പാണ്.

വലിയൊരു ഭാഗ്യമാണ്.

പക്ഷേ, എങ്കിലും സ്വന്തമായ ഒരു സമർപ്പണത്തിലേക്ക് ലോത്ത് വന്നില്ല.

പ്രിയപ്പെട്ടവരേ, നിങ്ങളിൽ അനേകം പേരും സ്വന്തമായി ഒരു സമർപ്പണമെടുത്തിട്ടില്ല. നിങ്ങൾ കൂട്ടായ്മയെ കാണുന്നു. കൂട്ടായ്മയിലെ ദൈവമക്കളെ കാണുന്നു. കൂട്ടായ്മയിലെ ശുശ്രൂഷ കാണുന്നു. തീർച്ചയായും നിങ്ങൾക്ക് ഒരു സന്തോഷം കിട്ടുന്നുണ്ട്; ഒരു ആത്മീയ വീര്യം കിട്ടുന്നുണ്ട്. ഒരു ആത്മീയ ലഹരി കിട്ടുന്നുണ്ട്. പക്ഷേ, സ്വന്തമായി നിങ്ങൾ ജീവനുള്ള ക്രിസ്തുവിന്റെ പാദപീഠത്തിൽ സമർപ്പിച്ചിട്ടുണ്ടോ? വ്യക്ത മായി അവനവന്റേതായി ഒരു സമർപ്പണമെടുത്തിട്ടുണ്ടോ?

അവനവൻ വ്യക്തിപരമായി സമർപ്പിക്കാതെ അന്ത്യത്തോളം ക്രിസ്തുവിനോടുകൂടെ ജീവിക്കാൻ സാധിക്കുകയില്ല. വ്യക്തി പരമായി യേശുവിനെ കണ്ടുമുട്ടാതെ, യേശുവിന്റെ പാദപീഠത്തിൽ തന്നെത്തന്നെ സമർപ്പിക്കാതെ അന്ത്യത്തോളം നില്ക്കാൻ നിങ്ങൾക്ക് സാധിക്കുകയില്ല.

സന്ദർഭങ്ങൾ വരുമ്പോൾ നിങ്ങൾ ഇടറിപ്പോകും. സാഹചര്യങ്ങൾ വരുമ്പോൾ നിങ്ങൾ പിന്മാറിപ്പോകും. പ്രതിസന്ധികൾ വരുമ്പോൾ നിങ്ങൾ വിട്ട് ഓടിപ്പോകും. ദൈവത്തിന്റെ കൃപ, ദൈവത്തിന്റെ സ്നേഹം നിങ്ങൾക്ക് ലഭിച്ചു സത്യമാണ്. ദൈവത്തിന്റെ വചനം നിങ്ങൾക്ക് ലഭിച്ചു. ദൈവത്തിന്റെ വചനത്തോടും ക്രിസ്തുവിന്റെ സ്നേഹത്തോടും ഒരാകർഷണം കിട്ടി. അതൊരു ചെറിയ കാര്യമല്ല, വൻകാര്യമാണ്. എങ്കിലും നിങ്ങളിൽ അനേകംപേർ യേശുവിനെ സ്വന്തമായി കണ്ടെത്തിയിട്ടില്ല. യേശുവിന്റെ പാദപീഠത്തിങ്കൽ ജീവിതം സമർപ്പിച്ചിട്ടില്ല. അവനവന്റെ ഹൃദയം സത്യത്തിലും ആത്മാവിലും ആരാധിക്കുന്ന അനുഭവത്തിലേക്ക് വന്നിട്ടില്ല.

സ്വന്തം ആവശ്യമായി മാറിയിട്ടില്ല. ആരെല്ലാമോ ഉള്ളതു കൊണ്ട് നിങ്ങൾ ചേർന്നുവരുന്നു. ആരെല്ലാമോ കൂടെ

പോകുന്നതുകൊണ്ട് ആ ഒരു കൂട്ടത്തിൽപ്പെട്ട് പോകുന്നു. എന്നാൽ അവനവൻ ഒരു ശരിയായ സമർപ്പണത്തിലേക്ക് വരുമ്പോഴാണ് ആത്മീയ ജീവിതം ആരംഭിക്കുന്നത്. അതൊരു വലിയ ആത്മീയ അനുഭവമാണ്.

വ്യക്തിപരമായി യേശുവിനോട് ചേർന്നുള്ള നടപ്പ്. വ്യക്തിപരമായി യേശു എന്റെ ഹൃദയത്തിൽ വസിക്കണമെന്നുള്ള ആഗ്രഹം. വേറെ ആരും പറഞ്ഞിട്ടല്ല, എവിടെയെങ്കിലും വായിച്ചുകേട്ടിട്ടല്ല, ആരുടെയും നിർബ്ബന്ധത്തിന് വഴിപ്പെട്ടല്ല; ഭാര്യ പറഞ്ഞതുകൊണ്ടല്ല; ഭർത്താവ് പറഞ്ഞതുകൊണ്ടല്ല; അതെല്ലാം മുഖാന്തരങ്ങളാണ്. കൂട്ടായ്മയിൽ വന്നതുകൊണ്ടല്ല. അതും ഒരു മുഖാന്തരമാണ്. ഇതൊന്നും ആത്യന്തികമായ ലക്ഷ്യങ്ങളല്ല, വഴികളാണ് (means). എന്നാൽ ഈ വഴികളിൽക്കൂടി ചെന്നെത്തേണ്ട ഒരു സ്ഥാനമുണ്ട്. അത് യേശുവാണ്.

നാം കൂട്ടായ്മയിൽക്കൂടെയും ദൈവമക്കളിൽക്കൂടെയും ദൈവമക്കൾ തരുന്ന ഉപദേശങ്ങളിൽക്കൂടെയും ദൈവമക്കൾ തരുന്ന പ്രബോധനങ്ങളിൽക്കൂടെയും ദൈവമക്കൾ തരുന്ന ശാസനകളിൽക്കൂടെയും ശിക്ഷണങ്ങളിൽക്കൂടെയും എല്ലാം എത്തിച്ചേരേണ്ട ഒരു സ്ഥലമുണ്ട്. അത് യേശുവിന്റെ പാദപീഠമാണ്. യേശുവിന്റെ പാദപീഠത്തിലേക്ക് നിങ്ങൾ ഒറ്റയ്ക്കൊറ്റയ്ക്ക് വരണം. യേശുവിനോട് വ്യക്തിപരമായി നിങ്ങൾ ഹൃദയം പകരണം.

യേശുവിനോട് നിങ്ങൾ ഉള്ളുതുറന്നു പറയണം. കർത്താവേ, ഇത് മറ്റാരെല്ലാമോ നില്ക്കുന്നതുകൊണ്ടല്ല, എന്റെ ഭർത്താവ് നിൽക്കുന്നതുകൊണ്ടല്ല, എന്റെ ഭാര്യ നില്ക്കുന്നതുകൊണ്ടല്ല, എന്റെ മക്കൾ നിൽക്കുന്നതുകൊണ്ടല്ല,എന്റെ മാതാപിതാക്കൾ നിൽക്കുന്നതുകൊണ്ടല്ല, ചില ആത്മീയവീര്യമുള്ള സുവിശേഷകർ നിൽക്കുന്നു എന്നുള്ളതുകൊണ്ടല്ല, എനിക്ക് യേശുവിനെ ആവശ്യമാണ്. എനിക്ക് യേശുവുമായി വ്യക്തിപരമായി ഒരു ബന്ധം വേണം. എനിക്ക് യേശു എന്റെ ഹൃദയത്തിൽ വസിക്കുന്ന അനുഭവം വേണം. എനിക്ക് യേശു

വിനോട് ചേർന്നുനടക്കുവാനുള്ള ഒരു ഭാഗ്യം വേണം.

ലോത്തിന് ഒരു വാസ്തവമായ യാഗപീഠമുണ്ടായിരുന്നില്ല; വാസ്തവമായ worship ഉണ്ടായിരുന്നില്ല. അബ്രാഹാം ചെന്നേടത്തെല്ലാം യാഗപീഠം പണിതു. ലോത്ത് അതെല്ലാം കണ്ടു. പക്ഷേ, സ്വന്തമായി യാഗപീഠം പണിതില്ല. സോദോമിൽ ഇത്രയും കാലം ജീവിച്ചല്ലോ. ഒരു യാഗപീഠം പണിയാമായിരുന്നല്ലോ. അവസരമുണ്ടായിരുന്നു, പക്ഷേ, ലോത്ത് യാഗപീഠം പണിതില്ല. അവിടെ ലോത്ത് പരാജയപ്പെട്ടുപോയി.

ലോത്ത് രക്ഷ അനുഭവിച്ചു. രക്ഷയിലേക്ക് വന്നു. രക്ഷയുടെ വഴിയിൽക്കൂടെ അബ്രാഹാമിന്റെ കൂടെ സഞ്ചരിച്ചു. കൂട്ടായ്മയിൽ ചേർന്ന് നടന്നു. പക്ഷേ, സ്വന്തമായി ആരാധിച്ചില്ല.

ലോത്ത് അബ്രാഹാമിൽനിന്നു വ്യത്യസ്തനായിരുന്ന രണ്ടാമത്തെ കാര്യം, അബ്രാഹാം കൂടാരങ്ങളിൽ പാർത്തു, ലോത്ത് ഗോപുരദ്വാരത്തിങ്കൽ പാർത്തു. ലോത്ത് സ്വന്തഭവനത്തിൽ പാർത്തു. ലോത്തിന് സ്വന്തം ഭവനമുണ്ടായിരുന്നു. അബ്രാഹാം കൂടാരത്തിലാണ് പാർത്തത്.

അബ്രാഹാമിനെക്കുറിച്ച് എബ്രായലേഖനം പതിനൊന്നാം അദ്ധ്യായത്തിൽ പറയുന്നു: “കൂടാരങ്ങളിൽ പാർത്തുകൊണ്ട് ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിന്നായി കാത്തിരുന്നു,” എന്ന്.

ലോത്ത് അങ്ങനെയുള്ളഒരു നഗരത്തെ ദർശിച്ചില്ല, ഒരു നഗരത്തെ മുൻകണ്ടില്ല. ലോത്ത് അബ്രാഹാമിനെപ്പോലെ ഒരു കൂടാരവാസിയായിട്ടല്ല ജീവിച്ചത്. അവൻ സോദോമിൽ ചെന്നു, അവിടെ ഒരു ഉന്നത സ്ഥാനത്തെത്തി. ഗോപുരദ്വാരത്തിങ്കൽ, നഗരത്തിന്റെ പ്രവേശനത്തിങ്കൽ, നഗരവാതിൽക്കൽ പാർത്തു എന്നു പറഞ്ഞാൽ ആ നാട്ടിലെ ഒരു പ്രധാനിയായി വാണു എന്നാണർത്ഥം. ആ നാട്ടിലെ ഒരു പ്രധാനിയായി, ആ നാട്ടിലെ

ഔന്നത്യമുള്ള മനുഷ്യനായി, എല്ലാവരുടേയും അംഗീകാരമുള്ള ഒരു മനുഷ്യനായി, എല്ലാവരുടേയും നേതൃസ്ഥാനത്തുള്ള ഒരു മനുഷ്യനായിത്തീർന്നു.

മനുഷ്യന്റെ മുമ്പിൽ നേതൃത്വം കിട്ടി. പക്ഷേ, ദൈവത്തിന്റെ സന്നിധിയിൽ അടുത്തുവരാൻ കഴിഞ്ഞില്ല.

> *"അപ്പോൾ അവർ അവന്റെ അടുക്കൽ തിരിഞ്ഞു അവന്റെ വീട്ടിൽ ചെന്നു; അവൻ അവർക്ക് വിരുന്നൊരുക്കി."* *ഉല്പത്തി 19 : 3*

എന്നാൽ ദൈവം അബ്രാഹാമിന്റെ വീട്ടിൽ ചെന്നു.

> *"അനന്തരം യഹോവ അവന്നു മമ്രേയുടെ തോപ്പിൽ വച്ചു പ്രത്യക്ഷനായി; വെയിലുറച്ച പ്പോൾ അവൻ കൂടാരവാതിൽക്കൽ ഇരിക്കയായി രുന്നു."* *ഉല്പത്തി 18 : 1*

ദൈവം പ്രത്യക്ഷനാകുമ്പോൾ അബ്രാഹാം കൂടാര വാതിൽക്കൽ ഇരിക്കയായിരുന്നു. അബ്രാഹാമിന് കൂടാരമേ ഉണ്ടായിരുന്നുള്ളൂ. ഒരു താല്ക്കാലിക വസതി. ഈ ലോകത്തിനൊന്നും വലിയ പ്രസക്തിയില്ല. ഈ ലോകജീവിത ത്തിന് വലിയ പ്രാധാന്യമില്ല. ഈ ലോകത്തിലെ സമ്പത്തിന്നോ പെരുമയ്ക്കോ ഒരു പ്രാധാന്യവും അബ്രാഹാം കല്പിച്ചില്ല, കൂടാരങ്ങളിൽ പാർത്തു. എന്നാൽ ലോത്ത് ഭവനത്തിലാണ്. ലോത്തിന് ഒരു വീടുണ്ട്.

ഈ ഭൂമിയിൽ വീട് വേണ്ട എന്നല്ല പറഞ്ഞത്. നിങ്ങൾക്ക് പറ്റുമെങ്കിൽ വൃത്തിയുള്ള, ഭംഗിയുള്ള ഒരു നല്ല വീടുണ്ടാക്കി ക്കൊള്ളൂ. പക്ഷേ മകനേ, നീ അറിഞ്ഞിരിക്കണം, നിന്റെ ഇവി ടുത്തെ ജീവിതം താല്ക്കാലികമാണ്, ഇത് വെറും കൂടാരമാണ് എന്ന്. നിനച്ചിരിക്കാത്ത സമയത്ത് നീ പറന്നുപോകേണ്ടി വരുമെന്ന്, എല്ലാം വിട്ടുപോകേണ്ടി വരുമെന്ന്.

ലോത്തിന് വലിയ നഷ്ടമായിപ്പോയി. ലോത്ത് അവിടെ

കൂടാരമടിക്കയല്ല ചെയ്തത്, ഭവനം പണിതു പാർത്തു. ആ നാട്ടിലെ പ്രസിദ്ധനായിത്തീർന്നു. നാട്ടിൽ മുമ്പനായിത്തീർന്നു. എല്ലാവരുടേയും പ്രധാനിയായിത്തീർന്നു.

മനസ്സിലാക്കൂ, ആരുടേയും മുന്നിൽ പ്രധാനിയാകുവാൻ നോക്കരുത്. ആരുടേയും മുന്നിൽ സ്ഥാനം നേടാൻ നോക്കരുത്, വലിയവനാകാൻ നോക്കരുത്. എപ്പോഴും എളിമയോടെ നിൽക്കൂ. എവിടെയും മുൻപന്തിയിൽ നില്ക്കാതെ പുറകിലേക്ക് മാറി നില്ക്കൂ. കാണാം, സ്വർഗ്ഗത്തിലെ ദൈവം നിങ്ങളെ മുമ്പിലേക്ക് കൊണ്ടു വന്നു നിർത്തുന്നത്.

സ്വർഗ്ഗത്തിലെ ദൈവം ആർക്കും കടക്കാരനല്ല. മകനേ, നിന്റെ ജീവിതത്തിൽ എളിമ നീ അഭ്യസിക്കുമെങ്കിൽ, നീ താഴ്മ പരിശീലിക്കുമെങ്കിൽ ദൈവം നിന്നെ ഇപ്പോൾ നിൽക്കുന്നേടത്തല്ല, മുന്നോട്ടു മുന്നോട്ട് നീക്കി നിർത്തും.

*"യഹോവ നിന്നെ വാലല്ല, തലയാക്കും"*

*ആവർത്തനം 28 : 13*

*"താഴ്മയ്ക്കും യഹോവാഭക്തിക്കുമുള്ള പ്രതിഫലം ധനവും മാനവും ജീവനുമാകുന്നു."*

*സദൃശവാക്യങ്ങൾ 22 : 4*

അബ്രാഹാം എപ്പോഴും എളിമയോടെ നിന്നു. ഈ ലോകത്തിലേക്ക് ആശ്രയം പോയില്ല. ഈ ലോകത്തിൽ ശരണപ്പെടാതെ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു നിന്നു. ഇതെല്ലാം താല്ക്കാലികം എന്നുള്ള മനോഭാവത്തോടെ പരദേശിയെപ്പോലെ ജീവിച്ചു.

ഒന്ന്, ലോത്ത് രക്ഷിക്കപ്പെട്ടവനായിരുന്നു പക്ഷേ, worship ലഭിച്ചില്ല. അവൻ യാഗപീഠം പണിതില്ല, രണ്ട്, ലോത്ത് കൂടാരങ്ങളിലല്ല, ഭവനത്തിലാണ് പാർത്തത്.

മൂന്നാമതായി, ലോത്തിന്റെ ജീവിതത്തിൽ കാണുന്ന മറ്റൊരു കാര്യം, ലോത്തിന്റെ ആത്മീയ നിലവാരം

താണതായിരുന്നു. ഉല്പത്തിപുസ്തകം പത്തൊൻപതാം അദ്ധ്യായം വായിക്കുമ്പോൾ കാണാം, ലോത്തിന്റെ ഭവനത്തിൽ ചില അതിഥികൾ വന്നിട്ടുണ്ട് എന്നറിഞ്ഞ് സോദോമിലെ പുരുഷന്മാർ വന്ന് ലോത്തിന്റെ ഭവനത്തെ വളഞ്ഞു.

*"അവർ ഉറങ്ങുവാൻ പോകുംമുമ്പെ സൊദോം പട്ടണത്തിലെ പുരുഷന്മാർ സകല ഭാഗത്തുനിന്നും ആബാലവൃദ്ധം എല്ലാവരും വന്നു വീടു വളഞ്ഞു. അവർ ലോത്തിനെ വിളിച്ചു: ഈ രാത്രി നിന്റെ അടുക്കൽ വന്ന പുരുഷന്മാർ എവിടെ? ഞങ്ങൾ അവരെ ഭോഗിക്കേണ്ടതിന് ഞങ്ങളുടെ അടുക്കൽ പുറത്തുകൊണ്ടുവാ എന്ന് അവനോട് പറഞ്ഞു. ലോത്ത് വാതിൽക്കൽ അവരുടെ അടുക്കൽ പുറത്ത് ചെന്നു, കതക് അടച്ചും വച്ചു: സഹോദരന്മാരേ, ഇങ്ങനെ ദോഷം ചെയ്യരുതേ. പുരുഷൻ തൊടാത്ത രണ്ടു പുത്രിമാർ എനിക്കുണ്ട്; അവരെ ഞാൻ നിങ്ങളുടെ അടുക്കൽ പുറത്തുകൊണ്ടുവരാം; നിങ്ങൾക്കു ബോധിച്ചതുപോലെ അവരോട് ചെയ്തുകൊൾവിൻ; ഈ പുരുഷന്മാരോട് മാത്രം ഒന്നും ചെയ്യരുതേ; ഇതിനായിട്ടല്ലോ അവർ എന്റെ വീട്ടിന്റെ നിഴലിൽ വന്നത് എന്നു പറഞ്ഞു."*

*ഉല്പത്തി 19 : 4 – 8*

ലോത്തിന് ആത്മീയനിലവാരം നഷ്ടപ്പെട്ടു. സ്വന്തം പെൺമക്കളെ ദുഷ്ടമനുഷ്യർക്കു കാഴ്ചവയ്ക്കാൻ ലോത്ത് സമ്മതിക്കുകയാണ്. അവിടെ വേറെ ഒരു വലിയ കേടുംവന്നു. ലോത്ത് അറിയേണ്ടതായിരുന്നു, വീട്ടിൽ വന്നത് ദൈവത്തിന്റെ ദൂതന്മാരാണെന്ന്. ലോത്തിന് മനസ്സിലായതുമാണ്. ദൈവത്തിന്റെ മാലാഖമാരാണ് എന്റെ വീട്ടിൽ വന്നതെങ്കിൽ, എന്റെ വീട്ടിൽ ഇന്നു രാപാർക്കുന്നത് ദൈവത്തിന്റെ ദൂതന്മാരാണെങ്കിൽ എന്റെ വീടിനെ പരിപാലിക്കാൻ അവർക്കു കഴിയുമെന്ന് ഒരു വിശ്വാസം

ലോത്തിന് വേണമായിരുന്നു. എങ്കിൽ സോദോമിലെ ദുഷ്ട മനുഷ്യർ വന്നു വൃത്തികെട്ട കാര്യത്തിനുവേണ്ടി സമീപിച്ചപ്പോൾ ലോത്തിന് വിശ്വസിക്കാമായിരുന്നു, എന്റെ വീടു കാക്കാൻ, എന്റെ വീട്ടിൽ വന്നവരെ കാക്കാൻ ഈ മാലാഖമാർ ശക്തരാണ്, ദൈവത്തിന്റെ ദൂതന്മാർ എന്റെ ഭവനത്തെ കാത്തുകൊള്ളും എന്ന്.

അതിനുപകരംലോത്തിന്റെ ആത്മീയനിലവാരം ഏറ്റവും ഹീനമായിപ്പോയി; ലോത്ത്: "എന്റെ പെൺമക്കളെ നിങ്ങൾക്ക് തരാം" എന്നു പറയുകയാണ്. He lost his spiritual standards! ലോത്തിന് അവന്റെ സാക്ഷ്യം നഷ്ടപ്പെട്ടു! സ്വന്തം വീട്ടിൽ സാക്ഷ്യമില്ല. സ്വന്തം പെൺമക്കൾക്ക് വിവാഹം കഴിക്കാൻ നിശ്ചയിച്ചിരുന്ന ചെറുപ്പക്കാരുടെ അടുക്കലും സാക്ഷ്യമുണ്ടായിരുന്നില്ല.

> *"അങ്ങനെ ലോത്ത് ചെന്നു തന്റെ പുത്രിമാരെ വിവാഹം ചെയ്‌വാനുള്ള മരുമക്കളോടു സംസാരിച്ചു: നിങ്ങൾ എഴുന്നേറ്റ് ഈ സ്ഥലം വിട്ടു പുറപ്പെടുവിൻ; യഹോവ ഈ പട്ടണം നശിപ്പിക്കും എന്നു പറഞ്ഞു. എന്നാൽ അവൻ കളി പറയുന്നു എന്ന് അവന്റെ മരുമക്കൾക്കു തോന്നി." ഉല്പത്തി 19 : 14*

അമ്മായിഅപ്പൻ പറഞ്ഞത് കളിപറയുന്ന വാക്കാണെന്നേ ആ ചെറുപ്പക്കാർക്ക് തോന്നിയുള്ളൂ. പെൺമക്കളെ കല്യാണം കഴിക്കാനിരിക്കുന്നവരാണ്. എന്നാൽ ലോത്ത് പറഞ്ഞ വാക്ക് കളിയായിട്ടേ അവർക്കു തോന്നിയുള്ളൂ.

എന്താണ് ലോത്ത് പറഞ്ഞത്?: നാളെ നേരം പുലരുന്നതിനു മുമ്പ് നമ്മുടെ നാട് നശിക്കും, നിങ്ങൾ വേഗം പുറപ്പെടുവിൻ. ഞാനും മക്കളും ഭാര്യയും കൂടെ പുറപ്പെടാൻ തീരുമാനിച്ചിരിക്കുകയാണ്. മക്കളേ, നിങ്ങൾ എന്റെ പെൺമക്കളെ വിവാഹം കഴിക്കാനുള്ളവരല്ലേ? നിങ്ങളും വേഗം വരുവിൻ. നമുക്ക് വേഗം ഒരുങ്ങി പുറപ്പെടാം. അതിവേഗം പുറപ്പെടാം. വേഗം

ഇറങ്ങുവിൻ എന്നുപറഞ്ഞപ്പോൾ അവർ വിചാരിക്കുന്നു, ഈ മനുഷ്യൻ കളി പറയുകയാണ് എന്ന്.

അപ്പനെക്കുറിച്ച് അത്രയേ വിലയുള്ളൂ. അപ്പൻ പറയുന്ന വാക്കിന് അത്രയേ വിലയുള്ളൂ. വിലനഷ്ടപ്പെടാനുള്ള കാരണം ഉല്പത്തി പുസ്തകം പതിമൂന്നാം അദ്ധ്യായത്തിൽ കാണാം.

> *"അപ്പോൾ ലോത്ത് നോക്കി യോർദ്ദാന്നരികെയുള്ള പ്രദേശമൊക്കെയും നീരോട്ടമുള്ളതെന്നു കണ്ടു; യഹോവ സൊദോമിനെയും ഗൊമോരയെയും നശിപ്പിച്ചതിനു മുമ്പേ അതു യഹോവയുടെ തോട്ടം പോലെയും സോവർവരെ മിസ്രയീംദേശം പോലെയും ആയിരുന്നു. ലോത്ത് യോർദ്ദാനരികെയുള്ള പ്രദേശമൊക്കെയും തിരഞ്ഞെടുത്തു; ഇങ്ങനെ ലോത്ത് കിഴക്കോട്ട് യാത്രയായി; അവർ തമ്മിൽ പിരിഞ്ഞു. അബ്രാം കനാൻ ദേശത്ത് പാർത്തു; ലോത്ത് ആ പ്രദേശത്തിലെ പട്ടണങ്ങളിൽ പാർത്തു സൊദോം വരെ കൂടാരം നീക്കി നീക്കി അടിച്ചു."* *ഉല്പത്തി 13 : 10 – 12*

ലോത്ത് തല പൊക്കി നോക്കി യോർദ്ദാന്നരികെയുള്ള പ്രദേശമൊക്കെയും നീരോട്ടമുള്ളതെന്നു കണ്ടു. നീരോട്ടമുള്ള ഈ ലോകത്തിൽ ഉയർച്ചയുള്ള, ഫലപുഷ്ടിയുള്ള സ്ഥലങ്ങളാണ് ലോത്ത് നോക്കിയത്. ലോത്തിന്റെ ലക്ഷ്യം ലോകമായിരുന്നു. അതുകൊണ്ടാണ് സാക്ഷ്യമില്ലാതെ പോയത്. അതുകൊണ്ടാണ് ആരാധനയില്ലാതെ പോയത്. അതുകൊണ്ടാണ് മക്കളുടെ ഇടയിൽ സാക്ഷ്യമില്ലാതെ പോയത്. അതുകൊണ്ടാണ് നല്ലൊരു മാതൃക കാണിച്ചുകൊടുക്കാൻ പറ്റാതെ പോയത്. അതുകൊണ്ട് ലോത്തിന്റെ ഭാര്യ ഉപ്പുതൂണായിത്തീർന്നു.

നിങ്ങളുടെ ജീവിതത്തിൽ ഏറ്റവും പ്രാധാന്യമുള്ളത് ക്രിസ്തുവാണോ അതോ ലോകമാണോ? നിങ്ങളതിന് വ്യക്തമായ മറുപടി കണ്ടുപിടിക്കണം. യേശുവാണോ നിങ്ങൾക്ക് ഒന്നാമത്?

അതോ ലോകമാണോ?

ലോകം വിട്ട് നിങ്ങൾ കാട്ടിൽപോയി താപസന്മാരെപ്പോലെ പർണ്ണശാലകളിൽ താമസിക്കാനല്ല പറഞ്ഞത്. എപ്പോഴും മുഖം മ്ലാനമായി നടക്കാനുമല്ല. സഹോദരങ്ങളേ, നിങ്ങൾ ഈ ലോകത്തിൽ തന്നെയാണ് ജീവിക്കുന്നത്. എന്നാൽ ലോകത്തിന്റെ മാലിന്യം സ്പർശിക്കാതെ ദൈവികരായി നിങ്ങൾക്ക് ജീവിക്കാൻ പറ്റുമോ? ലോകത്തിന്റെ അശുദ്ധി സംഭവിക്കാതെ, ലോകത്തിന്റെ കളങ്കമേശാതെ വിശുദ്ധരായി ജീവിക്കാൻ പറ്റുമോ? എങ്കിൽ നിങ്ങൾ ഭാഗ്യശാലികളായിരിക്കും. എങ്കിൽ നിങ്ങൾ അനേകർക്ക് സന്മാതൃക കാണിച്ചു കൊടുക്കുന്ന വരായിരിക്കും.

നിങ്ങളുടെ കുടുംബത്തിലുള്ളവരെ രക്ഷിക്കുവാൻ നിങ്ങൾ മുഖാന്തരമായിത്തീരും. കുടുംബത്തിലുള്ളവരെ രക്ഷപ്പെടുത്താൻ നിങ്ങൾ വഴി തെളിക്കും. നിങ്ങളുടെ മക്കൾ രക്ഷപ്പെടണ്ടേ? നിങ്ങളുടെ ഭാര്യ രക്ഷപ്പെടണ്ടേ? മകളേ, നിന്റെ ഭർത്താവ് രക്ഷപ്പെടണ്ടേ? നിന്റെ കുടുംബത്തിലുള്ളവർ നിത്യജീവനിലേക്ക് പ്രവേശിക്കണ്ടേ? അവരും നാശത്തിലേക്ക് പോയി, നഷ്ടപ്പെട്ടുപോകണമെന്നാണോ നിന്റെ വിചാരം?

ലോത്തിന്റെ ഭാര്യ ഉപ്പുതൂണായിത്തീർന്നത് ചരിത്രത്തിന്റെ മുന്നിൽ ഒരു സാക്ഷ്യമായി നിൽക്കുകയാണ്. ഒരു മുൻകുറി യായി, താക്കീതായി നില്ക്കുകയാണ്. ലോകത്തെ സ്നേഹിച്ചാൽ സാക്ഷ്യം നഷ്ടപ്പെടും! ലോകത്തെ സ്നേഹിച്ചാൽ സത്യാരാധന നഷ്ടപ്പെടും! ലോകത്തെ സ്നേഹിച്ചാൽ ദൈവത്തോടുള്ള fellowship നഷ്ടപ്പെടും. ദൈവത്തോടുള്ള സംസർഗ്ഗം നഷ്ടപ്പെടും. ലോകത്തെ സ്നേഹിച്ചാൽ കൂടാരങ്ങളിലാണ് പാർക്കുന്നത് എന്നുള്ള ബോധം നഷ്ടപ്പെടും. ലോകത്തെ സ്നേഹിച്ചാൽ ഈ ലോകമാണ് ഒന്നാംസ്ഥാനം എന്ന് നിങ്ങൾക്ക് തോന്നിപ്പോകും.

എന്നാൽ, നിങ്ങൾ സ്നേഹിക്കേണ്ടത് യേശുവിനെയാകട്ടെ.

ഇന്ന് യേശു നിങ്ങളുടെ അരികത്തേക്കുവന്ന് ആണിപ്പാടുള്ള കരം നിങ്ങളുടെ നേരെ നീട്ടിക്കൊണ്ട് കെഞ്ചുന്നു. യേശു നിങ്ങളോട് യാചിച്ചു ചോദിക്കുന്നു. മകനേ, ഈ ലോകം മായയെന്നെണ്ണിക്കൊണ്ട് നിന്റെ ജീവിതം എനിക്ക് തരാമോ? മകളേ, ഈ ലോകം താത്ക്കാലികമെന്നെണ്ണിക്കൊണ്ട് നിന്റെ ജീവിതം എനിക്ക് തരാമോ? യേശുവിനെ കൈക്കൊൾവിൻ. യേശുവിനെ സ്വീകരിപ്പിൻ. യേശുവിനായി ഹൃദയം തുറക്കുവിൻ. യേശുവിന്റെ കൈകളിലേക്ക് നിങ്ങളുടെ ജീവിതം ഏല്പിക്കുവിൻ. പുതിയ തീരുമാനങ്ങളെടുപ്പിൻ.

നമുക്ക് സമർപ്പിക്കാം.എന്റെ യേശുവേ, ഈ നിമിഷം മുതൽ ലോകത്തെ വെറുത്ത് യേശുവിന്റെ അടിമയായി ഞാൻ ജീവിക്കും.

കരുണയുള്ള കർത്താവേ, ഈ ലോകം മായയാണെന്ന് ഞങ്ങൾക്ക് മുന്നറിയിപ്പ് തരുന്നതിനാൽ നിന്നെ സ്തുതിക്കുന്നു. മായയായ ലോകത്ത് ഉണ്മയായത് മുറുകെ പിടിപ്പാൻ ഞങ്ങളെ അവിടുന്ന് വിളിച്ചുവേർതിരിച്ചതിനാൽ സ്തോത്രം. നാഥാ, ഈ വചനം കേട്ട എല്ലാവരേയും അനുഗ്രഹിക്കണമേ. എല്ലാവരോടും മനസ്സലിയണമേ. നിത്യതയ്ക്കുവേണ്ടിയുള്ള ഒരുക്കം തരണമേ. യേശു ക്രൂശിൽ നേടിത്തന്ന രക്ഷ എന്ത് എന്ന് അനുഭവിക്കാൻ എല്ലാവർക്കും ഭാഗ്യം തരണമേ. യേശുവിൻ നാമത്തിൽത്തന്നേ, ആമേൻ.

## ഒൻപത്

*"ഞാൻ വേഗത്തിൽ നിന്റെ അടുക്കൽ വരും എന്ന് ആശിക്കുന്നു; താമസിച്ചുപോയാലോ സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടത് എങ്ങനെയെന്നു നീ അറിയേണ്ടതിന് ഇത് എഴുതുന്നു: അവൻ ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതീകരിക്കപ്പെട്ടു; ദൂതന്മാർക്ക് പ്രത്യക്ഷനായി; ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു; ലോകത്തിൽ വിശ്വസിക്കപ്പെട്ടു; തേജസ്സിൽ എടുക്കപ്പെട്ടു. എന്നിങ്ങനെ ദൈവഭക്തിയുടെ മർമ്മം സമ്മതമാം വണ്ണം വലിയതാകുന്നു."*

*1 തിമൊഥെയൊസ് 3 : 14 – 16*

"സത്യത്തിന്റെ തൂണും, അടിസ്ഥാനവും!" Living bible-ൽ 1 തിമൊഥെയൊസ് 3 : 14 – 16 വരെയുള്ള വാക്യങ്ങളുടെ നേരെയുള്ള തർജ്ജമ ഇങ്ങനെയാണ്.

"വേഗത്തിൽ നിന്റെ അടുക്കൽ വന്നു ചേരാമെന്ന് ഞാൻ ആശിക്കുന്നുണ്ടെങ്കിലും താമസിച്ചുപോയാൽ ജീവനുള്ള ദൈവത്തിന്റെ സഭയിൽ ഭാരവാഹികളായി തിരഞ്ഞെടുക്കേണ്ടത് എങ്ങനെയുള്ളവരെയാണെന്ന് നിന്നെ അറിയിക്കാൻ ഞാനീ കത്തെഴുതുന്നു. ദൈവികസത്യങ്ങളുടെ കലവറയാണ് സഭ. ആ സത്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതും സഭ തന്നെ.

ദൈവഭക്തിയോടുകൂടിയ ജീവിതത്തിന്റെ മാർഗ്ഗം സുഗമമല്ലെന്നത് തികച്ചും സത്യമാണ്. എന്നാൽ ആ പ്രശ്നത്തിന്റെ

ഉത്തരം ക്രിസ്തുവിലാണ്. ക്രിസ്തു മനുഷ്യനായി ലോകത്തിൽ വന്നു, ആത്മാവിൽ വിശുദ്ധനും നിഷ്ക്കളങ്കനും എന്ന് തെളിയിച്ചു, ദൂതന്മാർ ക്രിസ്തുവിനെ പരിചരിച്ചു. നാനാജനങ്ങളുടെ ഇടയിൽ ക്രിസ്തു പ്രസംഗിക്കപ്പെട്ടു. ലോകമെങ്ങുമുള്ള ജനങ്ങൾ ക്രിസ്തുവിനെ സ്വാഗതം ചെയ്തു. വീണ്ടും സ്വർഗ്ഗത്തിൽ തന്റെ മഹിമയിലേക്ക് ക്രിസ്തു സ്വീകരിക്കപ്പെടുകയും ചെയ്തു" വിശദീകരിച്ചാണ് ആ പരാവർത്തനം നാം വായിക്കുന്നത്. അതൊരു (paraphrase) പരാവർത്തനമാണ്.

തിമൊഥെയോസിനെഴുതിയ ലേഖനങ്ങൾ രണ്ടും അപ്പൊസ്തലൻ എഴുതിയ ഒടുവിലത്തെ ലേഖനങ്ങളാണ്. ഒടുവിൽ കാരാഗൃഹത്തിൽ കിടന്നപ്പോൾ അപ്പൊസ്തലൻ എഴുതിയ മൂന്നു ലേഖനങ്ങളിൽ ആദ്യത്തെ ലേഖനമാണ് തിമൊഥെയൊസിനെഴുതിയ ഒന്നാമത്തെ ലേഖനം. ആദ്യം അപ്പൊസ്തലൻ റോമൻ കാരാഗൃഹത്തിൽ കിടന്നപ്പോൾ നാല് ലേഖനം എഴുതുകയുണ്ടായി. എഫെസ്യ ലേഖനം, കൊലൊസ്സ്യ ലേഖനം, ഫിലേമോനെഴുതിയ ലേഖനം, ഫിലിപ്പ്യ ലേഖനം.

കാരാഗൃഹത്തിൽ നിന്നും മോചനം കിട്ടിയതിനുശേഷം അപ്പൊസ്തലൻ പിന്നേയും സഞ്ചരിച്ചു, സുവിശേഷവേലകൾ ചെയ്തു. അപ്പൊസ്തലൻ വീണ്ടും റോമൻ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു. അന്ന് മൂന്ന് ലേഖനങ്ങളെഴുതി. ആ മൂന്നു ലേഖനങ്ങളാണ് തിമൊഥെയൊസിന് എഴുതിയ ഒന്നാമത്തെ ലേഖനം, തീത്തോസിനെഴുതിയ ലേഖനം, തിമൊഥെയൊസിനെഴുതിയ രണ്ടാമത്തെ ലേഖനം.

അന്ന് തിമൊഥെയൊസ്, എഫെസൊസ് എന്ന സ്ഥലത്തെ പ്രാദേശിക സഭയുടെ ബിഷപ്പാണ്. തീത്തോസ്, Crete അഥവാ ക്രേത്ത എന്നുപറയുന്ന പ്രാദേശിക സഭയുടെ ബിഷപ്പാണ്.

പൗലോസ്ശ്ലീഹാ തിമൊഥെയൊസിനോട് പറയുകയാണ്: മകനേ, എനിക്ക് വീണ്ടും നിന്നെ കാണാൻ ആഗ്രഹമുണ്ട്; പക്ഷേ, കാണാൻ പറ്റുമോ, വീണ്ടും നിന്നെ സന്ധിക്കാൻ സാധിക്കുമോ എന്ന് എനിക്ക് അറിയാൻ പാടില്ല.

എന്നാൽ എനിക്ക് നിന്നെ ചിലകാര്യങ്ങൾ ഭരമേൽപ്പിക്കാനുണ്ട്. എങ്ങനെയുള്ളവരെയാണ് കർത്താവിന്റെ ശുശ്രൂഷക്കാരായി, ജനത്തിന്റെ ഇടയന്മാരായി നീ തെരഞ്ഞെടുത്ത്, appoint ചെയ്യേണ്ടത് എന്ന് നിനക്ക് ചില കാര്യങ്ങൾ മനസ്സിലാക്കിത്തരുവാൻ ഞാൻ ആഗ്രഹിക്കുന്നു. സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി നിലനില്ക്കുന്നവരെ മാത്രമേ നീ തെരഞ്ഞെടുക്കാവൂ.

സത്യത്തിന്റെ തൂണും അടിസ്ഥാനവും ആരാണ്? സത്യത്തിന്റെ തൂണും അടിസ്ഥാനവും എന്താണ്? ക്രിസ്തുമാത്രമാണ് അടിസ്ഥാനം!ക്രിസ്തുവാണ് അടിസ്ഥാനശില! ക്രിസ്തുവാണ് ആധാരശില! പ്രിയപ്പെട്ടവരേ, ക്രിസ്തു എന്ന പാറയിലാണ് സഭ പണിയപ്പെട്ടിരിക്കുന്നത്. ക്രിസ്തു കേന്ദ്രീകൃതമാണ് സഭ. ഇന്ന് പ്രാദേശിക സഭകളും സമുദായങ്ങളും ധാരാളമുണ്ട്. പുതിയസഭകൾ ഉദയംകൊള്ളുകയും പുതിയ വിശ്വാസ സംഹിതകൾ പ്രചരിക്കയും ചെയ്യുന്നുണ്ട്. എന്നാൽ സത്യമായ സഭ, സമുദായമേതായാലും ക്രിസ്തുവിന്റെ സഭയാണ്.

ക്രിസ്തുവിന്റെ സഭ, ക്രിസ്തു എന്ന പാറമേൽ അടിസ്ഥാനപ്പെട്ടതാണ്. ഒരവസരത്തിൽ, തന്നെക്കുറിച്ച് ആളുകൾ എന്താണ് പറയുന്നത് എന്ന് കർത്താവു ശിഷ്യന്മാരോട് ചോദിച്ചു. അതിനുശേഷം നിങ്ങൾ എന്നെക്കുറിച്ച് എന്താണ് പറയുന്നത് എന്ന് ചോദിച്ചു. അപ്പോൾ പത്രോസ് ശ്ലീഹാ പറഞ്ഞു: “നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു” എന്ന്.

ഉടനെ കർത്താവ് പറഞ്ഞു: “ബർയോനാ ശീമോനേ, നീ ഭാഗ്യവാൻ.” യോഹന്നാന്റെ മകനായ ശീമോനേ നീ ഭാഗ്യവാൻ. “ജഡരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ പിതാവത്രേ നിനക്കിതു വെളിപ്പെടുത്തിയത്. നീ പത്രോസ് ആകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും.” നീ ഒരു പാറക്കഷണമാണ്. എന്നാൽ നിന്റെ മേൽ പണിതിരിക്കുന്ന ക്രിസ്തു സാക്ഷാൽ പാറയാണ്. നീ ഏറ്റുപറഞ്ഞിരിക്കുന്ന വിശ്വാസം,

ക്രിസ്തുവിലുള്ള വിശ്വാസം, അതാണ് പാറ. ആ പാറമേൽ ഞാനെന്റെ സഭയെ പണിയും.

പ്രിയപ്പെട്ടവരേ, ക്രിസ്തുകേന്ദ്രീകൃതമാണ് സഭ. ക്രിസ്തുവിൽ മാത്രമേ സത്യമുള്ളൂ. ക്രിസ്തുമാത്രമേ സത്യമായിട്ടുള്ളൂ. ഭാഗിക സത്യമല്ല, ക്രിസ്തു സമ്പൂർണ്ണ സത്യ മാണ്. ക്രിസ്തു മികവേറിയ, തികവുറ്റ സത്യമാണ്.

സമുദായങ്ങൾ പലതുണ്ട്. ക്രിസ്ത്യൻ റിവൈവൽ ഫെല്ലോ ഷിപ്പ് എന്ന ഈ കൂട്ടായ്മ ഭാഗ്യവശാൽ ക്രിസ്തുവിനെ കേന്ദ്രീ കരിച്ചിരിക്കുകയാണ്. ഏതെങ്കിലും ഒരു വ്യക്തിയുടെ പിറ കെയല്ല പോകുന്നത്. ഏതെങ്കിലും ഒരു ചിന്താഗതിയുടെ പിറകെയല്ല പോകുന്നത്. ഏതെങ്കിലും തത്വചിന്തയുടെ പിന്നാ ലെയല്ല പോകുന്നത്. വചനം പറയുന്ന ആരുടെയെങ്കിലും പിന്നാലെയല്ല പോകുന്നത്. നാം പോകുന്നത് ക്രിസ്തു എന്ന ഒരേയൊരു വ്യക്തിയെ മാത്രം കേന്ദ്രീകരിച്ചാണ്.

നാം പലരും പല സഭകളിലും സമുദായങ്ങളിലും പെട്ടവരാണ്. കത്തോലിക്കാ സഭയിലുള്ളവരുണ്ട്, യാക്കോ ബായ സഭയിലുള്ളവരുണ്ട്, ഓർത്തഡോക്സ് സഭയിലുള്ള വരുണ്ട്, മാർത്തോമ്മാസഭയിലുള്ളവരുണ്ട്, ഇവാഞ്ചലിക്കൽ സഭയിലുള്ളവരുണ്ട്, ക്നാനായ സഭയിലുള്ളവരുണ്ട്, സി.എ സ്.ഐ. സഭയിലുള്ളവരുണ്ട്. ഇതര സഭകളിൽപ്പെട്ട അനേക മനേകം ആളുകൾ കൂടിവരുന്നുണ്ട്. നമുക്ക് തമ്മിൽ ഭേദമില്ല; കക്ഷി പരിഗണനയില്ല.

നമുക്ക് വ്യക്തമായും വ്യവസ്ഥാപിതമായും പ്രഖ്യാപിതമായ ചില നയങ്ങളുണ്ട്. നമ്മുടെ കേന്ദ്രം ക്രിസ്തു മാത്രമാണ്. ക്രിസ്തുവിനെ മുൻ നിർത്തി, ക്രിസ്തുവിനെ മാത്രം ലാക്കാക്കിയാണ് മുന്നോട്ട് പോകുന്നത്. വേദപുസ്തകം മാത്രം ആധാരമാക്കി യാണ് നാം മുന്നോട്ട് പോകുന്നത്.

ഈ വേദപുസ്തകത്തിലുള്ളതല്ലാതെ ഒരക്ഷരംപറയുക യില്ല, പഠിപ്പിക്കുകയില്ല.അതുകൊണ്ടാണ് ആവർത്തിച്ച് ഉറ

പ്പിച്ചു പറയുന്നത് സഭ മാറണ്ട, സമുദായം മാറണ്ട എന്ന്. സമുദായങ്ങൾക്ക് അതാതിന്റെ വിശ്വാസസംഹിതകളുണ്ട്. അതാതിന്റെ doctrinal differences ഉണ്ട്. ആയിക്കൊള്ളട്ടെ. പക്ഷേ, കാതലായ വിശ്വാസം കർത്താവായ യേശുക്രിസ്തു രക്ഷകൻ! യേശുക്രിസ്തു ക്രൂശിൽ മരിച്ചു. അതാണിവിടെ പറയുന്നത്.

ദൈവഭക്തിയുടെ മർമ്മം സമ്മതമാംവണ്ണം വലിയതാകുന്നു. ഇംഗ്ലീഷ് ബൈബിളിൽ അതെഴുതിയിരിക്കുന്നത്, “Beyond all questions, the mystery of Godness is great.” ദൈവത്തിന്റെ രഹസ്യം, ദൈവത്തിന്റെ സത്യത്തിന്റെ മർമ്മം അത് വളരെ വലുതാണ്. എല്ലാ ചിന്തകൾക്കും എല്ലാ ചോദ്യങ്ങൾക്കും എല്ലാ സംശയങ്ങൾക്കും അതീതമായി യേശുക്രിസ്തുവിൽ കേന്ദ്രീകരിച്ചിരിക്കുന്നു എന്നുപറയുന്ന ആ മർമ്മം വളരെ ഉന്നതമാണ്.വളരെ ബൃഹത്താണ്. അത് വളരെ വിശാലമാണ്. യേശുക്രിസ്തുമാത്രം കേന്ദ്രം.

യേശുക്രിസ്തു ക്രൂശിൽ മരിച്ചു എന്ന് എല്ലാ സമുദായങ്ങളും വിശ്വസിക്കുന്നു. സത്യമാണ് ആ വിശ്വാസം. ഇങ്ങനെ വിശ്വസിച്ചു എന്നുള്ളതുകൊണ്ട് കാര്യമായില്ല. നാം എന്താണ് ചെയ്യേണ്ടത്? യേശുക്രിസ്തു ക്രൂശിൽ മരിച്ചു എന്ന് വിശ്വസിക്കുന്നതിനോടൊപ്പം തന്നെ ഞാനും ക്രൂശിക്കപ്പെട്ടു എന്ന് നാം നമ്മെത്തന്നെ ക്രൂശിൽ അർപ്പിക്കുന്നു.

എന്റെ പഴയ മനുഷ്യൻ ക്രൂശിക്കപ്പെട്ടു. എന്റെ കോപം ക്രൂശിക്കപ്പെട്ടു. എന്റെ വാശിയും വൈരാഗ്യവും ക്രൂശിക്കപ്പെട്ടു. എന്റെ ജഡമോഹങ്ങളും ലൈംഗിക വൈകൃതങ്ങളും ക്രൂശിക്കപ്പെട്ടു. എന്റെ ജീവിതത്തിലെ മാലിന്യങ്ങൾ ക്രൂശിക്കപ്പെട്ടു. എന്റെ ദ്രവ്യാഗ്രഹവും അഹന്തയും ക്രൂശിക്കപ്പെട്ടു. എന്റെസ്വയം – ego- ക്രൂശിക്കപ്പെട്ടു.

എന്റെ തന്നിഷ്ടം ക്രൂശിക്കപ്പെട്ടു. എന്റെ സ്വയപ്രശംസയും സ്വയമഹത്വവും ക്രൂശിക്കപ്പെട്ടു. എന്റെ നിഗളവും അഹങ്കാരവും ക്രൂശിക്കപ്പെട്ടു. എന്റെ ഹൃദയത്തിൽ അടിഞ്ഞുകൂടിയിരിക്കുന്ന പാപപ്രവണതകൾ ക്രൂശിക്കപ്പെട്ടു. ഞാൻ

ക്രൂശിക്കപ്പെട്ടു. അത് സംഭവിക്കാതെ യേശുക്രിസ്തു ക്രൂശിൽ മരിച്ചു എന്നു ഞാൻവിശ്വസിക്കുന്നു എന്നുപറഞ്ഞതുകൊണ്ട് കാര്യമായില്ല.

യേശുക്രിസ്തു ക്രൂശിൽ മരിച്ചു എന്ന് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ നിങ്ങൾ ക്രൂശിന്മേൽ അർപ്പിക്കപ്പെട്ടു എന്ന് നിങ്ങൾ വിശ്വസിക്കണം. പഴയ മനുഷ്യൻ ക്രൂശിക്കപ്പെട്ടു എന്ന് വിശ്വസിക്കണം. അപ്പൊസ്തലനായ പൗലോസ്, ഗലാത്യ ലേഖനത്തിൽ മൂന്ന് സ്ഥലത്ത് ക്രൂശിക്കപ്പെട്ടു എന്ന വാക്ക് പറയുന്നുണ്ട്.

> *"ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു."* *ഗലാത്യർ 2 : 20*
>
> *"ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുംകൂടെ ക്രൂശിച്ചിരിക്കുന്നു."*
> *ഗലാത്യർ 5 : 24*
>
> *"എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിലല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്. അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിന്നും ക്രൂശിക്കപ്പെട്ടിരിക്കുന്നു."*
> *ഗലാത്യർ 6 : 14*

പ്രിയപ്പെട്ടവരേ, നാം ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഈ തിരിച്ചറിവ്, ഈ അനുഭവമാണ് നാം പ്രാപിക്കേണ്ടത്. അപ്പോൾ മാത്രമേ നാം വാസ്തവത്തിൽ ക്രിസ്ത്യാനികളായിത്തീരുന്നുള്ളൂ. ക്രിസ്ത്യാനി എന്നു പേരുള്ളവർ ധാരാളം ഉണ്ട്. അവർ നാമധേയ ക്രിസ്ത്യാനികളാണ്. എന്നാൽ യഥാർത്ഥ ക്രിസ്ത്യാനി ക്രിസ്തു ഹൃദയത്തിലുള്ളവനാണ്. ക്രിസ്തു ഉള്ളവരായി നാം ജീവിക്കണം. ക്രിസ്തു നമ്മുടെ ജീവിതത്തിൽ വസിക്കണം.

ക്രൂശിന്റെ ഒരു വശത്ത് യേശു, മറുവശത്ത് ഞാനും

ക്രൂശിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തു ഉയിർത്തെഴുന്നേറ്റു, ഞാനും ഉയിർത്തെഴുന്നേറ്റിരിക്കുന്നു. എന്റെ പഴയ മനുഷ്യൻ ക്രൂശിക്കപ്പെട്ടു, ഞാൻ ഒരു പുതിയ മനുഷ്യനായി ഉയിർത്തെഴുന്നേറ്റിരിക്കുന്നു. ഇനി പഴയ കോപമില്ല, വാശിയില്ല, വൈരാഗ്യമില്ല, പിണക്കമില്ല, ദ്രവ്യാഗ്രഹമില്ല, ദുശ്ശീലങ്ങളില്ല, പഴയദുഷിച്ച പ്രവണതകളില്ല, പഴയ തിന്മകളില്ല. പുതിയ സൃഷ്ടിയായി കഴിഞ്ഞിരിക്കുന്നു.

> *"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയത് കഴിഞ്ഞുപോയി, ഇതാ, അത് പുതുതായിത്തീർന്നിരിക്കുന്നു. അതിന്നൊക്കെയും ദൈവം തന്നേ കാരണഭൂതൻ."*
>
> *2 കൊരിന്ത്യർ 5 : 17, 18*

ഒരു പുതിയ അനുഭവത്തിൽ നാം ജീവിക്കുന്നു. ക്രിസ്തു ക്രൂശിക്കപ്പെട്ടു; ക്രിസ്തുഉയിർത്തെഴുന്നേറ്റു; ക്രിസ്തു ഇന്ന് മറഞ്ഞിരിക്കുന്നു. ക്രിസ്തു പിതാവിന്റെ സന്നിധിയിൽ സ്വർഗ്ഗാരോഹണം ചെയ്ത് കരേറിപ്പോയിരിക്കുന്നു. ഞാൻ ക്രിസ്തുവിനോടുകൂടെ കരേറിപ്പോയിരിക്കുന്നു. സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു എന്നാണ് അപ്പൊസ്തലൻ പറയുന്നത്. നമ്മെയും സ്വർഗ്ഗത്തിൽ ഇരുത്തിയിരിക്കുകയാണ്. നമ്മുടെ ശരീരം ഈ ഭൂമിയിൽ സഞ്ചരിക്കുന്നു എങ്കിലും ആത്മാവ് സ്വർഗ്ഗത്തിൽ ഇരിക്കുകയാണ്. അതാണ്, "നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു" എന്ന് അപ്പൊസ്തലൻ പറയുന്നത്.

> *"നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെ നിന്ന് കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്കു കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും."*
>
> *ഫിലിപ്പ്യർ 3 : 20, 21*

ഒരു നല്ല ഭാവി നമുക്കുണ്ട്. ഒരനുഗൃഹീതമായ നല്ലകാലം നമുക്കുണ്ട്. നമ്മുടെ ഈ ശരീരം രൂപാന്തരപ്പെടും. ഇന്ന് ആത്മാവ് രൂപാന്തരപ്പെട്ടു. ഇനിശരീരം രൂപാന്തരപ്പെടും. "ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിന് കാത്തുകൊണ്ട് ഉള്ളിൽ ഞരങ്ങുന്നു" എന്ന് അപ്പൊസ്തലൻ റോമർ ലേഖനം എട്ടാം അദ്ധ്യായത്തിൽ പറയുന്നു.

ശരീരത്തിന് വീണ്ടെടുപ്പു കിട്ടാൻ പോകുന്നു. അത് ഒന്നാമത്തെ പുനരുത്ഥാനത്തിലാണ്.

ചില പ്രഖ്യാപിത നയങ്ങളുണ്ട്. സഭയ്ക്കും സമുദായത്തിനും അതീതമായി സഭാഭേദം കൂടാതെ,സമുദായവ്യത്യാസം കൂടാതെ യേശുക്രിസ്തുവിന്റെ ക്രൂശുമരണത്താൽ യേശുക്രിസ്തുവിന്റെ ജയമുള്ള സ്ലീബായാൽ രക്ഷിക്കപ്പെട്ടവരായി, യേശു ക്രിസ്തുവിന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടവരായി യേശുക്രിസ്തുവിന്റെ പരിശുദ്ധാത്മാവിനാൽ നവീകരിക്കപ്പെ ട്ടവരായി, യേശുക്രിസ്തുവിന്റെ പരിശുദ്ധാത്മാവ് തരുന്ന വിശുദ്ധീകരണം അനുഭവിക്കുന്നവരായി ഈ ലോകത്തിൽ ജീവിക്കാനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. താത്ക്കാലി കമായ ചില മാറ്റങ്ങൾകൊണ്ട്, ചില സഭാമാറ്റംകൊണ്ടോ സമു ദായമാറ്റംകൊണ്ടോ ഒന്നും നേടാൻ പോകുന്നില്ല.

സ്വഭാവം മാറണം. ഹൃദയം മാറണം. ചിന്താഗതികൾ മാറണം. മനോഭാവം മാറണം. അതൊന്നും മാറാതെ വാശിയും പിണക്കവും വഴക്കും തൊഴുത്തിൽകുത്തും കിടമത്സരവും അസൂയയും പകയും വിദ്വേഷവും ഉള്ളിൽ വച്ചുകൊണ്ട് സഭ മാറിയാൽ എന്തു പ്രയോജനം? അതുകൊണ്ടാണ് ഈ കാര്യം ഊന്നിപ്പറയുന്നത്.

നിങ്ങളുടെ ചിന്താഗതിയിൽ യാതൊരു കാരണവശാലും വേറൊരു ഭാവം കടന്നുവരരുത്. നമ്മുടെ ലക്ഷ്യം, നമ്മുടെ കേന്ദ്രം ക്രിസ്തുവാണ്. ക്രിസ്തു ക്രൂശിൽ എനിക്കുവേണ്ടി മരിച്ചു. ക്രിസ്തു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു. ഞാൻ എന്നെത്തന്നെ ക്രിസ്തുവിന് സമർപ്പിച്ചിരിക്കുന്നു. ഞാൻ

അവന്റെ വകയാണ്. ഈ ബോദ്ധ്യത്തോടുകൂടി ജീവിക്കുവാനാണ് കർത്താവ് നമ്മെ വിളിച്ച് വേർതിരിച്ച് തിരഞ്ഞെടുത്തിരിക്കുന്നത്.

എന്നാൽ ഇതുവരെയും ഈ ബോദ്ധ്യത്തിൽ എത്താൻ നിങ്ങൾക്കു കഴിഞ്ഞിട്ടില്ലേ? നിങ്ങൾക്ക് പാപത്തിന്റെ മേൽ ജയം കിട്ടിയിട്ടില്ലേ? മുഴുവനായി ഒരു ക്രൂശീകരണം സാധിച്ചില്ലേ? നിങ്ങൾ പതറണ്ട; പരിഭ്രമിക്കണ്ട.

> *"എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇത് നിങ്ങൾക്ക് എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കൽ ഉണ്ട്. അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുന്നു; നമ്മുടേതിനു മാത്രമല്ല, സർവ്വലോകത്തിന്റെ പാപത്തിനും തന്നെ."* 1 യോഹന്നാൻ 2 : 1, 2

അറിയാതെ എന്തെങ്കിലും പാപത്തിന്റെ ചിന്ത വന്നാൽ ഭയപ്പെടേണ്ട. എന്റെ കർത്താവേ, നിന്റെ തിരുരക്തത്താൽ എന്നെ പൊതിയണമേ എന്നു പ്രാർത്ഥിക്കുക. എന്റെ യേശുവേ, നിന്റെ തിരുരക്തത്താൽ എന്നെ ആവരണം ചെയ്യണമേ, നിന്റെ തിരുരക്തത്താൽ എന്നെ രക്ഷിക്കണമേ എന്നു പ്രാർത്ഥിക്കുക. ഈ പാപചിന്ത എന്നിലേക്ക് ഇനി വരാതവണ്ണം നിന്റെ തിരുരക്തത്താൽ എന്നെ സംരക്ഷിക്കണമേ എന്നു പ്രാർത്ഥിക്കുക.

സഹോദരങ്ങളേ, നിങ്ങൾക്ക് ജയിച്ച് ജയിച്ച് മുന്നേറാം. നിങ്ങൾ ലോകത്തിന്റെ വെളിച്ചമായി മാറും. അത്ഭുതകരമായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന വീരജ്യോതിസ്സുകളായി നിങ്ങൾ മാറും. നിങ്ങളിൽക്കൂടി കർത്താവ് ചില അത്ഭുതങ്ങൾ നടത്താൻ തുടങ്ങും. നിങ്ങളിൽ നിന്നുകൊണ്ട് കർത്താവ് ചില അതിശയങ്ങൾ പ്രവൃത്തിക്കാൻ തുടങ്ങും. നിങ്ങളെ കാണുന്നവർ യേശുവിനെ നിങ്ങളിൽക്കൂടി കാണാൻ തുടങ്ങും.

നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടിട്ട് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം മനുഷ്യരുടെ മുമ്പിൽ പ്രകാശിക്കുന്നതായിത്തീരും.

സ്നേഹിതരേ, നിങ്ങളുടെ ജീവിതം വെളിച്ചമുള്ളതാകാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? എങ്കിൽ ഇപ്പോൾ കർത്താവിനോടു പറയൂ: കർത്താവേ, എന്റെ ഹൃദയത്തിൽ ജീവന്റെ പ്രകാശം ഉദിപ്പിക്കണമേ. എന്റെ ഹൃദയത്തിൽ യേശുക്രിസ്തു എഴുന്നള്ളിവരണമേ.

നാഥാ, ഇത്രയും കാലം പാപത്തിനടിമയായി, തിന്മയ്ക്ക് വിധേയപ്പെട്ട് ഞാൻ ജീവിച്ചുപോയി. ഇത്രയും കാലം എന്റെ ജീവിതം ഞാൻ പാഴാക്കിക്കളഞ്ഞുപോയി. എന്നാൽ നാഥാ, ഇന്നു ഞാനീ വാക്കുകളെ വായിക്കുമ്പോൾ നിന്റെ ക്രൂശിലേക്ക് നോക്കിക്കൊണ്ട് എന്നെത്തന്നെ കുരിശിൻ ചുവട്ടിലേക്ക് സമർപ്പിക്കുന്നു. സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ യേശുക്രിസ്തുവിനെ കൈക്കൊണ്ടുകൊണ്ട് പുതിയജീവിതം നയിപ്പാൻ ഞാനിതാ ഒരുങ്ങുന്നു. എന്നെ കൈക്കൊള്ളണമേ. എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളിവരണമേ.

സ്നേഹിതരേ, നിങ്ങൾ പ്രാർത്ഥിക്കൂ. യേശുക്രിസ്തു നിങ്ങളുടെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരും. യേശു നിങ്ങളെ ആശ്വസിപ്പിക്കും. യേശു നിങ്ങൾക്ക് ധൈര്യം തരും; നിങ്ങളുടെ പ്രത്യാശ വർദ്ധിപ്പിച്ചു തരും. യേശു നിങ്ങളുടെ വിശ്വാസം ഉറപ്പിച്ചു തരും. യേശു നിങ്ങളിലേക്ക് സ്നേഹം പകർന്നു തരും. നിങ്ങളെ അനുഗ്രഹിക്കും. എല്ലാ നന്മകളാലും യേശുക്രിസ്തു നിങ്ങളെ നിറയ്ക്കും.

# പത്ത്

*"എനിക്കു ലഭിച്ച കൃപ അറിഞ്ഞുംകൊണ്ടു തൂണുകളായി എണ്ണപ്പെട്ടിരുന്ന യാക്കോബും കേഫാവും യോഹന്നാനും ഞങ്ങൾ ജാതികളുടെ ഇടയിലും അവർ പരിച്ഛേദനക്കാരുടെ ഇടയിലും സുവിശേഷം അറിയിപ്പാന്തക്കവണ്ണം എനിക്കും ബർന്നബാസിനും കൂട്ടായ്മയുടെ വലങ്കൈ തന്നു. ദരിദ്രരെ ഞങ്ങൾ ഓർത്തുകൊള്ളേണം എന്നു മാത്രം അവർ പറഞ്ഞു; അങ്ങനെ ചെയ്‌വാൻ ഞാൻ ഉത്സാഹിച്ചുമിരിക്കുന്നു." ഗലാത്യർ 2 : 9, 10*

അപ്പൊസ്തലനായ പൗലോസ് ഗലാത്യർക്ക് എഴുതിയ ലേഖനത്തിലാണ് തൂണുകളായി എണ്ണപ്പെട്ടിരുന്ന യാക്കോബ്, കേഫാ, യോഹന്നാൻ എന്നിവരെക്കുറിച്ച് പറയുന്നത്. തിരുവചനത്തിലെ തൂണുകൾ എന്നുള്ളതാണ് നാം ചിന്തിച്ചു വരുന്ന വിഷയം.

സഭയുടെ തൂണ് കർത്താവായ യേശുക്രിസ്തുവാണ്. വിശുദ്ധന്മാർ യേശുക്രിസ്തുവിൽ മറഞ്ഞിരിക്കുന്നവരാണ്. യേശുക്രിസ്തു തേജസ്സിൽ മറഞ്ഞിരിക്കുന്നതുപോലെ, ക്രിസ്തുവിൽ ലയിച്ചും ക്രിസ്തുവിൽ അലിഞ്ഞും മറഞ്ഞിരിക്കുന്നവരാണ് വിശുദ്ധന്മാർ.

*"ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ*

*ഉയരത്തിലുള്ളത് അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതുതന്നേ ചിന്തിപ്പിൻ. നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു.” കൊലോസ്യർ 3 : 1 – 3*

കൊലോസ്യയിലുള്ള വിശ്വാസികളെക്കുറിച്ച് അപ്പൊസ്തലനായ പൗലോസ് പറയുകയാണ്: “നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു.”

എത്രയോ ഉന്നതമായ പദവിയാണത്! എന്തൊരു ഭാഗ്യലബ്ധിയാണ്! ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. ഉയരത്തിൽ മറഞ്ഞിരിക്കുന്നു. നിങ്ങൾ മരിച്ച് നിങ്ങളുടെ ജീവൻ ‘ക്രിസ്തുവിനോടുകൂടെ’ – അതൊരു മർമ്മമായി, രഹസ്യമായി ഒളിഞ്ഞിരിക്കുന്നു. ഇന്ന് പുറമേ വെളിപ്പെടുന്നില്ല. എന്നാൽ നിങ്ങൾ ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾത്തന്നേ നിങ്ങൾ സ്വർഗ്ഗീയന്മാരാണ്. നിങ്ങൾ ഭൗമികന്മാരല്ല.

“നിങ്ങൾ ലോകക്കാരായിരുന്നുവെങ്കിൽ ലോകം തനിക്ക് സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു. എന്നാൽ നിങ്ങൾ ലോകക്കാരായിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽനിന്ന് തിരഞ്ഞെടുത്തതുകൊണ്ട് ലോകം നിങ്ങളെ പകയ്ക്കുന്നു.” യോഹന്നാൻ 15 : 19. ലോകക്കാർ നിങ്ങളെ സ്നേഹിക്കുന്നില്ല. കാരണം, നിങ്ങൾ ലോകത്തിന്റെ സ്വന്തമല്ല. നിങ്ങൾ ക്രിസ്തുവിനോടു കൂടെ മറഞ്ഞിരിക്കുകയാണ്.

ലോകം നിങ്ങളെ പകയ്ക്കുകയാണ്. ലോകം നിങ്ങളെ വെറുക്കുകയാണ്. സകലരും നിങ്ങളെ പരിഹസിക്കുകയാണ്. പലരും നിങ്ങളെ തെറ്റിദ്ധരിക്കുകയാണ്. സകലരും തിരസ്ക്കരിക്കുകയാണ്. നിങ്ങൾ പറയുന്ന വാക്കുകൾ കൈക്കൊള്ളാൻ പലരും തയ്യാറാകുന്നില്ല. കാരണമെന്താണ്? നിങ്ങൾ ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നു.

നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു (You are hidden in Christ). നിങ്ങൾ ക്രിസ്തുവിൽ മറയ്ക്കപ്പെട്ടിരിക്കയാണ്. ഇനി എന്താണ് സംഭവിക്കാൻ പോകുന്നത്? നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

ഇന്ന് നിങ്ങളുടെ ആത്മാവ് തേജസ്സിൽ മറഞ്ഞിരിക്കുന്നു. എന്നാൽ ജീവനായ ക്രിസ്തു വെളിപ്പെടുന്ന ഒരു നാളുണ്ട്. ക്രിസ്തു വീണ്ടും വരും. അന്ന് നിങ്ങളും, ഇന്ന് ദൈവത്തിൽ മറഞ്ഞിരിക്കുന്ന നിങ്ങളും ക്രിസ്തുവിനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

വളരെ പദവിയേറിയ കാര്യമാണ് പറയുന്നത്. നമുക്കിത് ചിന്തിക്കാൻ പറ്റുന്നതല്ല. നമ്മുടെ ചിന്തയ്ക്ക് അതീതമാണ്. നമ്മുടെ ഭാവനയ്ക്ക് അപ്പുറമാണ്. നമുക്ക് മനസ്സിലാകുന്നതല്ല. നാം ദൈവത്തിൽ മറഞ്ഞിരിക്കുന്നു. ക്രിസ്തു വെളിപ്പെടുമ്പോൾ ക്രിസ്തുവിനോടുകൂടെ തേജസ്സിൽ നാം വെളിപ്പെടും! ഇന്ന് കണ്ണീരുള്ള ജീവിതമാണ്. ദുരിതം നിറഞ്ഞ ജീവിതമാണ്. ഇന്ന് യാതനയുള്ള ജീവിതമാണ്. അനേകർ നമ്മെ തെറ്റിദ്ധരിക്കുന്നു. പലരും മിഥ്യാപവാദങ്ങൾ പറയുന്നു. ആക്ഷേപങ്ങളും പരിഹാസങ്ങളും തെറുത്തുയരുന്നു. ഇന്ന് സകലരും നമ്മെ വെറുക്കുകയും പരിത്യജിക്കയും തിരസ്ക്കരിക്കയും ചെയ്യുന്നു.

പ്രിയപ്പെട്ടവരേ, ഇന്ന് ചിലർ നമ്മെ നിഷ്ക്കാസനം ചെയ്യുന്നു. സമൂഹങ്ങളിൽനിന്ന് ബഹിഷ്ക്കരിക്കുന്നു. യോഹന്നാന്റെ സുവിശേഷം പതിനാറാം അദ്ധ്യായത്തിൽ കർത്താവു പറഞ്ഞു: “നിങ്ങളെ പള്ളിഭ്രഷ്ടരാക്കും, നിങ്ങളെ കൊല്ലുന്നവൻ ദൈവത്തിന് വഴിപാട് കഴിക്കുന്നു എന്നു വിചാരിക്കുന്ന നാഴിക വരുന്നു” എന്ന്. വിശ്വാസിയെ കൊന്നാൽ ദൈവത്തിന് വഴിപാട് കഴിക്കുന്നു എന്നു ചിന്തിക്കുന്ന ഒരു നാൾ വരുന്നുണ്ട്. അത്രമാത്രം വലിയ പീഡകൾ വരും.

എന്നാൽ നമ്മുടെ ആത്മാവ് എവിടെയാണ്? അതുകൊണ്ടല്ലേ ആദിമകാല അപ്പൊസ്തലന്മാർ പീഡ സഹിച്ചത്? അതുകൊണ്ടല്ലേ രക്തസാക്ഷികൾ അന്ന് ക്രിസ്തുവിനുവേണ്ടി രക്തം ചിന്തുവാൻ തയ്യാറായത്? പ്രിയപ്പെട്ടവരേ, വിശ്വാസവീരന്മാരായി നില്ക്കുന്ന അനേകമനേകം ആളുകൾ ഇന്ന് ധൈര്യത്തോടെ നില്ക്കുന്നത് എന്തുകൊണ്ടാണ്? ഏതെല്ലാം ആക്ഷേപങ്ങൾ വന്നിട്ടും ഏതെല്ലാം എതിർപ്പുകൾ വന്നിട്ടും പതറാതെ നില്ക്കുന്നത് എന്തുകൊണ്ടാണ്? ജീവൻ ക്രിസ്തുവിനോടുകൂടെ മറഞ്ഞിരിക്കുന്നു. പ്രിയനായ യേശു വെളിപ്പെടുന്ന നാളിൽ തേജസ്സിൽ യേശുവിൻ പൊന്മുഖം ഞാൻ കാണും. അന്ന് അവനോടുകൂടെ തേജസ്സിൽ നാം വെളിപ്പെടാൻ പോവുകയാണ്. തേജസ്സിൽ ഉയിർത്തെഴുന്നേല്ക്കാൻ പോവുകയാണ്. പുതുശരീരം പ്രാപിക്കാൻ പോവുകയാണ്.

വ്യർത്ഥമായി ആശ്വസിപ്പിക്കാൻ പറയുകയല്ല, ഇതെല്ലാം പരമസത്യങ്ങളാണ്. ഇന്ന് രോഗമുണ്ട്, ഇന്ന് കടമുണ്ട്, ഇന്ന് പൈസ തികയുന്നില്ല, ഇന്ന് വരുമാനമില്ല, ചെലവിനം കൂടിക്കൂടി വരുന്നു. കുടുംബത്തിൽ സ്വസ്ഥതയില്ല. ഇന്ന് പലതരത്തിലുള്ള പ്രതിസന്ധികളുണ്ട്.

മക്കളെക്കുറിച്ചുള്ള ആവലാതിയുണ്ട്. ഭർത്താവിനെക്കുറിച്ചുള്ള ഏങ്ങലടികളുണ്ട്. ഭാര്യയുടെ ദു:സ്വഭാവത്തെക്കുറിച്ച് വേദന നിറഞ്ഞ കാര്യങ്ങളുണ്ട്. അനേകമനേകം പ്രയാസങ്ങൾ, പ്രശ്നങ്ങൾ!തകർന്നുലയുന്ന ജീവിതം! സ്വസ്ഥതയുടെ കണികയില്ലാതെ വലയുന്ന ജീവിതം! ഇന്ന് തോരാത്ത കണ്ണീർ, തീരാത്ത വേദന, മാറാത്ത രോഗം!

എന്നാൽ പ്രിയപ്പെട്ടവരേ, ഇതിനെല്ലാമപ്പുറത്ത് തേജസ്സിൽ വെളിപ്പെടുന്ന ഒരു നാളുണ്ട്. ഈ മഹാവലിയ ഭാഗ്യത്തിനുവേണ്ടി ദൈവം നമ്മെ ഒരുക്കുകയാണ്, അതാണ് പരിശുദ്ധപിതാക്കന്മാർ പാടിയത്:

ഉന്നത രാജ്യമതും
ശാശ്വത ജീവിതവും
നിർമ്മലരാർജ്ജിക്കും
സത്തമ മശിഹാ ഭക്തന്മാ-
രർഹിക്കുന്ന മഹാഭാഗ്യം
ജഡനേത്രം ദർശിക്കുകയോ
ശ്രവണം കേൾക്കുകയോ ഹൃദയം
തേറുകയോ ചെയ്തിട്ടില്ലേതും

കണ്ണ് കണ്ടിട്ടില്ലാത്തതും ചെവികേട്ടിട്ടില്ലാത്തതും ഒരു മനുഷ്യന്റെയും ഹൃദയത്തിൽ നിരൂപിച്ചിട്ടില്ലാത്തതുമായ മഹാഭാഗ്യം! അത് സത്തമന്മാരായ മശിഹാഭക്തന്മാർക്ക് മാത്രം ലഭിക്കുന്ന മഹാഭാഗ്യമാണ്. അത് നിർമ്മലന്മാർ മാത്രം ആർജ്ജിക്കുന്ന, പരിശുദ്ധന്മാർക്ക് മാത്രം ലഭിക്കുന്ന മഹാഭാഗ്യമാണ്. അതത്രേ നമുക്കുവേണ്ടി കരുതിയിരിക്കുന്നത്. കാരണം, നാം ഓരോരുത്തരും ക്രിസ്തുവിൽ അലിഞ്ഞുചേർന്നിരിക്കുകയാണ്.

ഇങ്ങനെ ക്രിസ്തുവിൽ ലയിച്ചിരിക്കുന്ന അനുഭവം നിങ്ങൾക്കുണ്ടോ? എന്നെത്തന്നെ ഞാൻ മുഴുവനായി ക്രിസ്തുവിന് കൊടുത്തു എന്നുള്ള അനുഭവമുണ്ടോ? ഈ കാണുന്നതെല്ലാം മായയാണ്. ഇന്നുള്ള സമ്പത്ത് മായയല്ലേ? സൗകര്യങ്ങൾ മായയല്ലേ? ഇന്നത്തെ സൗന്ദര്യം മായയല്ലേ? ഇന്നത്തെ ആരോഗ്യം മായയല്ലേ? ബന്ധുബലങ്ങൾ മായയല്ലേ? എല്ലാം മാറിപ്പോകാൻ എത്രനേരം വേണം? ഒരു സെക്കന്റ് കൊണ്ട് എല്ലാം മാറും. മനുഷ്യൻ നിസ്സഹായനായി, ചലനരഹിതനായി കിടക്കേണ്ടിവരും.

ഒരാൾ മരിച്ചുകഴിഞ്ഞാൽ എത്രയും വേഗം മൃതശരീരം മണ്ണിനടിയിലാക്കാനാണ് പ്രിയപ്പെട്ടവരുടെ ഉദ്യമം. എത്രയും വേഗം ഈ ശരീരം സംസ്ക്കരിക്കണം. ഇതല്ലേ മനുഷ്യന്റെ അവസ്ഥ? എന്തെല്ലാം നേടിയെന്നു പറഞ്ഞിട്ട് എന്തുകാര്യം?

*“ഇഹലോകത്തിലേക്ക് നാം ഒന്നും കൊണ്ടുവന്നിട്ടില്ല. ഇവിടെ നിന്ന് യാതൊന്നും കൊണ്ടുപോകാൻ കഴിയുന്നതുമല്ല. ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക. ധനികന്മാരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കണിയിലും കുടുങ്ങുകയും, മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൗഢ്യവും ദോഷകരവുമായ പലമോഹങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു.”*

*1 തിമൊഥെയോസ് 6 : 7 – 9*

സ്നേഹിതരേ, നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ എവിടെയാണ് മുറുകെ പിടിച്ചിരിക്കുന്നത്? പിടിക്കേണ്ടത് മുറുകെ പിടിച്ചുവോ? ക്രിസ്തുവാണ് അടിസ്ഥാനം, ക്രിസ്തുവാണ് പാറ, ക്രിസ്തുവാണ് തൂണ്. ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നതുകൊണ്ട് വിശുദ്ധന്മാർ തൂണായി മാറിയിരിക്കുന്നു. അതുകൊണ്ടാണ് അപ്പൊസ്തലൻ ഗലാത്യലേഖനത്തിൽ പറയുന്നത്: “തൂണുകളായി എണ്ണപ്പെട്ടിരുന്ന യാക്കോബും കേഫാവും യോഹന്നാനും ഞങ്ങൾ ജാതികളുടെ ഇടയിലും അവർ പരിച്ഛേദനക്കാരുടെ ഇടയിലും സുവിശേഷം അറിയിപ്പാൻ തക്കവണ്ണം എനിക്കും ബർന്നബാസിനും കൂട്ടായ്മയുടെ വലങ്കൈ തന്നു.”

അതുകൊണ്ടാണ് നാം പരിശുദ്ധന്മാരെ ആദരിക്കുന്നതും, പരിശുദ്ധന്മാരെ ബഹുമാനിക്കുന്നതും. അതുകൊണ്ടാണ് പരിശുദ്ധന്മാരുടെ ജീവിതത്തിലെ ഗതിവിഗതികൾ പഠിച്ച് നാം അവരുടെ മാർഗ്ഗങ്ങൾ അവലംബിക്കുന്നതും അനുകരിക്കുന്നതും.

*“നിങ്ങളോട് ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം*

*അനുകരിപ്പിൻ.”* *എബ്രായർ 13 : 7*

എബ്രായക്രിസ്ത്യാനികളോട് വ്യക്തമായി അപ്പൊസ്തലൻ പറയുകയാണ്: നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവർ തൂണുകളാണ്. അവരെ ഓർക്കണം. അവർ അടിസ്ഥാനമായി ഉറപ്പിച്ചിരിക്കുന്ന തൂണുകൾ തന്നെയാണ്. കാരണം, അവർ ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നു. അതുകൊണ്ട്, “നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ.”

> *“നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പിൻ; അവർ കണക്കു ബോധിപ്പിക്കേണ്ടുന്നവരാകയാൽ നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി ജാഗരിച്ചിരിക്കുന്നു; ഇത് അവർ ഞരങ്ങിക്കൊണ്ടല്ല സന്തോഷത്തോടെ ചെയ്‌വാൻ ഇടവരുത്തുവിൻ; അല്ലാഞ്ഞാൽ നിങ്ങൾക്കു നന്നല്ല.”*
>
> *എബ്രായർ 13 : 17*

അനുകരിപ്പാൻ യോഗ്യമായ ജീവിതം കാണിക്കവെച്ചവരായ, കാഴ്ചവച്ചവരായ വിശുദ്ധന്മാരെ അനുസരിപ്പിൻ. അതുകൊണ്ടാണ് അപ്പൊസ്തലൻ പറഞ്ഞത്:

> *“സഹോദരന്മാരേ, നിങ്ങൾ എല്ലാവരും എന്നെ അനുകരിപ്പിൻ; ഞങ്ങൾ നിങ്ങൾക്ക് കാണിച്ച മാതൃകപ്രകാരം നടക്കുന്നവരെയും കുറിക്കൊൾവിൻ.”* *ഫിലിപ്പിയർ 3 : 17*

അപ്പൊസ്തലന് പറയാനുള്ള പ്രാഗത്ഭ്യമെന്താണ്? അപ്പൊസ്തലൻ ക്രിസ്തുവിനെ പ്രകടിപ്പിക്കുന്നു, ക്രിസ്തുവിനെ പ്രദർശിപ്പിക്കുന്നു, ക്രിസ്തുവിനെ പ്രതിബിംബിപ്പിക്കുന്നു, ക്രിസ്തുവിനെ കാണിക്കുന്നു. ക്രിസ്തുവിന്റെ അതേ

ഭാവം പൂണ്ട് ജീവിക്കുന്നു. നാം ഓരോരുത്തരും അങ്ങനെ ആയിരിപ്പാനാണ് കർത്താവ് ആഗ്രഹിക്കുന്നത്. അതിന്റെ ധന്യത എത്ര ശ്രേഷ്ഠമാണ്! ഇങ്ങനെയുള്ള ജീവിതത്തിന്റെ മാഹാത്മ്യം എത്രയോ ഉന്നതമാണ്!

> *"എനിക്കു ലഭിച്ച ദൈവകൃപയ്ക്ക് ഒത്തവണ്ണം ഞാൻ ജ്ഞാനമുള്ളോരു പ്രധാനശില്പിയായി അടിസ്ഥാനം ഇട്ടിരിക്കുന്നു; മറ്റൊരുത്തൻ മീതെ പണിയുന്നു; താൻ എങ്ങനെ പണിയുന്നു എന്ന് ഓരോരുത്തനും നോക്കിക്കൊള്ളട്ടെ. യേശു ക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും കഴികയില്ല."*
>
> *1 കൊരിന്ത്യർ 3 : 10, 11*

യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന ഒരേ അടിസ്ഥാനം മാത്രം. ആ അടിസ്ഥാനത്തിന്മേൽ പൗലോസ് പണിയുന്നു; അപ്പൊല്ലൊസ് പണിയുന്നു; അവിടെ കേഫാവും പണിയുന്നു. അപ്പൊസ്തലന്മാർ, വിശുദ്ധന്മാർ അവർ അവരോരോരു ത്തരും ക്രിസ്തുവിന്റെ സഭയാകുന്ന, ക്രിസ്തുവിന്റെ ശരീരമാ കുന്ന ഒരു ആലയം പണിതു വരുന്നു.

അപ്പൊസ്തലനായ പൗലോസ് പറയുകയാണ്: നിങ്ങൾ ചിലർ പൗലോസിന്റെ പക്ഷക്കാരനെന്നു പറയുന്നു. ചിലർ അപ്പൊല്ലോസിന്റെ പക്ഷക്കാരനെന്നു പറയുന്നു. ചിലർ കേഫാവിന്റെ പക്ഷക്കാരൻ എന്നു പറയുന്നു. ഇങ്ങനെ ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നതുപോലെ തോന്നുന്നു. നിങ്ങൾക്ക് കക്ഷി വ്യത്യാസമുണ്ട്. നിങ്ങൾ ഭിന്നിച്ചിരിക്കുന്നു. എന്നാൽ, ഒരേയൊരു അടിസ്ഥാനം മാത്രമേയുള്ളൂ. നിങ്ങളാരും ഞങ്ങളെയല്ല നോക്കേണ്ടത്. ക്രിസ്തു എന്ന ഇട്ടി രിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊരടിസ്ഥാനമില്ല. യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നിടുവാൻ ആർക്കും കഴിയില്ല.

*“ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു, ദൈവമത്രേ വളരുമാറാക്കിയത്. ആകയാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ നടുന്നവനും നനയ്ക്കുന്നവനും ഏതുമില്ല.” 1 കൊരിന്ത്യർ 3 : 6*

ഞാൻ നട്ടു, എന്നെ ഏല്പിച്ച ശുശ്രൂഷ ഞാൻ ചെയ്തു. അപ്പൊല്ലോസ് നനച്ചു. അപ്പൊല്ലോസിനെ ഏല്പിച്ച വേല അപ്പൊല്ലോസ് ചെയ്തു. ഞങ്ങൾക്കു തമ്മിൽ അഭിപ്രായവ്യത്യാസമില്ല. ഞങ്ങൾക്കോരോരുത്തർക്കും തന്ന കൃപയ്ക്കൊത്തവണ്ണം, ഞങ്ങളെ ഏല്പിച്ച ശുശ്രൂഷയ്ക്കൊത്തവണ്ണം ഞങ്ങൾ ശുശ്രൂഷ ചെയ്യുന്നു.

സഹോദരങ്ങളേ, ഈ പുസ്തകമെഴുതിയ നിസ്സാരനായ മനുഷ്യനായ ഞാനും മാറിപ്പോകും. പക്ഷേ, യേശുക്രിസ്തു മാറുകയില്ല. നിങ്ങൾ എന്നെ നോക്കിയാൽ ദൈവരാജ്യത്തിൽ പോകുകയില്ല. നിങ്ങൾ എന്നിൽ ആശ്രയിച്ചാൽ ദൈവരാജ്യത്തിൽ പോകുകയില്ല. എന്നാൽ നിങ്ങൾ നോക്കേണ്ട ഒരാളുണ്ട്. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കിക്കൊണ്ട് നിങ്ങൾക്ക് മുമ്പോട്ട് പോകാം. യേശു മാത്രമാണ് ഇട്ടിരിക്കുന്ന അടിസ്ഥാനം.

ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു. ദൈവമത്രേ വളരുമാറാക്കിയത്. ആകയാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ നടുന്നവനും നനയ്ക്കുന്നവനും ഏതുമില്ല; അവരവരുടെ വേല അവർ ചെയ്യുന്നു എന്ന് മാത്രം. ഭാഗ്യവശാൽ ഈ ഉന്നതമായ കാഴ്ചപ്പാട് ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പെന്ന നമ്മുടെ കൂട്ടായ്മക്ക് കർത്താവ് തന്നു.

ആരേയും നോക്കാതെ, മനുഷ്യരെ പൂജിക്കാതെ, മനുഷ്യരുടെ പിറകെ പോകാതെ യേശുക്രിസ്തുവിന്റെ പിൻപേ പോകാൻ കർത്താവ് നമുക്ക് വഴി കാണിച്ചു തന്നു. അതുകൊണ്ടാണ് സഭയും സമുദായവും മാറണ്ട, വേറെ ലാക്കില്ല എന്നു

പറയുന്നത്. നിക്ഷിപ്ത താത്പര്യങ്ങളും സ്ഥാപിത താത്പര്യങ്ങളും ഒന്നും ഇല്ലായെന്ന് പറയുന്നത്.

ആത്മാക്കൾ രക്ഷപ്പെടണം. അനേകർ യേശുവിനെ കാണണം. അനേകർ യേശുവിന്റെ കുരിശിൻ ചുവട്ടിലേക്ക് വരണം. അനേകർ യേശു തന്ന രക്ഷ അനുഭവിക്കണം. പഴയ മനുഷ്യൻ ക്രൂശിക്കപ്പെട്ട് യേശുവിൽ വിശ്വസിച്ച് പുതിയ മനുഷ്യനായിത്തീരണം. യേശുക്രിസ്തു വീണ്ടും വരുമ്പോൾ തേജസ്സിൽ വെളിപ്പെടണം. ഇത് മാത്രമേ ലാക്കുള്ളൂ.

എന്താണ് നമ്മുടെ കാഴ്ചപ്പാട്? നമ്മുടെ vision എന്താണ്? നമ്മുടെ passion എന്താണ്? നമ്മുടെ devotion എന്തിനുവേണ്ടിയാണ്? നമ്മുടെ mission എന്താണ്? വ്യക്തമായി മനസ്സിലാക്കണം. വ്യക്തമായ കാഴ്ചപ്പാടോടെ വേണം മുമ്പോട്ട് പോകാൻ.

ആരോടും പരാതിയില്ല. ആരോടും പരിഭവമില്ല. ആരോടും തർക്കമില്ല. ആരോടും വാഗ്വാദമില്ല. ആരോടും നമുക്ക് വിശദീകരണമില്ല. ആകെ ഒന്നുമാത്രം. എന്റെ കർത്താവേ, നിന്നെ നോക്കി ഞങ്ങൾ പുറപ്പെടുന്നു. നീയാകുന്ന അടിസ്ഥാനത്തിൽ ഞങ്ങളും പണിതു വരുന്നു.

> *"ക്രിസ്തുയേശു തന്നേ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്ന് കർത്താവിൽ വിശുദ്ധമന്ദിരമായി വളരുന്നു. അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിന് ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു."*
>
> *എഫെസ്യർ 2 : 20 – 22*

എഫെസോസിൽ ഒരു വലിയ ക്ഷേത്രമുണ്ടായിരുന്നു. അർത്തെമിസ് ദേവിയുടെ ക്ഷേത്രം. ഡയാന ദേവിയുടെ ക്ഷേത്രം. ആ ക്ഷേത്രത്തിന് 127 തൂണ് ഉണ്ടായിരുന്നു. അപ്പൊ

സ്തലൻ ഇതെല്ലാം മനസ്സിൽ കണ്ടുകൊണ്ടാണ് പറയുന്നത്. എഫേസോസിലെ ബിഷപ്പായിരുന്ന തിമൊഥെയോസിന് ലേഖനമെഴുതിയപ്പോഴും ഇതു തന്നെ മനസ്സിൽ വച്ചുകൊണ്ടാണ് പറയുന്നത്. ഇപ്പോൾ എഫേസ്യ സഭയോടും അതുതന്നെയാണ് പറയുന്നത്. ആകെ 127 തൂണുകളുള്ള ആ അർത്തെമിസ് ദേവിയുടെ ക്ഷേത്രം പോലെയല്ല, ആകെ ഒരു തൂൺ മാത്രമേയുള്ളൂ. ആ തൂൺ ക്രിസ്തുവാകുന്നു.

ആ തൂണാകുന്ന ക്രിസ്തുവിൽ നിങ്ങൾ അടിത്തറപാകണം, നിങ്ങൾ അടിസ്ഥാനം പാകണം. നിങ്ങളുടെ അടിസ്ഥാനം ക്രിസ്തുവിൽ മാത്രമായിരിക്കണം.

ഞാൻ ആരെ നോക്കി പോകുന്നു? എന്റെ ലക്ഷ്യമെന്താണ്? എന്റെ ജീവിതത്തിൽ ഞാൻ ഇതുവരെ എന്താണ് നേടിയത്? ക്രിസ്തുവിനെ ഞാൻ നേടിയോ? യേശു എന്റെ ഹൃദയത്തിൽ വസിക്കുന്നുവോ? യേശു എന്റെ ഹൃദയത്തിൽ വാഴുന്നുവോ? യേശുവിന് എന്റെ ജീവിതം കൊടുത്തുവോ? എന്റെ ജീവിതത്തിന്റെ കർത്തൃത്വം യേശുവിന്റെ കരങ്ങളിലേക്ക് ഞാൻ കൈമാറിയോ? യേശു എന്റെ ജീവിതത്തിന്റെ പൂർണ്ണനിയന്ത്രണം ഏറ്റെടുത്തോ? യേശു എന്റെ ഭരണം ഏറ്റെടുത്തോ? എന്നെത്തന്നെ യേശുവിനായി ഞാൻ സമർപ്പിച്ചോ?

ഇട്ടിരിക്കുന്ന അടിസ്ഥാനം! അതാണ് സാക്ഷാൽ തൂണ്. ഇന്ന് നിങ്ങളുടെ മുമ്പിൽ കർത്താവായ യേശു വന്ന് നിൽക്കുകയാണ്. ആ തൃക്കരം നിങ്ങളുടെ നേരെ നീട്ടുകയാണ്. അവൻ കാരുണ്യത്തോടെ നിങ്ങളെ വിളിക്കുകയാണ്. നിങ്ങളെ കർത്താവിന്റെ കൈകളിലേക്ക് വയ്ക്കുവാൻ സമ്മതമാണോ? ഇതുവരെയും സാത്താന്റെ കൈകളിലിരുന്ന നിന്റെ ജീവിതം യേശുവിന്റെ കരങ്ങളിലേക്ക് കൊടുക്കാൻ സമ്മതമാണോ?

യേശു നിന്നെ പുതുക്കി മെനയും. രൂപാന്തരപ്പെടുത്തും. പാകപ്പിഴകൾ മാറ്റിത്തരും. മാലിന്യങ്ങൾ കഴുകിത്തരും. ചങ്കിലെ

ചോരകൊണ്ട് കർത്താവ് നിന്നെ കഴുകിയെടുക്കും.

അത് ലോകത്തിൽ ഒരത്ഭുതമാണ്. ഈ ലോകത്തു നടക്കുന്ന മഹാത്ഭുതമാണ്. മകനേ, പച്ചവെള്ളത്തെ വീഞ്ഞാക്കിയതുപോലെയല്ല, അതിനേക്കാൾ എത്രയോ വലിയ അനുഭവമാണ് കാട്ടാള പ്രകൃതിയുള്ള നിന്നെ ഒരു മനുഷ്യനാക്കി മാറ്റുമെന്നത്! മൃഗീയ സ്വഭാവമുള്ള നിന്നെ ഒരു സംസ്ക്കാരമുള്ള മനുഷ്യനാക്കി നിന്റെ ദുഷ്ടപ്രകൃതി മാറ്റാമെന്ന്. ഭാര്യയെ എന്നും തല്ലിക്കൊണ്ടിരുന്ന നിന്നെ ഭാര്യയെ സ്നേഹിക്കുന്നവനാക്കി മാറ്റാമെന്ന്. കുടുംബം കലക്കിക്കൊണ്ടിരുന്ന, ജീവിതം താറുമാറാക്കിക്കൊണ്ടിരുന്ന നിന്നെ ഒരു അനുഗൃഹീത പുരുഷനാക്കി മാറ്റാമെന്ന്. സ്നേഹവാനായ ദൈവം നിനക്ക് വാക്ക് തരികയാണ്.

ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലേക്ക് കൊടുക്കാൻ താത്പര്യമുണ്ടോ? യേശു വന്ന് കെഞ്ചുകയാണ്. യേശു വന്ന് നിങ്ങളെ പേർ ചൊല്ലി വിളിക്കുകയാണ്: “മകനേ, നിന്റെ ഹൃദയം എനിക്ക് തരിക. എന്റെ മകളേ, നിന്റെ ഹൃദയം എനിക്ക് തരിക. ഞാൻ അവിടെ വസിക്കട്ടെ, ഞാൻ നിന്നിൽ വാഴട്ടെ. ഞാൻ നിന്നെ നയിക്കട്ടെ. നിന്നിൽ ഇരുന്നുകൊണ്ട് ചില അത്ഭുതങ്ങൾ ചെയ്യട്ടെ. ഞാൻ നിന്നിൽ നിന്നുകൊണ്ട് നിന്റെ രോഗത്തെ സൗഖ്യമാക്കട്ടെ. നിന്നിൽ നിന്നുകൊണ്ട് നിന്റെ കേടുകളെ മാറ്റട്ടെ.

നിന്നിൽ നിന്നുകൊണ്ട് നിന്റെ ആവശ്യങ്ങൾ ഞാൻ നിറവേറ്റിത്തരട്ടെ; നിന്റെ ആഗ്രഹങ്ങൾ സഫലമാക്കിത്തരട്ടെ. നിന്നിൽ നിന്നുകൊണ്ട് ശോഭനമായ ഭാവി നിനക്കു നൽകട്ടെ. നിന്നിൽ നിന്നുകൊണ്ട് നിത്യജീവന്റെ ഉറപ്പിലേക്ക് നിന്നെ നയിക്കട്ടെ; സ്വർഗ്ഗരാജ്യത്തിന്റെ ആധിപത്യം, സ്വർഗ്ഗരാജ്യത്തിന്റെ അവകാശം നിനക്കു തരട്ടെ. സ്വർഗ്ഗരാജ്യത്തിന്റെ പദവിയും അനുഗ്രഹവും നിനക്കു തരട്ടെ. നിത്യജീവൻ നിനക്കു തരട്ടെ.

യേശുക്രിസ്തു നിങ്ങളെ വിളിക്കുകയാണ്. ആരിപ്പോൾ ആണിപ്പാടുള്ള കരങ്ങളിലേക്ക് ജീവൻ വച്ചുകൊടുക്കുന്നു: യേശുവേ, സാക്ഷാൽ തൂണും അടിസ്ഥാനവുമായ യേശുവി ങ്കൽ ഞാൻ വരുന്നു. സഭയും സമുദായവുമല്ല മാറേണ്ടത്, ഹൃദയമാണ് മാറേണ്ടത് എന്നു മനസ്സിലാക്കിക്കൊണ്ട് എന്റെ ഹൃദയം മാറ്റുന്ന ക്രിസ്തുവിന്റെ കുരിശിന്റെ ചുവട്ടിലേക്ക് ഞാനിതാ വരുന്നു. എന്നെ രൂപാന്തരപ്പെടുത്തണമേ. എന്നെ കൈക്കൊള്ളണമേ. എന്നെ സ്വീകരിക്കണമേ. എന്റെ ഹൃദയ ത്തിലേക്ക് എഴുന്നള്ളി വരണമേ.

സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു, മശിഹാതമ്പുരാനെ ഞാൻ സ്വീകരിക്കുന്നു. “യേശുവേ, ഇന്നുമുതൽ ഞാനൊരു പുതിയ സൃഷ്ടി.”

## പതിനൊന്ന്

"Money will buy a bed; but not sleep
Money will buy books; but not brains
Money will buy food; but not appetite
Money will buy a house; but not a home
Money will buy medicine; but not health
Money will buy luxuries; but not happiness
Money will buy Image; but not character
Money will buy Religion; but not salvation."

പൈസയുണ്ടെങ്കിൽ കിടക്ക വാങ്ങാം, പക്ഷേ ഉറക്കം വാങ്ങാൻ പറ്റുകയില്ല. പൈസയുണ്ടെങ്കിൽ പുസ്തകങ്ങൾ വാങ്ങാം, പക്ഷേ, ബുദ്ധിവാങ്ങാൻ പറ്റുകയില്ല. പൈസയുണ്ടെങ്കിൽ നമുക്കാഹാരം വാങ്ങാം; വിശപ്പ് വാങ്ങാൻ പറ്റുകയില്ല. പൈസയുണ്ടെങ്കിൽ ഒരു വീട് വാങ്ങാം; ഒരു കുടുംബം വാങ്ങാൻ പറ്റുകയില്ല. ഒത്തൊരുമയുള്ള, സ്നേഹമുള്ള, ഊഷ്മളമായ ഒരു കുടുംബം പൈസകൊണ്ട് വാങ്ങാൻ പറ്റുകയില്ല. പണമുണ്ടെങ്കിൽ മരുന്ന് വാങ്ങാം; പക്ഷേ, ആരോഗ്യം പൈസ കൊണ്ടു വാങ്ങാൻ പറ്റുകയില്ല. പൈസയുണ്ടെങ്കിൽ സുഖ സൗകര്യങ്ങൾ വാങ്ങാം; സന്തോഷം വാങ്ങാൻ പറ്റുകയില്ല. പണം കൊണ്ട് ഒരു ആകൃതി അല്ലെങ്കിൽ ഒരു രൂപം നമുക്ക് സമ്പാദിക്കാം. പക്ഷേ, ആന്തരികമായ സ്വഭാവം വിലയ്ക്ക് വാങ്ങാൻ പറ്റുകയില്ല. പൈസയുണ്ടെങ്കിൽ ഒരു മതത്തിൽ ചേർന്നു നില്ക്കാം; പക്ഷേ, രക്ഷ വാങ്ങാൻ പറ്റുകയില്ല.

പൈസയുണ്ടെങ്കിൽ വാങ്ങാവുന്ന പലതുമുണ്ട്. പക്ഷേ,

നിലനിൽക്കുന്നതൊന്നും വാങ്ങാൻ പറ്റുകയില്ല. സ്നേഹിതരേ, നിങ്ങൾക്ക് നിലനിൽക്കുന്ന സ്വത്ത് കിട്ടിയോ? നിലനിൽക്കുന്ന ഉത്തമസമ്പത്ത് നിങ്ങൾ സമ്പാദിച്ചുവോ? മരണത്തിൽ തീർന്നുപോകാത്ത, ശവക്കുഴിയിൽ അമർന്നു പോകാത്ത, ഈ ലോകജീവിതത്തിലെ അവസാന നിമിഷങ്ങളിലും വിട്ടു പോകാത്ത, മരണത്തിന്നപ്പുറത്തേക്കു നിത്യതയോളം പുലരുന്ന ശാശ്വതസമ്പത്ത് നിങ്ങൾ കരഗതമാക്കിയോ?

ഏതാണ് ഈ ശാശ്വത സമ്പത്ത്? അത് കർത്താവായ യേശുക്രിസ്തുവാണ്. യേശുക്രിസ്തു മാത്രമാണ് ശാശ്വതനിധി. ക്രിസ്തു ഒരാളുടെ ഉള്ളിലുണ്ടെങ്കിൽ നിധി ലഭിച്ചുകഴിഞ്ഞു. ആന്തരികമായി സമ്പന്നനായിക്കഴിഞ്ഞു. എവിടെയാണ് യേശു വസിക്കുന്നത്? യേശു അശുദ്ധിയുള്ളിടത്ത് വാഴുകയില്ല; വസിക്കുകയില്ല. വിശുദ്ധിയുള്ളിടത്താണ് യേശു വസിക്കുന്നത്.

“സ്വർഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു. നിങ്ങൾ എനിക്ക് പണിയുന്ന ആലയം ഏതു വിധം? അത്യുന്നതൻ കൈപ്പണിയായതിൽ വസിക്കുന്നില്ലതാനും.” സ്വർഗ്ഗം സിംഹാസനവും ഭൂമി പാദപീഠവുമായിരിക്കുന്ന ദൈവം, കൈപ്പണിയായതിനാൽ വസിക്കാത്തവനായ ദൈവം, മനുഷ്യന്റെ ഹൃദയത്തിൽ വാഴുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതത്തിൽ വാഴുവാൻ ആഗ്രഹിക്കുന്നു. ആ നിധി നമുക്ക് സൗജന്യമായി തരാമെന്നു പറയുന്നു. സൗജന്യമായി നമുക്ക് തന്നെങ്കിൽ സൗജന്യമായി നാം വിതരണം ചെയ്യണം. കർത്താവ് തന്റെ ശിഷ്യന്മാരെ അയച്ചപ്പോൾ പറഞ്ഞു: “സൗജന്യമായി നിങ്ങൾക്കു ലഭിച്ചു, സൗജന്യമായി കൊടുപ്പിൻ.” അതാണ് സുവിശേഷവേല.

രക്ഷ സൗജന്യമാണ്. ദൈവസ്നേഹം സൗജന്യമാണ്. ദൈവകൃപ സൗജന്യമാണ്. ഒന്നും കൊടുത്തിട്ടല്ല. ഞാൻ നേടിയതല്ല. ഞാൻ സമ്പാദിച്ചതല്ല. യേശു എന്റെ ഉള്ളത്തിലേക്ക് കടന്നുവന്നു. എന്നെ കീഴടക്കി. എന്നെ വശീകരിച്ചു.

*"ജ്ഞാനമായവൾ തനിക്ക് ഒരു വീടു പണിതു; അതിന് ഏഴു തൂൺ തീർത്തു."*

*സദൃശവാക്യങ്ങൾ 9 : 1*

ജ്ഞാനത്തെ ഒരു സ്ത്രീയായി രൂപകല്പന ചെയ്തിരിക്കുകയാണ്. അതിന് metaphrase എന്ന് ഇംഗ്ലീഷിൽ പറയും. Allegorical പ്രയോഗം എന്നും പറയും. ജ്ഞാനത്തെ symbolise ചെയ്തിരിക്കുകയാണ്. അത് മനോഹരമായ നല്ല ഒരു സാഹിതീയ രൂപമാണ്. മനോഹരമായ ഒരു കാവ്യമയമായ ശൈലിയാണ്. ജ്ഞാനമായവൾ ഒരു ഭവനം പണിതു. ആ ഭവനത്തിന് ഏഴു തൂൺ തീർത്തു. ഏഴു തൂണുള്ള ഭവനം.

ഏതാണ് ഏഴു തൂണ്? പഴയനിയമത്തിലെ ഈ സംഭവം മനസ്സിലാക്കണമെങ്കിൽ പുതിയനിയമത്തിൽ വരണം.

*"ഉയരത്തിൽ നിന്നുള്ള ജ്ഞാനമോ ഒന്നാമത് നിർമ്മലവും പിന്നെ സമാധാനവും ശാന്തതയും അനുസരണവുമുള്ളതും കരുണയും സൽഫലവും നിറഞ്ഞതും പക്ഷപാതവും കപടവും ഇല്ലാത്തതുമാകുന്നു."* *യാക്കോബ് 3 : 17*

ഇതാണ് ഏഴ് തൂണുകൾ! Seven pillars!

ഉയരത്തിൽ നിന്നുള്ള ജ്ഞാനമോ, ഒന്നാമത് നിർമ്മലമാണ്. ഈ തൂണ് നൈർമ്മല്യമാണ്. അത് പരിശുദ്ധമാണ്. പ്രിയപ്പെട്ടവരേ, നിങ്ങൾ പണിത വീട്ടിൽ - പുറമെയുള്ള വീടല്ല - ആത്മാവിൽ നിങ്ങൾ പണിത വീട്ടിൽ ഈ നിർമ്മലമായ തൂണുണ്ടോ? നൈർമ്മല്യമെന്നുള്ള തൂണുണ്ടോ? വിശുദ്ധി എന്ന തൂണുണ്ടോ? നിങ്ങളുടെ ഭവനം, നിങ്ങളുടെ ജീവിതം ഉറപ്പിച്ചിരിക്കുന്നത് നൈർമ്മല്യത്തിലാണോ? Purity-യിലാണോ? Sanctity യിലാണോ? ഓരോരുത്തർക്കും അവനവനെത്തന്നെ ശോധന ചെയ്യാം. എന്റെ ജീവിതത്തിൽ വിശുദ്ധി എത്രകണ്ടുണ്ട്? മറ്റാരെയും നോക്കണ്ട. ആരെല്ലാം നിൽക്കുന്നു എന്നു

നോക്കണ്ട.

എന്റെ രഹസ്യജീവിതം വിശുദ്ധമാണോ? എന്റെ ചിന്തകൾ വിശുദ്ധമാണോ?എന്റെ വികാരങ്ങൾ വിശുദ്ധമാണോ? മനോഭാവങ്ങൾ വിശുദ്ധമാണോ? എന്റെ ഹൃദയത്തിൽ ആരോടെങ്കിലും ഈർഷ്യയോ പകയോ വിദ്വേഷമോ വൈരാഗ്യമോ ഉണ്ടോ? ഹൃദയത്തിൽ ആരോടെങ്കിലും കയ്പ്പുണ്ടോ? എന്റെ ഹൃദയത്തിൽ ആരെക്കുറിച്ചെങ്കിലും മുൻവിധിയുണ്ടോ?

ഒരു പക്ഷേ നിങ്ങൾക്ക് അമ്മായിയമ്മയോടുള്ള ഇഷ്ടക്കുറവായിരിക്കാം. മരുമകളോടുള്ള നീരസമായിരിക്കാം. മരുമകളോടുള്ള കുത്തിത്തിരിപ്പായിരിക്കാം. കുടുംബത്തിൽ ഐക്യമില്ലാതെ നിങ്ങൾ ഉണ്ടാക്കുന്ന പ്രതിസന്ധികളായിരിക്കാം. നിങ്ങൾമൂലം കുടുംബത്തിൽ അസ്വസ്ഥത വരുന്നതായിരിക്കാം. നിങ്ങളുടെ കോപസ്വഭാവമായിരിക്കാം. നിങ്ങളുടെ ക്രോധാവേശമായിരിക്കാം. കടുംപിടിത്തമായിരിക്കാം. പിടിവാശിയായിരിക്കാം, സ്വാർത്ഥതയായിരിക്കാം, നിങ്ങളുടെ ദ്രവ്യാഗ്രഹമായിരിക്കാം. അഹങ്കാരമായിരിക്കാം. ഞാൻ മതി, എന്നെക്കഴിഞ്ഞ് മറ്റാരുമില്ല എന്നുള്ള നിങ്ങളുടെ ഹുങ്കായിരിക്കാം. ചിന്തിക്കൂ.

രണ്ടാമത്തെ തൂണ്, peace! സമാധാനം! ഒരു ആന്തരിക സമാധാനം നമുക്കുണ്ടോ? ശരീരത്തിൽ രോഗം കാണും പക്ഷേ, അകത്തൊരു സമാധാനം! കുടുംബത്തിൽ പ്രശ്നങ്ങൾ കാണും പക്ഷേ, അകത്തൊരു സമാധാനം! വീട്ടിൽ ചിലപ്പോൾ മക്കൾ ബഹളമുണ്ടാക്കുന്നുണ്ടാകും; ഭർത്താവ് മദ്യപിച്ചുവന്ന് ലഹളയുണ്ടാക്കുന്നുണ്ടായിരിക്കും. പക്ഷേ, അകത്തൊരു സമാധാനം.

വീട്ടിൽ രാത്രി കിടന്നുറങ്ങാൻ പറ്റാതെ, ഭർത്താവ് ഉറക്കം കെടുത്തുന്ന രീതിയിൽ എപ്പോഴും ചീത്ത വാക്കുകൾ പറഞ്ഞു

കൊണ്ടിരിക്കുന്നുണ്ടാവും. പക്ഷേ, ഉള്ളിൽ ഒരു സമാധാനം. അല്ല, സ്ത്രീകൾ നിരന്തരം ശല്യപ്പെടുത്തുന്നവരായിരിക്കും. എപ്പോഴും നീരസം. എപ്പോഴും ഇഷ്ടക്കുറവ്. എപ്പോഴും കീഴ്വഴക്കമില്ലായ്മ. അനുസരണമില്ലാത്ത സ്വഭാവം. ഉയരത്തിൽ നിന്നുള്ള ജ്ഞാനം സമാധാനമുണ്ടാക്കുന്നതായിരിക്കും. സമാധാനം നൽകുന്നതായിരിക്കും.

"സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ. അവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും." നിങ്ങൾ സമാധാനമുള്ളവരായിരിക്കണം പോരാ, സമാധാനമുണ്ടാക്കണം. ആരെയും ഉപദേശിക്കണമെന്നല്ല ഞാൻ പറഞ്ഞത്. ഉപദേശിക്കാൻ പോയാൽ ചിലപ്പോൾ പ്രയാസമായിരിക്കും. പക്ഷേ, നിങ്ങളുടെ ഓരോ ചലനത്തിലും മറ്റുള്ളവർക്ക് സമാധാനം കൊടുക്കാൻ പറ്റും, വേണമെങ്കിൽ.

നിങ്ങളുടെ ജീവിതത്തിന്റെ ലക്ഷ്യം സമാധാനം എനിക്കു വേണമെന്നു മാത്രമല്ല, ഞാൻ സമാധാനം ഉണ്ടാക്കും. എന്റെ വീട്ടിൽ ഞാനൊരു സമാധാനപുത്രനായിരിക്കും. ഞാനൊരു സമാധാനപുത്രിയായിരിക്കും. ഞാൻ മൂലം എന്റെ അമ്മായിയമ്മക്ക് സമാധാനം കൊടുക്കും. ഞാൻമൂലം എന്റെ മരുമകൾക്ക് സന്തോഷവും സമാധാനവും കൊടുക്കും. എന്റെ മരുമകളുടെ സന്തോഷമായിരിക്കും എന്റെ സന്തോഷം. എന്റെ അമ്മായിയമ്മയുടെ സന്തോഷവും സുഖവുമായിരിക്കും എന്റെ സന്തോഷവും സുഖവും.

പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് പറ്റുമോ? സാധിക്കുമോ? വേണമെങ്കിൽ സാധിക്കും. നിങ്ങൾ മൂലം ഒരു സ്ഥാപനത്തിൽ സമാധാനമുണ്ടാക്കാൻ സാധിക്കും. ആ സ്ഥാപനത്തിന്റെ നിലനിൽപ്പിന് കരുത്തേകാൻ നിങ്ങൾക്ക് സാധിക്കും. നിങ്ങൾ സമാധാനമുണ്ടാക്കുന്നവരാണോ, സമാധാനം കെടുത്തുന്ന വരാണോ? എവിടെയെങ്കിലും സമാധാനം നശിപ്പിച്ചിട്ടുണ്ടോ? വീട്ടിൽ, സ്ഥാപനത്തിൽ, ജോലിസ്ഥലത്ത് അല്ലെങ്കിൽ

ക്ലാസ്സുമുറിയിൽ, ഹോസ്റ്റലിൽ എവിടെയും സമാധാനമുണ്ടാക്കുന്നവനാണോ?

മൂന്നാമത്തേത്, ശാന്തത! Gentleness! ദൈവമക്കളുടെ സ്വഭാവമാണ്, ഒരു ശാന്തത, സൗമ്യത, സാവധാനത. ഒന്നിലും എടുത്തു ചാട്ടമില്ല. ശാന്തത എന്ന് പറയുന്നതുകൊണ്ട് തെറ്റിദ്ധരിക്കരുത്. നിങ്ങൾ പറയേണ്ട കാര്യങ്ങൾ പറയേണ്ടിടത്ത് പറയാതിരിക്കുന്നത് തെറ്റാണ്. ഞാൻ ശാന്തനാണ്, ഒന്നും മിണ്ടുന്നില്ല. ഞാൻ ഇനി ഒരു പ്രശ്നത്തിലും ഇടപെടുന്നില്ല. ഞാൻ മിണ്ടാതിരിക്കും അങ്ങനെയല്ല; ചിലപ്പോൾ നീ അവിടെ ഒരു വാക്ക് പറയേണ്ടതാവശ്യമായിരിക്കും.

ശാന്തത എന്നുപറയുന്നത് മൗനമായിരിക്കുന്നതല്ല. ഒന്നും മിണ്ടാതിരിക്കുന്നതല്ല. പറയേണ്ടത് പറയേണ്ടിടത്ത് പറയണം. ചെയ്യേണ്ടത് ചെയ്യേണ്ടിടത്ത് ചെയ്യണം. പക്ഷേ, വിനയപൂർവ്വമായിരിക്കണം, അകത്ത് വിനയത്തോടു കൂടിയായിരിക്കണം. അകത്ത് എളിമയോടുകൂടി, താഴ്മയോടു കൂടിയായിരിക്കണം.

നാലാമത്തെ തൂണ്, അനുസരണം. Willing to yield! വിനയപ്പെടാൻ, താഴ്ന്നുകൊടുക്കാൻ, വിധേയപ്പെടാനുള്ള മനസ്സ്. Yield ചെയ്യാൻ മനസ്സുണ്ട്. ഒരഭിപ്രായം വന്നു, അതിനു വിധേയപ്പെടേണ്ടതുണ്ടോ? അല്ല, ഞാൻ പിടിച്ചതിൽ നിന്നു മാറില്ല, അതാണ് ശരി. അങ്ങനെ വരരുത്. Willing to yield.

നിങ്ങളുടെ ജീവിതത്തിൽ ഈ തൂണുണ്ടോ? Are you willing to yield? നിങ്ങൾക്ക് താണുകൊടുക്കാൻ, വിധേയപ്പെടാൻ മനസ്സാണോ?

അടുത്തത്, കരുണയും സത്ഫലവും! Full of mercy and good deeds! കരുണയും സത്ഫലവും നിറഞ്ഞത്. കരുണയുള്ള വാക്കുകൾ, പെരുമാറ്റം. വേദനിക്കുന്നവരുടെ വേദനയിൽ പങ്കുചേർന്നു വേദനിക്കാനുള്ള മനസ്സ്. ഒരാൾ വേദനിക്കുമ്പോൾ

നമ്മുടെ ഹൃദയം തകരുന്നു. തകരുന്നുണ്ടോ? അതോ ഹൃദയം കല്ലിച്ചിരിക്കുകയാണോ? ഹൃദയം കഠിനമായിരിക്കുകയാണോ? മറ്റാരുടേയും കാര്യത്തിൽ സ്വന്തം കാര്യത്തിലെന്നതുപോലെ ഹൃദയത്തിൽ ഒരാർദ്രത. അതെന്തൊരു ഭാഗ്യമാണ്! അതൊരു തൂണാണ്. അതാണ് അഞ്ചാമത്തെ കാര്യം. Full of mercy and good deeds. കരുണയുള്ളതും നല്ല പ്രവൃത്തികൾ നിറഞ്ഞതും.

ആറാമത്തെ കാര്യം, പക്ഷപാതമില്ലാത്തത്. പക്ഷഭേദമില്ല. നിഷ്പക്ഷം (Impartial) ആയിരിക്കണം, പക്ഷഭേദം ഉണ്ടായിരിക്കരുത്. ചിലരോട് പ്രത്യേക താത്പര്യം, ചിലരോട് പ്രത്യേക ഇഷ്ടക്കുറവ്. അതുപാടില്ല. ഏഴാമത്തെ കാര്യമാണ് കപടമില്ലാത്തത്. Without hypocrisy. വഞ്ചനയില്ല, വ്യാജമില്ല, സൂത്രമില്ല. ഏഴു തൂണുകൾ! ഈ ഏഴു തൂണുകളിൽ ഏതെല്ലാം തൂണുകൾ എന്റെ ജീവിതത്തിലുണ്ട്? ഇല്ലെങ്കിൽ ഇന്ന് നിങ്ങൾ പുതിയ തൂണ് ഉറപ്പിക്കാൻ നോക്കണം. ഇല്ലാത്ത തൂണുകൾ നിങ്ങൾ ഉറപ്പിക്കണം.

നിങ്ങൾ തികഞ്ഞവരാകാൻ, പൂർണ്ണതയുള്ളവരാകാൻ കർത്താവ് ആഗ്രഹിക്കുന്നു. നിങ്ങൾ ശോഭന ജീവിതമുള്ള വരാകാൻ കർത്താവ് ആഗ്രഹിക്കുന്നു. നിങ്ങൾ മൂലം സമൂഹം അനുഗ്രഹിക്കപ്പെടാൻ, ദേശങ്ങൾ വാഴ്ത്തപ്പെടാൻ, നിങ്ങളുടെ ഭവനങ്ങൾ അനുഗ്രഹിക്കപ്പെടാൻ, നിങ്ങളുടെ തലമുറകൾ അനുഗ്രഹിക്കപ്പെടാൻ കർത്താവ് ആഗ്രഹിക്കുന്നു. നിങ്ങൾക്ക് അനുഗ്രഹം വേണമോ? എങ്കിൽ നിങ്ങൾക്ക് തൂണ് ഉറപ്പിക്കാം.

ജ്ഞാനം എന്ന തൂണ് ക്രിസ്തുവാണ്. ക്രിസ്തു വന്നാൽ ഇതെല്ലാം വന്നു. യേശു വന്നാൽ യേശുവിന്റെ സ്വഭാവമെല്ലാം നിങ്ങളിലേക്ക് പകരും.

യേശു ആയിരുന്നെങ്കിൽ എങ്ങനെ ചെയ്യും? യേശു ആയിരുന്നെങ്കിൽ എങ്ങനെ സംസാരിക്കും? യേശു ആയിരുന്നെങ്കിൽ എങ്ങനെ പെരുമാറും? യേശു ആയിരുന്നെങ്കിൽ

എങ്ങനെയാണ് ഈ കാര്യത്തിൽ ഇടപെടുക? എന്റെ സ്ഥാനത്ത്, യേശു ആയിരുന്നെങ്കിൽ എങ്ങനെയാണ് നിൽക്കുക? അങ്ങനെ യേശുവിന്റെ ഭാവമുള്ളവരായിത്തീരുക. യേശുവിന്റെ ഭാവം പ്രാപിക്കാൻ എന്താണ് വേണ്ടത്?

വിശ്വാസത്താൽ നിങ്ങൾ യേശുവിനെ പ്രാപിക്കുക. യേശുവിന്റെ തിരുവിലാവിൽ നിന്ന് ഒഴുകിയൊഴുകി വരുന്ന തിരുരക്തം നിങ്ങളുടെ ഹൃദയത്തിലേക്ക് പകരും. നിങ്ങളുടെ ഹൃദയത്തിലേക്ക് ആ തിരുരക്തം ഒഴുകി യേശുവിന്റെ സ്വഭാവം നിങ്ങൾക്ക് ലഭിക്കും.

വിശുദ്ധ കുർബ്ബാന അനുഭവിക്കുക എന്നതിന്റെ ആന്തരികമായ അനുഭവം അതാണ്. നിങ്ങൾ യേശുവിന്റെ ശരീരമായിത്തീരുന്നു. യേശുവിന്റെ തിരുരക്തമായിത്തീരുന്നു. നിങ്ങളുടെ ശരീരത്തിലൂടെ യേശുവിന്റെ തിരുരക്തം പ്രവഹിക്കുന്നു. യേശുവിന്റെ സ്വഭാവം പ്രവഹിക്കുന്നു. ആ തിരുരക്തം വ്യാപരിക്കുമ്പോൾ കഴിഞ്ഞകാല പാപങ്ങളെല്ലാം ദഹിച്ചുപോകുന്നു. കഴുകപ്പെട്ടുപോകുന്നു. കഴിഞ്ഞകാല ജീവിതത്തിലെ തിന്മകളെല്ലാം മാറിപ്പോകുന്നു.

അതിവേഗം നിങ്ങൾ മനം തിരിയുക. അതിവേഗം യേശുവിന്റെ തിരുരക്തത്തിനുവേണ്ടി നിങ്ങൾ കൊതിക്കുക. ആ തിരുരക്തം നിങ്ങളുടെ അരികത്ത് വന്നിരിക്കുന്നു. നിങ്ങളോട് ഗുണകരമായി സംസാരിക്കുന്നു. ഹാബേലിന്റെ രക്തത്തേക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹ രക്തത്തിന്റെ അടുക്കലല്ലോ നിങ്ങൾ വന്നിരിക്കുന്നത്.

ഇപ്പോൾത്തന്നെ നിങ്ങളെത്തന്നെ സമർപ്പിക്കുവിൻ. കർത്താവേ, ഇന്നുമുതൽ ഞാനൊരു പുതിയ സൃഷ്ടിയായി ജീവിക്കും. എന്റെ യേശുവേ, ഇന്നുമുതൽ ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും. എന്റെ യേശുവേ, നീ കുരിശിൽ എനിക്കുവേണ്ടി മരിച്ചതിനാൽ ഇന്നുമുതൽ ഞാനൊരു

പുതിയ സൃഷ്ടി. നമുക്ക് പ്രാർത്ഥിക്കാം.

കരുണയുള്ള കർത്താവേ, ഈ മനോഹരമായ സമയത്തിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ജീവന്റെ വചനങ്ങൾ ഞങ്ങളെ കേൾപ്പിച്ചതിനായി നിന്നെ സ്തുതിക്കുന്നു. കർത്താവേ, ജ്ഞാനം പ്രാപിച്ച്, ക്രിസ്തുവിനെ അനുഭവിച്ച്, തൂണുകൾ പണിത്, തൂണുകൾ ഉറപ്പിച്ച് വിശ്വാസജീവിതം കെട്ടിപ്പടുക്കുവാൻ ഞങ്ങൾക്ക് ഭാഗ്യം തരണമേ. എല്ലാവരേയും അനുഗ്രഹിക്കണമേ. എല്ലാവരേയും രൂപാന്തരപ്പെടുത്തണമേ. എല്ലാവരേയും സ്നേഹത്തിന്റെ പാതയിലൂടെ നയിക്കണമേ. ക്രൂശിലെ സ്നേഹം എല്ലാവർക്കും അനുഭവിക്കാൻ ഭാഗ്യം നൽകണമേ. യേശുവിൻ നാമത്തിൽത്തന്നേ, ആമ്മേൻ.

## പന്ത്രണ്ട്

*"അവൻ ഭൂമിയെ സ്വസ്ഥാനത്തുനിന്ന് ഇളക്കുന്നു;
അതിന്റെ തൂണുകൾ കുലുങ്ങിപ്പോകുന്നു."*
*ഇയ്യോബ് 9 : 6*

തിരുവചനത്തിലെ ഒൻപതാമത്തെ തൂണ്.

ഭൂമിയെ സ്വസ്ഥാനത്തുനിന്ന് ഇളക്കുന്നു എന്നും ഭൂമിയുടെ തൂണുകൾ കുലുങ്ങിപ്പോകുന്നു എന്നും ഇയ്യോബ് പറയുന്നത് വരാനിരിക്കുന്ന കാലത്ത് സംഭവിക്കാനിരിക്കുന്ന ഭയാനകമായ പ്രകൃതിക്ഷോഭങ്ങളെക്കുറിച്ചാണ്. അവസാന കാലത്ത് സംഭവിക്കാനിരിക്കുന്ന വലിയ പ്രകൃതിക്ഷോഭങ്ങൾ! വലിയ ഭൂമികുലുക്കങ്ങൾ! വലിയ അഗ്നിപർവ്വതസ്ഫോടനങ്ങൾ! സുനാമിത്തിരമാലത്തള്ളിക്കയറ്റങ്ങൾ! ഇവയെക്കുറിച്ചാണ് അവിടെ പറഞ്ഞിരിക്കുന്നത്. അവൻ ഭൂമിയെ സ്വസ്ഥാനത്തു നിന്ന് ഇളക്കുന്നു. അതിന്റെ തൂണുകൾ കുലുങ്ങിപ്പോകുന്നു.

വരാനിരിക്കുന്ന കാലത്ത് ഭയാനകമായ ചില കാര്യങ്ങൾ സംഭവിക്കാൻ പോകുന്നു. ഇന്ന് നാം സ്വസ്ഥരായി, സാമാന്യം സമാധാനമായി ഇവിടെ ജീവിക്കുന്നു. എന്നാൽ ആരും നിനച്ചിരിയാത്ത സമയത്ത് വലിയ ഭയാനകമായ കാര്യങ്ങൾ ഈ ഭൂമിമേൽ സംഭവിക്കും. വേദപുസ്തകം വ്യക്തമായി പറയുന്നു:

*"ഭൂവാസിയേ, പേടിയും കുഴിയും കണിയും നിനക്കു നേരിട്ടിരിക്കുന്നു. പേടികേട്ടു ഓടിപ്പോകുന്നവൻ*

*കുഴിയിൽ വീഴും; കുഴിയിൽ നിന്ന് കയറുന്നവൻ കണിയിൽ അകപ്പെടും; ഉയരത്തിലെ കിളിവാതിലുകൾ തുറന്നിരിക്കുന്നു; ഭൂമിയുടെ അടിസ്ഥാനങ്ങൾ കുലുങ്ങുന്നു. ഭൂമി പൊടുപൊടെ പൊട്ടുന്നു; ഭൂമി കിറുകിറെ കീറുന്നു; ഭൂമി കിടുകിട കിടുങ്ങുന്നു. ഭൂമി മത്തനെപ്പോലെ ചാഞ്ചാടുന്നു; കാവൽമാടം പോലെ ആടുന്നു; അതിന്റെ അകൃത്യം അതിന്മേൽ ഭാരമായിരിക്കുന്നു; അത് വീഴും, എഴുന്നേൽക്കുകയുമില്ല.” യെശയ്യാവ് 24 : 17 – 20*

ഭൂമിയുടെ അടിസ്ഥാനങ്ങൾ, ഭൂമിയുടെ തൂണുകൾ കുലുങ്ങിപ്പോകുന്നു. ഭൂമിക്ക് എവിടെയെങ്കിലും തൂണുണ്ട് എന്നല്ല, ഭൂമിയുടെ അടിസ്ഥാനങ്ങൾ കുലുങ്ങുന്നു! എല്ലാം കുലുങ്ങിപ്പോകുകയാണ്. ഒരു വീടിന്റെ തൂണുകുലുങ്ങിയാൽ ആ വീട് തകർന്നുപോകും. ഭൂമി, അതുപോലെ പൊട്ടിത്തകർന്നു പോകും.

വരുംകാലത്ത് സംഭവിക്കാനിരിക്കുന്ന കാര്യം അപ്പൊസ്തലനായ പത്രോസ് തന്റെ രണ്ടാമത്തെ ലേഖനം മൂന്നാം അദ്ധ്യായത്തിൽ വിശദമായി പറയുന്നുണ്ട്.

*“കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞു പോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും.” 2 പത്രോസ് 3 : 10*

വരാനിരിക്കുന്ന കാര്യമാണ് തിരുവചനം പറയുന്നത്. ഭൂമിമേൽ ന്യായവിധി വരുന്നു! ഭൂമിയുടെ അടിസ്ഥാനങ്ങൾ കുലുങ്ങുന്നു! അതിന് കാരണമെന്താണ്? യെശയ്യാവ് പറയും: മനുഷ്യന്റെ അകൃത്യം ഭൂമിമേൽ ഭാരമായിരിക്കുന്നു. അത് വീഴും; എഴുന്നേൽക്കയുമില്ല. മനുഷ്യന്റെ അകൃത്യം മൂലം

ഭൂമി ഊഷരമായ മരുപ്പറമ്പായി മാറുന്നു. നല്ല ഫലഭൂയിഷ്ഠമായ മണ്ണുള്ള പ്രദേശങ്ങൾ ഉണങ്ങി വരണ്ടു പോകുന്നു.

വേണ്ട സമയത്ത് വേണ്ടതുപോലുള്ള കാലാവസ്ഥയുടെ ആനുകൂല്യങ്ങൾ ലഭിക്കാതെ പോകുന്നു. കാലാവസ്ഥയിൽ വ്യതിയാനങ്ങൾ സംഭവിക്കുന്നു. ഭൂമിയിൽ കിട്ടേണ്ട വിളവുകൾ കിട്ടാതെ പോകുന്നു. അത് വിളവ് തരാതിരിക്കുന്നു.

*"അതുകൊണ്ട് ദേശം ദു:ഖിക്കുന്നു; അതിലെ സകല നിവാസികളും വയലിലെ മൃഗങ്ങളും ആകാശത്തിലെ പറവകളും ക്ഷീണിച്ചുപോകുന്നു; സമുദ്രത്തിലെ മത്സ്യങ്ങളും ഇല്ലാതെയാകുന്നു."*

*ഹോശേയ 4 : 3*

സകല ജീവജാലങ്ങൾക്കും കേടുവരുന്നു. ഭൂമിമേൽ വലിയ ന്യായവിധി, ശിക്ഷാവിധി വരുന്നു. വരുംകാലത്തെ കാര്യമാണ് പറയുന്നത്. ഇന്ന് ഭാഗികമായി അതെല്ലാം ചില സ്ഥലങ്ങളിൽ സംഭവിക്കുന്നു. എന്നാൽ എല്ലാം ഒരുമിച്ച് നാശം സംഭവിക്കുന്ന ഒരുദിവസത്തേക്ക് മനുഷ്യജാതി-ഭൂമി തന്നെയും- അടുത്തുകൊണ്ടിരിക്കുന്നു.

ഭൂമി ദു:ഖിക്കുന്നു; ദേശം ദു:ഖിക്കുന്നു.

*"യിസ്രയേൽ മക്കളേ, യഹോവയുടെ വചനം കേൾപ്പിൻ; യഹോവെക്ക് ദേശനിവാസികളോട് ഒരു വ്യവഹാരം ഉണ്ട്; ദേശത്തു സത്യവും ഇല്ല, ദയയും ഇല്ല, ദൈവപരിജ്ഞാനവുമില്ല. അവർ ആണയിടുന്നു; ഭോഷ്ക്കു പറയുന്നു; കൊല ചെയ്യുന്നു; മോഷ്ടിക്കുന്നു; വ്യഭിചരിക്കുന്നു; വീടു മുറിക്കുന്നു; രക്തപാതകത്തോട് രക്തപാതകം കൂട്ടുന്നു. അതുകൊണ്ട് ദേശം ദു:ഖിക്കുന്നു."*

*ഹോശേയ 4 : 1, 2*

ദേശത്തെ നിവാസികൾ ക്ഷയിച്ചുപോകുന്നു; ക്ഷീണിച്ചു പോകുന്നു. മൃഗങ്ങൾ ക്ഷീണിച്ചുപോകുന്നു. ആകാശത്തിലെ പറവകൾ ക്ഷീണിച്ചുപോകുന്നു. എല്ലാറ്റിനും നാശംവരുന്നു. മനുഷ്യന്റെ പാപംമൂലം ദേശത്തിന്മേൽ ന്യായവിധി വരുന്നു. ഭൂമിയുടെ തൂണുകൾ കുലുങ്ങിപ്പോകുന്നു.

*"ചുവരിൽനിന്ന് കല്ല് നിലവിളിക്കയും മരപ്പണിയിൽ നിന്ന് തുലാം ഉത്തരം പറകയും ചെയ്യുമല്ലോ."*
*ഹബക്കൂക്ക് 2 : 11*

ഭൂമിമേൽ, ഈ ഭൂമിയിലുള്ള കെട്ടിടങ്ങളുടെ ചുവരിലെ കല്ലുകൾ നിലവിളിക്കുന്നു. മേല്പുരയിലെ തുലാം ഉത്തരം പറയുന്നു.

മനുഷ്യർ ചെയ്യുന്ന ദുഷ്കൃത്യങ്ങൾമൂലം, മനുഷ്യന്റെ പാപംമൂലം, മനുഷ്യന്റെ ദുഷ്ടതമൂലം ഭൂമിയിൽ നാശം വരുന്നു. കല്ലുകൾ നിലവിളിക്കുന്നു. എല്ലാം മൂകസാക്ഷികളാണ്. വീട് മൂകസാക്ഷിയാണ്. ആ മുറിയിൽവെച്ച് അല്ലെങ്കിൽ ആ ഭവനത്തിൽവെച്ച് അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേകസ്ഥലത്തു വെച്ച് ചെയ്യുന്ന പാതകങ്ങൾ! കൊലപാതകങ്ങളാകാം, വ്യഭിചാരങ്ങളാകാം, ബലാൽസംഗങ്ങളാകാം, കവർച്ചകളാകാം. കൊള്ളരുതായ്മകൾ എന്തെല്ലാം! ആ ഭവനത്തിലെ ചുമരുകളും അതിലെ കല്ലുകളും അതിലെ മേൽപ്പണി, മരപ്പണികളും എല്ലാം സാക്ഷിയായി കണ്ടുനിൽക്കുന്നു.

മനുഷ്യന്റെ പാപംമൂലം കല്ലുകൾപോലും നിലവിളിക്കുന്നു. നിശ്ശബ്ദ സാക്ഷികളാണ്. ഇന്ന് ഒന്നും മിണ്ടുന്നില്ല. കല്ലുകൾ മിണ്ടുന്നില്ല. എന്നാൽ എല്ലാം കണ്ടുകൊണ്ട്, എല്ലാം വീക്ഷിച്ചു കൊണ്ട്, എല്ലാം അറിഞ്ഞുകൊണ്ട് ഈ അന്തരീക്ഷം മുഴുവൻ നിശ്ശബ്ദതയോടെ, മൂകസാക്ഷികളായി നിൽക്കുന്നു.

ഇയ്യോബ് 31-ാം അദ്ധ്യായം 38-ാം വാക്യം നാം

വായിക്കുമ്പോൾ മനുഷ്യന്റെ പാപംമൂലം വരുന്ന കെടുതികൾ കാണാം. ഭൂമി നിലവിളിക്കുന്നു, ഉഴച്ചാലുകൾ കരയുന്നു. കൃഷിക്കണ്ടത്തിലെ ഉഴച്ചാലുകൾ, വയലിലെ ഉഴവിന്റെ ചാലുകൾ, അത് കരയുന്നു എന്നാണ് പറയുന്നത്. അവിടെ നടക്കുന്ന ദുഷ്ടത നിമിത്തം, അവിടെ നടക്കുന്ന കൊള്ള നിമിത്തം - അവിടെ അതിർവരമ്പുകൾ മാറ്റുന്നു, തിന്മകളും വ്യാജപ്രവർത്തനങ്ങളും കവർച്ചകളും നടക്കുന്നു, സാധുവിനെ ഉപദ്രവിക്കുന്നു - ഭൂമി നിലവിളിക്കുന്നു.

> *"എന്റെ നിലം എന്റെ നേരെ നിലവിളിക്കയോ അതിന്റെ ഉഴച്ചാലുകൾ ഒന്നിച്ചു കരകയോ ചെയ്തുവെങ്കിൽ, വിലകൊടുക്കാതെ ഞാൻ അതിന്റെ വിളവ് തിന്നുകയോ അതിന്റെ ഉടമക്കാരുടെ പ്രാണൻ പോകുവാൻ സംഗതിയാക്കുകയോ ചെയ്തു എങ്കിൽ."* *ഇയ്യോബ് 31 : 38, 39*

ആ നിലത്തിന്റെ ഉടമയുടെ ദുഷ്ടത നിമിത്തം - എന്റെ നിമിത്തം - ഉഴച്ചാലുകൾ കരയുന്നു; നിലം നിലവിളിക്കുന്നു.

> *"പിന്നെ യഹോവ: സൊദോമിന്റെയും ഗൊമോരയുടെയും നിലവിളി വലിയതും അവരുടെ പാപം അതികഠിനവും ആകുന്നു."* *ഉല്പത്തി 18 : 20*

സൊദോമിന്റെയും ഗൊമോറയുടെയും നിലവിളി വലിയത്. ആ ദേശം നിലവിളിക്കുകയാണ്. കാരണമെന്ത്? അതിലെ നിവാസികളുടെ പാപം അതികഠിനമാകുന്നു. പാപത്തെ വെള്ളംപോലെ കുടിച്ചുകൊണ്ടിരിക്കുന്നു. പാപം ചെയ്യാൻ പേടിയില്ല. ആരോടും എന്തും പറയാൻ പേടിയില്ല. അപ്പനോട് ധിക്കാരം പറയാൻ പേടിയില്ല. ഭാര്യയെ ഉപദ്രവിക്കാൻ പേടിയില്ല. ആരെയും ദുഷിക്കാൻ ഭയമില്ല.

ഇല്ലാത്തതു പറഞ്ഞുപരത്താൻ പേടിയില്ല. ദൈവവേലയെ

തടുക്കാനിന്ന് പേടിയില്ല. ദൈവവേലയെ ധിക്കരിക്കാൻ, ദൈവവേലക്കാരെ പരിഹസിക്കാൻ പേടിയില്ല. ആരുചോദിക്കാനാണെന്നാണ് ചിന്ത. ഒന്നും പേടിക്കാനില്ല, എന്നെ തിരുത്താൻ ആർക്ക് അവകാശമെന്നാണ് ചിന്ത.

ദേശനിവാസികളുടെ പാപംമൂലം ദേശം നിലവിളിക്കുകയാണ്. അതിഭയാനകമായ കരച്ചിൽ ദൈവസന്നിധിയിലേക്കുയരുന്നു. എന്താണിതിനു പരിഹാരം?

ഭൂമി കുലുങ്ങുന്നു. തൂണുകൾ കുലുങ്ങുന്നു. ഈ തൂണ് ഉറച്ചുനിൽക്കാൻ നാം എന്താണ് ചെയ്യേണ്ടത്? നാം ഉറച്ചുനിൽക്കുക. എവിടെയാണ് ഉറച്ചുനിൽക്കേണ്ടത്? ക്രിസ്തു എന്ന പാറമേൽ ഉറപ്പിച്ചു നിൽക്കുക. അവിടം മാത്രമേ ശരണമുള്ളൂ. യേശുക്രിസ്തുവിൽ മാത്രമേ ശരണമുള്ളൂ. നമ്മുടെ ജീവിതം ക്രിസ്തുവിൽ ഉറപ്പിക്കണമെങ്കിൽ എന്തു ചെയ്യണം?

ക്രിസ്തുവിൽ ചുവടുവെപ്പ് ഊന്നണമെങ്കിൽ എന്തു ചെയ്യണമെന്ന് അപ്പൊസ്തലനായ പത്രോസ് പറയുന്നു:

> *"കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും. ഇങ്ങനെ ഇവ ഒക്കെയും അഴിവാനുള്ളതായിരിക്കയാൽ ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവദിവസത്തിന്റെ വരവ് കാത്തിരുന്നും ബദ്ധപ്പെടുത്തിയുംകൊണ്ട് നിങ്ങൾ എത്ര വിശുദ്ധജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കണം."*
>
> *2 പത്രോസ് 3 : 10 – 12*

നിങ്ങൾ എത്രമാത്രം വിശുദ്ധ ജീവിതമുള്ളവരായിരിക്കേണ്ടതാണ്! എത്രമാത്രം ഭക്തിയുള്ളവരായിരിക്കേണ്ടതാണ്! ഇവയൊക്കെയും ചുട്ടഴിവാനുള്ളതാണ്. മകനേ, നീ ഇന്ന് വസിക്കുന്ന വീട് നശിക്കാനുള്ളതാണ്. നിന്റെ ജോലി, നിന്റെ വരുമാനം, നിന്റെ സമ്പാദ്യങ്ങൾ, ഈ ലോകത്തിലെ എന്തെല്ലാം നിനക്ക് നിന്റേതെന്നു പറയാനുണ്ടോ അതൊക്കെയും നിന്നെ വിട്ടുപോകുന്നതാണ്. ഒന്നും സ്ഥായിയല്ല. ഒന്നും സ്ഥിരമായി നിന്റെകൂടെ നിൽക്കുകയില്ല. ഇതെല്ലാം നശ്വരമാണ്. നശിച്ചുപോകുന്നതാണ്.

പക്ഷേ, നശിക്കാത്തത്, മാറിപ്പോകാത്തത്, വിട്ടു പോകാത്തത് കരുണയുള്ള കർത്താവായ യേശുവിന്റെ സ്നേഹം മാത്രം. യേശു, അവൻ എന്നും എന്നെന്നേക്കും ജീവിക്കുന്നു. അവൻ ആദി കണ്ടവനാണ്. അവൻ തുടങ്ങി ത്തന്നവനാണ്, അവൻ ആരംഭം കുറിച്ചവനാണ്, അവൻ നിങ്ങളെ അന്ത്യത്തിലേക്ക് എത്തിക്കും.

അവൻ നിങ്ങളെ വിളിച്ചിറക്കിയതാണ്. വിളിച്ചിറക്കിയിട്ട് വഴിയിലിട്ടിട്ട് പോകുകയില്ല. ഇത്രയും കൊണ്ടുവന്നിട്ട് മോനേ, ഇനി ഞാൻ നിന്റെകൂടെയില്ല എന്നുപറഞ്ഞ് മാറുകയില്ല. എന്നാൽ നാം മാറിപ്പോയാൽ അവൻ എന്തുചെയ്യും? അവന്റെ പിടിവിടുവിച്ച് നാം സ്വതന്ത്രരായിപ്പോകാൻ തുടങ്ങിയാൽ കർത്താവ് ബലാൽക്കാരേണ പിടിച്ചു നിർത്തുകയില്ല. നമ്മുടെ സ്വതന്ത്രബുദ്ധിയിൽ കർത്താവ് കൈവയ്ക്കുകയില്ല. ചോദ്യം ചെയ്യുകയില്ല. പൂർണ്ണ സ്വാതന്ത്ര്യം നമുക്ക് തന്നിരിക്കുന്നു. വിശേഷബുദ്ധി തന്നിരിക്കുന്നു. നമുക്ക് വേണമെങ്കിൽ സ്വീകരിക്കാം. അല്ലെങ്കിൽ നിരാകരിക്കാം.

നിങ്ങളുടെ ജീവിതത്തിൽ ഇന്ന് കർത്താവ് ഒരു തെരഞ്ഞെടുപ്പിനുള്ള അവസരം തരികയാണ്. എന്തുവേണം? യേശുക്രിസ്തു എന്ന ഉറപ്പുള്ള പാറമേൽ മാറിച്ചവിട്ടാൻ

നിങ്ങൾക്ക് താല്പര്യമുണ്ടോ? വിശുദ്ധജീവിതവും ഭക്തിയുമുള്ളവരായിരിക്കാൻ നിങ്ങൾക്ക് താല്പര്യമുണ്ടോ?

അനേകർക്കും പക്ഷേ, വചനം കേൾക്കാൻ താത്പര്യമില്ല, വചനം കേട്ട് നിങ്ങളുടെ ജീവിതം രൂപാന്തരപ്പെടണം. ഹൃദയം മാറണം. നിങ്ങളുടെ മനസ്സ് മാറ്റംവന്ന് യഥാർത്ഥമായ ഒരു മാനസാന്തരത്തിലേക്ക് വരണം. വചനം കേൾക്കുമ്പോൾ, പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾക്ക് മാറ്റം വരും.

> *"രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല; കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളേയും നിങ്ങളുടെ ദൈവത്തേയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്; നിങ്ങളുടെ പാപങ്ങളത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറയ്ക്കുമാറാക്കിയത്."*
>
> *യെശയ്യാവ് 59 : 1, 2*

പാപം ജീവിതത്തിൽ നിന്ന് മാറ്റുക; പ്രവൃത്തികളിൽ നിന്നു മാറ്റുക; വാക്കുകളിൽ നിന്ന് മാറ്റുക; ചിന്തയിൽ നിന്ന് മാറ്റുക; മനോഭാവത്തിൽനിന്നു മാറ്റുക. അപ്പോൾ ദൈവത്തിന്റെ കൃപ നിങ്ങൾക്കു ലഭിക്കും. കുലുങ്ങിപ്പോകാത്ത തൂണാകുന്ന ക്രിസ്തുവിനാൽ അടിയുറയ്ക്കാൻ സാധിക്കും. അപ്പോൾ നിങ്ങളുടെ ജീവിതം വിശുദ്ധമാകും. യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ പറന്നുയരുന്നവരായിത്തീരും.

നിങ്ങൾക്ക് യേശുവിന്റെ പാദപീഠത്തിങ്കൽ വരുവാൻ താല്പര്യമുണ്ടോ? യേശുവിന്റെ ആണിപ്പാടുള്ള കരം നിങ്ങളുടെ നേരെ നീട്ടിയിട്ടുണ്ട്. ആ തിരുരക്തം പുരണ്ട കരത്തിലേക്ക് നിങ്ങളെ ഏല്പിച്ചു കൊടുക്കുക. ഇന്നു നീട്ടിയിരിക്കുന്ന ആ കരം എപ്പോഴാണ് വലിക്കുന്നതെന്നറിയില്ല.

ഇന്നു തുറന്നിരിക്കുന്ന കൃപയുടെ വാതിൽ എപ്പോഴാണ് അടയ്ക്കുന്നത് എന്നറിയുന്നില്ല. ഇപ്പോൾത്തന്നെ നിങ്ങളുടെ ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലേക്ക് വച്ചുകൊടുക്കുക.

തിരുരക്തം നിങ്ങളെ കഴുകട്ടെ. ആ തിരുരക്തം നിങ്ങളെ ശുദ്ധീകരിക്കട്ടെ. കഴിഞ്ഞകാല പാപങ്ങൾ മാറ്റട്ടെ. തിന്മകൾ ദൂരീകരിക്കട്ടെ. നിങ്ങളെ വിശുദ്ധരാക്കട്ടെ. നിങ്ങളെ അനുഗ്ര ഹിക്കട്ടെ. ശാപദോഷങ്ങൾ മാറ്റട്ടെ. ബന്ധനങ്ങൾ അഴിയ്ക്കട്ടെ. കോട്ടകൾ തകർക്കട്ടെ. പിശാചുകെട്ടിയിരിക്കുന്ന നെടുങ്കോട്ട കളെല്ലാം ഇടിഞ്ഞുവീഴട്ടെ. യേശുക്രിസ്തുവിന്റെ നാമം നിങ്ങളുടെമേൽ മുദ്രയായി ചാർത്തട്ടെ. യേശുവിന്റെ തിരുരക്തം നിങ്ങളെ അണിയിക്കട്ടെ. യേശുവിന്റെ തിരുരക്തം നിങ്ങളെ രക്ഷിക്കട്ടെ. യേശുവിന്റെ വരവിനുവേണ്ടി നിങ്ങളെ ഒരുക്കട്ടെ.

# പതിമൂന്ന്

*"അവൻ ഭൂമിയെ സ്വസ്ഥാനത്തുനിന്ന് ഇളക്കുന്നു;*
*അതിന്റെ തൂണുകൾ കുലുങ്ങിപ്പോകുന്നു."*
*ഇയ്യോബ് 9 : 6*

ഭൂമിയുടെ തൂണുകൾ കുലുങ്ങിപ്പോകുന്നു. ദൈവം ഭൂമിയെ സ്വസ്ഥാനത്തു നിന്ന് ഇളക്കുന്നു. അതിന്റെ അടിത്തറ കുലുങ്ങിപ്പോകത്തക്കവണ്ണം സാരമായ കേടുകൾ സംഭവിക്കുന്നു.

ഒരു ഭവനത്തിന്റെ തൂണ് കുലുങ്ങിപ്പോയാൽ ആ ഭവനത്തിന് സുരക്ഷിതത്വമില്ല. ഒരു വീട് അല്ലെങ്കിൽ ഒരു പന്തൽ, അതിന്റെ തൂണുകൾ കുലുങ്ങിപ്പോയാൽ പിന്നെ ആ പന്തലിന്, ആ വീടിന് അല്പംപോലും ഭദ്രതയില്ല. അവിടെ സുരക്ഷിതമായി ആർക്കും ഇരിക്കാൻ സാധിക്കുകയില്ല.

ഇന്ന് പല പല കാര്യങ്ങളിൽ നമുക്ക് ഉറപ്പുണ്ട്. ആരോഗ്യ ത്തിൽ ഉറപ്പോടെ ആശ്രയിച്ചുനിൽക്കുന്ന ആളുകളുണ്ട്. സ്വന്തം വിദ്യാഭ്യാസത്തിന്റെ മേന്മയിലും പഠിപ്പിന്റെ ഉയർച്ചയിലും ആശ്രയിക്കുകയും അഭിമാനിക്കുകയും ചെയ്യുന്ന ആളുകളുണ്ട്. ജോലിയുടെ മഹിമയിലും പ്രതാപത്തിലും അഭി മാനിക്കുകയും പ്രശംസിക്കുകയും പുകഴുകയും ചെയ്യുന്ന ആളുകളുണ്ട്. കുടുംബമഹിമയിലും കുലശ്രേഷ്ഠതയിലും കുലീനത്വത്തിലും അഭിമാനിക്കുന്ന, പ്രശംസിക്കുന്ന ആളുകളുണ്ട്.

നാം പലതിലും ആശ്രയിക്കുന്നവരാണ്. ഞാനൊന്നിലും ആശ്രയിക്കുന്നില്ല, ഞാൻ എന്റെ കർത്താവിൽ മാത്രമേ

ആശ്രയിക്കുന്നുള്ളു എന്ന് പറയുന്ന ആളുകൾപോലും അവരുടെ ജീവിതത്തിൽ ആഴത്തിൽ ഒന്നു ചികഞ്ഞു നോക്കിയാൽ കാണാം ഏതെല്ലാമോ ചില കാര്യങ്ങളിൽ ആശ്രയിക്കുന്നവരാണ് എന്ന്. ഭൗതികമായ, താത്ക്കാലിക മായ, ക്ഷയിച്ചുപോകുന്ന കാര്യങ്ങളിൽ, തളർന്നും തകർന്നും പോകാവുന്ന കാര്യങ്ങളിൽ ആശ്രയിക്കുന്നവരാണ് മനുഷ്യരെല്ലാവരും തന്നെ.

എന്നാൽ നമ്മുടെ ആശ്രയസ്ഥാനങ്ങളെല്ലാം ഇളകുന്ന വയാണ്. ഒരിക്കലും ഇളകുകയില്ല എന്നു വിചാരിച്ചിരുന്ന ആശ്രയസ്ഥാനങ്ങളും ഇളകുന്നവയാണ്. ഒരിക്കലും തകരുകയില്ല എന്ന് വിചാരിച്ചിരുന്ന കാര്യങ്ങളും തകർന്നു പോകുന്നതാണ്. ഇത് എന്റേത് എന്ന് നാം കരുതുന്ന നമ്മുടെ ഭൂമി, നമ്മുടെ വീട്, നമ്മുടെ കൈവശവസ്തുക്കൾ, അത് നമ്മെ വിട്ടുപോകുന്നതാണ്; നാം അവയെ വിട്ടുപോകുന്നതാണ്. നമുക്കെല്ലാവർക്കും അറിയാം, ഒന്നും സ്ഥായിയല്ല, ഒന്നും സ്ഥിരമല്ല.

എന്നാൽ നാം വസ്തുതകൾ കൃത്യമായും തിരുവചന ത്തിന്റെ അടിസ്ഥാനത്തിൽ, തിരുവചനത്തിന്റെ വെളിച്ചത്തിൽ ഗ്രഹിക്കുമ്പോൾ വലിയോരു പരമാർത്ഥം നമ്മുടെ മുമ്പിൽ തെളിഞ്ഞുവരും. ഒന്നും ശാശ്വതമല്ല. ഒന്നും സ്ഥിരമല്ല. ഇന്നത്തെ ഈ ഭൂമിയുടെ തൂണുകൾ കുലുങ്ങിപ്പോകും. ഇന്നത്തെ ഈ ഭൂമി തകർന്നുപോകും. ഈ ഭൂമി നിശ്ശേഷം ഉടഞ്ഞുപോകും. എല്ലാം തകർന്നു തരിപ്പണമാകും.

നിങ്ങൾ പത്രങ്ങളിൽ വായിച്ചുകാണും, ഒരു വലിയ നക്ഷത്രം! ഭൂമിയെക്കാൾ എത്രയോ മടങ്ങു വലിപ്പമുള്ള ഒരു നക്ഷത്രം! അതങ്ങ് ശൂന്യാകാശത്തുനിന്ന് പാഞ്ഞുപാഞ്ഞു വരികയാണ്. ഭൂമിയുടെ നേർക്കാണ് പാഞ്ഞുവരുന്നതെന്ന്. ആ നക്ഷത്രം, ഇപ്പോൾ വരുന്ന ദിശയിലാണ് വരുന്നതെങ്കിൽ ഭൂമിയിൽ വന്നിടിക്കുമെന്നും വലിയൊരു പാറ വന്ന് ഒരു ചെറിയ മൺകട്ടയിൽ വീണാൽ എങ്ങനെ ആ മൺകട്ട

ഉടഞ്ഞുപോകുമോ അതുപോലെ ഈ ഭൂമി ഉടഞ്ഞു തകർന്നു ധൂളിയായിപ്പോകും എന്നും പിന്നെ ബാക്കി ഒന്നും കാണുകയില്ല എന്നും ശാസ്ത്രജ്ഞന്മാർ പറയുന്നു. നമുക്ക് കൂടുതൽ കാര്യങ്ങൾ അറിഞ്ഞുകൂടാ. അതിന്റെ ദിശ മാറുമോ? അതിന്റെ ഗതി മാറുമോ? നമുക്കറിഞ്ഞു കൂടാ.

വെളിപ്പാടുപുസ്തകം എട്ടാം അദ്ധ്യായത്തിൽ നാം കാണുന്നുണ്ട്, ഒരു വലിയ നക്ഷത്രം പാഞ്ഞുവരുന്നു എന്ന്.

> *"മൂന്നാമത്തെ ദൂതൻ ഊതി; അപ്പോൾ ദീപം പോലെ ജ്വലിക്കുന്ന ഒരു മഹാനക്ഷത്രം ആകാശത്തുനിന്നു വീണു; നദികളിൽ മൂന്നിലൊന്നിന്മേലും നീരുറവുകളിന്മേലും ആയിരുന്നു വീണത്. ആ നക്ഷത്രത്തിന്നു കാഞ്ഞിരം എന്നു പേർ; വെള്ളത്തിൽ മൂന്നിലൊന്നു കാഞ്ഞിരം പോലെ ആയി; വെള്ളം കയ്പ്പായതിനാൽ മനുഷ്യരിൽ പലരും മരിച്ചുപോയി."* *വെളിപ്പാട് 8 : 10, 11*

സംഭവിക്കാൻപോകുന്ന കാര്യങ്ങൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് വെളിപ്പെടുത്തുകയാണ്. നക്ഷത്രം ഭൂമിയിൽ വന്ന് വീണു! എന്തെല്ലാമായിരിക്കും അതിന്റെ ആത്മീയ അർത്ഥങ്ങൾ? ആത്മീയമായ അർത്ഥങ്ങളുടെ ഗഹനമായ വശങ്ങളിലേക്ക് തിരിയുവാൻ നമ്മുടെ നിസ്സാരമായ ബുദ്ധി മതിയാകുന്നതല്ല. ഈ ഭൂമി തകരാൻ പോവുകയാണ്.

"അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും." ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും. ഒരു ഭയങ്കരമായ ശബ്ദം മാത്രം കേൾക്കും. മൂലപദാർത്ഥങ്ങൾ-ധാതുക്കളും ലവണങ്ങളും ലോഹങ്ങളും കത്തിപ്പോകും. ഭൂമിയും അതിലുള്ള പണികളും വെന്തു പോകയും ചെയ്യും.

ഭൂമിയുടെ തൂണ് കുലുങ്ങുന്നു. ആശ്രയസ്ഥാനങ്ങളെല്ലാം

തകർന്നുപോകും. എല്ലാ ആശ്രയവും ഉടഞ്ഞുപോകും. ഇന്നു നാം കാണുന്നതെല്ലാം തീർന്നുപോകുന്ന ഒരു ദിവസമുണ്ട്.

നമ്മിൽ പലരും ഈ വാക്യങ്ങളെല്ലാം വായിക്കുന്നുണ്ടെങ്കിലും അതിന്റെ ആഴങ്ങളിലേക്ക് നീങ്ങാറില്ല. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് ആർക്കറിയാം? എപ്പോഴാണ് സംഭവിക്കാൻ പോകുന്നതെന്ന് നമുക്കാർക്കും അറിഞ്ഞുകൂടാ. ആശ്രയസ്ഥാനങ്ങൾ ഇളകുന്നു. ഇന്നു നാം പിടിക്കുന്ന കൊമ്പുകളെല്ലാം തകരുന്നു; ഒടിഞ്ഞുപോകുന്നു. എല്ലാം വിട്ടുപോകുന്നു. ആരിലുണ്ട് ആശ്രയിക്കാൻ? എവിടെയുണ്ട് ശരണപ്പെടാൻ? ഒന്നിലുമില്ല.

രസകരമായ, വളരെ ശ്രദ്ധേയമായ ഒരു കഥ ഞാൻ വായിച്ചു. രാവണൻകോട്ട – Labyrinth – എന്ന ഒരു കോട്ടയുണ്ട്. അതൊരു ഭീകരമായ കോട്ടയാണ്. ആ കോട്ടയിൽ ചെന്നുപെട്ടാൽ ആരും രക്ഷപ്പെടാറില്ല. ഒരിക്കൽ ഒരപ്പനും മകനും അവിടെ ചെന്നുപെട്ടു. അതിൽനിന്നും രക്ഷപ്പെടണം.

അപ്പൻ പറഞ്ഞു: “മകനേ, നമുക്കിവിടെനിന്നും രക്ഷപ്പെടാൻ വേറൊരു മാർഗ്ഗമില്ല. ഒരു മാർഗ്ഗമേയുള്ളൂ. പറന്നേ രക്ഷപ്പെടാൻ പറ്റൂ. അല്ലാതെ ഈ കോട്ടയിൽനിന്ന് രക്ഷപ്പെടാൻ പറ്റുകയില്ല.” “അതിനെന്താ ചെയ്യുക?” “മോനേ നീ ഒരു കാര്യം ചെയ്യൂ. പക്ഷികളുടെ തൂവലുകൾകൊണ്ട് നീ ഒരു ചിറകുണ്ടാക്കൂ. ആ ചിറക് നീ നിന്റെ ശരീരത്തിൽ ഒട്ടിച്ചുവയ്ക്കണം.” “എങ്ങനെ ഒട്ടിച്ചുവെക്കും?” “അത് മെഴുകുകൊണ്ട് ഒട്ടിച്ചു വയ്ക്കാം. എന്നിട്ട് നിനക്ക് പറന്നു രക്ഷപ്പെടാം.” അപ്പൻ മോന് പറഞ്ഞുകൊടുത്തു.

മകൻ ചിറകെല്ലാം ശരിയാക്കി. മെഴുകുകൊണ്ട് ചിറക് ശരീരത്തിൽ ഒട്ടിച്ചുവെച്ചു. ഇവൻ പറക്കാൻ നേരത്ത് അപ്പൻ പറഞ്ഞു: “മോനേ, നീ ഒരു കാര്യം ശ്രദ്ധിക്കണം. മെഴുകാണ്. അധികം ഉയരത്തിൽ പറക്കരുത്. പറക്കുമ്പോൾ രസം തോന്നി നീ ഉയരത്തിൽ പറന്നാൽ സൂര്യന്റെ ജ്വലിക്കുന്ന പ്രകാശത്തിൽ

ഈ മെഴുക് ഉരുകിപ്പോകും. ചിറക് വിട്ടുപോകും. ചിറക് വിട്ടുപോയാൽ നീ സമുദ്രത്തിൽ പതിക്കും. നീ നല്ലപോലെ ശ്രദ്ധിച്ച് വളരെ താഴെ താണു പറന്നാൽ മതി. അധികം മുകളിലേക്ക് പൊങ്ങരുത്.”

മോൻ ചിറകുവെച്ച് പറക്കാൻ തുടങ്ങി. കുറച്ചു പറന്നപ്പോൾ ഒരു രസം. കുറച്ചുകൂടി പറന്നു. കുറച്ചുകൂടി മുകളിലോട്ട് പോയി. പിന്നെയും ആവേശം കയറി. പിന്നെയും മുകളിലേക്ക് പോയി. അപ്പൻ പറഞ്ഞതനുസരിച്ചില്ല. എന്തുപറ്റി? ആ മകന്റെ ചിറക് മെഴുക് ഉരുകിയതോടെ താഴെ പോയി. ചിറകുപോയതോടെ മകൻ താഴെ ഒരു വയലിൽ ചെന്ന് പതിച്ചു. ആ സമയത്ത് അടുത്ത് ഒരാൾ കാള പൂട്ടി ഉഴുതുകൊണ്ടിരിക്കുകയായിരുന്നു. അയാൾ എന്തോ ഒന്ന് വീഴുന്നതുകേട്ടു. ഒന്നു നോക്കി, ശ്രദ്ധിച്ചില്ല. വീണ്ടും ഉഴുതുകൊണ്ടി രുന്നു.

തുടർന്ന് കഥാകൃത്ത് പറയുന്നു: ഇത്രയേയുള്ളൂ മനുഷ്യ ജീവിതം. ഓരോരോന്നോരോന്ന് കൊഴിഞ്ഞുപോകും.

ആശ്രയസ്ഥാനങ്ങളെല്ലാം ഇളകി കഴിയുമ്പോൾ എല്ലാം കൊഴിഞ്ഞുവീഴും. അഹങ്കാരംകൊണ്ട് കൊഴിഞ്ഞുവീണു എന്നു വരാം. തന്നിഷ്ടംകൊണ്ട് കൊഴിഞ്ഞുവീണു എന്നുവരാം. അനേകമനേകം പാപങ്ങൾകൊണ്ട് താഴെ വീണു എന്നു വരാം. പക്ഷേ, ആരുമാരും ശ്രദ്ധിക്കുന്നില്ല. വീഴുന്നവരവിടെ വീണ് കിടക്കും. ഓരോരുത്തരും അവരവരുടെ വഴിക്കു നീങ്ങുന്നു. എന്തുകൊണ്ട് വീണു എന്നൊന്നും ആരും ചിന്തിക്കാറില്ല. പലരും ഇതൊന്നും ഗൗനിക്കാറേയില്ല.

ഈ ലോകത്ത് നടക്കുന്ന പല കാര്യങ്ങളും നാം അറിയാറില്ല. നാം ചിന്തിക്കാറില്ല. അഹങ്കാരികൾ താണു പോകുന്നതും വീണുപോകുന്നതും നാം ശ്രദ്ധിക്കാറില്ല, പാഠങ്ങൾ ഉൾക്കൊള്ളാറില്ല. പൊങ്ങച്ചക്കാർ താഴുന്നത് നാം ശ്രദ്ധിക്കാറില്ല. പാഠങ്ങൾ ഉൾക്കൊള്ളാറില്ല. ദു:സ്വഭാവികൾ വീണുപോകുന്നത് നാം ശ്രദ്ധിക്കാറില്ല. അനേകമനേകം

സംഭവങ്ങൾ നമ്മുടെ ചുറ്റുപാടും നടക്കുന്നു. നാം അതൊന്നും ഗൗനിക്കാറില്ല. അനേകർ നമ്മുടെ ചുറ്റുപാടും മരിച്ചുപോകുന്നു. ഞാനും ഇതുപോലൊരു ദിവസം മരിച്ചുപോകും എന്ന് നാം ചിന്തിക്കാറില്ല. എന്താണ് കാരണം?

നാം നമ്മുടെ ഒരു ലോകത്ത് ചുരുങ്ങിക്കൂടി നിൽക്കുകയാണ്. നമ്മുടെ ഒരു ചുറ്റുവട്ടത്തിനകത്ത് ഒതുങ്ങി നിൽക്കുകയാണ്. അതിനപ്പുറത്തേക്ക് ചിന്തിക്കാൻ നമുക്ക് തോന്നാറില്ല. ഓർക്കുക, ഒന്നിലും ആശ്രയിക്കരുത്. ഒന്നിലും ശരണപ്പെട്ടുപോകരുത്. ഒന്നിലും അഭിമാനിക്കരുത്.

ആ ചെറുപ്പക്കാരൻ അഭിമാനിച്ചു. ഉയർന്നുപറന്നപ്പോൾ, നല്ല ഉയരത്തിൽ പറക്കാമല്ലോ, പ്രകൃതി മുഴുവനും കണ്ടുകൊണ്ട് പറക്കാമല്ലോ, ആളുകൾ അത്ഭുതത്തോടെ അവനെ നോക്കുന്നുണ്ടല്ലോ; പറക്കുന്ന യുവാവ്! എന്തൊരാവേശം! അവൻ പറന്നു പറന്നുപോയപ്പോൾ സൂര്യന്റെ ചൂടേറ്റ് ചിറകറ്റു പോയി. മെഴുകുരുകിപ്പോയി. ഇതൊരു കഥയാണെങ്കിലും കഥയ്ക്ക് നല്ല പാഠമുണ്ട്.

കുലുങ്ങുന്ന ഈ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യൻ കുലുങ്ങിപ്പോകാൻ ഇടവരാതിരിക്കണമെങ്കിൽ അവൻ ഉറപ്പുള്ള ഒരു കൊമ്പിൽ പിടിക്കണം. ഒടിയാത്ത കൊമ്പിൽ പിടിക്കണം.

ഏതാണ് ഈ ഒടിയാത്ത കൊമ്പ്? ലോകചരിത്രത്തിൽ ഒടിയാത്ത ഒരു കൊമ്പേയുള്ളൂ. അത് ഗോഗുൽത്തായിൽ മരിച്ച കർത്താവായ യേശുക്രിസ്തുവാണ്. ക്രൂശിൽ മരിച്ച രക്ഷകനായ മശിഹാതമ്പുരാനാണ്. അവിടുന്ന് ഒടിയാത്ത കൊമ്പാണ്. അവിടുന്ന് യിശ്ശായിയുടെ കൊമ്പാണ്. അവിടുന്ന് ദാവീദിന്റെ വേരാണ്. ദാവീദിന്റെ വേരും വംശവും ശുഭ്രമായ ഉദയനക്ഷത്രവുമാണ്. അവിടുന്ന് ആദിയില്ലാത്ത ആദിയാണ്, അന്തമില്ലാത്ത അന്തമാണ്. Beginningless beginning ആണ്; Endless end ആണ്. അവിടുന്ന് അൽഫയാണ്, ഒമേഗയാണ്.

ജീവനുള്ള ക്രിസ്തു! ജീവനുള്ള ദൈവം!

ഈ ദൈവത്തെ നിങ്ങൾക്ക് പിടികിട്ടിയിട്ടുണ്ടോ? ഈ ക്രിസ്തുവിനെ നിങ്ങൾ പിടിച്ചിട്ടുണ്ടോ? ക്രിസ്തുവിന്റെ കരം നിങ്ങളെ പിടിച്ചത് നിങ്ങൾ അറിയുന്നുണ്ടോ? ക്രിസ്തുവിന്റെ കരം നിങ്ങളെ പിടിക്കാൻ നിങ്ങളുടെ അരികത്തേക്ക് വരുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? നിങ്ങൾ അനുഭവിച്ചിട്ടുണ്ടോ? ക്രിസ്തുവിന്റെ കരം നിങ്ങളെ പിടിക്കുന്നത് എന്തിനാണെന്നറിയാമോ? ആഴമുള്ള കുഴിയിൽനിന്ന് ഉയർത്തിയെടുക്കാൻ. ആഴങ്ങളിലേക്ക്, പാപത്തിന്റെ ചെളിക്കുണ്ടിലേക്ക് താണുപോയ മനുഷ്യനെ പാപത്തിന്റെ അഗാധതയിൽ നിന്ന് പൊക്കിയെടുക്കാനാണ് ഈ കരം നീട്ടുന്നത്.

നിങ്ങൾ ആപത്തിൽപ്പെട്ടു പോകുമ്പോൾ ഈ കരം നിങ്ങളെ ആപത്തിൽനിന്ന് വിടുവിക്കുന്ന കരമാണ്. നിങ്ങൾ അനർത്ഥത്തിൽപ്പെട്ടു പോകുമ്പോൾ അനർത്ഥത്തിൽ നിന്ന് നിങ്ങളെ മോചിപ്പിക്കുന്ന കരമാണ്. അത്യാഹിതങ്ങളിൽ പെട്ടു പോകുമ്പോൾ നിങ്ങൾക്ക് സമാധാനം തരുന്ന കരമാണ്. ഈ കരം നിങ്ങളെ പിടിച്ചത് നിങ്ങൾക്ക് ഓർമ്മയുണ്ടോ? നിങ്ങൾ വെപ്രാളപ്പെട്ടുപോകുമ്പോൾ, നിങ്ങൾ പരിഭ്രാന്തരായിത്തീരുമ്പോൾ, ഭയചകിതരായിത്തീരുമ്പോൾ, ഭീതി പൂണ്ട് വിഷമിച്ചു പോകുമ്പോൾ, എങ്ങനെ മുമ്പോട്ടു പോകണമെന്നറിയാതെ അലഞ്ഞുവലഞ്ഞു പോകുമ്പോൾ നിങ്ങളെ പിടിച്ചു നേർവഴിക്കു നടത്തുന്ന കരമാണ് യേശുവിന്റെ കരം!

ഗോഗുൽത്തായിലെ കുരിശിൽ ആണികൾ തറയ്ക്കപ്പെട്ട്, ചേതനയറ്റു കിടന്ന ആ കരം ഇന്നും ജീവിക്കുന്ന കരമാണ്. ആയിരങ്ങൾക്ക് ആശ്വാസം പകരുന്ന കരമാണ്. ആ കരം ഇന്ന് അനേകരെ ധൈര്യപ്പെടുത്തുന്ന കരമാണ്. സ്നേഹിതരേ, ആ കരത്തിന്റെ സ്പർശനമേൽക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? ആ കരത്തിന്റെ തലോടലേൽക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? ആ കരം നിങ്ങളുടെ കണ്ണുനീർ തുടക്കുന്നത് നിങ്ങൾക്ക് അനുഭവമുണ്ടോ?

രോഗക്കിടക്കയിൽ കിടക്കുമ്പോൾ ആ കരം വന്ന് നിങ്ങളെ തലോടുന്നത് നിങ്ങൾക്ക് അനുഭവിക്കാം. നിങ്ങൾ വേദനിച്ച് പിടയുമ്പോൾ ആ കരം വന്ന് നിങ്ങളെ തലോടുമ്പോൾ നിങ്ങളുടെ ശരീരത്തിൽ സൗഖ്യം അനുഭവിക്കുന്നത് അറിഞ്ഞു കൊണ്ട് നിങ്ങൾക്ക് ദൈവത്തെ സ്തുതിക്കാം.

നിങ്ങൾ എന്തുവേണ്ടൂ എന്നറിയാതെ വിഷമിക്കുന്ന സമയങ്ങളിൽ, പ്രശ്നങ്ങളുടെ മുമ്പിൽ വന്നു പതറി നിൽക്കുമ്പോൾ ഈ കരം നിങ്ങളെ താങ്ങുന്നത് നിങ്ങൾക്കനുഭവിക്കാം.

ഭൂമിയുടെ തൂണു കുലുങ്ങുന്നതിനുമുമ്പ് ഇന്ന് കുലുങ്ങാത്ത തൂണിൽ, കുലുങ്ങാത്ത കൊമ്പിൽ, ഒടിയാത്ത കൊമ്പിൽ നമുക്ക് ഉറപ്പിച്ചുപിടിക്കാം. യേശുവിൽ നമുക്കാശ്രയിക്കാം. യേശുവിന്റെ പാദപീഠത്തിൽ നമുക്ക് നമിക്കാം. യേശുവിനായി നമ്മുടെ ജീവിതം വേർതിരിക്കാം. നമ്മുടെ ആയുസ്സ് യേശുവിന്റെ പാദപീഠത്തിൽ സമർപ്പിക്കാം. പുതിയ തീരുമാനങ്ങൾ നമുക്കെടുക്കാം. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പുതിയ അദ്ധ്യായം നമുക്കു തുടങ്ങാം. പുതിയ സമാധാന വഴിയിലേക്ക് നമുക്ക് പ്രവേശിക്കാം.

## പതിനാല്

*"ഞാൻ വേഗം വരുന്നു; നിന്റെ കിരീടം ആരും എടുക്കാതിരിപ്പാന്തക്കവണ്ണം നിനക്കുള്ളത് പിടിച്ചുകൊൾക. ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും; അവൻ ഒരിക്കലും അവിടെനിന്നു പോകയില്ല; എന്റെ ദൈവത്തിന്റെ നാമവും എന്റെ ദൈവത്തിന്റെ പക്കൽനിന്ന്, സ്വർഗ്ഗത്തിൽനിന്നുതന്നേ, ഇറങ്ങുന്ന പുതിയ യെരൂശലേം എന്ന എന്റെ ദൈവത്തിൻ നഗരത്തിന്റെ നാമവും എന്റെ പുതിയ നാമവും ഞാൻ അവന്റെമേൽ എഴുതും."*

*വെളിപ്പാട് 3 : 11, 12*

ഞാൻ വേഗം വരുന്നു. നിന്റെ കിരീടം ആരും എടുക്കാതിരിപ്പാന്തക്കവണ്ണം നിനക്കുള്ളത് പിടിച്ചുകൊൾക. ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും. അവൻ ഒരിക്കലും അവിടെനിന്നു പോകയില്ല; ഒരിക്കലും മാറിപ്പോകാത്ത തൂണാക്കി നിർത്തും. അനേകർ വന്ന് ആരാധിക്കുന്ന, അനേകർ വന്ന് ആശ്വാസം കണ്ടെത്തുന്ന, സമാധാനം പ്രാപിക്കുന്ന ദൈവാലയത്തിലെ തൂണാക്കി നിർത്തും. ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിലെ തൂണാക്കും.

പത്താമത്തെ തൂണിനെക്കുറിച്ച് നാം ചിന്തിക്കുകയാണ്. ജയിക്കുന്നവനെ തൂണാക്കുന്ന അനുഗൃഹീതമായ അനുഭവം!

കാർഡിനൽ ഊൾസി എട്ടാമൻ ഇംഗ്ലണ്ടിലെ രാജാവിന്റെ

തൊട്ടു താഴെ, ഉയർന്ന പദവിയിൽ രാജാവിനെ വിശ്വസ്തതയോടെ സേവിച്ച ഒരു ഭരണകർത്താവായിരുന്നു. അദ്ദേഹം വളരെ വിശ്വസ്തതയോടെ ജോലി ചെയ്തു. വളരെ വിശ്വസ്തതയോടെ അദ്ധ്വാനിച്ചു. രാജാവിനുവേണ്ടി സേവനങ്ങൾ അനുഷ്ഠിച്ചു. അദ്ദേഹം വളരെ ആഡംബര ജീവിതം നയിച്ചു. ദൈവവിശ്വാസമുള്ള ആളായിരുന്നില്ല. ദൈവത്തേക്കാൾ കൂടുതൽ ഭൗതികമായ മഹിമകളേയും പദവികളേയും സ്നേഹിച്ചു. ഊൾസി എട്ടാമൻ പിന്നീട് രാജ്യദ്രോഹക്കുറ്റത്തിന് ശിക്ഷിക്കപ്പെട്ടു. വലിയ ശിക്ഷയാണ് കിട്ടിയത്.

അദ്ദേഹം മരണത്തോടടുത്തപ്പോൾ ഏങ്ങലടിച്ചുകൊണ്ട് പറഞ്ഞു: “ഞാൻ എന്റെ രാജാവിനെ സേവിച്ചതിൽ പകുതി വിശ്വസ്തതയോടെ ദൈവത്തെ സേവിച്ചിരുന്നെങ്കിൽ ദൈവം വാർദ്ധക്യത്തിൽ എന്നെ കൈവിടുകയില്ലായിരുന്നു. ഇന്ന് ഞാൻ അവശനായിപ്പോയി. ഞാൻ കുറ്റവാളിയായിപ്പോയി. ഞാൻ ശിക്ഷിക്കപ്പെട്ടിരിക്കുന്നു.” അനേകരും ഈ ലോകത്തിലെ ചില ആശ്രയസ്ഥാനങ്ങളിൽ, ക്ഷണികമായ സൗഭാഗ്യങ്ങളിൽ മാത്രം തങ്ങി നിൽക്കുന്ന വിശ്വാസമുള്ളവരാണ്. സ്ഥായിയായി എന്നന്നേക്കും നിലനില്ക്കുന്ന സൗഭാഗ്യത്തെ ആരും ചിന്തിക്കാറില്ല. നിലനിൽക്കുന്ന സന്തോഷത്തിനും നിലനിൽക്കുന്ന സമാധാനത്തിനും സ്വർഗ്ഗീയ സൗഭാഗ്യത്തിനും അനേകർ ശ്രദ്ധവയ്ക്കുന്നില്ല.

അതൊക്കെ ചിന്തിക്കാൻ ആർക്കുനേരം? ഭൂമിയിലെ കാര്യങ്ങൾ തന്നെ നേരെയാക്കിയിട്ടുവേണ്ടേ, ഈ ഭൂമിയിലെ ജീവിതത്തിനുശേഷമുള്ള കാര്യം എന്നെല്ലാം പരിഹാസത്തോടെ പറയുന്ന ആളുകളുണ്ട്. കളിയാക്കിപ്പറയുന്ന ആളുകളുണ്ട്. അവരുടെ ജീവിതം വാസ്തവത്തിൽ വളരെ ദയനീയമായ പരാജയത്തിലേക്ക് പോകുന്നു എന്ന് അവരപ്പോൾ അറിയുന്നില്ല.

ഞാൻ മനോഹരമായ ഒരു നോവലിനെക്കുറിച്ച് കേട്ടു. ‘Loved ones,’ ‘സ്നേഹിക്കുന്നവർ.’ ആ നോവൽ എഴുതിയത്

ഇവ്‌ലിൻ വോ (Evelyn Waugh) എന്നു പറയുന്ന ഒരു ആംഗ്ലേയ സാഹിത്യകാരനാണ്. അത് ഒരു ആക്ഷേപഹാസ്യ കൃതിയാണ്. Sarcastic കൃതിയാണ്. ആ നോവലിൽ വളരെ രസകരമായ ഒരു ചിത്രീകരണമുണ്ട്. മാതാപിതാക്കൾ പ്രായമായിക്കഴിയുമ്പോൾ അവരെ വൃദ്ധഭവനങ്ങളിലാക്കും. മക്കളുണ്ടെങ്കിൽ അവർ വിദേശത്ത് ജോലിയിലായിരിക്കും. (വിദേശത്തുള്ളവർ ക്ഷമിക്കുക.) അവർക്ക് നാട്ടിൽ അപ്പന്റെയോ അമ്മയുടെയോ കാര്യം നോക്കാൻ സമയം കിട്ടുകയില്ലല്ലോ.

എന്നും അപ്പന്റെയും അമ്മയുടെയും അടുത്തിരുന്ന് അവരെ ശുശ്രൂഷിക്കുവാനോ പരിചരിക്കുവാനോ അവരുടെ കാര്യങ്ങൾ അന്വേഷിക്കുവാനോ സാധിക്കുകയില്ലല്ലോ. ഈ നോവലിൽ ഒരു കമ്പനിയെക്കുറിച്ച് പറഞ്ഞിരിക്കുകയാണ്. 'Loved ones' എന്നാണ് ആ കമ്പനിയുടെ പേരുതന്നെ. ആ കമ്പനി സ്ഥാപിച്ചിരിക്കുന്നത് ഒരു നല്ല ഉദ്ദേശത്തിലാണ്. ദൂരെ, വിദേശങ്ങളിൽ പാർക്കുന്നവർക്ക്, അവരുടെ അപ്പനോ അമ്മയോ മരിച്ചാൽ ഈ കമ്പനിയെ സമീപിക്കാം.

ഈ കമ്പനിക്ക് ഒരു പരസ്യമുണ്ട്; അപ്പനോ, അമ്മയോ മരിച്ചാൽ മോൻ അല്ലെങ്കിൽ മോള് നാട്ടിൽ വരണമെന്നില്ല. ശവസംസ്ക്കാരത്തിന് വരണമെന്നില്ല. അതെല്ലാം ഈ കമ്പനി ചെയ്തുകൊടുക്കും. ശവസംസ്ക്കാരം നടത്തിക്കൊടുക്കും. മോനും മോളും വരുന്നില്ലെങ്കിലും ഈ മോന്റെ സ്ഥാനത്ത് അഭിനയിക്കാൻ ഒരാളെ കൊടുക്കും. ഈ അഭിനയിക്കുന്ന മോൻ അപ്പന്റെയോ അമ്മയുടെയോ ശവസംസ്ക്കാര സമയത്ത് ശവമഞ്ചത്തെ പിൻതുടർന്ന് കരഞ്ഞുകൊണ്ട് പോകും. സ്വന്തം മകനോ മകളോ അല്ല. അവർ വിദേശത്തിരിക്കുന്നേയുള്ളൂ. മോനുവേണ്ടി അഭിനയിക്കുന്ന ആള് പിറകെ നടക്കും.

ഇതു കൂടാതെ മറ്റു പല കാര്യങ്ങളും ഈ കമ്പനി ക്രമീകരിച്ചു തരും. മൂന്ന് ബാൻഡുമേളക്കാർ, മുമ്പിൽ

അനൗൺസ്മെന്റ് വാഹനം, പാട്ടുവാഹനം - ശോകഗാനം പാടിക്കൊണ്ട് പോകാനുള്ള വാഹനം-, എഴുപത്തെട്ട് റീത്തുകൾ, 312 വിലാപയാത്രക്കാർ - കരഞ്ഞുകൊണ്ട് ശവമഞ്ചത്തെ പിന്തുടരാൻ - കുരിശ്, കുട മുതലായവ എത്രയെണ്ണം വേണമെങ്കിലും തരും. എല്ലാറ്റിനും വാടകയുണ്ട്. കമ്പനിയുടെ ബ്രോഷറിൽ എല്ലാ വിവരങ്ങളുമുണ്ട്. ഈ കമ്പനി മകന്റെ അല്ലെങ്കിൽ മകളുടെ സ്ഥാനത്ത്, അവർക്ക് വരാൻ പറ്റാത്തതുകൊണ്ട് അവർക്കു വേണ്ടി അഭിനയിക്കാൻ ഒരാളെ കൊടുക്കുകയും ചെയ്യും. അല്പം ഹാസ്യാത്മകമാണ്. ഇത് ഇന്നത്തെ പല കുടുംബത്തിന്റെയും അവസ്ഥ വരച്ചു കാണിക്കുന്നതാണ്.

ജീവിതത്തിൽ അവസാനസമയത്തെങ്കിലും മകനെയോ മകളെയോ ഒന്നു കണ്ട് അവരുടെ സ്നേഹത്തിന്റെ പരിലാളനം അനുഭവിക്കാൻ, ആ പരിചരണം അനുഭവിക്കാൻ അപ്പനോ, അമ്മയ്ക്കോ സാധിക്കുന്നില്ല. ഇത് അനേകം കുടുംബങ്ങളെ ഇന്ന് അലട്ടുന്ന പ്രശ്നമാണ്. മക്കൾക്കുവേണ്ടി അദ്ധ്വാനിച്ചു. അവരുടെ കാര്യങ്ങൾ അന്വേഷിച്ചു. അവരുടെ വിദ്യാഭ്യാസം അന്വേഷിച്ചു, അവരുടെ വിവാഹകാര്യങ്ങളന്വേഷിച്ചു, അവരുടെ അഭിവൃദ്ധിക്കും ഐശ്വര്യത്തിനും വേണ്ടി ചെയ്യാവുന്നതെല്ലം ചെയ്തു. പക്ഷേ ഈ അമ്മയോ അപ്പനോ മരിച്ച് കടന്നുപോകുമ്പോൾ അപ്പന്റെയോ അമ്മയുടെയോ അടുത്തു നില്ക്കാൻ പോലും, അല്ല, അവസാനത്തെ വിലാപയാത്രയിൽപോലും ഒന്നു വരാൻ അവർക്ക് സാധിക്കാത്ത സ്ഥിതിയാണുള്ളത്. ഇത് അല്പം ഹാസ്യാത്മകമായിട്ടുള്ള സാഹിതീയ പ്രതിഭാസമാണ്. ആലങ്കാരികമായും ആക്ഷേപഹാസ്യാത്മകമായും ചിത്രീകരിക്കുന്ന കൃതിയാണ് Loved ones.

പ്രിയപ്പെട്ടവരേ, ഇതു പറഞ്ഞതെന്തിനാണെന്നറിയാമോ? അനേകരുടെ ജീവിതവും ഇതുപോലെ ഒരു ഉറപ്പില്ലാത്ത ജീവിതമാണ്. ഉറപ്പുള്ള ജീവിതം ആർക്കു കിട്ടും?

ഒരിക്കലും മാറാത്ത തൂണ്! ഒരിക്കലും ചലിക്കാത്ത

തൂണ്! ആർക്കാണിതു കിട്ടുന്നത്? ജയിക്കുന്നവന്.

സ്നേഹിതരേ, ഞാൻ വിനയപൂർവ്വം നിങ്ങളോടു ചോദിക്കട്ടെ. നിങ്ങൾ ജയാളികളായിട്ടുണ്ടോ? നിങ്ങൾക്ക് ഏതിലാണ് ജയം കിട്ടിയിട്ടുള്ളത്? അതോ, നിങ്ങൾ പരാജിത രാണോ? പരാജയങ്ങളുടെ കണക്കും പേറിയാണോ നിങ്ങൾ ഇന്ന് നെടുവീർപ്പോടെ കഴിയുന്നത്. പരാജയങ്ങളുടെ കണക്കുകൾ! എല്ലാം തോൽവികൾ!

കുടുംബസമാധാനത്തിൽ തോൽവിയടഞ്ഞവരില്ലേ? സ്വത്തുണ്ട്, ജീവിക്കാൻ മാർഗ്ഗമുണ്ട്, രണ്ടുപേർക്കും ആരോ ഗ്യമുണ്ട്, ഭാര്യയും ഭർത്താവും ജോലിയുള്ളവരാണ്, വരു മാനമുള്ളവരാണ്. നല്ല വീടുണ്ട്. മക്കളുണ്ട്. എല്ലാമുണ്ട്. പക്ഷേ, സമാധാനം മാത്രമില്ല. ഐക്യമില്ല, സ്നേഹമില്ല, പര സ്പര വിശ്വാസമില്ല, പരസ്പരമുള്ള കൂറിണക്കമില്ല.

കൂറിണക്കം (Harmony) ഇല്ലാത്ത, പരസ്പരസ്നേഹത്തിന്റെ കൂറിണക്കമില്ലാത്ത കുടുംബങ്ങൾ. കുടുംബസമാധാനത്തിൽ പരാജയമാണ്. സ്നേഹത്തിൽ പരാജയമാണ്. നാം സ്നേഹിച്ചു, പക്ഷേ, ഇങ്ങോട്ടു സ്നേഹം കിട്ടുന്നില്ല. നാം ഉപകാരം ചെയ്തു, ഇങ്ങോട്ട് ഉപകാരം കിട്ടുന്നില്ല. ഇങ്ങോട്ട് ഉപദ്രവമേയുള്ളൂ. നിങ്ങൾക്ക് പലർക്കും ഇത്തരം അനുഭവങ്ങളില്ലേ?

ചിലർ പറയുന്നത് കേട്ടിട്ടുണ്ട്: ഞാൻ കഷ്ടപ്പെട്ട് അദ്ധ്വാനിച്ചു. എന്റെ അനിയന്മാരെയെല്ലാം പഠിപ്പിച്ചു, എന്റെ സഹോദരി മാരെയെല്ലാം വിവാഹം കഴിച്ചുവിട്ടു. എല്ലാമെല്ലാം ഞാൻ ചെലവഴിച്ചു. പക്ഷേ, ഞാനിന്ന് നിസ്സഹായനാണ്. എന്റെ കാര്യം അന്വേഷിക്കാൻ ആരുമില്ല. എന്റെ അനിയന്മാർ പഠിച്ചു മിടുക്കന്മാരായി. ഇപ്പോൾ എന്റെ ആവശ്യം വന്നപ്പോൾ തിരിഞ്ഞു നോക്കുന്നില്ല. എന്റെ മോന്റെ കല്യാണത്തിന്, മോളുടെ കല്യാ ണത്തിന് ഒന്നു സഹായിക്കാൻ ആരുമില്ല.

നല്ലവാക്കു പറയാൻപോലും ആരും എന്റെ സഹായത്തിനില്ല.

അനേകരിങ്ങനെ നിരാശപ്പെട്ട് കഴിയുകയാണ്. പരാജയപ്പെട്ട ജീവിതങ്ങൾ! കടത്തിൽ മുങ്ങിയ ജീവിതങ്ങൾ! ആരോഗ്യ ത്തിൽ പരാജയപ്പെട്ടവർ! ജീവിതത്തിലെ വിവിധ രംഗങ്ങളിൽ പരാജയപ്പെട്ടവർ! ബിസിനസ്സിൽ പരാജയപ്പെട്ടവർ!

സ്നേഹിതരേ, ഇങ്ങനെ പല പരാജയങ്ങളുണ്ടെങ്കിലും നിങ്ങൾക്ക് ഏതെങ്കിലും ഒരു കാര്യത്തിൽ ജയം കിട്ടിയിട്ടുണ്ടോ? കോപത്തിന്റെമേൽ ജയം കിട്ടിയവരുണ്ടോ? അശുദ്ധവികാര ങ്ങളിന്മേൽ ജയം കിട്ടിയിട്ടുണ്ടോ? അശുദ്ധചിന്തകളിന്മേൽ ജയം കിട്ടിയിട്ടുണ്ടോ? മ്ലേച്ഛമോഹങ്ങളിന്മേൽ ജയം കിട്ടിയി ട്ടുണ്ടോ? ദ്രവ്യാഗ്രഹത്തിന്മേൽ ജയം കിട്ടിയിട്ടുണ്ടോ? പാപസ്വ ഭാവത്തിന്മേൽ ജയം കിട്ടിയിട്ടുണ്ടോ? ജയമില്ലാത്ത ജീവിതം. അനേകരും അങ്ങനെയാണ്. പരാജയപ്പെട്ടവരാണ്. പരാ ജയപ്പെട്ടവരോട് കർത്താവ് പറയുന്നു: ജയിക്കുന്നുവെങ്കിൽ നിന്നെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ തൂണാക്കാം.

വെളിപ്പാട് പുസ്തകം രണ്ടാം അദ്ധ്യായവും മൂന്നാം അദ്ധ്യായവും വായിക്കുമ്പോൾ അവിടെ ഏഴു സഭകൾക്കുള്ള ദൂതുകാണാം.

1. എഫേസോസിലെ സഭ
2. സ്മുർന്നയിലെ സഭ
3. പെർഗ്ഗമൊസിലെ സഭ
4. തുയഥൈരയിലെ സഭ
5. സർദ്ദിസിലെ സഭ
6. ഫിലദൽഫിയയിലെ സഭ
7. ലവോദിക്യയിലെ സഭ

ഓരോ സഭയോടും പറഞ്ഞുകഴിഞ്ഞ് അവസാനിപ്പിക്കു ന്നത്, ജയിക്കുന്നവന് ഇന്ന പ്രതിഫലമുണ്ട് എന്നു പറഞ്ഞാണ്. ഓരോ സഭയ്ക്കും ദൈവത്തിന്റെ പരിശുദ്ധാത്മാവ് കൊടു ക്കുന്ന അനുഗൃഹീതമായ ഒരു സന്ദേശം, അനുഗൃഹീതമായ വാഗ്ദത്തം അതാണ്.

*"ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും."*
*വെളിപ്പാട് 2 : 7*

എഫെസോസിലെ സഭയുടെ ദൂതന്ന് എഴുതുമ്പോൾ പറയുന്നു: ജയിക്കുന്നവന്നു ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും.

*"ജയിക്കുന്നവന് രണ്ടാം മരണത്താൽ ദോഷം വരികയില്ല."* *വെളിപ്പാട് 2 : 11*

രണ്ടാം മരണം നരകമാണ്. ജയിക്കുന്നവന്നു രണ്ടാം മരണത്താൽ ദോഷം വരികയില്ല.

*"ജയിക്കുന്നവന് ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും; ഞാൻ അവന് വെള്ളക്കല്ലും, ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും ആ കല്ലിന്മേൽ എഴുതിയിരിക്കുന്നതുമായ പുതിയ പേരും കൊടുക്കും."* *വെളിപ്പാട് 2 : 17*

അവന് ഞാൻ അനുഗ്രഹങ്ങൾ കൊടുക്കും. അവന് ഞാൻ വെള്ളക്കല്ല് കൊടുക്കും. ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും ആ കല്ലിന്മേൽ എഴുതിയിരിക്കുന്നതുമായ പുതിയ പേരും കൊടുക്കും. ജയിക്കുന്നവന് മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും,

*"ജയിക്കുന്നവൻ വെള്ളയുടുപ്പു ധരിക്കും; അവന്റെ പേർ ഞാൻ ജീവപുസ്തകത്തിൽനിന്നു മായിച്ചുകളയാതെ എന്റെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ ഏറ്റുപറയും.*
*വെളിപ്പാട് 3 : 5*

*"ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും."*

*വെളിപ്പാട് 3 : 12*

*"എങ്കിലും നിങ്ങൾക്കുള്ളത് ഞാൻ വരുംവരെ പിടിച്ചുകൊൾവിൻ എന്നു ഞാൻ കല്പിക്കുന്നു. ജയിക്കയും ഞാൻ കല്പിച്ച പ്രവൃത്തികളെ അവസാനത്തോളം അനുഷ്ഠിക്കയും ചെയ്യുന്നവന് എന്റെ പിതാവ് എനിക്കു തന്നതുപോലെ ഞാൻ ജാതികളുടെമേൽ അധികാരം കൊടുക്കും."*

*വെളിപ്പാട് 2 : 25, 26*

*"ജയിക്കുന്നവന് ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും; ഞാനും ജയിച്ച് എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെ തന്നെ."* *വെളിപ്പാട് 3 : 21*

കർത്താവായ യേശുക്രിസ്തു ജയിച്ചു, പിതാവിനോടുകൂടെ സിംഹാസനത്തിൽ ഇരുന്നു. യേശുക്രിസ്തുവിനോടുകൂടെ നിത്യതയിൽ ഇരിക്കുക. യേശുവിനോടു ചേർന്ന് സിംഹാസനത്തിൽ ഇരിക്കുക. എന്തൊരു പദവിയാണത്!

ഇതൊന്നും നമ്മുടെ ബുദ്ധിയിൽ ഒതുങ്ങുന്നതല്ല. ഞാനാരാണ്? വെറും നിസ്സാരനായ, കൃമിയും കീടവുമായ മനുഷ്യൻ. എന്താണ് എന്റെ സ്വഭാവം? ഞാൻ എന്നു പറയുന്ന മനുഷ്യന് ചെയ്യാൻ കഴിയുന്നത് ആകെ പാപം മാത്രം. എന്റെ രക്തത്തിൽ പാപമുണ്ട്; സ്വഭാവത്തിൽ പാപമുണ്ട്. പാപത്തിന്റെ പ്രവൃത്തി എന്നിൽ വരാത്തപ്പോഴും പാപത്തിന്റെ പ്രവണത എന്നിലുണ്ട്.

പാപത്തിന്റെ വാക്കുകൾ എന്നിൽ വരാത്തപ്പോഴും പാപത്തിന്റെ സ്വഭാവം എന്നിലുണ്ട്. ഞാൻ എന്റെ ജീവിതത്തിൽ നിഷ്ഠകൾ ഉള്ളവനായി നില്ക്കാൻ ശ്രമിച്ചാൽപോലും ഞാൻ അറിയാതെ പൊന്തിവരുന്ന പാപത്തിന്റെ പ്രവണതകളും പാപത്തിന്റെ പ്രകൃതികളും ഉണ്ട്.

എന്നാൽ യേശു ആരാണ്? പാപം തീണ്ടാത്തവൻ!

പാപത്തോടു സന്ധിയില്ലാത്തവൻ! പാപം അടുക്കാത്തവൻ! ഈ മഹാപരിശുദ്ധനായ, നിത്യനായ, രാജാധിരാജനായ, സർവ്വത്തിന്റേയും ഭരണാധികാരിയായ, അണ്ഡകടാഹത്തിന്റെ ഉടയവനായ, സകലവും രചിച്ചവനായ, നമ്മുടെ ദൃഷ്ടിയിൽ പെട്ടിട്ടുള്ളതും ദൃഷ്ടിയിൽ പെടാത്തതുമായ സകലത്തേയും നിർമ്മിച്ചവനായ, സർവ്വലോക സ്രഷ്ടാവായ, സർവ്വത്തിന്റെയും അധിപതിയായ, സർവ്വനിയന്താവായ നിത്യനായ ദൈവം ആരാണ്? കർത്താവായ യേശുക്രിസ്തു! ആ യേശുവിന്റെ കൂടെ ഇരിപ്പാനുള്ള വരമാണ് ജയിക്കുന്നവന് ലഭിക്കുന്നത്.

സഹോദരങ്ങളേ, ഇതെല്ലാം നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? നിസ്സാരനായ മനുഷ്യനെ രൂപാന്തരപ്പെടുത്തിയെടുത്ത്, അവനെ ശുദ്ധീകരിച്ചെടുത്ത്, അവന്റെ പാപങ്ങൾ മാറ്റിയെടുത്ത് അവന്റെ പാപപ്രവണതകൾ മാറ്റിയെടുത്ത്, പാപത്തിന്റെ പ്രകൃതി അവനെ രൂപാന്തരപ്പെടുത്തി തന്റെ ഹൃദയപ്രകാരമുള്ള ഒരു മനുഷ്യനാക്കി, തന്റെ സ്വഭാവമുള്ള മനുഷ്യനാക്കി മാറ്റി, തന്നോടുകൂടെ ഇരുത്താൻ ജീവനുള്ള ക്രിസ്തു നമ്മെ ഒരുക്കി ക്കൊണ്ടിരിക്കുകയാണ്.

ഈ മഹാഭാഗ്യം ലഭിക്കാൻ നിങ്ങൾ എന്താണ് ചെയ്യേണ്ടത്? ഈ മഹാ വലിയ പദവിയിലേക്ക് വരാൻ ഇന്നത്തെ നിങ്ങളുടെ സ്വഭാവം മതിയോ? യേശുവിന്റെ കൂടെയിരിപ്പാൻ ഞാൻ ഇന്നത്തെ സ്ഥിതിയിൽ യോഗ്യനായോ? എന്റെ കർത്താവേ, എന്നെ രൂപാന്തരപ്പെടുത്താൻ ശ്രമിക്കുന്ന നിന്റെ കരങ്ങളെ ഞാൻ എന്നെങ്കിലും തടുത്തിട്ടുണ്ടോ? എന്റെ ശുദ്ധീകരണ ത്തിനുവേണ്ടി നീ കരം നീട്ടുമ്പോൾ ഞാൻ തടുത്തിട്ടുണ്ടോ? എന്റെ കുറ്റങ്ങൾ എനിക്കു നീ വെളിവാക്കിത്തരുമ്പോൾ ഞാൻ മറുതലിച്ചിട്ടുണ്ടോ?

എന്റെ തെറ്റുകൾ നീ ചൂണ്ടിക്കാണിക്കുമ്പോൾ ഞാൻ നിരസിച്ചിട്ടുണ്ടോ? എന്റെ കർത്താവേ, എന്റെ ജീവിതത്തിൽ ഇന്നിന്ന മാലിന്യങ്ങൾ ഉണ്ട് എന്നു പറയുമ്പോൾ അതിനെ നിഷേധിച്ച് ഞാൻ എന്നെത്തന്നെ നിന്റെ വചനത്തിൽ നിന്ന്

ദൂരീകരിച്ചുകളഞ്ഞിട്ടുണ്ടോ? നിന്റെ വചനത്തെ ഞാൻ എന്റെ പിറകിലേക്ക് എറിഞ്ഞു കളഞ്ഞിട്ടുണ്ടോ?

വചനത്തെ പിറകിലേക്ക് എറിഞ്ഞുകളയുന്നവരുണ്ട്. വചനം തരുമ്പോൾ ആ വചനം കൈക്കൊള്ളാതെ അപ്പോൾത്തന്നെ തട്ടിക്കളയുന്നവരുണ്ട്. ശുദ്ധീകരണത്തിനുള്ള വചനം ദൈവത്തിന്റെ ആത്മാവ് തന്റെ പ്രിയപ്പെട്ട ഭൃത്യന്മാരിൽ നിന്നുകൊണ്ട് ചൂണ്ടിക്കാണിച്ചു തരുമ്പോൾ അതിനെ നിങ്ങൾ തട്ടിക്കളഞ്ഞിട്ടുണ്ടോ? നിരസിച്ചു കളഞ്ഞിട്ടുണ്ടോ? അതിനെ നിങ്ങൾ നിരാകരിച്ചിട്ടുണ്ടോ? നിങ്ങൾ മത്സരിച്ചിട്ടുണ്ടോ? പുറമേ എതിർത്തില്ല എങ്കിലും ഉള്ളംകൊണ്ട് ഞാനതു തട്ടിക്കളഞ്ഞിട്ടുണ്ടോ?

ജീവനുള്ള ക്രിസ്തുവിന്റെ കൂടെ ഇരിക്കുവാനുള്ള വരം! ആലയത്തിലെ തൂണാകാനുള്ള വരം! ഒരിക്കലും മാറിപ്പോകയില്ല എന്നു പറയുന്ന തൂണായി നില്ക്കാൻ ദൈവം നമ്മെ കണ്ടിരിക്കുകയാണ്.

എന്റെ കർത്താവേ, ഈ വലിയ പദവിയിലേക്ക് വരാൻ നീ എന്നെയും വിളിച്ചിരിക്കുന്നല്ലോ. അതിനാണല്ലോ നീ എനിക്കൊരു മാനസാന്തരം തന്നത്? ഈ വലിയ പദവിയിലേക്ക് കയറിവരാനാണല്ലോ എന്റെ ജീവിതത്തിൽ യേശുവിനെ തിരിച്ചറിയാനുള്ള ഒരു വെളിവ് നീ തന്നത്.

സഹോദരങ്ങളേ, നിങ്ങൾക്ക് കർത്താവായ യേശുവിനെ തിരിച്ചറിയാനുള്ള വെളിവാണ് കർത്താവ് തന്നിരിക്കുന്നത്. യേശു നിങ്ങളുടെ അടുത്തേക്ക് വരികയാണ്. നിങ്ങളുടെ സമീപത്തുവന്ന് നിങ്ങളെ രൂപാന്തരപ്പെടുത്തിയെടുക്കാൻ യേശുവിന്റെ കരം നീട്ടുകയാണ്. അവൻ നിങ്ങളെ കഴുകാൻ യത്നിക്കുകയാണ്. അവൻ അദ്ധ്വാനിക്കുകയാണ്. നാളുകളായി പരിശുദ്ധാത്മാവ് അദ്ധ്വാനിച്ചുകൊണ്ട് നടക്കുകയല്ലേ? പരിശുദ്ധാത്മാവിന്റെ അദ്ധ്വാനമാണ് നമ്മുടെ യോഗങ്ങളെല്ലാം.

ഹൃദയം മാറുന്നതെങ്ങനെയാണ്? സ്വഭാവം മാറുന്നതെ

ങ്ങനെയാണ്? അതാണ് പരിശുദ്ധാത്മാവിന്റെ പ്രവൃത്തി. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തുന്ന പരിശുദ്ധാത്മാവ് ഇന്ന് നമുക്ക് പാപബോധം തരുന്നു. പാപബോധം നിങ്ങൾക്ക് ലഭിക്കുന്നുണ്ടോ? നിങ്ങളുടെ ഉള്ള് തകരുന്നുണ്ടോ? എനിക്ക് തിരുത്താനുണ്ട് കർത്താവേ, എന്നു നിങ്ങൾ പറയുന്നുണ്ടോ?

അനേകമനേകം കാര്യങ്ങൾ ഇനിയും ശരിയാകാനുണ്ട്. എന്റെ യേശുവേ, നിന്റെ ആലയത്തിലെ തൂണാകാൻ ഞാൻ ഒരുങ്ങിയിട്ടില്ല എന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ? നിന്റെ തിരുവചനം നാവിലെടുപ്പാൻ എനിക്കർഹതയില്ല എന്നു തോന്നിയിട്ടുണ്ടോ? യേശു എന്ന നാമം നാവിന്മേൽ ഉച്ചരിപ്പാൻ എനിക്ക് അർഹതയില്ല എന്നു തോന്നീട്ടുണ്ടോ? ഞാൻ ഒരു അശുദ്ധനല്ലേ, ജീവിതത്തിൽ ഒരു നിഷ്ഠയുമില്ലാത്ത, യാതൊരു തീരുമാനവുമില്ലാത്ത, സമർപ്പണമില്ലാത്ത ഒരു നിസ്സാരമനുഷ്യനല്ലേ? അങ്ങനെ നിങ്ങൾക്ക് തോന്നിയിട്ടുണ്ടോ?

എന്റെ കർത്താവേ, എനിക്കീ ലോകം മാത്രമല്ലേ വിഷയം? ഈ ലോകത്തിലെ ബഹുമതി മാത്രമല്ലേ എനിക്കു വിഷയമായിട്ടുള്ളൂ. ഈ ലോകത്തിൽ മനുഷ്യരെന്നെ ബഹുമാനിക്കണം. മനുഷ്യരെന്നെ മാനിക്കണം. മനുഷ്യരുടെ മുമ്പിൽ എനിക്കു വിളങ്ങണം. മനുഷ്യരുടെ മുമ്പിൽ വലിയവനായി കാണപ്പെടണം. എല്ലാവരും എന്നെ നല്ലത് നല്ലത് എന്നു പറയണം. ഇതു മാത്രമേ എന്റെ ജീവിതത്തിലുള്ളൂ. എന്നാൽ സ്വർഗ്ഗത്തിലെ ദൈവം എന്നെ നല്ലതെന്നു പറയത്തക്കവണ്ണം നില്പാൻ എനിക്കിതുവരെ കഴിഞ്ഞിട്ടില്ല. കർത്താവേ, ഞാൻ പരാജയപ്പെട്ടവനാണ്. ഞാൻ ജയിച്ചവനല്ല. ഞാൻ ജയിച്ചു എന്നു തോന്നിയേടത്ത് എല്ലാം പരാജയമാണ്. ആ തോന്നിയതുതന്നെ പരാജയത്തിന്റെ ലക്ഷണമാണ്.

ഇന്ന് ഞാൻ നിന്നോടേറ്റു പറയുന്നു: ഞാൻ പരാജയപ്പെട്ട, തോൽവിയടഞ്ഞ ഒരു മനുഷ്യനാണ്. സമാധാനമില്ലാത്ത മനുഷ്യനാണ്. ശാശ്വതശാന്തി നേടാത്ത മനുഷ്യനാണ്. നിത്യ

ജീവന്റെ അവകാശം പ്രാപിക്കാത്ത മനുഷ്യനാണ്. സ്വർഗ്ഗ രാജ്യത്തിന്റെ അവകാശം പ്രാപിക്കാത്ത മനുഷ്യനാണ്. നീ എനിക്കുവേണ്ടി ചിന്തിയ തിരുരക്തത്തിന്റെ വിലയറിയാത്ത മനുഷ്യനാണ്. തിരുരക്തത്തിന്റെ ശക്തി അറിയാത്ത മനുഷ്യ നാണ്.

യേശുവേ, ഇന്ന് ഞാനീ വാക്കുകളെ വായിക്കുമ്പോൾ നിന്നോടൊരു വാക്കു പറയുകയാണ്: എന്നെ നീ രൂപാന്തരപ്പെടുത്തണമേ. എന്നെ നീ സമ്പൂർണ്ണമായി മാറ്റി എടുക്കണമേ. എന്റെ സ്വഭാവം മാറ്റണമേ. യേശുവിന്റെ സ്വഭാവം എനിക്കു തരണമേ. യേശുവിന്റെ ശാന്തത എനിക്കു തരണമേ. യേശുവിന്റെ സ്നേഹം എനിക്കു തരണമേ. യേശുവിന്റെ ക്ഷമ എനിക്കു തരണമേ.

യേശുവിന്റെ സ്വഭാവം തന്ന് എന്നെ ഒരു ജയാളിയാക്കി മാറ്റണമേ. നിന്റെ ആലയത്തിലെ തൂണാക്കി മാറ്റണമേ. യേശുവേ, നിത്യതയിൽ നിന്റെ സിംഹാസനത്തിൽ ഇരിപ്പാൻ എന്നെ യോഗ്യനാക്കിത്തീർക്കണമേ. അതിനായി എന്നെത്തന്നെ തിരുമുമ്പാകെ ഞാനിതാ സമർപ്പിക്കുന്നു. എന്റെ ആയുസ്സ് തിരുമുമ്പാകെ ഞാനേൽപ്പിക്കുന്നു. കുരിശിൻ ചുവട്ടിലേക്ക് ഞാനിതാ എന്നെത്തന്നെ സമർപ്പിക്കുന്നു.

നാഥാ, ഇന്ന് നീ എന്നെ തൊട്ടല്ലോ. ഇന്നു നീ എന്നെ തഴുകിയല്ലോ. നിന്റെ തിരുരക്തത്താൽ എന്നെ മുദ്രയിട്ടല്ലോ. ഈ തിരുരക്തത്തിന്റെ മുദ്ര മാനിച്ചുകൊണ്ട് ഇനിയുള്ള കാലം നില്ക്കുമെന്ന് ഞാനിതാ ഉറപ്പു പറയുന്നു. ഒരു പുതിയ മനുഷ്യനായി ഞാൻ നില്ക്കുമെന്ന് നിന്നോടു വാക്കു പറയുന്നു. കർത്താവേ. എന്നെ അനുഗ്രഹിക്കണമേ.

നമുക്ക് പ്രാർത്ഥിക്കാം: കരുണയുള്ള കർത്താവേ, ഈ വിലയേറിയ സമയത്തിനായി സ്തോത്രം. തിരുവചനങ്ങൾക്കായി സ്തോത്രം. സ്വർഗ്ഗീയ സാന്നിദ്ധ്യത്തിനായി സ്തോത്രം. അവിടുന്ന് ഞങ്ങളുടെ സമീപത്തുവന്ന് ഞങ്ങളുടെ നേരെ

കരം നീട്ടുന്നതിനായി സ്തോത്രം. ആ തൃക്കരങ്ങൾ ഞങ്ങൾ ചുംബിക്കട്ടെ കർത്താവേ. ആ തൃക്കരത്തിലേക്ക് ഞങ്ങളെ ത്തന്നെ തരട്ടെ. ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങളെ രൂപാന്തരപ്പെടുത്തണമേ. രോഗികളെ സൗഖ്യമാക്കണമേ. മനോഭീതിയിലിരിക്കുന്നവർക്കു ശാന്തിയും സ്വസ്ഥതയും നൽകണമേ. കുടുംബസമാധാനം അയയ്ക്കണമേ. നന്മകളാൽ നിറയ്ക്കണമേ. അവിടുത്തെ രണ്ടാമത്തെ വരവിനുവേണ്ടി എല്ലാവരെയും ഒരുക്കണമേ. യേശുക്രിസ്തുവിന്റെ രാജകീയ നാമത്തിൽ തന്നേ, ആമ്മേൻ.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം – ഭാഗം ഒന്ന്
53. കണ്ണീർപ്പാടം – ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ
117. സൂര്യനുദിക്കും
118 VICTORIOUS LIVING
119. DEATH, WHERE IS YOUR VICTORY?
120. അഭിവൃദ്ധി പ്രാപിക്കണമോ?
121. എഴുന്നേല്ക്കുക
122 WHAT MUST I DO TO BE SAVED?
123. സ്നേഹാർദ്രകരങ്ങൾ
124. മ്ലാനത മാറുമോ?
125. ഫിലേമോൻ
126. DEDICATION
127. മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ
128. ദൈവത്തിന്റെ സ്നേഹിതൻ
129. വിശ്വാസികളുടെ പിതാവ്
130. വിശ്വാസത്തിന്റെ ചുവടുവെപ്പുകൾ
131. ALL FOR THE BEST
132. അനുഗ്രഹം തലമുറകളിലേയ്ക്ക്
133. തളരാതെ ഓടുക

# ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ പ്രധാനയോഗങ്ങൾ

**Prof. M.Y. യോഹന്നാന്റെ** ഭവനത്തിനടുത്തുള്ള പ്രാർത്ഥനാഹാളിൽ
കടയിരുപ്പ് (കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്)
Ph : 0484 -2689489, 9142 303096

| | |
|---|---|
| രണ്ടാം ശനിയാഴ്ച | 9.00am - 2.00pm |
| കുട്ടികൾക്കുള്ള ബൈബിൾ ക്ലാസ്സ് | 3.00pm - 4.30pm |
| യുവതികളുടെ ഫെല്ലോഷിപ്പ് | 3.00pm - 4.30pm |
| സാക്ഷ്യയോഗം | 4.30pm - 9.00pm |
| രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30pm - 5.00pm |
| മൂന്നാം ഞായറാഴ്ച | 12.30pm - 5.00pm |
| എല്ലാ തിങ്കളാഴ്ചയും | 6.00pm - 8.30pm |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.30pm |
| ഒന്നാം ചൊവ്വാഴ്ച (വനിതകളുടെ യോഗം) | 9.00am - 12.45pm |
| എല്ലാ ഒന്നും മൂന്നും ബുധനാഴ്ച യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |